10514
9736

# കാളിദാസനും ശാകുന്തളവും

313

വിദ്വാൻ ടി. കെ. രാമൻ മേനോൻ

# കാളിദാസനും ശാകുന്തളവും

10518
9736

വിദ്വാൻ ടി. കെ. രാമൻ മേനോൻ

ബി. വി. ബുക്ക്ഡിപ്പോ & പ്രിന്റിംഗ് വർക്ക്സ്
തിരുവനന്തപുരം

1115] [വില 1 ക.

ബി. വി. ബുക്ക്ഡിപ്പോമുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

# കാളിദാസനും ശാകുന്തളവും

10518
9736

വക്തവ്യം.

1. പീഠിക.
2. കാളിദാസൻ.
3. കാളിദാസന്റെ ജീവിതകാലം.
4. കഥാപാത്രങ്ങൾ.
5. ശ്രീമഹാഭാരതവും അഭിജ്ഞാനശാകുന്തളവും.
6. പത്മപുരാണവും ശാകുന്തളവും.
7. കാളിദാസനും പ്രേമസങ്കല്പവും.
8. നാട്യകലയുടെ ആഗമം.
9. നാടകലക്ഷണവും ശാകുന്തളവും.
10. ശാകുന്തളത്തിലെ നാട്യാലങ്കാരങ്ങൾ.
11. രസനിരൂപണം.
12. അഭിനന്ദനങ്ങൾ.

10518

# വക്തവ്യം

"മന്ദഃ കവിയശഃപ്രാർത്ഥീ
ഗമിഷ്യാമ്യുപഹാസ്യതാം
പ്രാംശുലഭ്യേ ഫലേലോഭാ-
ദുദ്ബാഹുരിവവാമനഃ"

എന്നു ഏഷ്യയിലെ കവിസാർവ്വഭൗമനായ കാളിദാസർ രഘുവംശം മഹാകാവ്യത്തിൻെറ ഉപക്രമത്തിൽ പ്രതിപാദിച്ചിട്ടുള്ളതു കേവലം ഔപചാരികമാണെന്നും വിനയപാരമ്യപ്രകടനം മാത്രമാണെന്നും അതെന്നും ആ കാവ്യം പാരായണം ചെയ്യുന്ന സഹൃദയന്മാക്ക് തോന്നാതിരിക്കയില്ല. എന്നാൽ എന്നെ സംബന്ധിച്ചിടത്തോളമാകട്ടേ പ്രകൃതപദ്യം, എൻെറ സംരംഭത്തിൽ എനിക്കുള്ള അശക്തിയേയും അനർഹതയേയും കുറിക്കുവാൻ വേണ്ടിത്തന്നെയാണു ഇവിടെ ഉച്ചരിച്ചിട്ടുള്ളതു്.

ലോകത്തിൽ ഹൃദയമുള്ളവരുടെയെല്ലാം നിതാന്തസ്നേഹഭക്ത്യാദരങ്ങൾക്കു സവിശേഷം അർഹനായ മഹാകവി കാളിദാസർ എവിടെ? അദ്ദേഹത്തേയും, തൽകൃതമായ ശാകുന്തളത്തേയും വിമർശിക്കാനൊരുങ്ങുന്ന ഞാൻ എവിടെ?

സംസ്കൃതഭാഷയിലും ലോകത്തിലെ മററു പ്രശസ്ത ഭാഷകളിലും കാളിദാസരേയും തൽഗ്രന്ഥങ്ങളേയും സാംഗോപാംഗം വിമർശിച്ചു ആ കവി സാർവ്വഭൗമൻെറ യശസ്സു

സുപ്രതിഷ്ഠിതമാക്കിത്തീർത്തിരിക്കുന്നു. എന്നാൽ നിരൂപണ ഗ്രന്ഥങ്ങൾ വിരളമായ പാവപ്പെട്ട കേരളഭാഷയിലാകട്ടെ കാളിദാസനേയോ അദ്ദേഹത്തിൻെറ ലോകോത്തര നാടകത്തേയോ നിരൂപണം ചെയ്യുന്ന ഒരു ഗ്രന്ഥം ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. ഈ ന്യൂന തയെ പരിഹരിക്കണമെന്നുള്ള അത്യാസക്തിയുടെ ഫല മാണു പ്രസ്തുത ഗ്രന്ഥം.

പണ്ഡിതവിമർശകസാദ്ധ്യമായ ഒരു കാൎയ്യത്തിൽ, വൈദഗ്ദ്ധ്യമോ വിമർശന പ്രാഗത്ഭ്യമോ ഇല്ലാത്ത ഞാൻ ഏൎപ്പെട്ടതു പരമാൎത്ഥത്തിൽ ആ മഹാകവിയേയും ശാകു ന്തളത്തേയും കുറിച്ചു എനിക്കുണ്ടായിട്ടുള്ള ഭക്ത്യാദരങ്ങളുടെ പ്രചോദനത്താൽ മാത്രമാകുന്നു.

ഏറെക്കുറെ ഒരു കൊല്ലക്കാലം വേണ്ടിവന്നിട്ടുണ്ടു ഈ ഗ്രന്ഥരചനക്കു അത്യന്താപേക്ഷിതങ്ങളായ പുസ്തക ങ്ങൾ ശേഖരിച്ചു അവയെ പഠിക്കുവാൻ. ശ്രീനിവാസാ ചാൎയ്യശതാവധാനൻ, വിദ്യാവിനോദി, ശാരദാരഞ്ജൻറേ, ഫർഗൂസൻ, മാക്സ്മുള്ളർ, കോവേൽ എന്നിങ്ങനേയു ള്ളവരേയാണു ഞാൻ പ്രായേണ പിന്തുടൎന്നിട്ടുള്ളതു്.

കാളിദാസനേയും ശാകുന്തളത്തേയും കുറിച്ചു പൌര സ്ത്യരും പാശ്ചാത്യരും എന്തു പറഞ്ഞിട്ടുണ്ടെന്നു മലയാളി കളെ അറിയിക്കാൻ മാത്രമേ ഞാൻ ശ്രമിച്ചിട്ടുള്ളു. അ ല്ലാതെ ആ മഹാകവിയേയോ ശാകുന്തളത്തേയോ സങ്കല്പ ലോകത്തിൽ പ്രതിഷ്ഠിച്ചു മനോധൎമ്മത്താൽ പൂജിക്കുവാൻ ഞാൻ ഉദ്യമിച്ചിട്ടില്ല.

പണ്ഡിതാഭിപ്രായങ്ങളെ ക്രമപ്പെടുത്തുന്നതിൽ വല്ല അസ്വാഭാവികതയും നേരിട്ടിട്ടുണ്ടെങ്കിൽ ആ ഒരപരാധ

ത്തിനു വായനക്കാരോടു മാപ്പു ചോദിച്ചുകൊള്ളുകയല്ലാതെ കരണീയാന്തരമില്ല.

കാളിദാസന്റെ ശാകുന്തളത്തിനുള്ളതുപോലെ അത്ര വളരെ പാഠാന്തരങ്ങൾ മറെറാരു ഗ്രന്ഥത്തിനും ഇല്ല. അവയെ എടുത്തു കാണിക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല. കാരണം, ആ വക പാഠാന്തരങ്ങൾ മനസ്സിലാക്കുന്നതു കൊണ്ടു മലയാളികൾക്കു ഏന്തു പ്രയോജനമാണുണ്ടാകുക എന്ന സമാധാനത്താൽ മാത്രമാകുന്നു. അവയുംകൂടി ചേർക്കേണ്ടതായിരുന്നു എന്നു സഹൃദയന്മാർ വിധിക്കുന്ന പക്ഷം അടുത്ത പതിപ്പിൽ ചേർക്കുകയും ചെയ്യാം.

ഈ ഗ്രന്ഥരചനയിൽ എന്നെ ഏററവും സഹായിച്ച ശ്രീമതി മിസ്. പി. തങ്കമ്മാളുടെ ഉദാരമനോഭാവത്തിനും, ഗ്രന്ഥരചനയിൽ അടിക്കടി പ്രോത്സാഹിപ്പിച്ച കെ. വി. എം. പ്രഭൃതികളുടെ സഹഹാർദ്ദത്തിനും കൃതജ്ഞത പ്രകടിപ്പിക്കുവാനുള്ള അവസരം ഇതുതന്നെ എന്ന പരമാർത്ഥവും ഞാൻ വിസ്മരിക്കുന്നില്ല.

ശ്രീമാൻ ജോസഫ് മുണ്ടശ്ശേരി അവർകൾ ഈ ഗ്രന്ഥത്തിന്റെ കൈയെഴുത്തു കോപ്പി പരിശോധിച്ചു നിർദ്ദേശങ്ങൾ നൽകിയതിനു ഞാൻ ഹൃദയപൂർവം നന്ദി പറഞ്ഞു കൊള്ളുന്നു.

നല്ല നല്ല ഗ്രന്ഥങ്ങളെ പ്രസാധനം ചെയ്യു എന്ന ശാഠ്യം ക്രമത്തിലധികമുള്ള ബി. വി. ബുക്കുഡിപ്പോ ആന്റ് പ്രിന്റിംഗ് വർക്ക്സ് മാനേജർ രാജശ്രീ ഗോപാലൻ നായർ അവർകൾ കാളിദാസനേയും ശകുന്തളയേയും പൊതുജനസമക്ഷം പ്രദർശിപ്പിക്കുന്നതിൽ കാണിച്ച

സന്മനോഭാവത്തിന്ന ഏതൊരു വാക്കുപയോഗിച്ചാണു കൃതജ്ഞത പ്രകടിപ്പിക്കേണ്ടതെന്നു എനിക്കു മനസ്സിലാകുന്നില്ല.

നെമ്മാറ
28—9—1114 } ഗ്രന്ഥകർത്താ.

For consideration by
Travancore University Board of Studies

# കാളിദാസനും ശാകുന്തളവും

10518
9736

## പീഠിക

ഏതെങ്കിലും ഒരു സാഹിത്യം, അതിന്റെ പുരോഗതിയിൽ സാമാന്യേന ഇതരസാഹിത്യാംശങ്ങളെ പ്രത്യക്ഷമായോ പരോക്ഷമായോ അംഗീകരിക്കാതിരിക്കുന്നില്ലെന്നു അഭിജ്ഞന്മാർ അഭിപ്രായപ്പെടുന്നു. വിവിധങ്ങളും ഹൃദ്യങ്ങളുമായ ഖാദ്യപാനീയങ്ങൾ ശരീരത്തിന്റെ വളൎച്ചയ്ക്കും പുഷ്ടിക്കും അത്യന്താപേക്ഷിതങ്ങളായിരിക്കുന്നതു എപ്രകാരമോ അതുപോലെ തന്നെ ആശയപ്രൌഢികൊണ്ടും സമാകർഷകത്വംകൊണ്ടും ലോകോത്തരങ്ങളായിത്തീൎന്നിട്ടുള്ള സാഹിത്യങ്ങളെല്ലാം പരസ്പരബന്ധത്തോടുകൂടിയതായിരിക്കുമ്പോൾ മാത്രമേ അവയ്ക്കു സൂര്യാലോകനപ്രീതിയും സാൎവ്വജനീനത്വവും സമാൎജ്ജിച്ചു വളരുവാൻ കഴിവുണ്ടാകയുള്ളു.

സാഹിത്യത്തിന്റെ പരമോദ്ദേശ്യം സംസ്കാരസിദ്ധിയാണെന്നു സമൎത്ഥിക്കുവാൻ വലിയ വിഷമമൊന്നും ഇല്ല. ആ സംസ്കാരമാകട്ടെ, ഉഭയലോകഹിതവുമാകുന്നു. സാദൃശസംസ്കാരം കൂടാതെ ജനസമുദായത്തിനു ഉയൎച്ചയോ വികാസമോ ഉണ്ടാകയില്ല.

സാഹിത്യത്തിൻെറ വിലയും നിലയും അറിഞ്ഞിട്ടുള്ള ദുർല്ലഭം ചില സാമ്രാജ്യങ്ങളിൽ ഒന്നാകുന്നു നമ്മുടെ ഈ ആഷ്ഭൂമി. ഇവിടെ സാഹിത്യം ക്രമപ്രവൃദ്ധമായി വളൻു; രാജാധിരാജന്മാർ അതിനു വിശ്വവിഖ്യാതി നേടിക്കൊടുക്കുകയും ചെയ്തു. മനുഷ്യജീവിതത്തിൽ സാഹിത്യത്തിനുള്ള സ്ഥാനം എന്താണെന്നും എത്രത്തോളമാണെന്നും ആര്യാവത്തം ഗ്രഹിച്ചിട്ടു നൂററാണ്ടുകൾ അനേകം കഴിഞ്ഞു. വേദേതിഹാസാദിവിഭൂതി ഇത്രയധികം മുതൽ കൂട്ടിവെച്ചിട്ടുള്ള മറെറാരു ഭൂഭാഗം ഇല്ലെന്നു ഇന്ത്യ സ്വയം ഉദ്ഘോഷിച്ച ഒരു കാലമുണ്ടായിരുന്നു.

ആധ്യാത്മികപ്രഭാവത്തിനു തളച്ച്യും ഭൗതികശക്തികളുടെ പ്രാബല്യവും ഏതുകാലം മുതൽക്കാണോ ഭാരതത്തിൽ കാലെടുത്തു കുത്തിയതു, ശപിക്കപ്പെട്ട ആ ദുർദ്ദിനം മുതൽ ഭാരതീയസാഹിത്യത്തിൻെറ പുരോഗതിയും നിരുദ്ധമായി. സാവ്ഭൗമന്മാരാലും രാജാക്കന്മാരാലും പ്രഭുക്കന്മാരാലും പരിലാളിതമായി, അക്ഷയഭാസ്സോടെ വിളയാടിയിരുന്ന നമ്മുടെ സാഹിത്യം ഇന്നു പ്രോത്സാഹനത്തിൻെറ തണലിൽ നിന്നകന്നു്, രക്ഷാകത്തൃത്വത്തിൻെറ ദൃഢബന്ധത്തിൽ നിന്നു ബഹിഷ്കൃതമായി, ചാവ്കസിദ്ധാന്തങ്ങളുടെ അന്തരാളത്തിൽക്കിടന്നു ഞെരുങ്ങി ഭൗതികത്വത്തിൻെറ സമ്മർദ്ദംകൊണ്ടു വിവശീകൃതമായി പണിപ്പെട്ടു ജീവിക്കുന്നു.

സാഹിത്യത്തിൻെറ ഏതാദൃശമായ ഇന്നത്തെ നില ഇന്ത്യൻ ജനതയെ സ്പർശിച്ചു അവരിൽ അഭൂതപൂവ്വങ്ങളായ ചില ചലനങ്ങൾ ഉണ്ടാക്കിത്തീത്തിട്ടുണ്ടു്. സത്സാ

ഹിത്യം, സാമൂഹ്യജീവിതത്തിന്ന ശ്രേയോനിദാനമാണെന്നു വിശ്വസിക്കുന്നവരെല്ലാം അതിൻെറ നാശോന്മുഖമായ പരിവൎത്തനത്തിൽ വിപൽകരമായ ഒരന്തരീക്ഷം കണ്ടെത്തുമെന്നുള്ളതു നിരാക്ഷേപമാകുന്നു. ഞാൻ മുമ്പു പറഞ്ഞതുപോലെ സാഹിത്യത്തിന്ന മനുഷ്യസമുദായവുമായി അത്രത്തോളം വലിയ ഒരടുപ്പമാണുള്ളതു്. ഈ സാമീപ്യത്തെ പ്രബലമാക്കുന്നതിന്ന യത്നിക്കാതിരിക്കുന്ന കാലത്തോളം ലോകാഭിവൃദ്ധി സംശയാസ്പദവും ആയിരിക്കും. ഭൗതികസുഖസമൃദ്ധി, ജീവിതത്തിൻെറ പരമലക്ഷ്യമായി പരിഗണിക്കുന്നവരിൽ നിന്നു യഥാൎത്ഥസാഹിത്യം ഉദയം ചെയ്യുന്നില്ല. ഭൗതികപരായണരെ സൃഷ്ടിച്ചു വിടാനുള്ള കെല്പും സാഹിത്യത്തിന്നില്ല.

പരിശുദ്ധവും ദിവ്യവുമായ സാഹിത്യം ലോകത്തെ സമരരംഗമാക്കി മലിനപ്പെടുത്തുന്നില്ല; വിക്ഷുബ്ധാന്തരീക്ഷത്തേ രൂപവൽകരിക്കുന്നില്ല; സമാധാനകാംക്ഷയെ ഭഞ്ജിക്കുകയോ ശാന്തിമയ ജീവിതത്തെ ധ്വംസിക്കുകയോ ചെയ്യുന്നില്ല; പാപരതി അങ്കുരിപ്പിക്കുന്നില്ല; രാക്ഷസീയ മനോഭാവത്തെ സങ്കല്പിക്കുന്നില്ല; അതു സന്തപ്തൎക്ക് അഭയദാനം ചെയ്യുന്നു; ശാന്തിയും സമാധാനവും മേളിച്ച ഒരു നവയുഗത്തെ അവതരിപ്പിച്ചിരിക്കുന്നു; സന്മാൎഗ്ഗികവും സ്വൎഗ്ഗീയവുമായ ശുദ്ധചരിതഃസ്ഥിതി പ്രത്യക്ഷമാക്കിത്തീൎക്കുന്നു.

താദൃശസാഹിത്യം ദൃശ്യശ്രാവ്യകാവ്യപദ്ധതിയേയും ഔപനിഷതസരണിയേയും സമവലംബിച്ചു വിപുലവും വിശേഷോത്തരവുമായി പരിണമിക്കുന്നു. ആദ്യത്തേതു ലൗകി

കശാഖയിലും രണ്ടാമത്തേതു അതിൽ നിന്നു അല്പമൊന്നു യൎന്ന അധ്യാത്മോപാധിയിലും നിലകൊള്ളുന്നു. ലൗകിക ശാഖയെ ഉപജീവിക്കുന്ന ദൃശ്യശ്രാവ്യകാവ്യങ്ങൾ സാധാരണജനങ്ങൾക്കു നിർവൃതി നൽകി ഉപനിഷത്സൂക്തിചിന്തനത്തിനു അപരിഹാര്യമായ മനഃസന്നദ്ധതയുള്ളാക്കിത്തീൎക്കുന്നു. അതിനാൽ ഈ രണ്ടു മാൎഗ്ഗങ്ങളും വിശിഷ്ടമായ ഒരുദ്ദേശ്യത്തെ സാധിപ്പിക്കുന്നതിനുള്ളവയെന്നു സംവദിക്കുന്നതിൽ അസാംഗത്യമൊന്നുമുണ്ടെന്നു തോന്നുന്നില്ല.

സാഹിത്യം ജീവനും ഭാഷ ദേഹവുമാണെന്നു സമൎത്ഥിക്കാം. ദേഹവും ദേഹിയും തമ്മിലുള്ള ബന്ധം എത്രത്തോളമോ അത്രത്തോളം ബന്ധം സാഹിത്യത്തിനും ഭാഷയ്ക്കും ഉണ്ട്. ദേഹിയില്ലാത്ത ദേഹം ജഡമായിരിക്കുന്നതുപോലെ സാഹിത്യമില്ലാത്ത ഭാഷയും നിൎജ്ജീവമാകുന്നു. ആത്മാവു അനശ്വരവും അപൗരുഷേയവും സർവവ്യാപകവുമാണെങ്കിലും അതിനു ആധാരമായ ഒരു വസ്തുകൂടാതെ കഴികയില്ല. ഇതുപോലെ തന്നെയാണു സാഹിത്യത്തിനും ഭാഷാപേക്ഷയില്ലാതെ വന്നാലുള്ള സ്ഥിതിയും. അതിനാൽ ഇവയ്ക്കു പരസ്പരം അഭേദ്യമായ ബന്ധം ഉണ്ടെന്നു തീൎച്ചപ്പെടുത്താം.

മലയാളഭാഷയ്ക്കും ഒരു സാഹിത്യമുണ്ട്. അഥവാ മലയാളസാഹിത്യത്തിനും ഒരു ഭാഷയുണ്ട്. ആ ഭാഷയും ആ സാഹിത്യവും ഉടലും ഉയിരുമായി കേരളീയരെ ചൂഴ്ന്നു അനുഗ്രഹിച്ചുകൊണ്ടു ആശാസ്യമായ ഒരന്തരീക്ഷത്തിൽ വൎത്തിക്കുന്നു. കൈരളി സാഹിത്യഭാഷയായി പരിണമിച്ചതു എന്നു കാലം മുതൽക്കാണെന്നുള്ള പൂൎവപക്ഷത്തിനു സമാ

ധാനം നൽകുക എന്നതു പ്രസ്തുത ഗ്രന്ഥനിർമ്മാണത്തിന്റെ ഉദ്ദേശ്യത്തിൽ പെടുന്നില്ല. പക്ഷേ അതു ആ വിധമൊരു പ്രാശസ്ത്യവും പ്രാമുഖ്യവും സമാർജ്ജിച്ചതു എങ്ങനെയെന്നു പറയാതെ നിവൃത്തിയില്ല.

ഏതു സാഹിത്യവും വളരുന്നതു മൗലിക ഗ്രന്ഥങ്ങളുടേയും വിവർത്തിതഗ്രന്ഥങ്ങളുടേയും സാഹചര്യം കൊണ്ടാകുന്നു. ഒരു ഭാഷയിൽ സ്വതന്ത്രഗ്രന്ഥങ്ങൾ ധാരാളമായി വർദ്ധിക്കുകയും അവ സഹൃദയ സമ്മതങ്ങളായിത്തീരുകയും ചെയ്യുന്നതു ഭാഷയെ ഉപജീവിക്കുന്ന ജനങ്ങൾ സാഹിത്യപോഷണത്തിൽ ബദ്ധശ്രദ്ധരെന്നു കാണിക്കുകയായിരിക്കും. ഇത്രത്തോളം തന്നെ ഇല്ലെങ്കിലും ഇതിൽ ഒട്ടും കുറയാത്ത ഒരു മഹത്വം സാഹിത്യത്തിനു നേടിക്കൊടുക്കാൻ വിവർത്തിത ഗ്രന്ഥങ്ങൾക്കു കഴിയുമെന്നുള്ളതു സർവ്വസംവിദിതമാകുന്നു. ഈ തത്വം, അതിന്റെ യഥാർത്ഥരൂപത്തിൽ ധരിച്ചുകൊണ്ടുതന്നെയാണു സംസ്കൃതം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി, ബംഗാളി എന്നീ ഭാഷകളിൽ പേരും പെരുമയും സമ്പാദിച്ച ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തുവാൻ ഭാഷാപ്രണയികളും സാഹിത്യകുതുകികളും ഔചിത്യവേദികളുമായ സഹൃദയന്മാർ ബദ്ധപരികരന്മാരായതു്. കേരളകാളിദാസൻ എന്നു മഹാമഹിമശ്രീ വലിയകോയിത്തമ്പുരാനും, കേരളഭവഭൂതിയെന്നു ചമ്പത്തിൽ ചാത്തുക്കുട്ടിമന്നാടിയാർക്കും കേരളവ്യാസൻ എന്നു മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാനും അപരാഭിധാനം സിദ്ധിച്ചിട്ടുള്ളതു കാളിദാസപ്രവൃത്തികളുടെ സർവ്വോത്തമഗ്രന്ഥങ്ങളിൽ അടങ്ങിയ ആശയങ്ങൾ സംസ്കൃതഭാഷാഭിജ്ഞരായ മലയാളികൾക്കു മനസ്സി

ലാകാനും തദ്വാരാ ഭാഷാസാഹിത്യസമ്പത്തു വൎദ്ധിപ്പിക്കാനും സംഗതി വരുത്തിയതു ഈ മഹാന്മാരാണെന്നുള്ളതുകൊണ്ടു മാത്രമാകുന്നു എടുന്നെ പരിഗണിച്ചു കൂട്ടു.

കൈരളീസാഹിത്യത്തിന്റെ പ്രാരംഭകാലം മുതൽക്കെ തന്നെ അതിൽ വിവൎത്തിത ഗ്രന്ഥങ്ങൾ ധാരാളം കടന്നുകൂടാൻ തുടങ്ങിയിട്ടുണ്ടു്. അദ്ധ്യാത്മരാമായണം, ഭാരതം, ഭാഗവതം, വാത്മീകിരാമായണം, കേരളവൎമ്മരാമായണം എന്നിവ വിവൎത്തിതഗ്രന്ഥങ്ങളായിട്ടാണു ഭാഷയിൽ വന്നു ചേൎന്നിട്ടുള്ളതു്. തുഞ്ചത്താചാൎയ്യപാദങ്ങളാണു ആദ്യമായി വിവൎത്തിത പദ്ധതി ഇതരസുഗമവും സാഹിത്യസുന്ദരവുമാക്കിത്തീൎത്തിട്ടുള്ളതു്. അദ്ദേഹത്തിന്റെ വിവൎത്തന സമ്പ്രദായത്തിൽ നിഴലിച്ചു കാണുന്ന ഔചിത്യബോധവും, വിവേകവും, കല്പനാചാതുൎയ്യവും സവിശേഷം പ്രശംസനീയമാകുന്നു. വിവൎത്തകലോകത്തിനു തുഞ്ചത്തുഗുരുപാദങ്ങൾ പരിപൂൎണ്ണ മാതൃകയാണു് എന്നത്രേ വിദ്വല്ലോകം ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നതു്.

മലയാളസാഹിത്യത്തിന്റെ നേട്ടങ്ങളിൽ ഒന്നു കാളിദാസകൃതമായ ശാകുന്തളത്തിന്റെ വിവൎത്തനമാകുന്നു. കേരളവൎമ്മയും രാജരാജവൎമ്മയുമാണു ശാകുന്തളം വിവൎത്തകന്മാരിൽ അഗ്രണികൾ. ഭാഷാസാഹിത്യത്തിനു ആയുസ്സുള്ള കാലംവരെ പ്രസ്തുത വിവൎത്തനത്തിനും വിവൎത്തകന്മാൎക്കും ഉപൎയ്യുപരി വിഖ്യാതിക്കാണു അവകാശം ഉണ്ടാകുക.

സംസ്കൃതസാഹിത്യത്തിന്റെ അക്ഷയസമ്പത്താകുന്നു ശാകുന്തളം. ആ ഗ്രന്ഥം ഏതേതു ഭാഷകളിലേക്കു വിവൎത്തനം ചെയ്തിട്ടുണ്ടോ ആ ഭാഷകൾ അനുഗൃഹീതങ്ങളും വിവ

ത്തകന്മാർ സുകൃതികളുമാകുന്നു. ഈ തോതുവെച്ചു നോക്കുമ്പോഠം ശാകുന്തളംപരിഭാഷ ഉഠംക്കൊള്ളുന്ന നമ്മുടെ കൈരളിയും, ആ ഒരൊററക്കാരണത്താൽത്തന്നെ ഇതര സാഹിത്യങ്ങളിലൊന്നായി ഗണിക്കപ്പെടാതിരിക്കയില്ല.

കാളിദാസന്റെ പ്രതിഭാശക്തിയുടേയും അഗാധ പാണ്ഡിത്യത്തിന്റേയും ലോകപരിചയത്തിന്റേയും നിർദ്ദോഷമായ കലാനൈപുണിയുടേയും അനിതരസാധാരണമായ പ്രകൃതിനിരിക്ഷണവിചക്ഷണതയുടേയും പരിണതഃഫലമാകുന്നു ശാകുന്തളം നാടകം. പ്രസ്തുത കാവ്യം കഴിഞ്ഞാൽ തൽകൃതികളിൽ മുന്നിട്ടു നിൽക്കുന്നതു രഘുവംശം, കുമാരസംഭവം, മേഘസന്ദേശം, മാളവികാഗ്നിമിത്രം, വിക്രമോവ്ശീയം എന്നിവയാകുന്നു. ഋതുസംഹാരത്തിന്റെ കർത്താവു കാളിദാസനാണോ എന്ന സംഗതി വാദഗ്രസ്തവുമാണു്.

ഇത്രയും പ്രസ്താവിച്ചതിൽ നിന്നു മലയാളഭാഷാസാഹിത്യത്തിനു കാളിദാസനോടും തൽഗ്രന്ഥങ്ങളോടും ഒരു വലിയ കടപ്പാടുണ്ടെന്നു വിശദമാകുന്നു. അതിനാൽ അദ്ദേഹത്തിന്റെ ജിവിതഗതികഠം, സംസ്കൃതഭാഷാപ്രണയികഠംക്കെന്നപോലെ, നമുക്കും അറിയേണ്ടതുണ്ടെന്നു വരുന്നു. കാളിദാസനെ സംബന്ധിച്ചും അദ്ദേഹത്തിന്റെ പ്രധാനകൃതിയായ ശാകുന്തളത്തെക്കുറിച്ചും ഇതിനുപരി ചിലതു പ്രസ്താവിക്കാൻ ഞാൻ പ്രേരിതനായതു വാസ്തവത്തിൽ മലയാളഭാഷയോടും മഹാകവിയോടും ശാകുന്തളത്തോടും എനിക്കുള്ള അതിർകവിഞ്ഞ ഭക്ത്യാദരങ്ങളാൽ മാത്രമാകുന്നു.

## 2. കാളിദാസൻ

താൻ കേട്ടിട്ടുള്ള ഒരൈതിഹ്യത്തെ പുരസ്കരിച്ച്, കാളിദാസൻെറ ജീവിതഗതിയെ കേരളവമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു ഇങ്ങനെ ചിത്രീകരിക്കുന്നു:—

"ഒരു വിദുഷിയായ കന്യക, തന്നെ വിവാഹം ചെയ്യുന്നതിനായി പിതാവിനാൽ ക്ഷണിച്ചു വരുത്തപ്പെട്ട സകല വിദ്വാന്മാരേയും വാദത്തിൽ തോല്പിച്ചതിനാൽ ലജ്ജിതന്മാരായി. പിന്നീട് ആരും വരാതായതിൻെറ ശേഷം പിതാവു ഇനി വാദപരീക്ഷ കൂടാതെതന്നെ യോഗ്യന്മാക്കാക്കെങ്കിലും പുത്രിയെ കൊടുക്കണമെന്നു നിശ്ചയിച്ചു പിന്നെയും ആളയച്ചു. എന്നാൽ യോഗ്യന്മാർ ഒരുത്തരും പൂവ്വപരിഭവം നിമിത്തം ചെല്ലാതിരുന്നതിനാൽ ദൂതന്മാർ വിഷമിച്ചു. ഇനി ഒരു മൂഢനെത്തന്നെ കൊണ്ടു പോകണമെന്നു നോക്കി നടക്കുമ്പോൾ സുഭഗാകൃതിയായ ഒരു ഉഷ്ട്രപാലൻ (അജപാലൻ എന്നും കേൾവിയുണ്ട്) തന്റെ ഉഷ്ട്രത്തിനു തീററക്കായി വൃക്ഷത്തിൽ കയറി താൻ നിന്നിരുന്ന ശാഖയുടെ മൂലത്തെത്തന്നെ വെട്ടുന്നതു കണ്ടു അവനെ മൂഢനാണെന്നു നിശ്ചയിച്ചു നല്ല വസ്ത്രവും ധരിപ്പിച്ചു ഒന്നുമൊന്നും സംസാരിക്കരുതെന്നു പറഞ്ഞുറപ്പിച്ചു കൂട്ടിക്കൊണ്ടു പോയി. വിവാഹമണ്ഡപത്തിൻെറ മുമ്പിൽ കെട്ടിയിരുന്ന തിരശ്ശീലയിൽ രാവണന്റെ ചിത്രത്തെക്കണ്ടു ആ മൂഢൻ "അഭ്ഭഭ്ഭണോ

രാമണ" എന്നു പറഞ്ഞപ്പോൾ അപശബ്ദമെന്നു ആ സ്ത്രീ ആക്ഷേപിക്കയും അവളോടു മത്സരികളായ ചില വിദ്വാന്മാർ

"കുംഭകർണ്ണേ ഭകാരോസ്തി
ഭകാരോസ്തി വിഭീഷണേ
രാക്ഷസാനാം കുലശ്രേഷ്ഠോ
രാഭണോ നൈവ രാവണ!"

(കുംഭകർണ്ണനിൽ ഭകാരമുണ്ടു്. വിഭീഷണനിലും ഭകാരമുണ്ടു്. അതുകൊണ്ടു രാക്ഷസശ്രേഷ്ഠൻ രാഭണൻ തന്നെയാണു്; രാവണനല്ല)

എന്നു സമാധാനം പറഞ്ഞു അതിനു സാധുത്വം കല്പിക്കുകയും ചെയ്തു.

വിവാഹാനന്തരം ശയനഗൃഹത്തിൽച്ചെന്നു ആ വിരസൻ മൃഷ്ടാശനജന്യമായ സൗഹിത്യം കൊണ്ടു ഉടനെ ഗാഢനിദ്രയെ പ്രാപിച്ചു സ്വപ്നത്തിൽ ഉഷ്ട്രാ, ഉഷ്ട്രാ, ഉട്രാ, ഉട്രാ, എന്നിങ്ങനെ ബഹുശഃ വിളിച്ചു പറയുന്നതു കേട്ടിട്ടു സമീപത്തിരുന്ന വിദുഷിയായ വധു അന്ധാളിച്ചപ്പോൾ ചില വിദ്വാന്മാർ അവന്റെ പരമാർത്ഥത്തെ അവളോടു പറഞ്ഞു. ഈ പ്രകൃതത്തിൽ ചേർന്ന,

"ഉഷ്ട്രേ ലുമ്പതി വാരം വാരം
തന്മൈ ദത്താ വിപുലനിതംബാ"

(ഉഷ്ട്രം എന്നു പറയുമ്പോൾ ഒന്നുകിൽ ഷകാരം അല്ലെങ്കിൽ രേഫം, രണ്ടിലൊന്നു ലോപിക്കുന്ന ഒരാൾക്കാണു ഈ സുന്ദരിയെ കൊടുത്തതു്)

എന്ന ശ്ലോകം കേട്ടിട്ടുണ്ട്. (ഭാൎയ്യ താംബൂലദാനം ചെയ്തപ്പോൾ സ്വാപോന്മുഖനായ ആ അജബാലൻ, തന്റെ മുഖത്തിൽ ആട്ടകം വിഷ്ഠാവിസൎജ്ജനം ചെയ്യുന്നു എന്നുള്ള വിചാരത്തോടുകൂടി 'ഫൂ ഫൂ' എന്നു നിഷ്ഠീവനം ചെയ്തു എന്നും ഒരു പ്രവാദം ഉണ്ട്.) ഏതായാലും അനക്ഷരകുക്ഷിയായ ഭൎത്താവിനെ ആ സ്ത്രീ തിരസ്കരിച്ചതിന്റെ ശേഷം അയാൾ നിൎവ്വിണ്ണനായി ഭദ്രകാളിയെ സേവിക്കുന്നതിനു സമീപത്തു ഒരു വനാന്തൎഗ്ഗതമായ ക്ഷേത്രത്തിൽ അൎദ്ധരാത്രിയിൽ ചെന്നു ചേൎന്നപ്പോൾ ദേവി പുറമെ സഞ്ചരിക്കാൻ പോയിരിക്കയായിരുന്നു. അവൻ ക്ഷേത്രത്തിനകത്തു കടന്നു വാതൽ സാക്ഷയിട്ടു കുറെ കഴിഞ്ഞപ്പോൾ ദേവി തിരിച്ചുവന്നു വാതിലടച്ചിരിക്കുന്നതുകണ്ടു് ആരാണു അകത്തു്? എന്നും അവൻ ധൃഷ്ടതയോടുകൂടി അകത്തിരുന്നുകൊണ്ടു "ആരാണു പുറത്തു്?" എന്നും ചോദിച്ചതിന്റെ ശേഷം ദേവി എങ്ങനെയെങ്കിലും മനുഷ്യ സഞ്ചാരം തുടങ്ങുന്നതിനു മുമ്പിൽ അകത്തു കടക്കേണമല്ലോ എന്നുള്ള ഉൽകണ്ഠനിമിത്തം താൻ കാളിയാണു എന്നുള്ള പരമാൎത്ഥത്തെ പറഞ്ഞു. അപ്പോൾ അവൻ വാതൽ തുറക്കാതെ അകത്തുതന്നെ ഇരുന്നുകൊണ്ടു "എന്നാൽ ഞാൻ ദാസനാണു" എന്നു പറഞ്ഞതു കേട്ടു ദേവി സന്തോഷിച്ചു "കാളിദാസ, നീ എന്തിനാണു എന്റെ ക്ഷേത്രത്തിൽ കടന്നിരിക്കുന്നതു്? നിനക്കു എന്തിനാണു അപേക്ഷയുള്ളതു്?" എന്നു ചോദിക്കുകയും കാളിദാസൻ, "എനിക്കു വിദ്യയുണ്ടാക്കിത്തന്നല്ലാതെ ഞാൻ വാതൽ തുറക്കുന്നതല്ല" എന്നു ശാഠ്യം പിടിച്ചതിനാൽ വാതലിന്റെ ഇടയിൽക്കൂടി നാക്കു പുറത്തേക്കു നീട്ടുന്നതിനു

ദേവി നിയോഗിച്ചതിൻ വണ്ണം അദ്ദേഹം ചെയ്കയും തന്റെ ച്ഛുരികാഗ്രംകൊണ്ടു അതിൽ ദേവി വിദ്യാപ്രദമായ ചിന്താമണി മന്ത്രത്തെ എഴുതുകയും ഉടനെ കാളിദാസൻ മഹാകവിയായിത്തീൎന്നു വാതൽ തുറന്നു ദേവിയെ നമസ്കരിച്ചു സ്തുതിക്കുകയും ചെയ്തു.

"സൗന്ദൎയ്യവിഭ്രമഭുവോ ഭുവനാധിപത്യ-
സമ്പത്തികല്പതരവസ്ത്രിപുരേജയന്തി
ഏുകേതവിതചകുമുദപ്രകരാവബോധ-
പൂൎണ്ണേന്ദവസ്തവ ജഗജ്ജനനി പ്രണാമഃ"

(ഹേ, ലോകമാതാവായ ത്രിപുരാദേവി, അവിടത്തേക്കു നമസ്കാരം. ഈ നമസ്കാരം സൗന്ദൎയ്യത്തിനൊരു കളിനിലവും ലോകാധിപത്യം നൽകുന്ന കല്പകവൃക്ഷവും കവിതചമാകുന്ന ആമ്പലിനെ വളൎത്തുന്ന പൂൎണ്ണചന്ദ്രനുമാകുന്നു)

ഇത്യാദിയായി ഏതാനും ശ്ലോകങ്ങൾ അടങ്ങീട്ടുള്ള സ്തവം അപ്പോൾ കാളിദാസനാൽ നിൎമ്മിക്കപ്പെട്ടതാണെന്നു കേട്ടിട്ടുണ്ടു്.

ഇപ്രകാരം അനുഗ്രഹീതകവിയായിത്തീൎന്ന അദ്ദേഹം തിരിയെ വന്നു ഭാൎയ്യയെ കണ്ടപ്പോൾ 'അസ്തികശ്ചിദ്വാഗ്വിശേഷഃ' (എന്തെങ്കിലും പറയാനുണ്ടോ?) എന്നു അവൾ ചോദിച്ചു എന്നും അനന്തരം അദ്ദേഹം ആ ചോദ്യത്തിലെ പദത്രയത്തെ ആദിയിൽ ചേൎത്തു 'അസ്ത്യുത്തരസ്യാം ദിശിദേവതാത്മാ' ഇത്യാദിയായി കുമാരസംഭവത്തേയും 'കശ്ചിൽ കാന്താവിരഹഗുരുണാ' ഇത്യാദിയായി മേഘസന്ദേശത്തേയും "വാഗൎത്ഥാവിവസമ്പൃക്തൗ"

ഇത്യാദിയായി രഘുവംശത്തെയും നിർമ്മിച്ചു എന്നും പ്രസിദ്ധിയുണ്ടു്."

ഈ ഐതിഹ്യത്തിൽ അസ്വാഭാവികത ക്രമത്തിലധികമുണ്ടു്. ഒന്നാമതായി, നിഗ്രഹാനുഗ്രഹശക്തികൾ അധീനങ്ങളെന്നു വിശ്വസിക്കപ്പെടുന്ന ദേവി, ക്ഷേത്രം വിട്ടു പുറത്തുപോയി തിരിയെ വന്നപ്പോൾ മുറിക്കകത്തിരുന്ന ആളെ ബഹിഷ്കരിക്കാനോ, അയാളുടെ സഹായം കൂടാതെ അകത്തു കടക്കാനോ കഴിവുള്ളവളായില്ലെന്ന സംഗതി വിസ്മയാവഹമായിത്തോന്നുന്നു. രണ്ടാമതു ദേവി അയാളോടു വാതലൊന്നു തുറന്നു തരുവാൻ യാചിക്കുന്നതായി കാണുന്നതും വിശ്വസനീയമായി തോന്നുന്നില്ല. വാതലിന്നിടയിൽക്കൂടി ഭക്തൻ നാവു നീട്ടിക്കൊടുത്തു എന്നും ദേവി ചിന്താമണി മന്ത്രം ച്ഛുരികാഗ്രം കൊണ്ടു അതിൽ എഴുതിയെന്നും കേൾക്കുന്നതു ഇക്കാലത്തു ആരുമത്രവിശ്വസിക്കുമെന്നു തോന്നുന്നില്ല. കഥയിൽ ചോദ്യമില്ല എന്ന പഴമൊഴി പുരസ്കരിച്ചു മേലുദ്ധരിച്ച ഐതിഹ്യത്തെ അപഗ്രഥിക്കാതിരിക്കുക തന്നെ ഉത്തമം. ഉഷ്ട്രപാലനെ ദേവീസന്നിധിയിലേക്കയച്ച രാജകുമാരിയുടെ ഉദ്ദേശ്യം, അങ്ങനെ ഒരു സംഗതി നടന്നിട്ടുണ്ടെങ്കിൽ തീർച്ചയായും സ്തുത്യർഹം തന്നെ. എന്തു കൊണ്ടെന്നാൽ

ആപദി........സ്മരണീയം ചരണയുഗളമംബായ
തൽസ്മരണം ബ്രഹ്മാദീനപിചകിങ്കരീകുരുതേ.

(ആപത്തിൽ ദേവിയുടെ തൃപ്പാദങ്ങൾ സ്മരിക്കപ്പെടേണ്ടവയാണു്. ആ സ്മരണമാകട്ടെ ബ്രഹ്മാദികളെക്കൂടി കിങ്കരന്മാരാക്കിത്തീർക്കുന്നു) എന്നുണ്ടല്ലോ.

# 3 കാളിദാസന്റെ ജീവിതകാലം

വ്യാസനും വാൽമീകിക്കും ശേഷം അദ്വിതീയ കവി എന്ന നിലയിൽ വിശ്വവിഖ്യാതനായി ജീവിച്ച മഹാകവി കാളിദാസൻ വിക്രമാബ്ദപ്രതിഷ്ഠാപകനായ വിക്രമാദിത്യമഹാരാജാവിന്റെ വിദ്വത്സദസ്സിനെ അലങ്കരിച്ചിരുന്ന നവരത്നങ്ങളിൽ ഒന്നായിരുന്നു എന്നു നമ്മളിൽ ചിലർ വിശ്വസിച്ചു വരുന്നുണ്ടു്. അവർ ഈ പദ്യം പഠിക്കുകയും ചെയ്തിരിക്കും.

"ധന്വന്തരിക്ഷപണകാമര സിംഹശങ്കു
വേതാളഭട്ടഘടകർപ്പരകാളിദാസാഃ
ഖ്യാതോവരാഹമിഹിരോ നൃപതേസ്സഭായാം
രത്നാനിവൈവരരുചിന്നവവിക്രമസ്യ"

(വിക്രമനൃപതിയുടെ സഭയിലെ രത്നങ്ങളാകുന്ന ധന്വന്തരി, ക്ഷപണകൻ, അമരസിംഹൻ, ശങ്കു, വേതാളഭട്ടർ, ഘടകർപ്പരൻ, കാളിദാസൻ, വരാഹമിഹിരൻ, വരരുചി എന്നീ ഒൻപതു പേർ)

ഉജ്ജയിനിയിലെ രാജാവായി വീക്രമാദിത്യൻ അഭിഷിക്തനായതിന്റെ സ്മാരകമായിട്ടാണു വിക്രമാബ്ദം ആരംഭിച്ചതെന്നു ഐതിഹ്യമുണ്ടു്. ആ അബ്ദമാകട്ടേ ഇപ്പോൾ 1994-ാകുന്നു. അതായതു ഇന്നേക്കു ഏറെക്കുറെ രണ്ടായിരം വത്സരങ്ങൾക്കു മുമ്പിൽ ഭാരതസാഹിത്യ ചക്രവർത്തിയായ കാളിദാസൻ വിക്രമസദസ്സിലെ നവരത്നങ്ങളിൽ ഒന്നായി പരിലസിച്ചു എന്നു സാരം.

പ്രസ്തുത ഐതിഹ്യത്തെ നിഷേധിക്കുന്ന ഒരഭിപ്രായമാണു താഴെ ഉദ്ധരിക്കുന്നതു്.

"ബി. സി. പ്രഥമശതാബ്ദത്തിൽ വിക്രമാദിത്യൻ എന്നു പേരായ ഒരു രാജാവു ജീവിച്ചിരുന്നതായി യാതൊരു തെളിവും ഇല്ല."

മിസ്റ്റർ ഫർഗ്ഗുസൻ ഈ അഭിപ്രായത്തിനു ഒരുമതിയുണ്ടാക്കാനാണു യത്നിച്ചിട്ടുള്ളതു്. "അദ്ദേഹത്തിൻെറ തീർമാനം വളരെ ശരിയായിട്ടുള്ളതെന്നു വിശ്വസിക്കാൻ നമുക്കു കഴിയുന്നില്ല" എന്നാണു "ഇന്ത്യ—അതു നമ്മെ എന്തു പഠിപ്പിക്കുന്നു?" എന്ന ഗ്രന്ഥത്തിൽ ഒരുഭാഗത്തു തൽക്കർത്താവായ മാക്സ്മുള്ളർ തുറന്നെഴുതിയിരിക്കുന്നതു്.

എ. ഡി. 544-ൽ കൊരൂറിൽ വെച്ചുണ്ടായ ഘോരസമരത്തിൽ മ്ലേച്ഛന്മാരെ നിശ്ശേഷം എതിർത്തു ആട്ടിപ്പായിച്ചതും വിജയസ്മാരകമായി വിക്രമാബ്ദം തുടങ്ങിയതും ഉജ്ജയിനിയിലെ ഹർഷരാജാവാകുന്നു. ഇദ്ദേഹത്തിനു വിക്രമാദിത്യൻ എന്നൊരപരാഭിധാനം ഉണ്ടു്. എ. ഡി. 544-നു മുമ്പു് വിക്രമാബ്ദം ആരംഭിച്ചതായി ഗണിക്കുന്നതിനു ലക്ഷ്യങ്ങളില്ല. വിക്രമാദിത്യൻെറ കാലവും കാളിദാസന്റെ കാലവും കൂട്ടിയിണക്കുന്നപക്ഷം അതു എ. ഡി. ആറാം ശതാബ്ദത്തിൻെറ മദ്ധ്യമെന്നുവരും.

മാക്സ്മുള്ളരുടെ വിശ്വാസം, മല്ലിനാഥൻ, ഫർഗ്ഗുസൻെറ വാദം വിലക്ഷണമാക്കുന്നു എന്നാണു്. മേഘസന്ദേശം 14-ാമത്തെ പദ്യത്തിൻെറ വ്യാഖ്യാനമാണു

ഇതിനാസ്പദം. നിചുളൻ ഡിങ്ങ്നാഗൻ എന്നീ രണ്ടു വ്യക്തികളെപ്പററി കാളിദാസൻ പ്രസ്തുത പദ്യത്തിൽ ചിലതു സൂചിപ്പിക്കുന്നതിനെ മല്ലിനാഥൻ ഒരു വിസ്മൃതവ്യാഖ്യാനത്തിനു വിഷയമാക്കുന്നുണ്ട്. കാളിദാസൻെറ സമകാലികന്മാരായ നിചുളഡിങ്ങ്നാഗന്മാരെ മല്ലിനാഥൻ നല്ല പോലെ അറിയുമെന്നുള്ളതിനു സംശയമില്ല. ഈ സംഗതിയും കാളിദാസൻ ക്രിസ്താബ്ദം ആറാം നൂററാണ്ടിൻെറ മദ്ധ്യത്തിൽ ജീവിച്ചിരുന്നു എന്നുള്ളതിനു മറെറാരു തെളിവാകുന്നു.

കുമാരസംഭവം ഏഴാം സർഗ്ഗത്തിൽ ആദ്യത്തെ പദ്യത്തിൽ കാളിദാസൻ പ്രയോഗിച്ചിട്ടുള്ള ജാമിത്രശബ്ദവുമായി മേൽപറഞ്ഞ അഭിപ്രായം സംഘടിപ്പിച്ചു സാധുവൽകരിക്കാൻ പാടുപെടുന്ന വിമർശകന്മാൎക്കും പ്രമാദം സംഭവിച്ചുപോയെന്നു പറയാതെ നിവൃത്തിയില്ല. ജാമിത്രപദം ഗ്രീക്കു ഭാഷയിൽനിന്നു വന്നിട്ടുള്ളതാണെന്നു ഇവർ പറയുന്നു. ജ്യോതിഃശാസ്ത്രത്തിൽ ജാമിത്രപദം പ്രഥമതഃപ്രയോഗിച്ചിട്ടുള്ള പ്രശസ്ത പണ്ഡിതനത്രെ ആര്യഭട്ടൻ. അദ്ദേഹം ജീവിച്ചിരുന്നതു എ. ഡി. 476-ലാണെന്നു ഒരുവിധം തീൎച്ചപ്പെടുത്തിക്കഴിയുകയും ചെയ്തിരിക്കുന്നു. ഭാരതസാഹിത്യപ്രവേശികയിൽ ആര്യഭട്ടനെക്കുറിച്ചു പറയുന്നതു ഇങ്ങനെയാണു്:—

"ഭാരതീയരുടെ ഖഗോളശാസ്ത്രം ലോകോത്തരമാകുന്നു. ക്രി. പി. 300 മുതൽക്കാണു് ശാസ്ത്രരീത്യാ ഗോളങ്ങളെക്കുറിച്ചു ചൎച്ചയാരംഭിച്ചതു്. സൂര്യസിദ്ധാന്തം തുടങ്ങിയ നാലു ഉപാധികളാകുന്നു വാനശാസ്ത്രത്തിൻെറ

പ്രാഥമികപാഠങ്ങൾ. ക്രി. പി. 476 ൽ പാടലീപുത്ര ത്തിൽ ജാതനായ ആര്യഭട്ടനാകുന്നു ശരിയായ ഇന്ത്യൻ ഖഗോളശാസ്ത്രത്തിൻെറ ദ്രഷ്ടാവു്.

അതിനാൽ ആ കാലത്തിനു പിമ്പായിരിക്കണം കാളിദാസൻ ജീവിച്ചിരുന്നതു്. കാളിദാസൻെറ ജീവിത കാലത്തെക്കുറിച്ചു ഭാരത സാഹിതീപ്രവേശികയിൽ പ്രതി പാദിച്ചുകാണുന്നതു ഏതാണ്ടു ഇപ്രകാരമാണു്:—

"വിക്രമാദിത്യൻെറ നവരത്നങ്ങളിൽ പ്രാധാന്യം വഹിക്കുന്നതു കാളിദാസനാകുന്നു. അദ്ദേഹം ജീവിച്ചിരു ന്നതു ക്രിസ്ത്വാബ്ദം 450 നോടു ഏറെക്കുറെ അടുത്തു (പിമ്പു്) ആയിരിക്കണം. ഗ്രീക്കുകാരിൽ നിന്നു ലഭിച്ച ജ്യോതിഷ വിദ്യയിൽ കാളിദാസനു പാണ്ഡിത്യം ഉണ്ടായിരുന്നു എന്നു വിശ്വസിക്കാൻ മതിയായ കാരണമുണ്ടു്. ആ സ്ഥിതിക്കു ക്രിസ്ത്വാബ്ദം മൂന്നാംശതകത്തിനിപ്പുറമാണു അദ്ദേഹം ജീവി ച്ചിരുന്നതെന്നും അതിനപ്പുറമാകാൻ വഴിയില്ലെന്നും ഊ ഹിക്കേണ്ടിയിരിക്കുന്നു."

മേൽ ഉദ്ധരിച്ച വാദമുഖങ്ങളെ വിശാലവീക്ഷണം ചെയ്യുന്നതിനു മുമ്പായി ചിലതിവിടെ പ്രസ്താവിക്കേണ്ടി യിരിക്കുന്നു. മല്ലിനാഥൻെറ നിചുളദിങ്ങ്നാഗ വ്യാഖ്യാന ത്തെ പ്രൊഫസർ മാക്ഡോനൽ ഇങ്ങനെ സമർത്ഥി ക്കുന്നു:—

"മല്ലിനാഥൻ ദിങ്ങ്നാഥനെ ബുദ്ധമതാചാര്യനായി പരിഗണിക്കുന്നുണ്ടോ എന്നുതന്നെ സംശയമാണു്. ഉണ്ടെ ങ്കിൽ ബുദ്ധമതലക്ഷ്യങ്ങളെക്കൊണ്ടു താദൃശദിങ്ങ്നാഥൻ

വസുബന്ധുവിൻെറ അന്തേവാസിയാണെന്നു തെളിയിക്കണം. പക്ഷെ വസുബന്ധുശിഷ്യനായ ദിങ്ങ്നാഥൻ എ. ഡി. ആറാം ശതകംവരെ നമുക്ക അജ്ഞാതമാത്രനാകുന്നു. വസുബന്ധുവിൻെറ കാലം ആറാംശതാബ്ദമെന്നു നിർണ്ണയിക്കപ്പെട്ടിരിക്കുന്ന സ്ഥിതിയ്ക്കു അദ്ദേഹത്തിൻെറ ശിഷ്യനെന്നു പറയുന്ന ദിങ്ങ്നാഥൻ അതിനുമുമ്പു ജീവിച്ചിരുന്നു എന്നു വ്യവഹരിക്കുന്നതു വമ്പിച്ച പ്രമാദമായിരിക്കും."

ഇവിടെയും പക്ഷാന്തരം പടം വിരിച്ചു നിൽക്കുന്നുണ്ടു്. ഒരു ചൈനാ സഞ്ചാരി പറയുന്നതു് "എ. ഡി. 404 ൽ വസുബന്ധു എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളിൽ ചിലതു അന്യഭാഷകളിലേയ്ക്കു വിവൎത്തനം ചെയ്തിട്ടുണ്ടു് " എന്നത്രേ.

നമുക്കാലോചിക്കാനുള്ളതു കാളിദാസൻ,

"സ്ഥാനം ഭസ്മാത്സരസനിചുളഃദുൽപതോദങ്മുഖഃഖം
ദിങ്ങ്നാഗാനാംപഥിപരിഹരൻസ്ഥൂലഹസ്താവലേപാൻ"

ഭാഷ

"ഒന്നായ് നോക്കെസ്സരസനിചുള സ്ഥാനവുംവിട്ടുപൊങ്ങി-
ട്ടിങ്ങ്നാഗക്കയ്യടിപഥിപെടാതുത്തരാശയ്ക്കുപോക"

എന്ന പദ്യാർത്ഥത്തിൽ മല്ലിനാഥൻ പറയുന്നതുപോലുള്ള ഒരു വ്യംഗാർത്ഥം നിക്ഷേപിച്ചിട്ടുണ്ടോ എന്നുള്ളതിനെക്കുറിച്ചാകുന്നു. ദിങ്ങ്നാഥശബ്ദം ബഹുവചനമായി പ്രയോഗിച്ചിരിക്കുന്നതുകൊണ്ടു തന്നെ അതു ഒരേ ഒരു വ്യക്തിയെ ഉദ്ദേശിച്ചല്ലെന്നു അനുമാനിക്കാം. ചിലർ പറയുമായിരിക്കാം അദ്ദേഹം ഇങ്ങനെ പ്രയോഗിച്ചതു

ദിങ്ങ്നാഗനിലുള്ള ബഹുമാനത്തെ സൂചിപ്പിച്ചുകൊണ്ടാണെന്നു്. ഇതിനൊരടിസ്ഥാനമുള്ള പ്രസ്താവമായിരിക്കുമെന്നു തോന്നുന്നില്ല. ആണെങ്കിൽ "സ്ഥൂലഹസ്താവലേപാൻ പഥിപരിഹരൻ" എന്നു കാളിദാസൻ പ്രയോഗിക്കാനും വഴിയില്ല. തൻെറ പരമശത്രുവിനെ പ്രതിപക്ഷബഹുമാനം മുൻനിറുത്തി ഒരു പക്ഷേ കാളിദാസൻ സ്തുതിച്ചു എന്നു വിചാരിക്കുന്നതിൽ വലിയ അസാംഗത്യമൊന്നും ഉണ്ടെന്നു തോന്നുന്നില്ല. പക്ഷേ, ഇതുപോലെയുള്ള ഒരവസരത്തിൽ അത്തരം സ്തുതിക്കു എന്തു പ്രസക്തിയുണ്ടെന്നു ആലോചിക്കുമ്പോഴാണു "സ്ഥൂലഹസ്താവലേപാൻ പഥിപരിഹരൻ" എന്നതു നമുക്കു അസ്വീകാര്യവും അരോചകവുമായി തോന്നുക.

നിചുളനും ദിങ്ങ്നാഗനും കാളിദാസൻെറ സമകാലികന്മാരാണെന്നു മല്ലിനാഥൻ വിശ്വസിക്കുന്നതായി പ്രൊഫസർ മാക്സ് മുള്ളർ പറയുന്നു. ആ മഹാശയൻെറ അഭിപ്രായം മാത്രം അടിസ്ഥാനപ്പെടുത്തിക്കൊണ്ടു മല്ലിനാഥനേയും കാളിദാസനേയും സമകാലികന്മാരാക്കി പ്രഖ്യാപനംചെയ്യാൻ നമ്മുടെ പ്രൊഫസർ മടിക്കുന്നില്ല. മാത്രമോ, ഇവരിരുവരുടേയും കാലം ബി. സി. ഒന്നാംശതകത്തിലാണെന്നും മാക്സ്മുള്ളർ സ്ഥാപിക്കാൻ യത്നിക്കുന്നു.

മേഘസന്ദേശത്തെ മല്ലിനാഥൻ മാത്രമല്ല വ്യാഖ്യാനിച്ചിട്ടുള്ളതു്. കൊള്ളാവുന്നവയും കൊള്ളരുതാത്തവയുമായി ഏറെക്കുറെ ഇരുപതുവ്യാഖ്യാനങ്ങൾ മേഘസന്ദേശത്തിനുണ്ടായിട്ടുണ്ടു്. ഇവയിലെല്ലാം വച്ചു ശ്രേഷ്ഠമായുള്ളതു മല്ലിനാഥന്റേതാണെന്നു വിശ്വസിച്ചിരുന്നവർക്കെല്ലാം

പൂർണ്ണസരസ്വതിയുടെ വിദ്യുല്ലതാവ്യാഖ്യാനം രംഗപ്രവേശം ചെയ്തപ്പോൾ അഭിപ്രായ വ്യത്യാസം സംഭവിച്ചു.

ഈ പൂർണ്ണസരസ്വതി, നിചുളാദി പദങ്ങളിലടങ്ങിയ പദ്യത്തിനു നൽകുന്ന വ്യാഖ്യാനം എന്തെന്നു കൂടി നമുക്കൊന്നന്വേഷിക്കാം. അദ്ദേഹം വ്യാഖ്യാനിക്കുകയാണു,

"സരസനിചുളാൽ=വിമലസലില ബഹുലതയാസതതതരുണ വേതസതരു വിശേഷാൽ നിചുളോഽഹിഞ്ജലോഽംബുജഃ ഇത്യമരഃ ഏതച്ചമദജല നിർജ്ജരോദ്ഗാര മണ്ഡിത ഗണ്ഡമണ്ഡലതയാ ചണ്ഡതാപവിനോദനായ ശീകളതമമമും പ്രദേശ മുദ്ദിശ്യതേഷാമാഗമനം സംഭാവ്യത ഇതി വ്യഞ്ജയതി. ഇദാനീമത്ര വൃഷ്ടിന്നാപേക്ഷിതാതൽ ഗമന ഏവോദ്യം ജ്യതാമിതിവാ; തൽകൃതേദാനീന്തന വർഷനവീകൃത തരുതയാ യാവദാഗമന മിഹന ശോഷശങ്കേതിവാ. തദമുല്പതേതി സകല ദേശദർശന സൗകര്യായ ഗഗന ശിഖരമാരോഹേത്യർത്ഥഃ ദിങ്നാഗാനാം=ഐരാവതാദീനാം ബഹുഭിരേകസ്യ വിരോധോ നയുക്തോപനയതദാദിത്രിഭാവഃ ഏതേന സമരതത്ര ശങ്കാമസ്യ പരിഹരതി. സ്ഥൂലഹസ്താവലേപാൻ= പ്രതിഗജധിയാ സമരായവാ ഗിരിതടബുദ്ധ്യാ വപ്രക്രീഡനാർത്ഥം വാസമാകൃഷ്ടം പ്രസരതാം മഹതാം ശുണ്ഡാദണ്ഡാനാം മദഭര ജനിതാൻ യൽകിഞ്ചിൽ കാരിതാലക്ഷണാൻ വ്യാപാരാൻ;............"എന്നു്.

ഈ വ്യാഖ്യാനത്തിലും നിചുളാദിശബ്ദങ്ങൾക്കു മല്ലിനാഥൻ പറയുന്നതുപോലുള്ള ഒരർത്ഥം വ്യാഖ്യാതൃരതമായ

പൂർണ്ണസരസ്വതി കണ്ടെത്തുന്നില്ല. മല്ലിനാഥൻ പറയുന്നതിനെ മാത്രം അടിസ്ഥാനമാക്കി എന്തെങ്കിലുമൊന്നു നിർണ്ണയിക്കുന്നതു ക്ഷന്തവ്യമല്ലാത്ത ഒരപരാധമായിരിക്കയില്ലേ എന്നു ഞാൻ ബലമായി സംശയിക്കുന്നു. അപ്പോൾ നിചുളദിംഗ്നാഗന്മാരെന്ന പദപ്രയോഗം കാളിദാസന്റെ കാലനിർണ്ണയത്തിനു ഉപോദ്ബലകമല്ലെന്നു വരുന്നു. അതിരിക്കട്ടെ;

പ്രഫസർ മാക്ഡോനൽ ജാമിത്ര ശബ്ദത്തെ പരാമർശിച്ചുകൊണ്ടു പറയുന്നതു എന്തെന്നു നോക്കാം. "ആര്യഭടീയത്തെക്കാൾ പ്രാചീനമാണു രോമകസിദ്ധാന്തമെന്ന പ്രശസ്തഗ്രന്ഥം. അതു ഗ്രീക്കും ഇന്ത്യയും തമ്മിലുണ്ടായ വിജ്ഞാനവിനിമയത്തിനു ലക്ഷ്യവുമാകുന്നു. എ. ഡി 400 നു മുമ്പാണു രോമകസിദ്ധാന്തത്തിന്റെ ആവിർഭാവമെന്നു ഡാക്ടർ തേയ്ബട്ട സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്."

ജാമിത്രശബ്ദപ്രയോഗത്തെ മുൻ നിറുത്തി പ്രഫസർ ജാക്കോബി പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങൾ അക്ഷരംപ്രതി വാസ്തവമെന്നു മാക്സ്മുള്ളർ വിശ്വസിക്കുന്നു. അദ്ദേഹം അങ്ങനെ വിശ്വസിക്കുന്നതു രണ്ടുന്യായങ്ങൾ വെച്ചുകൊണ്ടാണ്.

1 ജാമിത്രശബ്ദം ഗ്രീക്കുഭാഷയിൽ നിന്നു സംസ്കൃതത്തിലേക്കു വന്നിട്ടുള്ളതാണ്.

2 എ. ഡി. ആറാം ശതകത്തിനു വളരെ മുമ്പല്ല ഈ പദം ഇന്ത്യക്കാർ ഗ്രീക്കുഭാഷയിൽ നിന്നും കടം വാങ്ങിയിട്ടുള്ളതു്.

കാളിദാസൻെറ കാലം ആറാം നൂററാണ്ടിലാണെന്നു സ്ഥാപിക്കാനാണല്ലോ മാക്‌ഡോനൽ പ്രയത്നിച്ചിട്ടുള്ളതു്. പക്ഷെ അതെത്രത്തോളം ശരിയാണെന്നുള്ളതിനെ കുറിച്ചാകുന്നു നമുക്ക വിചിന്തനം ചെയ്യാനുള്ളതു്. ജാമിത്ര, Diametron എന്നീപ്പദങ്ങൾ ഒരത്ഥത്തെ കുറിക്കുന്നു എന്ന ഏകസംഗതി മൂൻ നിറുത്തിമാത്രം ഇവയിൽ ആദ്യത്തേതു രണ്ടാമത്തേതിൻെറ രൂപാന്തരമാണെന്നു വരണമെന്നില്ല. പിതൃ, മാതൃ, ഭ്രാതൃ, ദുഹിതൃ എന്നീ പദങ്ങൾ പോലെ മേലെഴുതിയ ജാമിത്ര- Diametron ശബ്ദങ്ങളും തുല്യാത്ഥ വാചികളായ ഒരു ധാതുവിൽ നിന്നു ഉണ്ടായതായിട്ടും അവ പരസ്പരം അജ്ഞാതങ്ങളെന്ന നിലയിൽ ഗ്രീക്ക ഭാഷ്യകാരന്മാരും ഭാരതീയ ഭാഷ്യകാരന്മാരും കൈക്കൊണ്ടതായിട്ടും വിചാരിച്ചു കൂടെ? ആര്യന്മാർ ഒരേ ഒരു സ്ഥലത്തു നിന്നു ബഹുമുഖമായി പിരിഞ്ഞു സുഖാഭിലാഷികളായി ലോകത്തിൻെറ നാനാഭാഗങ്ങളിലേക്കും പ്രയാണം ചെയ്തു എന്ന ചരിത്രതത്വത്തെ അപലപിക്കുവാൻ നാം കരുതുന്നില്ലെങ്കിൽ ഗ്രീക്കകാരുടെ Diametron ശബ്ദം ഭാരതീയർ വാങ്ങിച്ചു ജാമിത്രമാക്കി പരിഷ്കരിച്ചു എന്നു വാദിക്കാനിടയില്ല.

അത്രമാത്രം സാധാരണമായ ആ ശബ്ദം ഭാരതീയർ ഗ്രീക്കഭാഷയിൽ നിന്നു കടം വാങ്ങി എന്നു തന്നെ വാദത്തിനു വേണ്ടി സമ്മതിക്കുന്ന പക്ഷവും, ഗ്രീക്കകാർ ആദ്യമായി ഇന്ത്യയിലേക്ക കാലെടുത്തുകുത്തിയ കാലത്തുതന്നെ ആ വാക്കും ഇവിടെ കടന്നു കൂടിഎന്നു വിശ്വസിക്കാവുന്നതാകുന്നു.

ജാമിത്രപദത്തെ മുൻനിറുത്തി വിതണ്ഡാവാദം ചെയ്യാനൊരുങ്ങുന്നതു അത്ര ആശാസ്യമായിരിക്കുമെന്നു തോന്നുന്നില്ല. കവിസാർവ്വഭൗമനായ കാളിദാസൻ സ്വപ്നം കാണുകപോലും ചെയ്തിട്ടില്ലാത്ത പല പുതിയ കല്പനകളേയും ചിക്കിചികഞ്ഞെടുത്തു സഹൃദയ സമക്ഷം അവതരിപ്പിച്ചു സ്വയം ധന്യനാകുന്നതിൽ അപാരകൗതുകം പ്രദർശിപ്പിക്കുന്ന ഒരു മഹാശയനാണു മല്ലിനാഥൻ. ആ സംഗതിയിൽ ആരും വിപ്രതിഷേധം പ്രകടിപ്പിക്കയും ചെയ്യുന്നതല്ല. ആര്യഭാഷാഭിധാനകോഷങ്ങളിൽ ജാമിത്ര പദത്തിനു സ്ഥാനമില്ലെന്നുള്ള മിഥ്യാബോധമാണു പലരേയും ആ പദം ഗ്രീക്കു ഭാഷാസമ്പത്താണെന്നു വിശ്വസിപ്പിച്ചിട്ടുള്ളതു്. ആര്യ ഭാഷാസാഹിത്യംപോലെ ലോകോത്തരമായ ഒരു സാഹിത്യത്തിൽ ജാമിത്രം പോലുള്ള ഒരു പദത്തിനു ധാതുവില്ല എന്നു പറയുന്നതു വലിയൊരു സാഹസമായിരിക്കും. 'ജാമി' എന്നവാക്കിനു പുത്രി എന്നാണർത്ഥം. ശബ്ദാർത്ഥ ചിന്താമണി അടിസ്ഥാനമാക്കിയാണു പ്രസ്തുത അർത്ഥം ഈ പദത്തിനുള്ളതായി വാചസ്പത്യം ഉദ്ഘോഷിക്കുന്നതു്. "ജാമിം ത്രായതേ അനേന ഇതി ജാമിത്രഃ" എന്നു ഈ പദത്തെ ചിന്താമണി വ്യാഖ്യാനിക്കുകയും ചെയ്യുന്നു. ഇതിനെതിരായി ഒരു വാദം കൊണ്ടുവരുന്നതു വാസ്തവത്തിൽ അഭിമാനക്ഷയം തന്നെയാണു്. ഗ്രീക്കു ഭാഷയിൽ ഈ അർത്ഥത്തിൽ Diametron പദം പ്രയോഗിച്ചിട്ടില്ല. ആര്യ ഭാഷയിലാകട്ടേ ജാമിത്ര പദത്തിനു രണ്ടർത്ഥം കല്പിക്കാമെന്നുള്ള ഒരു വിശേഷംകൂടിയുണ്ടുതാനും. ഇതുപോലെ സംഹിത, ആഖ്യാത എന്നി

അന്യേയുള്ള പദങ്ങൾക്കും വ്യാകരണശാസ്ത്രങ്ങളിൽ പ്രത്യേകാൎത്ഥങ്ങളാണുള്ളതു്. സാധാരണാൎത്ഥത്തിലും പ്രസ്തുത ശബ്ദങ്ങൾ പ്രയോക്തവ്യങ്ങളാകുന്നു. ശാസ്ത്രങ്ങളിൽ പ്രയോഗിക്കുന്ന സാങ്കേതിക സംജ്ഞകൾക്കു പ്രത്യേകാൎത്ഥകല്പനയുണ്ടെന്നുള്ള സംഗതി വിസ്മരിക്കാവുന്നതല്ല. സന്ദൎഭോചിതമായ അൎത്ഥത്തെ കുറിക്കുന്നതിനു അത്തരം പദങ്ങൾക്കു കഴിവുണ്ടായിരിക്കണമെന്നേയുള്ളു. ആ കാൎയ്യത്തിൽ ഭാരതീയൎക്കുള്ള നിഷ്കൎഷ ഒന്നുവേറെതന്നെയാണു്. Diametron ശബ്ദത്തിനു പകരമായി പ്രയോഗിക്കുന്ന ജാമിത്ര ശബ്ദത്തേക്കാൾ ജാമിം ത്രായതേ ഇത്യാദി വിഗ്രഹത്തിനുതന്നെയാണു സന്ദർഭോചിതത്വം അധികമുള്ളതെന്നു തോന്നുന്നു.

"അഥൗഷധീനാ മധിപസ്യ വൃദ്ധൗ
തിഥൗ ച ജാമിത്ര ഗുണാന്വിതായാം
സമേത ബന്ധുർഹിമവാൻ സുതായാഃ
വിവാഹ ദീക്ഷാ വിധിമന്വതിഷ്ഠൽ"

ഇതാണല്ലോ വാദവിഷയമായ ജാമിത്രപദം അടങ്ങിയ പദ്യം. നമുക്കിവിടെ ഒന്നാമതായി ആലോചിക്കേണ്ടതു ജാമിത്രഗുണം എന്താണെന്നുള്ളതിനെ പററിയാകുന്നു. ജാമിത്രശുദ്ധി എന്നു കല്പിക്കുന്ന പക്ഷം അതിനു വേണ്ടതു പ്രസക്തിയുമില്ല. ജ്യോതിഷം, ജാമിത്രത്തെ ലഗ്നമായിട്ടാണു തിഥിയുമായിട്ടല്ല സംയോജിപ്പിക്കുന്നതു്. പ്രകൃത പദ്യത്തിൽ തിഥിയുമായിട്ടാണു കവി ജാമിത്ര ശബ്ദത്തിനു സാജാത്യം ഉണ്ടാക്കിയിരിക്കുന്നതു്. മല്ലിനാഥൻ പറയുന്നതു ഇപ്രകാരമാകുന്നു:—

"ജാമിത്രം ലഗ്നാൽ സപ്തമം സ്ഥാനം തസ്യശ്ശുണഃ (ശുദ്ധിഃ) സാ ച ഗ്രഹരാഹിത്യം തേന അന്വിതായാം (സത്യാം) യദ്യപി ജാമിത്ര ശുദ്ധിഃ ലഗ്നധർമ്മസ്ഥാപിത ദ്വാരാതിദ്ദേരപിതസ്ഥാവ്യപദേശേന ദോഷഃ"

ഹോരപ്രഥമാധ്യായത്തിൽ ഇങ്ങനെ കാണുന്നു:—

"കേന്ദ്രാൽ പരം പണപരം പരതസ്തു സർവ്വ-
മാപോക്ലിമം ഹിബുകമംബു സുഖം ച വേശ്മ
ജാമിത്രമസ്തഭവനം സുതഭം ത്രികോണം
മേഷൂരണം ദശമ മത്ര ച കർമ്മവിദ്യാൽ"

ഇതിൽ 'അസ്തഭവനം ജാമിത്രം ഭവതി' എന്ന അന്വയത്തിനു ജാമിത്രം അസ്തഭവനമാണെന്ന അർത്ഥവും ലഗ്നാൽ ഏഴാംഭാവമാണു ആ സ്ഥാനമെന്നു ഭാവവും കല്പിക്കാം.

മല്ലിനാഥന്റെ വ്യാഖ്യാനം സയുക്തികമായി തോന്നുന്നില്ല. ഈ അർത്ഥത്തിലാണു കാളിദാസൻ ജാമിത്ര ശബ്ദം പ്രയോഗിച്ചിട്ടുള്ളതെന്നു വിചാരിക്കാനും മനസ്സു സമ്മതിക്കുന്നില്ല.

മറെറാരു ഭാഗം ആലോചിക്കുമ്പോൾ സംശയം കൂറേക്കൂടി വർദ്ധിക്കുകയാണു ചെയ്യുന്നതു്. വിവാഹകാര്യത്തിൽ ത്രികോണശുദ്ധി പരിഗണിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ജാമിത്രത്തിന്റേതെന്നപോലെ ത്രികോണത്തിന്റെ ശുദ്ധിയും അപരിഹാര്യമാകുന്നു. ലഗ്നത്രികോണങ്ങളുടെ ഗ്രഹരാഹിത്യം കവിയുടെ ദൃഷ്ടിയിൽ പെട്ടില്ല എന്നു വിചാരിക്കുവാനും ന്യായം കാണുന്നില്ല. ജാമിത്രം ശുദ്ധമാണെങ്കിൽ ത്രികോണശുദ്ധി ഉണ്ടായിക്കൊള്ളണമെന്നോ

ഉണ്ടായില്ലെങ്കിൽത്തന്നെയും അതുകൊണ്ടു ദോഷം ഇല്ലെന്നോ വരുന്നില്ല. ജാമിത്രവേധം പോലെ തന്നെ ത്രികോണവേധവും വജ്ജ്യമാകുന്നു. ഇവിടെ വിശേഷിച്ചും വിശപത്തിൻെറ മാതാപിതാക്കന്മാരാണു വിവാഹബന്ധത്തിൽ ഏർപ്പെടാൻ ഭാവിക്കുന്നവർ. ഇവരുടെ ഭാവിസുഖമാണു് തിര്യക്‌യോനിജാതികൾക്കും ദേവന്മാക്കും സവ്വാഭ്യദയഹേതു. ആ സ്ഥിതിക്കു ലഗ്നത്രികോണശുദ്ധി പരിശോധിക്കാതെ പരിണയം നടത്തുക എന്നതു സംഭാവ്യമല്ല. അതിനാൽ ഞാൻ മുമ്പു പറഞ്ഞ അർത്ഥത്തിലാണു കവി ജാമിത്രപദം പ്രയോഗിച്ചിട്ടുള്ളതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അങ്ങനെയാകുമ്പോൾ മേലുദ്ധരിച്ച പദ്യത്തിനു "ഹിമവാൻ പുത്രിയെ, അവളുടെ വിവാഹാനന്തരം ജീവിതത്തെ ബാധിക്കാവുന്നതായ ദോഷങ്ങളിൽ നിന്നു അവൾ വിമുക്തയാകുന്നതിനു ചന്ദ്രൻെറ സ്ഥിതി പൎയ്യാപ്തമാകുന്ന തിഥിയിൽ പുത്രീവിവാഹസംബന്ധമായ ആഭ്യുദായികകർമ്മം അനുഷ്ഠിച്ചു" എന്നു വ്യാഖ്യാനം നൽകാം. ഇങ്ങനെയാകുമ്പോൾ ജാമിത്രശബ്ദംമൂലമുണ്ടായിട്ടുള്ള പ്രമാദവും ദൂരീകൃതമാകും. എങ്ങനെയെന്നാൽ ഗ്രീക്കിലെ Diametron എന്ന പദത്തിൻെറ അർത്ഥത്തിലല്ല കാളിദാസൻ ജാമിത്രശബ്ദം പ്രയോഗിച്ചിട്ടുള്ളതു്. Diametron എന്നു അർത്ഥത്തിൽ തന്നെയാണു ജാമിത്രശബ്ദം പ്രയുക്തമായിട്ടുള്ളതെന്നു വിചാരിക്കുന്നപക്ഷവും അവ രണ്ടിനും ചരിത്രാതീതകാലത്തു ആവിർഭവിച്ച ഒരു ധാതു ഉണ്ടായിരിക്കണം. എന്തുകൊണ്ടെന്നാൽ പിതൃമാതൃദുഹിതൃപദങ്ങൾ അനേകഭാഷകളും തുല്യാർത്ഥത്തിൽ കൈക്കൊണ്ടിട്ടുണ്ടല്ലോ.

Diametron പദത്തിന്റെ തത്ഭവമാണ ജാമിത്ര പദമെങ്കിൽ ആ പദത്തിന ആധാരമായ പ്രസ്തുത പദം സെല്യൂക്യസ്സിന്റെ കാലത്തോടുകൂടിയായിരിക്കണം ഇന്ത്യയിൽ പ്രചരിച്ചിട്ടുള്ളത്.

ഫർഗ്ഗുസന്റെ ന്യായവാദങ്ങളുടെ സ്വഭാവം മേൽ കാണിച്ച മൂന്നു ഉപാധികൾവഴി അനുമേയങ്ങളാകുന്നു. പ്രൊഫസർ മാക്ഡോനൽ, മിസ്റ്റർ പ്ലീററിന്റെ ചരിത്രാന്വേഷണ രഹസ്യങ്ങളെ പുരസ്കരിച്ചുകൊണ്ടു ഫർഗ്ഗുസന്റെ വാദത്തെ നിശ്ശേഷംഖണ്ഡിക്കയാണ ചെയ്തിട്ടുള്ളത്. ബി. സി. 57 ലാണ വിക്രമാബ്ദം ആരംഭിക്കുന്നത്. അതു മാളവാബ്ദം എന്ന പേരിൽ ഒരു നൂററാണ്ടോളം പ്രചരിച്ചു പിന്നീടു വിക്രമാബ്ദസംജ്ഞയോടുകൂടി പരിലസിച്ചു.

ഈ അവസരത്തിൽ പ്രൊഫസർ ആർ. എൻ. ആപ്ററി നിഷേധിക്കുന്ന ഒരഭിപ്രായം ഇവിടെ ഉദ്ധരിക്കുന്നതു സമുചിതമായിരിക്കും. അതു ഏതാണ്ടു ഇപ്രകാരമാകുന്നു:—

കാളിദാസൻ കുമാരസംഭവം 7-ാം സർഗ്ഗത്തിന്റെ പ്രാരംഭത്തിൽ ജാമിത്രശബ്ദം പ്രയോഗിച്ചിട്ടുള്ളതു വിമർശകന്മാരുടെയെല്ലാം സവിശേഷശ്രദ്ധയ്ക്കു വിഷയീഭവിച്ചിട്ടുണ്ട്. 5-ാം ശതകത്തിൽ ജീവിച്ചിരുന്നു എന്നു വിശ്വസിക്കപ്പെടുന്ന ആര്യഭട്ടൻ ജാമിത്രപദം ഹോരയിൽ പല സ്ഥലത്തും പ്രയോഗിച്ചിട്ടുണ്ട്. ഗ്രീക്കഭാഷയിൽ ജാമിത്രശബ്ദത്തിനുള്ള അർത്ഥംതന്നെയാണോ കാളിദാസന്റെ ജാമിത്രശബ്ദത്തിനുള്ളതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. മാത്രമല്ല, ഈ പദത്തിനു ആധാരമായി സംസ്കൃതഭാഷ

യിൽ ഒരു ധാതു ഉണ്ടാകാൻ വിരോധവുമില്ല. ആ സ്ഥിതിക്കു കാളിദാസൻ പ്രസ്തുത പദം ഗ്രീക്കജ്യോത്സ്യന്മാരിൽ നിന്നു കടംവാങ്ങിയതാണെന്നു പറയുന്നതു നിരർത്ഥകവും അടിസ്ഥാനരഹിതവുമായിരിക്കും. ആര്യഭട്ടന്റെ കാലത്തിനുമുമ്പായി ഗ്രീക്കുകാർ ഇന്ത്യയിൽ വന്നിട്ടുണ്ടെന്നുള്ളതിനു പറയത്തക്ക പ്രത്യക്ഷപ്രമാണങ്ങളും ഇല്ല.

ഏതായാലും ജാമിത്ര ശബ്ദം ഗ്രീക്കുകാരോടു കടം വാങ്ങി കാളിദാസൻ പ്രയോഗിച്ചുവെന്നും ആ ഒരു മിഥ്യാബോധം പുരസ്കരിച്ചു ആ കവിസാർവ്വഭൗമന്റെ കാലം നിർണ്ണയിക്കാമെന്നും വിചാരിക്കുന്നതു എത്രത്തോളം യുക്തമെന്നു കണ്ടുതന്നെ വേണം അറിയുവാൻ. അതങ്ങനെ നിൽക്കട്ടെ.

ഓരോ അവസരങ്ങളിൽ രാജാക്കന്മാർക്കുണ്ടാകുന്ന വിജയങ്ങളെ അനുസ്മരിപ്പിക്കാൻ ഇന്ത്യയിൽ പല സ്ഥലത്തും ജയസ്തംഭങ്ങൾ നാട്ടിയിട്ടുണ്ടു്. ഇത്തരം സ്തംഭങ്ങളെപ്പററി കാളിദാസൻ സ്വകാവ്യമായ രഘുവംശത്തിൽ ഒന്നിലധികം തവണ പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ടു്. ഏതെങ്കിലും ഒരു പുതിയ അബ്ദം സമാരംഭിക്കുന്നതു പ്രായേണ കിരീടധാരണ മഹോത്സവത്തിന്റെ സ്മാരകമായിട്ടായിരിക്കും. ചിലപ്പോൾ അതു ജയസൂചകവുമായിരിക്കും. എന്നു മുതൽക്കാണു ആ വിധം ഒരു നവാബ്ദം ആരംഭിക്കുക എന്നറിയുവാൻ ഒരു നിവൃത്തിയും ഇല്ല. കാരണം തീയതി കുറിക്കുക എന്ന സമ്പ്രദായം പണ്ടു കാലങ്ങളിൽ ഉണ്ടായിരുന്നില്ല എന്നുള്ളതാകുന്നു. അതിന്റെ അത്യന്താപേക്ഷികത എത്രത്തോളമാണെന്നും അന്നുള്ളവർ

ഗ്രഹിച്ചിരിക്കയില്ല. കിരീടധാരണമോ വിജയമോ എന്നു ണ്ടായി എന്നറിയുവാൻ ഇന്നുള്ളവർക്ക് സാധിക്കാതെ വന്നതു പ്രാചീനജനതയുടെ അനവധാനത ഒന്നുകൊണ്ടു മാത്രമാണെന്നുള്ള സംഗതി നിരാക്ഷേപമാകുന്നു.

ഗണരത്നമഹോദധി എന്ന ഗ്രന്ഥത്തിൽ തൽകർത്താവായ വർദ്ധമാനൻ താഴെ കൊടുക്കുന്ന ഒരു പദ്യം ചേർത്തു ഗ്രന്ഥപരിസമാപ്തി വരുത്തുന്നുണ്ട്.

"സപ്തനവത്യധികേ-
ഷ്വേകാദശസുശതേഷ്വതീതേഷു
വർഷാണാം വിക്രമതോ
ഗണരത്നമഹോദധിർവ്വിഹിതഃ"

പ്രസ്തുതഗ്രന്ഥം അവസാനിപ്പിക്കുന്ന സമയം വിക്രമാബ്ദം എത്രയായി എന്നു തൽകർത്താവു പ്രസ്താവിക്കുന്നില്ല. വിക്രമതഃ എന്നതിലെ 'തഃ' ആലോചിക്കേണ്ടതായ ഒരു പ്രത്യയമാകുന്നു 'വിക്രമാബ്ദത്തിൽ നിന്നു'' എന്ന അർത്ഥം അതിൽ അടങ്ങിയിട്ടുണ്ട്. പ്രകൃതാബ്ദം സമാരംഭിക്കുന്നതു വിക്രമാദിത്യന്റെ കിരീടധാരണസ്മാരകമായിട്ടോ ചരമസ്മാരകമായിട്ടോ ജയസ്മാരകമായിട്ടോ എന്നു അറിയുവാൻ നിർവ്വാഹമില്ല. ഏതായാലും വിക്രമാബ്ദം ആരംഭിച്ചിട്ടു 1197 വർഷം കഴിഞ്ഞിട്ടാണു ഗണരത്നമഹോദധി വിഹിതമായതെന്നു മനസ്സിലാക്കാൻ വർദ്ധമാനൻ നമ്മെ സഹായിക്കുന്നുണ്ടെന്നുള്ളതു സന്തോഷാവഹമാകുന്നു.

ഇനി മറെറാരു വാദമുഖം നോക്കാം. മല്ലിനാഥൻ ജീവിച്ചിരുന്നതു പതിനാലാം ശതാബ്ദത്തിലാണെന്നു തീരു

മാനിക്കപ്പെട്ടിരിക്കുന്നു. പല സന്ദർഭങ്ങളിലും അദ്ദേഹം ഗണരത്നമഹോദധിയെ സ്വ വ്യാഖ്യാനങ്ങളിൽ അനുസ്മരിക്കുന്നുണ്ട്. 1350 ാമതിൽ മല്ലിനാഥൻ ജീവിച്ചിരുന്നു എന്നു നിർണ്ണയിക്കുന്നപക്ഷം ഗണരത്നമഹോദധി, മല്ലിനാഥനു 100 കൊല്ലം മുമ്പു വിരചിതമായിട്ടുണ്ടെന്നു വരുന്നു. അപ്പോൾ വിക്രമാബ്ദത്തിനു 1197 വർഷം പിമ്പായി ആവിർഭവിച്ചിട്ടുള്ള പ്രസ്തുതഗ്രന്ഥം എ.ഡി. 1250-ൽ ആണെന്നു വരും. ആ സ്ഥിതിക്കു എ. ഡി. 53-നു മുമ്പായിരിക്കണം വിക്രമാദിത്യന്റെ കാലം. സംസ്കൃത സാഹിത്യചരിത്രത്തിൽ ഒരിടത്തു തൽകർത്താവായ പ്രഫസർ മാക്ഡോനൽ, എ. ഡി. 5-ാം ശതകത്തിന്റെ പ്രാരംഭത്തിൽ ചന്ദ്രഗുപ്തദ്വിതീയന്റെ ഭരണകാലത്തു, വിക്രമാദിത്യൻ ജീവിച്ചിരുന്നതായി അഭിപ്രായപ്പെടുന്നു. ഇവർ രണ്ടുപേരും ഒരാൾ തന്നെയാണെന്നും അദ്ദേഹം പരിഗണിക്കുന്നു. ഇക്കാലത്തിനുമുമ്പു മറ്റേതെങ്കിലും ഒരു വിക്രമാദിത്യൻ ജീവിച്ചിരുന്നതായും ലക്ഷ്യങ്ങൾ കണ്ടുകിട്ടിയിട്ടില്ല. ഏതായാലും മാക്ഡോനലുമായി യോജിക്കാൻ നമുക്കു നിർവ്വാഹമില്ല. എന്തുകൊണ്ട്?

ഒന്നാമതു കാളിദാസകൃതികളിലൊന്നിലും ഗുപ്തരാജാക്കന്മാരെ വർണ്ണിച്ചിട്ടില്ല.

രണ്ടാമതു രഘുവിന്റെ യുദ്ധത്തേയോ ജൈത്രയാത്രയേയോ രേഖപ്പെടുത്തുന്ന ശിലാശാസനങ്ങളില്ല. അതിനാൽ അതു കാളിദാസന്റെ വർണ്ണനയ്ക്കു വിഷയീഭവിച്ചിട്ടുമില്ല.

ഈ സ്ഥിതിക്ക പ്രഫസർ അഭിപ്രായപ്പെടുന്നതു പോലെ കാളിദാസൻ എ. ഡി. 5-ാംശതകത്തിൽ ജീവിച്ചിരുന്നതായി കരുതുവാൻ നിവൃത്തിയില്ലെന്നു വ്യക്തമാകുന്നു.

ഇന്ത്യയിൽ അനേകം വിക്രമാദിത്യന്മാർ ജീവിച്ചിരുന്നു എന്നുള്ളതിനു അനിഷേധ്യങ്ങളായ തെളിവുകളുണ്ട്. ഇവരിൽ ആരുടെ കാലത്താണു കാളിദാസൻ ജീവിച്ചിരുന്നതെന്നു പരിച്ഛേദിക്കാനും വഴിയില്ല. കഥാസരിത്സാഗരത്തിൽ നിന്നു നാം ഗ്രഹിക്കുന്നതു, എ. ഡി. ഒന്നാംശതകത്തിലോ രണ്ടിലോ നിർമ്മിതമായ ബൃഹത്കഥയിൽ പാടലീപുത്രത്തിലും ഉജ്ജയിനിയിലും ഓരോ വിക്രമാദിത്യന്മാർ ഉണ്ടായിരുന്നു എന്നാണല്ലോ. രാജതരംഗിണിയുടെ ദ്വിതീയതരംഗത്തിലും ഒരു വിക്രമാദിത്യൻ വർണ്ണിക്കപ്പെട്ടിരിക്കുന്നു. കാളിദാസൻ ഈ മൂന്നുപേരിൽ ആരുടെ സമകാലികനാണെന്നു തെളിയിക്കാൻ തക്ക ലക്ഷ്യങ്ങൾ ഇനിയും കിട്ടേണ്ടതായിട്ടാണിരിക്കുന്നതു്.

1909—1910 എന്നീ കാലങ്ങളിൽ "ഇന്ത്യൻ ആർച്ചിയാളജിക്കൽ സർവ്വെ വകുപ്പുകാർ ഒരു റിപ്പോർട്ടെഴുതി അധികൃതസ്ഥാനങ്ങളിലേക്കയക്കുകയുണ്ടായി. ആ റിപ്പോർട്ട് ഉൾക്കൊള്ളുന്ന ഗ്രന്ഥത്തിൻെറ 40-ാംവശത്തു കാണുന്നതു ഇപ്രകാരമാകുന്നു:—

"1909—1910 എന്നീ വർഷങ്ങളിൽ നടത്തിയ പുരാണവസ്തുപരിരക്ഷണവകുപ്പിൻെറ പരിശോധനയുടെ ഫലമായി അനേകം പുരാതനവസ്തുക്കൾ കണ്ടുകിട്ടിയിട്ടുണ്ട്. അവയിൽ ഏററവും മുഖ്യമായിട്ടുള്ളതു അലഹബാദിനു

സമീപമുള്ള ഒരു സ്ഥലത്തു നിന്നു മിസ്റ്റർ മാർഷൽ കണ്ടെടുത്തിട്ടുള്ള ഒരു ശിലാദൃശ്യമാകുന്നു. ശാകുന്തളം നാടകത്തിലെ ഒരു രംഗമാകുന്നു ആ ശിലാദൃശ്യത്തിനു വിഷയവും. പുരോഭാഗത്തു മൃഗവധം അരുതെന്നു വിലക്കുന്ന ഒരു മഹർഷി; നടുക്കു ഭയചകിതമായ ഹരിണം; പിൻഭാഗത്തു സസാരഥിയായ ദുഷ്യന്തൻ. ഋഷിയുടെ പർണ്ണശാലയും നാതിദൂരം സ്ഥിതിചെയ്യുന്നതായി ചിത്രണം ചെയ്തിരിക്കുന്നു. ആശ്രമോപാന്തത്തിൽ സ്ഥിതിചെയ്യുന്ന സസ്യലതാദികളെ സേചനം ചെയ്യുന്ന ഒരു കന്യകയുടെ ചിത്രവും അതിൽ അടങ്ങിയിട്ടുണ്ടു്. ഈ കന്യകയായിരിക്കണം ശകുന്തള."

ബി. സി. 187 മുതൽ 72 വരേയുള്ള കാലങ്ങളിൽ പാടലീപുത്രം ഭരിച്ചിരുന്ന സംഘരാജാക്കന്മാരുടെ കാലത്താണു ചിത്രനിമ്മാണം ഇദംപ്രഥമമായി ആരംഭിച്ചിട്ടുള്ളതെന്നു ചരിത്രലക്ഷ്യങ്ങൾ കൊണ്ടു തെളിയുന്നു. ഈ രാജാക്കന്മാരിൽ ആരെങ്കിലും കാളിദാസകൃതമായ ശാകുന്തളം കഥ അറിഞ്ഞിരിക്കാതെ തരമില്ല. ആ സ്ഥിതിക്കു കാളിദാസൻ തീർച്ചയായും ക്രിസ്തുവിനു മുമ്പു ജീവിച്ചിരുന്നിരിക്കണം.

ആർച്ചിയാളജിക്കൽ സർവ്വേവകുപ്പുകാർ കൊണ്ടുവരുന്ന ചില നിർദ്ദേശങ്ങൾ വാസ്തവത്തിൽ കാളിദാസന്റെ കാലം നിണ്ണയിക്കുന്നതിനു കൂടുതൽ വൈഷമ്യമാണു ഉണ്ടാക്കിത്തീർത്തിരിക്കുന്നതു്. റിപ്പോർട്ടിൽ ഒരിടത്തു പറയുന്നു,

"സംഘരാജാക്കന്മാരുടെ കാലത്താണു ശിലാചിത്രനിമ്മാണം പ്രഥമതഃപ്രാരംഭിക്കപ്പെട്ടിട്ടുള്ളതു്. ആ കാലമാകട്ടെ, കാളിദാസൻെറ കാലത്തിനു എത്രയോ മുമ്പു

ആകുന്നു. അതിനാൽ കാളിദാസകൃതമായ ശാകുന്തളത്തിലെ ഒരു ദൃശ്യമാണോ ഇതെന്നു ഞങ്ങൾ സംശയിക്കുന്നു".

അവരുടെ അഭ്യൂഹങ്ങളാണു താഴെ കാണിക്കുന്നവ.

1. ഏതോ ഒരു പ്രാചീനകവി അദ്ദേഹത്തിന്റെ ദൃശ്യകാവ്യങ്ങളിലൊന്നിൽ ശാകുന്തളത്തിലെ പ്രഥമരംഗം ആവിഷ്കരിച്ചിരിക്കണം. അതാണു പ്രസ്തുത ശിലാചിത്രത്തിനു ആസ്പദമായിരിക്കുന്നതു്.

2. ഈ രംഗം കാളിദാസൻ, തന്റെ നാടകത്തിലേക്കു എടുത്തു ചേർത്തു.

3. ആ പ്രാചീനകവിയുടെ കൃതി ഏതെന്നു ഇനിയും കണ്ടു പിടിച്ചു കഴിഞ്ഞിട്ടില്ല. എങ്കിലും കണ്ടെടുത്തിട്ടുള്ള ശിലാചിത്രങ്ങൾ കാളിദാസകൃതമായ ശാകുന്തളത്തിൽ നിന്നു അംഗീകൃതമാണെന്നു വിചാരിക്കുന്നതു ശരിയായിരിക്കയില്ല.

ഇവരുടെ ഈ വാദത്തിനു എന്താണു ഉപോദ്ബലകമായിട്ടുള്ളതെന്നു എനിക്കറിഞ്ഞുകൂടാ. ഇവർക്കും അറിവുണ്ടെന്നു തോന്നുന്നില്ല. ഉണ്ടെങ്കിൽ ആ സംഗതി ഇവർ പൊതുജനങ്ങളുടേയും സർക്കാരിന്റേയും അറിവിനായിട്ടെങ്കിലും പ്രസ്താവിക്കാതിരിക്കയില്ലായിരുന്നു. ഏതായാലും ഇവരുടെ അഭിപ്രായം ശരിയല്ല എന്നു സ്ഥാപിക്കുവാൻ വേണ്ടത്ര ലക്ഷ്യങ്ങൾ കിട്ടുന്നതുവരെ എന്തെങ്കിലുമൊന്നു ഇവർക്കെതിരായി വിധിക്കുന്നതു സാഹസമായിരിക്കും. ഇവരുടെ അഭിപ്രായത്തിൽ കാളിദാസൻ സംഘരാജാക്കന്മാരുടെ കാലത്തിനു പിമ്പാണു ജീവിച്ചിരുന്നതു്.

കാളിദാസന്റെ ഗദ്യരീതി, തൽകൃതങ്ങളായ നാടകങ്ങളിലെ പാത്രഭാഷണങ്ങളിൽ നിന്നു ഗ്രഹിക്കാം. അതാകട്ടേ ആകർഷകവും സുന്ദരവുമാകുന്നു. വക്രതയോ സമാസബഹുലതയോ ആ രീതിയെ സ്പർശിച്ചിട്ടില്ല. മഹാകവിയുടെ ഗദ്യസരണി അകൃത്രിമവും സ്വാഭാവികവുമാകുന്നു. പതഞ്ജലിഭാഷ്യത്തിലേയും മഹാഭാരതാന്തർഗ്ഗതങ്ങളായ ചൂർണ്ണികകളിലേയും ഗദ്യരീതിയാണു കാളിദാസനുള്ളത്. പതഞ്ജലിയെ സർവ്വാത്മനാ അനുകരിക്കാൻ കാളിദാസൻ മടിച്ചിട്ടില്ല. ഇതരകവികളുടെ അലങ്കാരജടിലമായ രചനയുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ കാളിദാസന്റെ ഗദ്യശൈലി പുരാതനവും അസാധാരണവുമായി തോന്നാതിരിക്കയില്ല. ബാണഭട്ടൻ, സുബന്ധു, ദണ്ഡി എന്നിവരുടെ ഗദ്യവും കാളിദാസന്റെ ഗദ്യവും അത്യന്തം വിഭിന്നരീതിയോടുകൂടിയതാകുന്നു.

രീതി വൈജാത്യം കാണിക്കാൻ ബാണഭട്ടന്റേയും കാളിദാസന്റേയും ഗദ്യം കുറഞ്ഞൊന്നു ഇവിടെ ഉദ്ധരിക്കാം:—

"അഥ ചലതിമഹീപതാവന്യോന്യമതിരഭസസഞ്ചലനചാലിതാങ്ഗദപത്രഭംഗ്മകരകോടിപാടിതാംശുകപടാനാമാക്ഷേപദോളായമാനകണ്ഠദാമ്നാമംസസ്ഥലോല്ലസിതകുങ്കുമപടവാസധൂളിപിഞ്ജരിതദിശാമാലോലമാലതീകുസുമശേഖരോൽപതദളികദംബകാനാമർദ്ധാവലംബിഭിഃകർണ്ണോൽപലൈശ്ചുംബമാനഗണ്ഡസ്ഥലാനാംഗമനപ്രണാമലാലസാനാമഹമഹമികയാവക്ഷഃസ്ഥലപ്രേങ്ഖോലിതഹാരലതാനാമുത്തിഷ്ഠതാമാസീദതിമഹാൻസംഭ്രമോമഹീപതീനാം".

ഇതു ബാണഭട്ടകൃതമായ, കാദംബരിയിലെ ഒരു വാക്യമാകുന്നു. പ്രായേണ നാളികേരപാകത്തിനു ഉദാഹരണമാണു പ്രസ്തുത വാക്യം. ബാണന്റെ രീതിയെക്കുറിച്ചു ഒരു സഹൃദയൻ പറയുന്നതെന്തെന്നു നോക്കുക:—

"വൈദർഭി രീതി പദ്യത്തിനു എത്രമാത്രം സമുചിതമായിരിക്കുന്നുവോ അതുപോലെതന്നെ പാഞ്ചാലി രീതി ഗദ്യത്തിനും ശോഭാജനകമാണു്. ശബ്ദഭംഗിയും അർത്ഥഭംഗിയും ഒന്നുപോലെ മേളിച്ചിട്ടുള്ള സാകൃതിയിൽ തൽകർത്താവായ ബാണഭട്ടർ സ്വീകരിച്ചിട്ടുള്ളതു പാഞ്ചാലി രീതിയാണു്. ഈ രീതിക്കു തികച്ചും മാതൃകയാകുന്നു ബാണന്റെ ഗദ്യം."

ഇനി നമുക്കു കാളിദാസന്റെ ശൈലിയും ഒന്നു പരിശോധിക്കാം:—

"ഹാ ഹതോസ്മി ഏതസ്യ മൃഗയാശീലസ്യ രാജ്ഞോ വയസ്യഭാവേന. അയം മൃഗോ/യം, വരാഹോ/യം ശാർദ്ദൂല ഇതി മാദ്ധ്യന്ദിനേപിഗ്രീഷ്മവിരള പാദപഛായാസുവനരാജിഷ്വാഹിണ്ഡ്യതേ. പത്രസങ്കരകഷായാണികടുഷ്ണാനി ഗിരിനദീജലാനിപീയന്തേ. അനിയതവേലം ശൂല്യമാംസഭൂയിഷ്ഠ മാഹാരോ/ശ്യതേ. തുരഗാനുധാവന സംക്ഷുഭിത സന്ധേർമ്മേ രാത്രിമപിനികാമം ശയിതവ്യം നാസ്തി. തതോ മഹത്യേവ പ്രത്യൂഷേ ദാസ്യാഃ പുത്രൈശ്ശകുനലുബ്ധൈഃ വനഗ്രഹണകോലാഹലേന പ്രതിബോധിതോസ്മി."

ശാകുന്തളം രണ്ടാമങ്കത്തിന്റെ പ്രാരംഭത്തിൽ കവി മാഢവ്യനെക്കൊണ്ടു പറയിക്കുന്ന ആവലാതിയാണു ഇവിടെ ഉദ്ധരിച്ചിട്ടുള്ളതു്.

മേലുദ്ധരിച്ച രണ്ടു തരം ഗദ്യവും താരതമ്യേന പര്യവേക്ഷണം ചെയ്യുന്ന ഭാഷാശാസ്ത്രകാരന്മാർ, ബാണഭട്ടനെക്കാഠം എത്രയോ പ്രാചീനനാണു കാളിദാസനെന്നു നിസ്സംശയം അഭിപ്രായപ്പെടാതിരിക്കയില്ല. പക്ഷേ ആ പ്രാചീനത എത്രത്തോളമാണെന്നാണു നമുക്കറിയേണ്ടതു്.

ഏതെങ്കിലും ഒരു ഭാഷ വളൎന്നു കൊണ്ടിരിക്കുമ്പോഠം പുതിയ പുതിയ പദങ്ങഠം അതിൽ കടന്നു കൂടുകയും അതേവരെ പ്രാചീനത്തിലിരുന്ന ചില പദങ്ങളുടെ സ്ഥാനം, നവാഗത പദങ്ങഠം കൈക്കലാക്കുകയും ചെയ്യുന്നതു സാധാരണമാകുന്നു. അപ്പോഠം അത്തരം പദങ്ങഠം പ്രചാരലുപ്തങ്ങളായി പരിണമിക്കുകയും ചെയ്യുന്നു. ഇതര ഭാഷകളിൽനിന്നു, ഒരു ഭാഷയിലേക്കു പദങ്ങഠം വന്നു ചേൎന്നു കൊണ്ടിരിക്കുന്നിടത്തോളം കാലം ആ ഭാഷയ്ക്കു മൃതാവസ്ഥ ഉണ്ടാകുന്നില്ല എന്നതും സവിശേഷം സ്മൎത്തവ്യമാകുന്നു.

പരമേഷ്ഠിൻ എന്ന പദം തന്നെ നമുക്കൊന്നു പരിശോധിച്ചു നോക്കാം. ഈ പദത്തിനു പാണിനി സാധുത്വം കല്പിക്കുന്നില്ല. കാത്യായനൻ നേരേ മറിച്ചും ആറാം ശതകത്തിൽ ജീവിച്ചിരുന്ന അമരസിംഹൻ പ്രസ്തുത പദം ബ്രഹ്മാവിന്റെ പര്യായങ്ങളിലൊന്നായി പരിഗണിച്ചിരിക്കുന്നു.

"ബ്രഹ്മാത്മഭൂസ്സുരജ്യേഷ്ഠഃ പരമേഷ്ഠീ പിതാമഹഃ"

കാളിദാസനാകട്ടെ,

"ഭൂതാൎത്ഥവ്യാഹൃതിഃ സാ ഹി
ന സ്തുതിഃ പരമേഷ്ഠിനഃ" എന്നും
"യത്രൈവ ശ്ലാഘ്യതേ ഗങ്ഗാ
പാദേന പരമേഷ്ഠിനഃ" എന്നും പ്രയോഗി

ച്ചിരിക്കുന്നു. വിഷ്ണുവിനെ ഉദ്ദേശിച്ചാണു കാളിദാസൻ പരമേഷ്ഠിശബ്ദം ഉപയോഗിച്ചിട്ടുള്ളതു്. വിഷ്ണുവിന്റെ അവതാരമായി കരുതപ്പെടുന്ന ശ്രീരാമനോടു പരശുരാമൻ പറയുന്ന

"ആഹിതോജയ വിപര്യയോപിമേ
ശ്ലാഘ്യ ഏവ പരമേഷ്ഠിനഃ തപയാം"

എന്ന ശ്ലോകാർദ്ധത്തിലും പരമേഷ്ഠി പദത്തിനു കാളിദാസൻ വിധാതാവു എന്ന അർത്ഥമല്ല വിവക്ഷിച്ചിരിക്കുന്നതു്. വാസ്തവത്തിൽ പരമേഷ്ഠിശബ്ദം ബ്രഹ്മാവിന്റെ പര്യായം മാത്രമാണു എങ്കിൽ വിഷ്ണു പര്യായമായി അതു ഒരിക്കലും കാളിദാസൻ പ്രയോഗിക്കയില്ലായിരുന്നു. പക്ഷേ പരമേഷ്ഠിപദം ബ്രഹ്മാവിനെ ഉദ്ദേശിച്ചും പ്രയോഗിക്കാമെന്നു കാളിദാസൻ മനസ്സിലാക്കാതിരുന്നിട്ടില്ല.

"ദിവമഭ്യാസപശാസനാൽ പരമേഷ്ഠിനഃ"

എന്ന പ്രയോഗത്തിൽ നിന്നു ഈ യാഥാർത്ഥ്യം സ്പഷ്ടമാകുകയും ചെയ്യും. കാളിദാസന്റെ കാലത്തു പരമേഷ്ഠിശബ്ദം ദേവസാമാന്യനാമമാത്രമായിരുന്നു എന്നും അമരസിംഹന്റെ കാലമായപ്പോഴേക്കും അതിനു സംജ്ഞാനാമത്വം സിദ്ധിച്ചു എന്നുമാണു ഇതിൽ നിന്നെല്ലാം വിശദമാകുന്നതു്. കാളിദാസന്റെ കാലത്തു സംസ്കൃതം ജീവൽ ഭാഷയും അമരസിംഹന്റെ കാലത്തു അതു മൃതഭാഷയുമായി പരിണമിച്ചിരിക്കുന്നു.

എട്ടാം ശതകത്തിൽ ജീവിച്ചിരുന്ന സുപ്രസിദ്ധാലങ്കാരികനായ വാമന പണ്ഡിതൻ, പദദോഷങ്ങളെക്കുറിച്ചു പറയുന്നതിനിടക്കു പേലവശബ്ദം അശ്ലീലാർത്ഥദ്യോതക

മെന്നു സമൎത്ഥിക്കാൻ പണിപ്പെട്ടു കാണുന്നു. ഇതു അദ്ദേഹത്തിന്റെ മാത്രം അഭിപ്രായമല്ല. ഏതാദൃശപദങ്ങളുടെ ഗുണദോഷചിന്തനത്തിൽ ജനസാമാന്യം ഇക്കാലത്തു ദത്താവധാനന്മാരായിരുന്നു. 11-ാം ശതാബ്ദത്തിന്റെ അന്ത്യത്തിൽ ജീവിച്ചിരുന്ന ആലങ്കാരികപ്രമാണിയായ മമ്മടഭട്ടൻ "വാമനനെ പിന്തുടൎന്നു" സാഹിത്യദൎപ്പണത്തിൽ പേലവശബ്ദത്തെ അപഗ്രഥിച്ചു അതിന്റെ അസഭ്യത ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ടു്.

കാളിദാസനു ഏററവും ഹൃദ്യങ്ങളായ പദങ്ങളിലൊന്നായിരുന്നു പേലവശബ്ദം. അദ്ദേഹം അതു കോമളപദമെന്നപോലെതന്നെ സന്ദൎഭോചിതം പ്രയോഗിക്കുകയും ചെയ്തിരുന്നു. കോമളശബ്ദത്തിന്റെ ഒരു പൎയ്യായമായിട്ടേ അദ്ദേഹം പേലവശബ്ദത്തെ പരിഗണിക്കുകയും ചെയ്തിരുന്നുള്ളു. പാൎവ്വതിയുടെ തപസ്സിനെ വൎണ്ണിക്കുന്ന കൂട്ടത്തിൽ അദ്ദേഹം,

"മൃണാളികാപേലവമേവമാദിഭി-
ൎവ്രതൈഃസ്വമങ്ഗംഗ്ലപയന്ത്യഹന്നിശം"

എന്നും, "മൃണാളികാകോമളമേവമാദിഭി-
ൎവ്രതൈഃസ്വമങ്ഗംഗ്ലപയന്ത്യഹന്നിശം"

എന്നും അൎത്ഥവ്യത്യാസം കൂടാതെ പാഠാന്തരം വരുത്തി പ്രയോഗിച്ചിരിക്കുന്നു. ആഭിജാത്യത്തിന്റെ ഉത്തുംഗശൃംഗത്തിൽ നിൽക്കുന്ന ചില സ്ത്രീകഥാപാത്രങ്ങളെക്കൊണ്ടു പോലും ആ കവി സാൎവ്വഭൌമൻ,

"ധനുഷഃപേലവപുഷ്പപത്രിണഃ" എന്നും
"അപൎണ്ണയാ പേലവയാപി തപ്തം" എന്നും

"പ്രകൃതി പേലവാ പ്രിയസഖീ" എന്നും പറയിക്കുവാൻ ലേശമെങ്കിലും വൈമനസ്യം ഭാവിക്കയുണ്ടായിട്ടില്ല.

പുത്രിയെ തപഃസംരംഭങ്ങളിൽ നിന്നു നിവൎത്തിക്കുവാൻ ഉദ്യമിച്ചുകൊണ്ടു മേന പറയുന്ന ശ്ലോകത്തിൽ,

"തപഃകഃവത്സേ, ക്വ ച താവകം വപുഃ
പദം സഹേത ഭ്രമരസ്യപേലവം
ശിരീഷപുഷ്പം ന പുനഃ പതത്രിണഃ"

ഇങ്ങനേയും ആ മഹാകവി പറയിച്ചിരിക്കുന്നു.

ഒരു കാലത്തു സൎവ്വാംഗ സുന്ദരമായിരുന്ന പേലവശബ്ദം കാലാന്തരത്തിൽ അശ്ലീലാൎത്ഥദ്യോതകമായി പരിണമിച്ചു എന്ന സംഗതി ആലോചിക്കുമ്പോൾ എന്തെന്നില്ലാത്ത അത്ഭുതം തോന്നിപ്പോകുന്നു.

ഏതായാലും ഇത്തരുണത്തിൽ നമുക്കൊരനുമാനത്തിനു വഴിയുണ്ടാകുന്നുണ്ട്. കാളിദാസന്റെ കാലത്തു സംസ്കൃതം വിദ്വാന്മാരുടെ ഇടയിൽ സംഭാഷണഭാഷയായിരുന്നില്ലേ എന്നുള്ളതാണു അതു്. ഈ അനുമാനത്തിന്റെ സാധകബാധകയുക്തികളിലേക്കു കടക്കുന്നതിനു മുമ്പായി നമുക്കിങ്ങനെ സ്വയം ചോദിക്കാം:—

"ഏതുകാലം മുതൽക്കാണു അഭ്യസ്തവിദ്യന്മാർ സംസ്കൃതഭാഷ, സംഭാഷണഭാഷയല്ലാതാക്കി രൂപാന്തരപ്പെടുത്തിയതു്?"

ക്രിസ്തു ജനിക്കുന്നതിനു വളരെക്കാലം മുമ്പായിരിക്കയില്ല അതു് എന്നേ ഇതിനു മറുപടി പറയാൻ നിൎവ്വാഹമുള്ളു.

വ്യാകരണശാസ്ത്രത്തെ പുരസ്കരിച്ചു കാളിദാസനെ നമുക്കൊന്നു പര്യവേക്ഷണം ചെയ്യാം. അദ്ദേഹം വൈയാകരണനായിരുന്നു എന്ന സംഗതിയിൽ പക്ഷാന്തരമില്ല. വ്യാകരണനിയമങ്ങളെ ദുർല്ലഭമായിട്ടേ അദ്ദേഹം ലംഘിച്ചിട്ടുമുള്ളു. ഗ്രാഹി, ഗ്രാഹയിതും, ഗ്രാഹിത, സൗഹൃദ, സൗഹാർദ്ദം, കാര്യാ, സർവശൈലാഃ, ദുദുഹുർദ്ധരിത്രീം, മാതാ+താം പ്രണമയ്യ എന്നിങ്ങനേയുള്ള പദപ്രയോഗങ്ങളിൽ നിന്നു കാളിദാസൻെറ ഭാഷാശാസ്ത്രപാടവം എത്രത്തോളമെന്നു സഹൃദയന്മാക്കറിയാം.

“ചതുർമ്മുഖസമീരിതാ
പ്രവൃത്തിരാസീച്ഛബ്ദാനാം
ചരിതാർത്ഥാ ച തുഷ്ടയീ”

എന്ന കുമാരസംഭവം ദ്വിതീയസർഗ്ഗത്തിലെ പദ്യഭാഗത്തിൽ നിന്നു വ്യാകരണദർശനശാസ്ത്രങ്ങളിൽ കാളിദാസനുള്ള ജ്ഞാനം എത്രത്തോളമെന്നു വിശദമാകുന്നുണ്ടു്. ഈ പദ്യത്തിലെ ആശയം മല്ലിനാഥൻ വിവരിക്കുന്നതു ഇപ്രകാരമാകുന്നു:—

“ദ്രവ്യഗുണക്രിയാജാതിഭേദേന ചത്വാരോഽവയവാ യസ്യാ ഇതി ചതുഷ്ടയീ ചതുർവ്വിധാ.......ശബ്ദാനാം പ്രവൃത്തിർവൈഖരീപ്രമുഖാ വാഗ്വൃത്തിഃ ഉക്തം ച”

“വൈഖരശബ്ദനിഷ്പത്തിർമ്മധ്യമാശ്രുതിഗോചരാ
ദ്യോതിതാർത്ഥാ ച പശ്യന്തീ സൂക്ഷ്മാവാഗനപായിനീ”

ഇതി..........ചതുർമ്മുഖോച്ചാരണത്താൽ ചാതുർവ്വിധ്യം സഫലമാസീദിത്യർത്ഥഃ”

ദർശനശാസ്ത്രത്തിൽ കാളിദാസനുണ്ടായിരുന്ന ജ്ഞാനം എത്രത്തോളമെന്നു മേലുദ്ധരിച്ച പദങ്ങളിൽനിന്നു മനസ്സിലാക്കാം.

വ്യാകരണശാസ്ത്രം കാളിദാസൻെറ ആപ്തമിത്രമായിരുന്നു. ഇക്കാര്യത്തിൽ ആർക്കെങ്കിലും വല്ല പക്ഷാന്തരവും ഉണ്ടെങ്കിൽ അവർ താഴെ ഉദ്ധരിക്കുന്ന ഭാഗങ്ങൾ അവധാനപൂർവ്വം പരിചിന്തനം ചെയ്താൽ മതിയാകും.

"പ്രത്യയപ്രകൃതിയോഗസന്നിഭഃ"

"പശ്ചാദധ്യയനാത്ഥസ്യ
ധാതോരധിരിവാ ഭവൽ"

"ധാതോഃ സ്ഥാന ഇവാദേശം
സുഗ്രീവം സംന്യവേശയൽ"

ഈ കവിസാർവ്വഭൗമൻെറ വിശിഷ്ടകാവ്യങ്ങളിലൊന്നായ രഘുവംശത്തിൻെറ പ്രാരംഭത്തിൽ അദ്ദേഹം

"വാഗത്ഥാവിവസമ്പൃക്തൗ
വാഗത്ഥപ്രതിപത്തയേ"

എന്നിങ്ങനെ എഴുതിയിരിക്കുന്നു. അതുപോലെ തന്നെ കുമാരസംഭവത്തിലും ഒരിടത്തു

"തമത്ഥമിവ ഭാരത്യാ
സുതയായോക്തുമർഹസി"

എന്നിങ്ങനേയും വിന്യസിച്ചു കാണുന്നു. കുമാരസംഭവം തൃതീയസർഗ്ഗത്തിൽ ഈ മഹാകവി,

"സദേവദാരുദ്രുമവേദികായാം
ശാർദ്ദൂലചർമ്മ വ്യവധാനവത്യാം
ആസീനമാസന്ന ശരീരപാത-
സ്ത്രീയംബകം സംയമിനം ദദർശ"

ഇങ്ങനെ ഒരു പദ്യവും രചിച്ചിട്ടുണ്ടല്ലൊ. ഇതിൽ കാണുന്ന ത്രിയംബകപദം പാദപൂരണാൎത്ഥം പ്രയുക്തമാണെന്നും മഹാകവിപ്രയോഗമാകയാൽ അതിനു സാധുത്വം കല്പിക്കാമെന്നും മല്ലിനാഥപ്രഭൃതികൾ അഭിപ്രായപ്പെടുന്നു. 'ത്രിയംബകം' എന്ന പദത്തിനു പകരം 'ത്രിലോചനം' എന്നുചേൎത്തു വായിക്കുന്നവരെ മല്ലിനാഥൻ സാഹസികന്മാരെന്നുകൂടി ആക്ഷേപിക്കുന്നുണ്ടു്.

ശബ്ദനിഷ്പത്തി അറിയാതെയാണു ഇത്തരമൊരു പദം കാളിദാസൻ പ്രയോഗിച്ചിട്ടുള്ളതെന്നു ശഠിക്കുന്നവർ വല്ലവരുമുണ്ടെങ്കിൽ അവരുടെ ആ മക്കടമുഷ്ടിക്കു താഴെ ഉദ്ധരിക്കുന്ന കാളിദാസപ്രയോഗങ്ങൾ മതിയായ സമാധാനങ്ങളായിരിക്കും.

"വ്യകീര്യതത്ര്യംബകപാദമൂലേ" എന്നും
"ജഡീകൃതസ്ത്ര്യംബകവീക്ഷണേന" എന്നും

കാളിദാസൻ പ്രയോഗിച്ചിട്ടുള്ളതു വിസ്മൎത്തവ്യമല്ല. ഇവയിൽനിന്നെല്ലാം നമുക്കു മനസ്സിലാക്കാവുന്നതു ത്രിയംബക എന്നും ത്ര്യംബക എന്നും ഉള്ള രണ്ടു രൂപങ്ങളും വികല്പേന കാളിദാസന്റെ കാലത്തു പ്രയോഗിക്കാൻ വിരോധമില്ലാത്തവയായിരുന്നു എന്നുള്ള യാഥാൎത്ഥ്യമത്രെ. വേറൊരിടത്തു കാളിദാസൻ,

....മോഹനാന്തൎവ്വരതനുരിയം ലക്ഷ്യമാനാവിഭാതി
ഗങ്ഗാരോധഃ പതനകലുഷാ ഗച്ഛതീവ പ്രസാദം"

ഇങ്ങനെ എഴുതിയിരിക്കുന്നതായിക്കാണുന്നു. ഇവിടെ പ്രയോഗിക്കേണ്ടിയിരുന്നതു ഗച്ഛന്തി എന്നാണെന്നും ഗച്ഛതീ എന്നല്ലെന്നും ആ മഹാകവി മനസ്സിലാക്കായ്ക

യില്ല. പക്ഷേ മന്ദോദ്ഭംഗം വരാതിരിക്കണമെന്ന നിർബന്ധം കൊണ്ടാണു ദുർല്ലഭം ചില അവസരങ്ങളിൽ ഏതാദൃശപദങ്ങൾ പ്രയോഗിക്കേണ്ടി വന്നിട്ടുള്ളതെന്ന പരമാർത്ഥം നാം ഓർക്കേണ്ടതാകുന്നു.

"ബദ്ധൗത്തമന്ദഗച്ഛന്തൗ" എന്നും
"ഗച്ഛന്തീനാം രമണവസതിം" എന്നും ഉള്ള പ്രയോഗങ്ങൾ നോക്കുക—

കാളിദാസനെ സംബന്ധിച്ചിടത്തോളം പ്രത്യേകം എടുത്തു പറയേണ്ട ഒരു സംഗതി, പദപ്രയോഗവിഷയത്തിലും, മററു കാവ്യച്ഛടങ്ങുകളിലെന്നപോലെ, അദ്ദേഹം നിരങ്കുശനാകുന്നു എന്നുള്ളതത്രെ; ശുദ്ധവും അസാധുവുമായ രണ്ടുതരം പദങ്ങളും അദ്ദേഹം പ്രയോഗിക്കുന്നു. അക്കാര്യത്തിൽ അദ്ദേഹം മുന്നും പിന്നും ഇടവും വലവും നോക്കാറില്ല. മേഘസന്ദേശത്തിൽ ഒരിടത്തു

"മന്ദം മന്ദം നുദതി പവനശ്ചാനുകൂലോ യഥാത്വാം"

എന്നിങ്ങനെ പ്രയോഗിച്ചിട്ടുണ്ടല്ലൊ. മന്ദം മന്ദം എന്നതു കർമ്മധാരയസമാസത്തിന്റെ ഘടകങ്ങളും മന്ദം മന്ദം എന്നു സമസ്തപദമായി പ്രയോഗിക്കപ്പെടേണ്ടതുമായിരിക്കെ ആ നിശ്ചയം മഹാകവി നിശ്ശേഷം ഉല്ലംഘിച്ചിരിക്കുന്നു. ഇങ്ങനെ പ്രയോഗിക്കുന്നതു ശരിയല്ലെന്നു അദ്ദേഹത്തിനറിയാം. നോക്കുക:—

"നിഹിതമസകൃൽ ദുഃഖദുഃഖേന ഗാത്രം" എന്നും
"അഹരപികഥം മന്ദമന്ദാതപംസ്യാൽ"

എന്നു പ്രയോഗിച്ചിട്ടുള്ളതും അദ്ദേഹം തന്നെയല്ലെ? കർമ്മധാരയസമാസം വേണമെങ്കിൽ കൊള്ളുവാനും വേണ്ടെങ്കിൽ തള്ളുവാനും അദ്ദേഹം ഒരുക്കമായിരുന്നു.

വ്യാകരണവിധികൾക്കു എതിരായി,

'പാതയാമാസ' എന്നു പ്രയോഗിക്കേണ്ടതിനു പകരം അത്ഭുതം, "തം പാതയാം പ്രഥമമാസ" എന്നും "പ്രഭ്രംശയാംചകാര എന്നതിനു പകരം "പ്രഭ്രംശയാംയോ നഹുഷം ചകാര" എന്നും "സംയോജയാ വിധിപദാസ" എന്നതിനു പകരം "സംയോജയാം വിധിവദാസ" എന്നും പ്രയോഗിച്ചിരിക്കുന്നു. ആം പ്രത്യയത്തിനും അനുപ്രയോഗത്തിനും ഇടയ്ക്കുള്ള വ്യവധാനം സ്വീകാര്യമാണെന്നു കാളിദാസൻ സമ്മതിക്കുന്നു എന്നു മാത്രമേ ഇതിന്നെല്ലാം സമാധാനം പറയുവാൻ കാണുന്നുള്ളു.

പാണിനിയുടെ വ്യാകരണനിയമങ്ങൾ ജനതാമദ്ധ്യത്തിൽ രൂഢമൂലമായിക്കഴിഞ്ഞിട്ടില്ലാത്ത ഒരു കാലത്താണു കാളിദാസൻ ജീവിച്ചിരുന്നതെന്നു വരുത്തുവാൻ മേലുദ്ധരിച്ച ഉദാഹരണങ്ങൾ മതിയാകും.

വ്യവസ്ഥിതവും അഭേദ്യവുമായ ഭാഷാനിയമം കാളിദാസന്റെ കാലത്തുണ്ടായിരുന്നു എങ്കിൽ അതിന്നെതിരായി നിയമഭക്തനായ മഹാകവി സ്വാതന്ത്ര്യം പ്രദർശിപ്പിക്കുമായിരുന്നില്ല. ഇവിടെ ഉദ്ധരിച്ചവയിൽ ഏതെങ്കിലുമൊന്നു വ്യാകരണനിയമപ്രകാരം അസാധുവാണെന്നു പറയുവാൻ ആർക്കും സാധിക്കുന്നതല്ല. പക്ഷേ അവ പാണിനിമതപ്രകാരം ആർഷങ്ങളാകുന്നു എന്നതിനാൽ വികല്പങ്ങളാകുന്നു എന്നുമാത്രമേയുള്ളു.

"സർവ്വേവിധയച്ഛന്ദസി വികല്പന്തേ"

എന്നു മഹാഭാഷ്യകാരൻകൂടി സമ്മതിക്കുന്നു. പാണിനി, ലൗകികങ്ങളല്ലെന്നു തീർമാനിച്ചു മാററിവെച്ചിട്ടുള്ള പദങ്ങളെല്ലാം പാണിനിക്കു മുമ്പുണ്ടായിരുന്ന കവികൾ

അവരുടെ കൃതികളിൽ സാർവത്രികമായി അംഗീകരിച്ചിരുന്നു എന്ന സംഗതി സവിശേഷം സ്മർത്തവ്യമാണു്.

കാളിദാസൻെറ കാലത്തു പാണിനിമതം അനുസരിച്ചു ഭാഷയ്ക്കു ലൗകിക വൈദികഭേദം ഉണ്ടായിരുന്നില്ലെന്നു തീർച്ചതന്നെ. പാണിനിക്കുശേഷം, ഏതെങ്കിലും ഒരു ഉപസർഗ്ഗം ധാതുവിനു മുമ്പു നിൽക്കുമ്പോൾ അതിനെ പാണിനി നിയമം പുരസ്കരിച്ചുതേ പ്രാഗ്ധാതോഃ എന്ന സംജ്ഞയിൽ പെടുത്തി വ്യവഹരിക്കുന്നു. കാളിദാസൻെറ അഭിപ്രായം അതിനു, ധാതുവിൻ മുമ്പിൽ സ്ഥിതിയില്ലെന്നുള്ള മട്ടിലാണു്.

"പശ്ചാദധ്യയനാർത്ഥസ്യ
ധാതോരധിരിവാഭവൽ"

ഇതാണു അതിനു ഉദാഹരണം. വൈയാകരണപ്രമാണിയായ പാണിനി കാളിദാസനെ ശക്തിപൂർവ്വം പിടികൂടിയിട്ടില്ല. വൈദികഭാഷയെന്നും ലൗകികഭാഷയെന്നും ഭാഷക്കു രണ്ടു വിഭാഗം ഉണ്ടായതിനു മുമ്പാണു കാളിദാസൻ കാവ്യങ്ങൾ രചിച്ചിട്ടുള്ളതെന്നുള്ളതിനു മറെറാരു തെളിവായി ഈ ഉദാഹരണം പരിഗണിക്കാം. കാളിദാസൻെറ പ്രയോഗങ്ങളിൽ വൈദികച്ഛായ കാണുന്നതിനുള്ള കാരണം എന്താണെന്നു സഹൃദയന്മാർ ഇപ്പോൾ ഗ്രഹിച്ചിരിക്കുമല്ലൊ.

വൈദികഛന്ദസ്സുകളേയും കാളിദാസൻ ഉപയോഗിക്കാതിരുന്നിട്ടില്ല. നോക്കുക;—

"അമീവേദിംപരിതഃ ക്ഌപ്തധിഷ്ണ്യാഃ
സമിദ്വന്തഃ പ്രാന്തസംസ്തീർണ്ണദർഭാഃ
അപഘ്നന്തോദുരിതം ഹവ്യഗന്ധൈ-
ർവൈതാനാസ്ത്വാം വഹ്നയഃ പാവയന്തു"

തർജ്ജമ.

ശാലയെച്ചൂഴവേക്കിപ്പുധിഷ്ണ്യങ്ങളത്യുജ്വലങ്ങൾ
നാലുഭാഗത്തുമാസ്തിർണ്ണദർഭങ്ങളിപ്പാവകങ്ങൾ
ചാലവേഹവ്യഗന്ധങ്ങളാൽ സർവ്വപാപാപഹങ്ങൾ
പാലനംചെയ്തുകൊള്ളട്ടെയെൻപുത്രിയെസ്സർവകാലം

ബി. സി. 366-ൽ പാണിനി ജീവിച്ചിരുന്നതായി തെളിയുന്ന സ്ഥിതിക്കും അദ്ദേഹത്തിൻെറ ഭാഷാനിയമങ്ങൾ ജനമദ്ധ്യത്തിൽ പ്രചരിക്കുന്നതിനു ഏറെക്കുറെ രണ്ടുനൂററാണ്ടോളം വേണ്ടി വരുന്ന സ്ഥിതിക്കും ആ വക നിയമങ്ങളെപ്പററി അധികമൊന്നും കാളിദാസൻ ശ്രദ്ധിച്ചിട്ടില്ലെന്നോ അഥവാ അവയെ ഗ്രഹിച്ചിട്ടില്ലെന്നോ കാണുന്ന സ്ഥിതിക്കും ബി. സി. ഒന്നും രണ്ടും ശതകങ്ങൾക്കു മദ്ധ്യേയാണു ഭാരതകവിസമ്രാട്ടായ കാളിദാസൻ ജീവിച്ചിരുന്നതെന്നു ഊഹിക്കാൻ വലിയ വിഷമമൊന്നും ഉണ്ടെന്നു തോന്നുന്നില്ല.

കാളിദാസൻെറ ജീവിതകാലം നിർണ്ണയിക്കുന്നതിനു ശാകുന്തളം സഹായിക്കുന്നുണ്ടോ എന്ന സംഗതിയും നമുക്കൊന്നാരായുകന്നെ. നാടകാന്ത്യത്തിൽ കവി ദുഷ്യന്തനെകൊണ്ടു ഭരതവാക്യം ചൊല്ലിക്കുന്നതു ഇങ്ങനെയാണല്ലോ:—

"പ്രവർത്തതാം പ്രകൃതിഹിതായ പാർത്ഥിവഃ
സരസ്വതീശ്രുതി മഹതാം മഹീയതാം
മമാപിചക്ഷപയതു നീലലോഹിതഃ
പുനർഭവം പരിഗതശക്തിരാത്മഭൂഃ"

(തൎജ്ജമ)

നന്മയ്ക്കായരചനെപ്പൊഴും ജനഹിതൈകതാനത-
[ഭവിക്കണം
സന്മനോഹര സരസ്വതിയ്ക്കു മഹിമാവനല്പ-
[മുളവാക്കണം
ജന്മമൃത്യുമയമായൊരാമയമകററി മോക്ഷ-
[മരുളീടണം
ചിന്മയൻ മമ ച നീലലോഹിതനമേയ ശക്തി-
[പരമേശ്വരൻ

ഈ പ്രാൎത്ഥനയിൽ ആദ്യത്തേതു രാജാക്കന്മാർ പ്രജാഹിതത്തിനായി പ്രവൎത്തിക്കണമെന്നാകുന്നു. ഇവിടെ പ്രകൃതിരഞ്ജനത്തിനായിട്ടെന്നല്ല പ്രകൃതിഹിതത്തിനായിട്ടെന്നാണു കവിപ്രയോഗം. രണ്ടാമത്തെ പ്രാൎത്ഥന ശാസ്ത്രശ്രവണത്താൽ പൂജ്യന്മാരായവരുടെ സൂക്തി പൂജനീയമായിത്തീരണം എന്നാകുന്നു. മൂന്നാമത്തേതാകട്ടെ ശിവൻ എനിക്കും പുനൎജ്ജന്മദുഃഖം നൽകാതിരിക്കണം എന്നുള്ളതത്രെ.

ഈ പ്രാൎത്ഥന ബ്രാഹ്മണോചിതമായിട്ടുള്ള ഒന്നാകുന്നു. ശ്രാദ്ധാദികളിൽ സമൎപ്പിക്കുന്ന പിണ്ഡത്തിന്റെ ആദ്യഭാഗം ആരെ ഉദ്ദേശിച്ചു ശ്രാദ്ധം നടത്തുന്നുവോ അയാളുടെ ആത്മാവിനല്ല; "നമാതാ നപിതാ നബന്ധുഃ" മാതാപിതാക്കന്മാരോ ബന്ധുക്കളോ ഇല്ലാത്തവരുടെ ആത്മാവിനു വേണ്ടിയാണു്. ബാക്കി ഭാഗം, ആരെ ഉദ്ദേശിച്ചു ശ്രാദ്ധം ഊട്ടുന്നുവോ അയാൾക്കു സമൎപ്പിക്കയല്ല ശ്രാദ്ധകൎത്താവു് ചെയ്യുന്നതു്; പിന്നെയോ, "ശേഷമന്നം

കപ ദേയം" എന്നറിവാനാണ അയാറം പുരോഹിതനോട ചോദിക്കുന്നതു്. പുരോഹിതനാകട്ടെ, 'ഇഷ്ടായ്ദീയതാം' എന്ന പ്രത്യുത്തരവും പറയും. അതേവരെ പൃഷ്ടാവിന്റ കരണീയാന്തരമില്ല. 'കപദേയം' എന്നല്ലാതെ 'കസ്മൈ ദേയം' എന്നല്ല ചോദിക്കാവുള്ളതു്. നോക്കുക, എന്തൊരു മഹാത്യാഗമാണിവിടെ പ്രദർശിക്കപ്പെടുന്നതെന്നു്!

പ്രസ്തുത പ്രാൎത്ഥനയിലെ ഒടുവിലത്തെ ഭാഗത്തെക്കു റിച്ചാണ ഇനി ഒന്നു രണ്ടു വാക്കു പറയാനുള്ളതു്. പുന ൎജ്ജന്മബോധം ലോകത്തിൽ സാൎവ്വത്രികമായ ഒരു കാല ത്താണ ദുഷ്യന്തൻ ജീവിച്ചിരുന്നതു്. രാജാവു പറയുന്നതു തനിക്കുമാത്രം മോക്ഷം — പുനൎജ്ജന്മവിരഹിതമായ മുക്തി—നൽകണമെന്നല്ല—പ്രജകറംക്കും താദൃശാവസ്ഥ സിദ്ധിക്കണമെന്നാകുന്നു. പ്രസ്തുതപദ്യം നിഷ്കൃഷ്ടമായ ചൎച്ചക്കും അദ്ധ്യയനത്തിനും വിഷയീഭവിക്കേണ്ട ഒന്നത്രെ.

ശാകുന്തളം നാടകത്തിൽ നാന്ദ്യന്തത്തിൽ സൂത്രധാ രൻ പറയുന്ന "പ്രത്യക്ഷാഭിഃപ്രപന്നസ്തനുഭിരവതുവസ്താഭി രഷ്ടാഭിരീശഃ" എന്നും മറെറാരിടത്തു "സസ്ഥാണുഃ സ്ഥിര ഭക്തിയോഗസുലഭോ നിശ്രേയസായാസ്തുവഃ" എന്നും പ്ര യോഗിച്ചിട്ടുണ്ടു്. ആദ്യത്തേതിലും രണ്ടാമത്തേതിലും ഈശ്വ ശരനു നൽകുന്ന ഓരോ വിശേഷണവും അക്ഷരം പ്രതി അന്വൎത്ഥകവും വിശിഷ്ടാൎത്ഥദ്യോതകവുമാകുന്നു. വിശേഷ്യ ത്തിനു സമുചിതമായ വിശേഷണം ചേൎക്കുകയും അതിനെ യഥാൎത്ഥം സംയോജിപ്പിക്കുകയും ചെയ്യുന്നതിൽ കാളിദാ സൻ പ്രകടിപ്പിച്ചിട്ടുള്ള പാടവം അനന്യസാധാരണവും അനുകരണീയവുമാകുന്നു. കാളിദാസൻ ശാകുന്തളം രചി

ക്കുന്ന കാലത്തു ഭാരതീയർ നാസ്തിക്യത്തിന്റെ അന്തരാളത്തിൽ കിടന്നു ഞെരുങ്ങുകയായിരുന്നു. വൈദിക ധൎമ്മങ്ങളിൽ അവൎക്കു അറപ്പും വെറുപ്പും ഉണ്ടാകയും ചെയ്തിരുന്നു. ഈ വിഷമാവസ്ഥയിൽ നിന്നു ലോകരെ ഉദ്ധരിക്കാൻ കാളിദാസൻ ഉള്ളഴിഞ്ഞു യത്നിച്ചിരുന്നു എന്നുള്ളതിനു അദ്ദേഹത്തിന്റെ ദൃശ്യകാവ്യങ്ങളിൽ മൂന്നാമത്തേതിലുള്ള

"സന്മാൎഗ്ഗാലോകനായ വ്യപനയതു സവസ്താമസീം വൃത്തിമീശഃ" എന്ന ഭാഗം മതിയായ തെളിവാകുന്നു. ബൗദ്ധധൎമ്മത്തിന്റെ അപ്രതിഹതമായ പ്രചാരംകൊണ്ടു ഭാരതഭൂമി മിക്കവാറും താമസീവൃത്തിയിൽ ആമഗ്നമായിക്കഴിഞ്ഞിരുന്നു. അതോടുകൂടി സാത്വികചൎയ്യകളിൽ ഇന്ത്യക്കു ശ്രദ്ധയും ഇല്ലാതായി. ഇവിടെ 'സന്മാൎഗ്ഗലോകനായ' എന്നു കവി പ്രയോഗിച്ചിട്ടുള്ളതു ഏതാദൃശന്മാരായ പാമരന്മാരെ ഉദ്ദേശിച്ചായിരിക്കണമെന്നുള്ളതിനു സംശയമേ ഇല്ല.

താമസീവൃത്തി അപരിഷ്കൃത ജനസമുദായത്തിൽ കൂടി രൂഢമൂലമായിരുന്നുവെന്നു നഗരം പൊല്ലീസ്സധികൃതന്റെ മുഖത്തുനോക്കി ബന്ധനസ്ഥനായ കൈവൎത്തൻ കൂസൽ കൂടാതെ പറയുന്ന അധോലിഖിത പദ്യംകൊണ്ടു കാളിദാസൻ വിശദമാക്കുന്നുണ്ട്.

"സഹജം കില യദ്വിനിന്ദിതം
നഹി തൽകൎമ്മ വിവൎജ്ജനീയം
പശുമാരണ കൎമ്മ ദാരുണോ-
നുകമ്പാ മൃദുരപി ശ്രോത്രിയഃ"

തർജ്ജമ

"തൻകുലക്രമാഗതം കർമ്മമേറെ നിന്ദ്യമാ-
മെങ്കിലും ജനങ്ങളാൽ വർജ്ജനീയമല്ലതു്.
ശങ്കയെന്യെയാടിനെക്കൊന്നിടുന്ന മാനസ-
ത്തിങ്കലേററ മാർദ്രനായി വൈദികൻ വസിക്കിലും"

"നിങ്ങൾക്കു നിന്ദ്യമായി തോന്നുന്നതുകൊണ്ടു കുലക്രമാഗതമായ തൊഴിൽ വർജ്ജിക്കത്തക്കതെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ മത്സ്യോപജീവിതന്നെ. അതുകൊണ്ടു ഞാൻ ഹൃദയഹീനനാകുന്നില്ല. യാഗങ്ങളിൽ ബ്രാഹ്മണർ മൃഗബലിചെയ്യുന്നു. എന്നിട്ടും അവർ ദാരുണന്മാരാകുന്നില്ല."

10518

ഇവിടെ കവി, അദ്ദേഹത്തിന്റെ ഹൃദയവ്യഥയാണു തുറന്നു കാണിക്കുന്നതു്. ബുദ്ധമതത്തിൻെറ സജീവകങ്ങളും ധാർമ്മികങ്ങളുമായ തത്വങ്ങളിൽ കാളിദാസനു സവിശേഷ ശ്രദ്ധയും സമാദരവും ഉണ്ടു്. അതിലെ ദോഷഗ്രസ്തങ്ങളായ വശങ്ങളിൽ മാത്രമേ അദ്ദേഹത്തിൻെറ ക്രൂരദൃഷ്ടി പതിഞ്ഞിട്ടുള്ളൂ. ഭൂതദയാപരവശനാണു ആ കവിസാർവ്വഭൗമനെന്നു കാണാൻ ശാകുന്തളം പ്രഥമാംഗം മാത്രം മതിയാകും. ആഹാരാർത്ഥമല്ലാതെ വിനോദത്തിനായി മൃഗയയുടെ പേരും പറഞ്ഞു ജീവികളെ നിഹനിക്കുന്ന പൈശാചിക സമ്പ്രദായം ലോകസമക്ഷം എടുത്തു കാണിക്കുകയാണു അദ്ദേഹം ചെയ്യുന്നതു്. ദുഷ്യന്തന്റെ കണ്ണിൽ പെട്ട സാധു കൃഷ്ണമൃഗത്തിൻെറ ദയനീയസ്ഥിതി കാളിദാസൻ എങ്ങനെ ചിത്രീകരിച്ചിരിക്കുന്നു എന്നു നോക്കുക:—

"ഗ്രീവാഭംഗാഭിരാമം മുഹുരനുപതതിസ്യന്ദനേ ദത്തദൃഷ്ടിഃ
പശ്ചാർദ്ധേന പ്രവിഷ്ടഃ ശരപതനഭയാദ് ഭൂയസാ പൂർവ്വ-
[കായം
ദർഭൈരർദ്ധാവലീഢൈഃ ശ്രമവിവൃതമുഖഭ്രംശിഭിഃ കീർണ്ണ
[വത്മാ
പശ്യോദഗ്രപ്ലുതത്വാദ്വിയതി ബഹുതരം സ്തോകമുർവ്യാം-
[പ്രയാതി"

തർജ്ജമ

"കണ്ടുനാളമഴകിൽ തിരിച്ചനുപദം രഥം പിറകിൽ-
[നോക്കിയും
കണ്ടുനായ് ശരഭയേന പൃഷ്ഠമതു പൂർവ്വകായ ഗതമാക്കിയും
ഇണ്ടൽകൊണ്ടു വിവൃതാന്മുഖാൽ പഥി ചവച്ച ദർഭകറം-
[പതിക്കവേ
കണ്ടുകൊൾക കുതികൊണ്ടു കിഞ്ചിദവനൗ ഭൃശം നഭസി-
[ധാവതി"

ഏതാദൃശങ്ങളായ ജീവികളുടെ വധത്തിൽ കാളിദാസന അതിരററ വ്യഥയുണ്ടായിരുന്നു. ബുദ്ധധർമ്മത്തിലെ പ്രധാന തത്വമായ ജീവകാരുണ്യം, മഹാകവികാളിദാസൻ അഭിനന്ദിച്ചിരുന്നു എന്നുള്ളതിനു ഇതിലധികം തെളിവു എന്താണു വേണ്ടതു്?

"പ്രവത്തതാം പ്രകൃതിഹിതായ പാത്ഥിവഃ" എന്നു കാളിദാസൻ ദുഷ്യന്തനെക്കൊണ്ടു പറയിക്കുന്ന ഭാഗം, രാമരാജ്യഭരണത്തേയും യുധിഷ്ഠിര ഭരണത്തേയും അനുസ്മരിപ്പിക്കതന്നെ ചെയ്യുന്നു. രാജാക്കന്മാർ അവരുടെ കത്തവ്യ

ങ്ങളെ ശരിയായി നവ്വഹിക്കുന്നില്ലെന്നു മനസ്സിലാക്കിക്കൊണ്ടുതന്നെയാണു കാളിദാസൻ, "പ്രവത്തതാം പ്രകൃതിഹിതായ പാത്ഥിവഃ" എന്നു ഊന്നിപ്പറഞ്ഞിട്ടുള്ളതു്. മുമ്പൊരിടത്തു പ്രസ്താവിച്ചതുപോലെ 'ഹിതായ' എന്നതു രഞ്ജനായ എന്നതിൻെറ പര്യായമായിട്ടല്ല പ്രയോഗിച്ചിരിക്കുന്നതെന്നു നാം പ്രത്യേകം ഓക്കണം. ജനങ്ങളെ സന്തുഷ്ടരാക്കുന്ന രാജാവേ രാജാവാകുകയുള്ളു എന്നു കാളിദാസനറിയാം.

"യഥാ പ്രഹ്ലാദനാച്ചന്ദ്രഃ
പ്രതാപാത്തപനോ യഥാ
........അന്വത്ഥീ
രാജാപ്രകൃതിരഞ്ജനാൽ"

രാജാവിൻെറ പ്രകൃതി, രഞ്ജനമാകുന്നു. ജനങ്ങളെ ആഹ്ലാദിപ്പിക്കാൻ ചന്ദ്രനു കരുത്തില്ലെങ്കിൽ അതു ചന്ദ്ര സംജ്ഞക്കു അർഹമാകുന്നില്ല. താപകാരിയല്ലെങ്കിൽ സൂര്യനു തപനസംജ്ഞയും ഇല്ല. അതുപോലെ തന്നെ, രഞ്ജനം എന്ന ഗുണം ഇല്ലെങ്കിൽ രാജാവിനു രാജത്വവും ഉണ്ടാകുന്നില്ല. കാളിദാസൻ 'രഞ്ജനായ' എന്നു പ്രയോഗിക്കുന്നതിനു പകരം ഹിതായ എന്നു പ്രയോഗിച്ചതു ഉദ്ദേശമൊന്നും കൂടാതെയാണെന്നു കരുതിക്കൂടാ. 'പ്രകൃതിഹിതായ' എന്ന പദം വിന്യസിക്കുമ്പോൾ കാളിദാസൻെറ മനോഭാവം രാജാക്കന്മാരെ സംബന്ധിച്ചിടത്തോളം എന്തായിരുന്നു എന്നും എത്രത്തോളമായിരുന്നു എന്നും അറിയുന്നതിനു വലിയ ക്ലേശമൊന്നും വേണ്ട. ജനഹിതവും ജനാഹിതവും എന്തെന്നു അദ്ദേഹത്തിനറിയാം. സനാതനമതാനു-

യായ കാളിദാസൻ, ബുദ്ധമതത്തിന്റെ പ്രചാരം അഹിത മായിത്തന്നെ വേണം വിശ്വസിച്ചിരിക്കുന്നതിന്ന്. രാജാക്കന്മാർ ബുദ്ധമതപ്രചാരത്തിൽ ശ്രദ്ധാലുക്കളായിത്തീന്നു കൂടാ എന്നു കൂടി കാളിദാസനു അഭിപ്രായമുണ്ട്.

ശാകുന്തളത്തിലെ ഭരതവാക്യത്തെ അപഗ്രഥിച്ചു ആലോചിക്കുമ്പോൾ വിശദമാകുന്ന ഒരു സംഗതി, ശാകുന്തളം നിമ്മിക്കുന്ന കാലത്തു ബുദ്ധമത പ്രചരണം ഇന്ത്യയിൽ സാവ്വത്രികമായിരുന്നു എന്നും രാജാക്കന്മാർ അവരുടെ ശ്രദ്ധയെല്ലാം അതിൻെറ നേരേ പതിപ്പിച്ചിരുന്നു എന്നും ആകുന്നു. അതുകൊണ്ടു ബി. സി. മൂന്നാംശതകത്തിൽ രാജ്യം ഭരിച്ചിരുന്ന അശോക സമ്രാട്ടിനു ശേഷമാണു കാളിദാസൻ ജീവിച്ചിരുന്നതെന്നു ഊഹിക്കാം. ബി. സി. ഒന്നും രണ്ടും നൂററാണ്ടുകൾക്കിടക്കാണു അദ്ദേഹം വിരാജിച്ചതെന്നു ധരിക്കുന്നതിൽ വലിയ അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല.

കാളിദാസന്റെ കാലം നിർണ്ണയിക്കുന്നതിൽ ചില പണ്ഡിതന്മാരെ അത്യധികം സഹായിച്ചിട്ടുള്ളതു ജ്യോതിർവ്വിദാഭരണം എന്ന ഗ്രന്ഥമാകുന്നു. ആ ഗ്രന്ഥം കാളിദാസകൃതമാണെന്നും, അതിലടങ്ങിയതും താഴെ ഉദ്ധരിക്കുന്നതുമായ പദ്യം അദ്ദേഹത്തിൻെറ കാലഗണനയ്ക്കു പ്രയോജകീഭവിക്കുമെന്നും അവർ വാദിക്കുന്നു.

"വർഷൈഃ സിന്ധുരദർശനാംബര-
ഗുണൈര്യാതേ കലൗ സമ്മിതേ
മാസേ മാധവസംജ്ഞകേത്ര വിഹിതോ
ഗ്രന്ഥക്രിയോപക്രമഃ"

ഇതിലെ സിന്ധുരാദിപട്ടങ്ങളിൽ നിന്നു നമുക്കു ലഭിക്കുന്ന 3067 കലിവഷം കാളിദാസൻ ക്രിസ്താബ്ദത്തിനു മുമ്പു ജീവിച്ചിരുന്നുവെന്നു വിശദമാക്കുന്നുണ്ടു്.

ഏ. ഡി. ഒന്നാംശതകത്തിൽ അശ്വഘോഷൻ വിരചിച്ച ശ്രീബുദ്ധചരിതം അതിപ്രാചീനഗ്രന്ഥങ്ങളിൽ ഒന്നാകുന്നു. അതിലെ ശൈലിക്കും കാളിദാസൻെറ ശൈലിക്കും തമ്മിൽ സാരമായ സാദൃശ്യം കാണുന്നുണ്ടു്. കാളിദാസൻെറ പ്രത്യേകശബ്ദങ്ങളായ 'ധിഷ്ണ്യ, നിർവ്വാഹണ' എന്നിവ അതേ അത്ഥത്തിൽത്തന്നെ അശ്വഘോഷൻ പ്രയോഗിച്ചിരിക്കുന്നു. ഒരേ ഒരത്ഥത്തിൽ ഒരേ സമാസം ഇരുക്കൂട്ടരും പ്രയോഗിച്ചിട്ടുണ്ടു്. അശ്വഘോഷൻെറയും കാളിദാസന്റേയും ജീവിതകാലത്തിനു വളരെയൊന്നും അന്തരമില്ലെങ്കിൽ തീർച്ചയായും കാളിദാസൻ അശ്വഘോഷനേയും അശ്വഘോഷൻ കാളിദാസനേയും പരസ്പരം അനുകരിച്ചിട്ടില്ലേ എന്നു ആരും സന്ദേഹിക്കാതിരിക്കയില്ല.

ആത്യന്തികമായ ഈ രചനാസാമ്യം പരിഗണിക്കുന്നില്ലെങ്കിൽത്തന്നെയും അശ്വഘോഷൻ, ഭാഷാപരിണാമദശയുടെ അന്ത്യഘട്ടത്തിൽ ബുദ്ധചരിതം രചിച്ചു എന്നു ചില യുക്തികൾ മുൻനിറുത്തി സ്ഥാപിക്കാം.

കാത്യായനൻ ഭാഷാവ്യവധാനത്തെ നിഷേധിക്കുന്നു. അദ്ദേഹത്തിൻെറ പിൻഗാമികളായ വൈയാകരണന്മാരാകട്ടെ, ആ നിഷേധത്തെ നിരാകരിക്കയാണു ചെയ്തിട്ടുള്ളതു്. ഭട്ടി, കാത്യായനമതത്തെ അനുകൂലിക്കുന്നു. ഹരദത്തൻ 'വികല്പേന' എന്നു രണ്ടുപക്ഷത്തിലും നിൽക്കുന്നു. ആ പ്രത്യയത്തിനും അനുപ്രയോഗത്തിനും നടുക്കുള്ള വ്യവ

ധാനത്തെ ബുദ്ധചരിതത്തിൽ തൽകൎത്താവു അംഗീകരിക്കാതിരിക്കയും കാളിദാസൻ അംഗീകരിക്കുകയും ചെയ്യുന്നു. അതിനാൽ അശ്വഘോഷൻ കാളിദാസനു വളരെ പിമ്പാണു ജീവിച്ചിരുന്നതെന്നും അശ്വഘോഷൻെറ കാലത്തു പ്രക്രിയാനിയമത്തിനു പ്രാബല്യം വൎദ്ധിച്ചിരിക്കുന്നുവെന്നും ഊഹിക്കാം.

അശ്വഘോഷൻെറ കാലം കഴിഞ്ഞതോടുകൂടി, ബുദ്ധചരിതത്തിലെ ശൈലിപോലുള്ള ശൈലിയ്ക്കും മാററം സംഭവിച്ചു. ബുദ്ധമതാനുയായികളെല്ലാംതന്നെ പാണിനിയുടെ നിയമങ്ങൾക്കു കീഴ്പെട്ടവരാകുന്നു. അശ്വഘോഷൻ പാണിനിക്കു അത്രതന്നെ വിധേയനായിരുന്നില്ല.

അശ്വഘോഷൻെറ കാലമായതോടുകൂടി ഭാഷയിൽനിന്നു വൈദികപ്രയോഗങ്ങൾ അന്തൎദ്ധാനം ചെയ്തു. പാണിനീയ സിദ്ധാന്തങ്ങൾക്കു ജനമദ്ധ്യത്തിൽ പ്രചുരപ്രചാരവും ഉണ്ടായി. ആ നിയമങ്ങൾ മിക്കവാറും അശ്വഘോഷൻ സ്വകൃതിയിൽ അംഗീകരിക്കയും ചെയ്തിട്ടുണ്ടു്. കാളിദാസകൃതികളെ സസൂക്ഷ്മം പര്യവേക്ഷണം ചെയ്യുന്ന പക്ഷം നമുക്കു മനസ്സിലാകാവുന്ന യാഥാൎത്ഥ്യങ്ങളിലൊന്നു സ്വാഭാവികമായ ഭാഷാശൈലിയിൽ ജനസമുദായത്തിനു അഭിരുചി അടിയ്ക്കടി കുറഞ്ഞുവരുന്നു എന്നും കൃത്രിമശൈലിയിൽ അവൎക്കു അഭിനിവേശം കൂടിക്കൂടി വരുന്നു എന്നും ഉള്ളതാകുന്നു. ചുരുങ്ങിയതു ഒരു നൂററാണ്ടുകാലമെങ്കിലും വേണ്ടിവന്നിരിക്കണം ഈ രുചിമാററത്തിനു പ്രാബല്യം ഉണ്ടാകുവാൻ. ഈ കാരണങ്ങളാൽ എ. ഡി. ഒന്നാംശതകത്തിൻെറ അവസാനത്തിൽ അശ്വഘോഷൻ

ജീവിച്ചിരുന്നു എന്നും ബി. സി. പ്രഥമ ശതാബ്ദത്തിന്റെ പ്രാരംഭത്തിൽ സൂര്യപുരുഷൻ ജീവിച്ചിരുന്നുവെന്നും അനുമാനിക്കാം.

പ്രൊഫസർ കോവേൽ പറയുന്നതു അശ്വഘോഷൻ കാളിദാസനു മുമ്പു ജീവിച്ചിരുന്നു എന്നാണ്. ഇതു കേൾക്കുമ്പോൾ നമുക്ക് ആശ്ചര്യം തോന്നുന്നതിൽ തെററില്ല. ബുദ്ധചരിതത്തെ edit ചെയ്തുകൊണ്ടു അദ്ദേഹവും അതിലെ 5 മുതൽ 12 വരെയുള്ള പദ്യങ്ങളും രഘുവംശം 7-ാം സർഗ്ഗവും തമ്മിൽ താരതമ്യപ്പെടുത്തിക്കൊണ്ടു ഇങ്ങനെ പറയുന്നു;—

"അശ്വഘോഷന്റെ പാത്രനിർമ്മാണ ചാതുരിയെ കാളിദാസൻ സജീവകമായി അനുകരിക്കുന്നു. അശ്വഘോഷന്റെ ഒരു പദ്യം കാളിദാസൻ അതേപടിതന്നെ പകത്തിയിരിക്കുന്നുവോ എന്നു എനിക്കു തോന്നിപ്പോകുന്നു."

ഈ പ്രൊഫസരുടെ അഭിപ്രായത്തിൽ ഒളിഞ്ഞുകിടക്കുന്ന അന്യായത്തിന്റെ രൂക്ഷത എത്രത്തോളമുമാണെന്നു പ്രസ്തുതഗ്രന്ഥം അവധാനപൂർവ്വം വായിച്ചിട്ടുള്ള സഹൃദയന്മാക്കറിയാം. കോവെല്ലിനു പ്രമാദംപററിപ്പോയി എന്നുള്ളതു നിസ്സംശയമാണ്. അല്ലെങ്കിൽ അശ്വഘോഷൻ കാളിദാസനുമുമ്പു ജീവിച്ചിരുന്നു എന്നു അദ്ദേഹം മുന്നും പിന്നും നോക്കാതെ അഭിപ്രായപ്പെടുകയില്ലായിരുന്നു. കോവെല്ലിനു ഇങ്ങനെ ഒരഭിപ്രായം ഉണ്ടാക്കിതീർത്തതു താഴെ ഉദ്ധരിക്കുന്ന രഘുവംശത്തിലെയും ബുദ്ധചരിതത്തിലെയും പദ്യങ്ങളാണല്ലോ. ആകയാൽ വായനക്കാരുടെ അറിവിനായി അവ പകത്തിയിട്ടുകൊള്ളട്ടെ:—

"തതസ്തദാലോകനതല്പരാണാം
സൗധേഷു ചാമീകരജാലവത്സു
ബഭൂവുരിത്ഥം പുരസുന്ദരീണാം
ത്യക്താന്യകാര്യാണി വിചേഷ്ടിതാനി"

"ആലോകമാർഗ്ഗം സഹസാവ്രജന്ത്യാ
കയാചിദുദ്വേഷ്ടനവാന്തമാല്യഃ
ബന്ധും നസംഭാവിത ഏവ താവൽ
കരേണരുദ്ധോപി ച കേശപാശഃ

പ്രസാധികാലംബിതമഗ്രപാദ-
മാക്ഷിപ്യകാചിദ്ദ്രവരാഗമേവ
ഉത്സൃഷ്ടലീലാഗതിരാഗവാക്ഷാ-
ദലക്തകാങ്കാം പദവീം തതാന.

വിലോചനം ദക്ഷിണമഞ്ജനേന
സംഭാവ്യ തദ്വഞ്ചിതവാമനേത്രാ
തഥൈവ വാതായനസന്നികർഷം
യയൗ ശലാകാമപരാ വഹന്തീ.

ജാലാന്തരപ്രേഷിത ദൃഷ്ടി രന്യാ
പ്രസ്ഥാനഭിന്നാം ന ബബന്ധനീവീം
നാഭിപ്രവിഷ്ടാഭരണപ്രഭേണ
ഹസ്തേന തസ്ഥാവവലംബ്യവാസഃ

അർദ്ധാഞ്ചിതാസത്വരമുത്ഥിതായാഃ
പദേപദേദുർന്നിമിതേ ഗളന്തീ
കസ്യാശ്ചിദാസീദ്രശനാ തദാനീ-
മംഗുഷ്ഠമൂലാർപ്പിതസൂത്രശേഷം

താസാംമുഖൈരാസവഗന്ധഗർഭൈ-
വ്യ്യാപ്താന്തരാഃ സാന്ദ്രകുതൂഹലാനാം
വിലോലനേത്രഭ്രമരൈൎഗ്ഗവാക്ഷാഃ
സഹസ്രപത്രാഭരണാ ഇവാസൻ

താ രാഘവം ദൃഷ്ടിഭിരാപിബന്ത്യോ
നാര്യോ ന ജഗ്മുൎവ്വിഷയാന്തരാണി
തഥാഹിശേഷേന്ദ്രിയവൃത്തിരാസാം
സൎവ്വാത്മനാ ചക്ഷുരിവപ്രവിഷ്ടാ.

സ്ഥാനേവൃതാഭൂപതിഭിഃ പരോക്ഷൈഃ
സ്വയംവരംസാധുമമംസ്തഭോജ്യാ
പത്മേവനാരായണമന്യഥാസൗ
ലഭേതകാന്തം കഥമാത്മതുല്യം"

—രഘുവംശം.

തർജ്ജമ

"കൊണ്ടാടീട്ടവരെയണഞ്ഞു കാണ്മവാനായ്-
ക്കൊണ്ടാപ്പ്പോൻജനലുകളുള്ള മേടതോറും
വേണ്ടാമറെറാരുപണിയെന്നുചെന്നപൗര-
ത്തണ്ടാർനേത്രകളിതുമട്ടുചേഷ്ടകാട്ടി."

"ഓടിപ്പോയ് ജനലണവാനൊരുത്തി, മാല്യം
ചാടിപ്പോംപടിയുലയുന്നകേശപാശം
തേടിക്കൈയണകിലുമായതൊന്നു കെട്ടാൻ
കൂടിത്തൻകരളിൽനിന്നച്ചിടാതമട്ടിൽ"

ചേടിയ്ക്കുങ്ങണിയൽകഴിഞ്ഞുണക്കവാനായ്-
ക്കൂടിത്തെല്ലിടകിടയാതെകാൽവലിച്ചു്
ഓടിപ്പോയ്ജനൽവരെ നല്ലലക്തകച്ചാ-
റാടിക്കൊണ്ടടികരം പതിച്ചിതക്കൊരുത്തി

കാമം തന്നുടയ വലത്തുകണ്ണിൽമാത്രം
കാർമങ്ങും മഷിയെഴുതീട്ടു മറെറാരുത്തി
ആമട്ടജ്ജനലരികേ ശലാകയും ത-
ന്നോമൽക്കയ്ത്തളിരിൽ വഹിച്ചുചെന്നുനിന്നു

പോക്കിടംത്തൻ പുടവയഴിഞ്ഞതാത്തുകൈയാൽ
പൊക്കിടംക്കാളരണനിറംകൊടുത്തുതാങ്ങി
ലാക്കിൽ പോയൊരുവൾ മനോജ്ഞജാലമുള്ള-
ട്ടിക്കിൽ ചെന്നരിയൊരു കാഴ്ച്ച കണ്ടു നിന്നു

മുത്തന്നാരശനയതിന്നുപാതിന്തുലിൽ-
ക്കോർത്തപ്പോഴൊരുവൾ പിടഞ്ഞെണീററു മണ്ടി
അത്തവ്വാ മണികളടിയ്ക്കടിയ്ക്കു പോയി-
ട്ടത്തനവിരലതിൽ നൂലുമാത്രമായി.

ചേലാന്നാസവമണമോട്ട മേടതോറും
ലോലാക്ഷി ഭ്രമരമെഴും വധൂമുഖങ്ങൾ
ജാലാന്തങ്ങളിലിടതിങ്ങി മഞ്ജുകഞ്ജം-
പോലാരാലവകളെയന്നലങ്കരിച്ചു.

അക്കാർവേണികൾ വിഷയാന്തരത്തെയൊന്നും
നോക്കാതന്നജനെയുടൻ നുകർന്നുകണ്ണാൽ
അക്കാലം തൊഴിലിതരേന്ദ്രിയത്തിനെല്ലാം
നേക്കാകണ്ണിണയിലണഞ്ഞുവെന്നുതോന്നും.

കാണാത്തുഴിപർകൊതിതേടിയാലുമിന്നീ-
യേണാക്ഷിയ്ക്കുചിത മഹോത്സവം വരേച്ചു
ചേണാന്നാരമ ഹരിയെക്കണെകെ വേട്ടീ-
ടാനാമോ സദൃശനെയേവമല്ലയെന്നാൽ."

—ഓ. ര. വം.

അശ്വഘോഷ കൃതമായ ബുദ്ധചരിതത്തിലാകട്ടെ,

തതഃ കുമാരഃ ഖലുഗച്ഛതീതി
ശ്രുത്വാസ്ത്രിയഃ പ്രേഷ്യജനാൽ പ്രവൃത്തിം
ദിദൃക്ഷയാഹർമ്യതലാനിജഗ്മുർ-
ജനേനമാന്യേനകൃതാഭ്യനുജ്ഞാഃ

താഃ സ്രസ്ത കാഞ്ചീഗുണ വിഘ്നിതാശ്ച
സുപ്തപ്രബുദ്ധാകുല ലോചനാശ്ച
വൃത്താന്ത വിന്യസ്ത വിഭൂഷണാശ്ച
കൗതൂഹലേനാപിഭൃതാഃ പരീയുഃ

പ്രാസാദസോപാനതലപ്രണാദൈഃ
കാഞ്ചീരവൈർന്നൂപുരനിസ്വനൈശ്ച
വിത്രാസയന്ത്യോ ഗൃഹപക്ഷിസംഘാ-
നന്യോന്യവേഗാശ്ച സമാക്ഷിപന്ത്യഃ

കാസാഞ്ചിദാസാന്തു വരാംഗനാനാം
ജാതത്വരാണാമപി സോത്സുകാനാം
ഗതിം ഗുരുത്വാജ്ജഗൃഹുർവ്വിശാലാഃ
ശ്രോണീരഥാഃ പീനപയോധരാശ്ച

ശീഘ്രം സമർത്ഥാപിതുഗന്തുമന്യാ
ഗതിം നിജഗ്രാഹയയൗ ന തൂർണ്ണം
ഹ്രിയാ പ്രഗത്ഭാനി നിഗൂഹമാനാ-
രഹഃ പ്രയുക്താനി വിഭൂഷണാനി

പരസ്പരോൽപീഡനപിണ്ഡിതാനാം
സമ്മർദ്ദ സംക്ഷോഭിത കുണ്ഡലാനാം
താസാം തദാ സസ്വന ഭൂഷണാനാം
വാതായനേഷ്വ പ്രശമോബഭൂവ.

വാതായനേഭ്യസ്തുവിനിഃ സൃതാനി
പരസ്പരോപാസിതകുണ്ഡലാനി
സ്ത്രീണാംവിരേജുർമ്മുഖപങ്കജാനി
സക്താനി ഹർമ്മ്യേഷ്വിവ പങ്കജാനി

തതോവിമാനൈർയുവതീകലാപൈഃ
കുതൂഹലോദ്ഘാടിതവാതയാനേഃ
ശ്രീമൽസമന്താൽ നഗരംബഭാസേ
വിയദ്വിമാനൈരിവസാപ്സരോഭിഃ

വാതായനാനാമവിശാലഭാവാ-
ദന്യോന്യഗണ്ഡാർപ്പിതകുണ്ഡലാനി
മുഖാനിരേജുഃ പ്രമദോത്തമാനാം
ബദ്ധാഃ കലാപാഇവ പങ്കജാനാം

തസ്മിൻ കുമാരംപഥിവീക്ഷമാണാഃ
സ്ത്രീയോബഭുർഗാമിവഗന്തുകാമാഃ
ഊർദ്ധോന്മുഖാശ്ചേനമുദീക്ഷമാണാ
നരാബഭുർദ്യാമിവഗന്തുകാമാഃ

ദൃഷ്ട്വാപതംരാജസുതം സ്ത്രീയസ്താം
ജാജ്വല്യമാനം വപുഷാശ്രിയാച
ധന്യാസ്യ ഭാര്യേതി ശനൈരവോചൻ
ശുദ്ധൈർമ്മനോഭിഃ ഖലുനാന്യഭാവാൽ."

മേലുദ്ധരിച്ചവയിൽ കാളിദാസകൃതമായ പദ്യങ്ങളിൽ ആറാമത്തേതു ബുദ്ധചരിതത്തിലെ 9-ം 10-ം പദ്യങ്ങളുടെ നേർപകർപ്പായിരിക്കുന്നു എന്നാണു കോവെൽധാര പറയുന്നതു്. അശ്വഘോഷന്റെ വർണ്ണനാരീതിയാണു

കാളിദാസൻ കൈകൊണ്ടിരിക്കുന്നതെന്നും അദ്ദേഹം വിശ്വസിക്കുന്നു. ഈ രണ്ടു വർണ്ണനകളിലും രാജകുമാരന്മാരെ കാണ്മാൻ സ്ത്രീജനങ്ങൾ തിക്കിത്തിരക്കിക്കൂടി എന്നുള്ള ഒരേ ഒരു സംഗതിയിലല്ലാതെ, മററങ്ങും അത്ര വലിയ ഒരാശയസാമ്യം ഞാൻ കാണുന്നില്ല. വാതായനങ്ങളിലൂടെ വിവാഹഘോഷ യാത്രകൾ നോക്കിക്കാണുന്ന നാഗരികാംഗനമാരുടെ സംഖ്യ ഇക്കാലത്തും ദുർല്ലഭമല്ല. തെരുവുകളിൽ ഇറങ്ങി പ്രസ്തുത ഘോഷം കാണ്മാൻ തിക്കിത്തിരക്കുന്ന പുരുഷന്മാരും ഭാരതനഗരങ്ങളിൽ സുലഭമാണ്. കാളിദാസനും അശ്വഘോഷനും ഏതാദൃശങ്ങളായ മഹോത്സവങ്ങൾ കണ്ടും കേട്ടും പങ്കുകൊണ്ടും അറിഞ്ഞിട്ടുള്ളവരായിരിക്കുമെന്നുള്ളതിനും സംശയമില്ല. വാതായനങ്ങളിൽ സ്ത്രീജനങ്ങൾ തിക്കിക്കൂടി നിൽക്കുന്നതു കണ്ടാൽ അസംഖ്യം താമരകളെക്കൊണ്ടു അവ അലംകൃതങ്ങളോ എന്നു തോന്നിപ്പോകും. ഈ ഒരാശയം കാളിദാസൻേറയും അശ്വഘോഷൻേറയും വർണ്ണനയ്ക്കു വിഷയമായിട്ടുണ്ടു് എന്നു പൊതുവെ സമ്മതിക്കാം.

ഇവിടെ ഉദാഹരിച്ചിട്ടുള്ള രഘുവംശപദ്യങ്ങളെപ്പോലെതന്നെ ഇനി ഉദാഹരിക്കപ്പെടേണ്ടവയായ അനേകം പദ്യങ്ങളും രഘുവംശത്തിലുണ്ടു്. മാത്രമല്ല, ഇവയെല്ലാം ഏറക്കുറെ സാമ്യമുള്ള അനേകം പദ്യങ്ങളും, പദപ്രയോഗങ്ങളും, ആ കവിസാർവ്വഭൗമൻെറ മറെറാരുകൃതിയായ കുമാരസംഭവത്തിലും കാണാം. കുമാരസംഭവത്തിൽ കഥാനായകനായ കുമാരനേയും (സുബ്രഹ്മണ്യനേയും) രഘുവംശമണിദീപമായ രഘുവിനേയും കാളിദാസൻ വർണ്ണിക്കുന്നതു ഒരേ ആശയം ഉൾക്കൊള്ളുന്ന വിവിധപദ്യങ്ങളെ

കൊണ്ടാണെന്നുള്ള സംഗതിയും പ്രസ്താവാർഹമാകുന്നു. ഒരു കവി, തന്റെ ഒരു കൃതിയിൽ ഉപയോഗിച്ച അതേ ആശയങ്ങളെ ഈഷദ്വ്യത്യാസത്തോടുകൂടിയും, ചിലപ്പോൾ വ്യത്യാസലേശം കൂടാതേയും, ഇതരകൃതികളിലും പ്രദർശിപ്പിക്കുന്നതു സാധാരണമാകുന്നു. എന്തുകൊണ്ടു അദ്ദേഹം അങ്ങനെ ചെയ്യുന്നു എന്നു ആരെങ്കിലും ചോദിച്ചാൽ അതിനു സമാധാനം താദൃശങ്ങളായ ആശയങ്ങൾ അദ്ദേഹത്തിനു ഹൃദ്യങ്ങളും അപരിഹാര്യങ്ങളും ആണെന്നുള്ളതുകൊണ്ടുതന്നെ എന്നേ പറയാവതായിട്ടുള്ളു. അശ്വഘോഷന്റെ ഛായാപഹാരിയാണു കാളിദാസനെങ്കിൽ, അതു ധാരാളമായി ലജ്ജകൂടാതെ അദ്ദേഹം സഹൃദയ സമക്ഷം പ്രകടിപ്പിക്കയില്ലല്ലോ.

അശ്വഘോഷന്റെ ബുദ്ധചരിതം ആദ്യന്തം പരിശോധിച്ചു നോക്കുന്ന ഒരു സഹൃദയനു മനസ്സിലാക്കാവുന്ന യാഥാർത്ഥ്യങ്ങളിലൊന്നു, തൽകവിക്കു ഭാഷാപാണ്ഡിത്യം എത്രത്തോളമുണ്ടോ അതിനനുസരിച്ചുള്ള ആശയപ്രൗഢി ഇല്ലെന്നുള്ളതാകുന്നു. നല്ല നല്ല ആശയങ്ങൾ ഈ വിശിഷ്ടഗ്രന്ഥത്തിൽ ഇല്ലെന്നല്ല പറയുന്നതു്; പക്ഷേ അവയിൽ ഭൂരിഭാഗവും വാല്മീകി, വ്യാസൻ, കാളിദാസൻ എന്നിവരുടെ കല്പനാഭണ്ഡാരത്തിൽനിന്നു എടുത്തവയാണെന്നു മാത്രമേയുള്ളു. അശ്വഘോഷനുള്ള ഒരു സവിശേഷസാമർത്ഥ്യം, അന്യകവികളുടെ വിശിഷ്ടങ്ങളായ ആശയങ്ങൾ എടുത്തു അവസരോചിതം, അവയെ മററുള്ളവരുടെയല്ലെന്നു വായനക്കാർക്കു ദൃഢബോധം വരുമാറുവേണ്ട ഭേദഗതികൾ വരുത്തി പ്രയോഗിക്കുവാൻ

കഴിയും എന്നുള്ളതാകുന്നു. ഇവിടെ ഉദ്ധരിച്ച ബുദ്ധചരിതപദ്യങ്ങൾ അശ്വഘോഷന്റെ വർണ്ണനാചാതുര്യത്തിനു പ്രത്യക്ഷോദാഹരണമാകുന്നു. ഇവയിലെ ഒരാശയവും കാളിദാസന്റെ കൃതികളിൽ കാണുന്നതല്ല. കാളിദാസകൃതികളിൽ ചിന്നിച്ചിതറിക്കിടക്കുന്ന ആശയരത്നങ്ങളെ എടുത്തു അശ്വഘോഷൻ തേച്ചുമിനുക്കി സന്ദർഭോചിതം സ്വകൃതിയിൽ വിന്യസിക്കയാണു ചെയ്തിട്ടുള്ളതു്. ഇതു എത്രത്തോളം ശരിയാണെന്നു നമുക്കൊന്നു പരിശോധിക്കാം.

അശ്വഘോഷന്റെ 2-ാംമത്തെ പദ്യത്തിൽ, ആസക്തി നിമിത്തം സ്രസ്തകാഞ്ചീഗുണവിഹ്വലിതമാരായ സ്ത്രീകൾ അവരുടെ രത്നാഭരണങ്ങൾ സ്ഥാനം തെററി വിന്യസിക്കുന്നതാണല്ലൊ ചിത്രണം ചെയ്തിരിക്കുന്നതു്. ഇതേ വിധമുള്ള ഒരാശയംതന്നെ കാളിദാസകൃതമായ കുമാരസംഭവത്തിലും കാണുന്നുണ്ടു്. നോക്കുക:—

"യശ്ചാപ്സരോ വിഭ്രമമണ്ഡനാനാം
സമ്പാദയിത്രീംശിഖരൈർബ്ബിഭർത്തി
വലാഹകച്ഛേദവിഭക്തരാഗാ-
മകാലസന്ധ്യാമിവധാതുമത്താം."

(ആ പർവ്വതം വിഭ്രമനേപത്ഥ്യനിർവ്വഹണത്തിൽ അപ്സരസ്ത്രീകളെ തപരിപ്പിക്കുന്നതും മേഘഖണ്ഡങ്ങളിൽ സംക്രമിച്ച ചുവപ്പു നിറത്തോടുകൂടിയതുമായ കാവിമൺ പാറക്കൂട്ടത്തെ, അകാലസന്ധ്യയെപ്പോലെ ശിഖരങ്ങളെക്കൊണ്ടു ഭരിക്കുന്നു.)

—ഗദ്യകുമാരസംഭവം

ഈ പദ്യത്തിൽ ആഭരണങ്ങളുടെ വിപരീതവിന്യാസമാണു കാളിദാസൻ കാണിച്ചിട്ടുള്ളതു്. പക്ഷെ, സ്രസ്തകാഞ്ചീഗുണവിഘ്നം ഇതിൽ പ്രതിപാദിച്ചിട്ടില്ല. അതു കുമാരസംഭവം മൂന്നാംസർഗ്ഗത്തിൽ 55—ാമത്തെ പദ്യത്തിൽ കാണിക്കുകയും ചെയ്തിട്ടുണ്ടു്. നോക്കുക:—

"സ്രസ്താം നിതംബാദവലംബമാനാ
പുനഃ പുനഃ കേസരദാമകാഞ്ചീം
ന്യാസീകൃതാം സ്ഥാനവിദാസ്മരേണ
മൗർവ്വീം ദ്വിതീയാമിവകാർമ്മുകസ്യ"

[സ്ഥാനജ്ഞനായ കാമൻ കരുതിവെച്ചിട്ടുള്ള വില്ലിന്റെ മറെറാരു മൗർവ്വിയോ എന്ന ശങ്കയെ ജനിപ്പിക്കുന്നതും നിതംബത്തിൽനിന്നു അഴിഞ്ഞു താഴുന്നതുമായ ബകുളമാലയാകുന്ന കാഞ്ചിയെ കൂടെക്കൂടെ കൈകൊണ്ടുതാങ്ങിയും ....പർവ്വതരാജകന്യ സഖിമാരോടുകൂടി അവിടെ എത്തി.

—ഗദ്യകുമാരസംഭവം

അശ്വഘോഷൻ, സ്വപദ്യദ്വാരാ പ്രകടിപ്പിക്കുന്ന ദ്രുതഗതി, സന്ദർഭോചിതമായി തോന്നുന്നില്ല. രാജകുമാരന്റെ എഴുന്നള്ളത്തിന്നുള്ള ഒരുക്കങ്ങൾ തുടങ്ങിയിട്ടു വളരെനാളായി എന്നു 6-ം, 8-ം, 10-ം അടികളിൽനിന്നു വ്യക്തമാകുന്നുണ്ടു്. എഴുന്നള്ളത്തിന്നുള്ള സമയം വ്യവസ്ഥിതമായിരുന്നുവെന്നു 12-ാം വരികൊണ്ടു തെളിയുന്നു. 20, 22, 24 വരികളിൽനിന്നു രാജകുമാരന്റെ രഥം മന്ദംമന്ദം ചലിക്കുന്നുവെന്നു വിശദമാകുന്നുണ്ടല്ലൊ. (ശനൈഃ ശനൈഃ രാജപഥം ജഗാഹേ). പൗരന്മാർക്കു

ഈ സ്ഥിതിയിൽ ധൃതികൂട്ടേണ്ടുന്ന ആവശ്യം എന്താണെന്നാണു എനിക്കു മനസ്സിലാകാത്തതു്. ആബാലവൃദ്ധം നാഗരികർ അവരുടെ വസതികൾ വിട്ടു പുറത്തിറങ്ങി രാജകുമാരൻെറ പുരോഭാഗത്തിൽ സ്ഥിതി ചെയ്യുന്നു. അന്തസ്സും കുലീനതയുമുള്ള സ്ത്രീകൾ, ഗൃഹനായകന്മാരുടെ അനുമതിക്കായി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നുവെന്നു 14-ാം പദ്യത്തിൽ കാണുന്നു. കാര്യങ്ങൾ ഈ വിധമിരിക്കെ, അശ്വഘോഷൻ ജനങ്ങളെ തട്ടിയുണർത്തി പരിഭ്രമിപ്പിക്കുന്നതും സ്ത്രീജനങ്ങളെക്കൊണ്ടു രത്നാഭരണങ്ങളെ സ്ഥാനം തെററി അണിയിക്കുന്നതും വളരെ അസംഗതമായി തോന്നുന്നു. രാജകുമാരൻെറ എഴുന്നള്ളത്തു അർദ്ധരാത്രിക്കല്ലാതിരിക്കെ, ഇത്തരമൊരു വർണ്ണനയ്ക്കു എന്തൊരു പ്രസക്തിയാണുള്ളതെന്നു മനസ്സിലാകുന്നില്ല.

അശ്വഘോഷൻ വർണ്ണിക്കുന്നു, അനേകം സ്ത്രീജനങ്ങൾ പരസ്പരം കൂട്ടിമുട്ടുകയും, അവരുടെ കനകവലയങ്ങൾ പുറപ്പെടുവിക്കുന്ന ശബ്ദം കേട്ടു ഗൃഹസ്ഥുകങ്ങൾ ഭീതങ്ങളാകുകയും ചെയ്തുവെന്നു്.

ഇതേ ആശയത്തെത്തന്നെ കാളിദാസൻ രഘുവംശം 16-ാം സർഗ്ഗത്തിൽ 56-ാമത്തെ പദ്യത്തിൽ വിന്യസിച്ചിട്ടുണ്ടു്.

"സാതീരസോപാനപഥാവതാരാ-
ദന്യോന്യകേയൂരവിഘട്ടിനീഭിഃ
സനൂപുരക്ഷോഭപദാഭിരാസീ-
ദുദ്വിഗ്നഹംസാസരിദംഗനാഭിഃ"

(തർജ്ജമ)

"കരങ്ങളും ചേരുംവള്ള തമ്മിൽ മുട്ടി നൂ-
പുരം കിലുങ്ങിക്കടവിൽ കുളിക്കുവാൻ
ഇറങ്ങവേ ഹംസഗണത്തിനാംബു്ഭയം-
കരങ്ങളലോലാക്ഷികളങ്ങു ചേർത്തുതേ."

അശ്വഘോഷന്റെ വർണ്ണനയിൽ കാണുന്ന ദ്രുതഗതികൃത്രിമവും കാളിദാസന്റേതാകട്ടെ സ്വാഭാവികവും ആകുന്നു. ആവശ്യമോ ഔചിത്യമോ ഇല്ലാത്തിടത്തു അശ്വഘോഷൻ വർണ്ണനയ്ക്കുവേണ്ടി തിരക്കു ഉണ്ടാക്കുകയാണു ചെയ്യുന്നതു്. ഉചിതജ്ഞനായ കാളിദാസനാകട്ടേ വർണ്ണനയ്ക്കുവേണ്ടി അവസരം ഉണ്ടാക്കുന്നില്ല. അദ്ദേഹത്തിന്റെ കഥാനായകൻ കുശനാണു്. ആ വില്ലാളിയെ സരയൂനദിയിൽ ജലക്രീഡയ്ക്കു വിടുകയാണു കാളിദാസൻ ചെയ്യുന്നതു്. അപ്പോൾ ഇത്തരമൊരു ബഹളത്തിനു തീച്ചയായും സംഗതിയുണ്ടുതാനും.

ഇനി, അശ്വഘോഷന്റെ 4-ാമത്തെ പദ്യത്തിന്റെ അർത്ഥമെന്തെന്നു പര്യാലോചിക്കുക. ഉത്സുകന്മാരും, ജാതത്വരമാരുമായ വനിതമാർ, ശ്രോണിപയോധരങ്ങളുടെ വർദ്ധിച്ച ഭാരംകൊണ്ടു് അവരുദ്ദേശിക്കുന്നത്ര വേഗത്തിൽ പുരോഗമനം ചെയ്യുന്നതിനു കഴിവുണ്ടാകുന്നില്ല. ഈ ആശയം അശ്വഘോഷൻ കുമാരസംഭവം പ്രഥമസർഗ്ഗം 11-ാം പദ്യത്തിൽ നിന്നു എടുത്തതാണെന്നു താഴെ ഉദ്ധരിക്കുന്ന ശ്ലോകം വിശദമാക്കുന്നുണ്ടു്.

"ഉദ്വേജയത്യംഗുലിപാർഷ്ണിഭാഗാൻ
മാർഗ്ഗേശിലീഭൂതഹിമേƒപിയത്ര
നദ്വ്വഹശ്രോണിപയോധരാർത്താ
ഭിന്ദന്തി മന്ദാംഗതിമശ്വമുഖ്യഃ"

(ആ ഗിരിയിൽ ശ്രോണിപയോധരത്തിൻെറ ഭാരം കൊണ്ടു ബുദ്ധിമുട്ടുന്ന അശ്വമുഖികൾ അംഗുലി പാർഷ്ണി ഭാഗങ്ങളെ ക്ലേശിപ്പിക്കുന്നതും ഉറച്ചു കിടക്കുന്ന മഞ്ഞിൻെറ പാറക്കൂട്ടം നിറഞ്ഞുമിരിക്കുന്ന വഴിയിൽപ്പോലും മന്ദഗതിയെ ഉപേക്ഷിക്കുന്നില്ല.)

—ശല്യകുമാരസംഭവം.

ഇതുപോലെതന്നെ കുമാരസംഭവം 8-ാം സർഗ്ഗത്തിൽ 87-ാമത്തേതായിക്കാണുന്ന

e736

"ഊരുമൂലനഖമാർഗ്ഗരാജിഭി-
സ്തൽക്ഷണം ഹൃതവിലോചനോഹരഃ
വാസസഃ പ്രശിഥിലസ്യസംയമം
കുർവ്വതീം പ്രിയതമാമവാരയൽ."

(ഊരുമൂലനഖമാർഗ്ഗരാജികളാൽ പെട്ടന്നു ഹൃതവിലോചനനായ ഹരൻ, വാസസ്സിൻെറ ശൈഥില്യത്തെ സംയമം ചെയ്യുന്ന പ്രിയതമയെ തടഞ്ഞു.)

പ്രസ്തുത പദ്യത്തിലെ ആശയവും അശ്വഘോഷൻ അപഹരിച്ചിട്ടുണ്ട്.

അശ്വഘോഷൻെറ എട്ടാമത്തെ പദ്യത്തിലെ ആശയം, കാളിദാസകൃതമായ രഘുവംശം ആറാം സർഗ്ഗത്തിലെ പ്രഥമപദ്യത്തിലെ ആശയത്തിൻെറ രൂപാന്തരം മാത്രമാകുന്നു. നോക്കുക:—

"സതത്രമഞ്ചേഷു മനോജ്ഞവേഷാൻ
സിംഹാസനസ്ഥാനുപചാരവത്സു
വൈമാനികാനാംമരുതാമപശ്യ-
ദാകൃഷ്ട ലീലാന്നര ലോകപാലാൻ."

"അനവധി മണി മേട ചേൎന്ന സിംഹാ-
സനമണിയും നൃപരെന്ദ്രപുത്രൻ
മനസി രസമൊടാവിമാനമേറീ-
ടിനസുരർപോലവിടത്തിലന്നു കണ്ടു."

അശ്വഘോഷൻ പ്രകൃതത്തിൽ സ്ത്രീകളെയാണു വൎണ്ണിക്കുന്നതെന്നു മാത്രമേ വ്യത്യാസമുള്ളു.

ഈവിധത്തിൽ അനേകം ഉദാഹരണങ്ങൾ കാണിക്കാൻ സാധിക്കും. വിസ്തരഭയത്താൽ അതിന്നൊരുങ്ങുന്നില്ല. അശ്വഘോഷന്റെ ആശയങ്ങൾ സുന്ദരങ്ങളല്ലെന്നോ, അവ ഹൃദയാകർഷകങ്ങളല്ലെന്നോ നമുക്കു പറഞ്ഞുകൂടാ. പക്ഷേ, അവ കാളിദാസനാൽ ചുംബിതങ്ങളും സന്ദർഭസമുചിതങ്ങളല്ലാതെ അശ്വഘോഷനാൽ പ്രയുക്തങ്ങളുമാണെന്നേ ഇവിടെ പ്രസ്താവിക്കുന്നുള്ളു.

അശ്വഘോഷന്റെ 11-ാം പദ്യത്തിലെ അതേ ആശയം തന്നെയാണു കാളിദാസകൃതമായ കുമാരസംഭവം 7-ാം സൎഗ്ഗം 65-ാം പദ്യത്തിൽ നാം കാണുന്നതു്. നോക്കുക:—

സ്ഥാനേ തപോദുശ്ചരമേതദർത്ഥ-
മപൎണ്ണയാപേലവയാപിതപ്തം
യാദാസ്യമപ്യസ്യലഭേതനാരീ
സാസ്യാൽകൃതാർത്ഥാകിമുതാംഗശയ്യാം.

അശ്വഘോഷന്റെ സ്ത്രീകൾ പറയുന്നതു്, ശുദ്ധമനസ്സോടുകൂടിയാണു; അന്യഭാവംകൊണ്ടല്ല എന്നതു സന്ദേഹാസ്പദമായിരിക്കുന്നു. ഏതാദൃശാവസരങ്ങളിൽ ബുദ്ധചരിതപ്രണേതാവു പറയുന്നതുപോലുള്ള ശുദ്ധമനോഭാവം സ്ത്രീകൾ

കുണ്ടാകുന്നതു സംഭാവ്യമായിത്തോന്നുന്നില്ല. 'അസ്യഭാര്യാധന്യാ' എന്നു അശ്വഘോഷൻ പറയുന്നു. കാളിദാസൻ അതിൽ ഒരു പടികൂടി അപ്പുറം കടന്നു അസ്യദാസ്യമപി യാനാരീലഭേതസാകൃതാത്ഥാസ്യാൽ; അംഗശയ്യാംകിമുത?" എന്നു പോലും പറയിക്കുന്നു.

ഇവിടെയാണു കാളിദാസന്റെ ആശയസൌകുമാര്യത്തിനും, അശ്വഘോഷന്റെ ആശയവിശേഷത്തിനും തമ്മിൽ എന്തെന്തരമുണ്ടെന്നു വ്യക്തമാകുന്നതു്. പ്രഫസർ കോവേൽ എന്തു തന്നെ പറഞ്ഞാലും സഹൃദയന്മാർ മനസ്സിലാക്കും അശ്വഘോഷൻ കാളിദാസനെയാണു സർവാത്മനാ അനുകരിച്ചിട്ടുള്ളതെന്നു്. കാളിദാസന്റെ ആശയം അപഹരിച്ചു അതു മൌലികമെന്നാക്കിത്തീർക്കുവാൻ അശ്വഘോഷൻ അത്യധികം പ്രയത്നം ചെയ്തിട്ടുണ്ടെന്നുള്ളതു വാസ്തവം തന്നെ. എന്നാൽ ആ യത്നം, അദ്ദേഹം ഉദ്ദേശിച്ചതുപോലെ സഫലമായിട്ടില്ല എന്നതു പരിതാപകരമായ ഒരു പരമാത്ഥമാകുന്നു.

കാളിദാസകൃതങ്ങളായ ദൃശ്യകാവ്യങ്ങളിൽ ഒന്നാമത്തേതു മാളവികാഗ്നിമിത്രമാണല്ലോ. അതിലെ ഭരതവാക്യത്തിൽ

'ആശംസ്യമഭ്യധിഗമാൽപ്രഭൃതിപ്രജാനാം
സംപദ്യതേനഖലുഗോപ്തരിനാഗ്നിമിത്രെ'

ഇങ്ങനെ കാണുന്നു. കാളിദാസന്റെ ഇതരനാടകങ്ങളിൽ ഭരതവാക്യം ഏതെങ്കിലും ഒരു രാജാവിനെ ഉദ്ദേശിച്ചു് പ്രയോഗിക്കപ്പെട്ടുന്നില്ല. മാളവികാഗ്നിമിത്രത്തിലാകട്ടെ അഗ്നിമിത്രനെ മാത്രം എടുത്തു പറയുകയാണു ചെയ്തിട്ടുള്ളതു്.

അഗ്നിമിത്രൻ ഭരണാധികാരിയായിരിക്കെ പ്രജാരക്ഷ മാദിവൃദ്ധികൾക്കായി പ്രാൎത്ഥിക്കേണ്ട ആവശ്യമെന്തു്. ഇതിലെ 'അഗ്നിമിത്രേഗോപ്തരി' എന്ന സതി സപ്തമിപ്ര യോഗത്തിൽ നിന്നു കാളിദാസൻ ഈ രാജാവു ജീവിച്ചിരി ക്കുമ്പോഴാണു മാളവികാഗ്നിമിത്രം നാടകം രചിച്ചതെന്നു വിശദമാകുന്നുണ്ടു്. രണ്ടാമത്തു ഇതു ആശിസ്സ് രൂപത്തി ലുള്ളതല്ല.

വിക്രമോൎവ്വശീയത്തിലെ ഭരതവാക്യമാകട്ടെ,

"സർവ്വസ്തര തു ദുർഗ്ഗാണി
സർവ്വേഭദ്രാണി പശ്യതു
സർവ്വഃ കാമാനവാപ്നോതു
സർവ്വഃസർവത്രനന്ദതു"

ഇങ്ങനെയാണു്. ആദ്യത്തേതിൽ നിന്നു രണ്ടാമത്തേതിനു ള്ള മാററം എത്രത്തോളമാണെന്നു ശ്രദ്ധാലുക്കളും ചിന്തക ന്മാരുമായ വായനക്കാർ മനസ്സിലാകാതിരിക്കയില്ല.

മാളവികാഗ്നിമിത്രത്തിലെ ഭരതവാക്യപദ്യത്തിൽ ക്രിയ, വൎത്തമാനകാലവാചിയാകുന്നു അല്ലെങ്കിൽ സം പദ്യതേ എന്നതിനു പകരം കവി "സമ്പദ്യത" എന്നു പ്രയോഗിക്കുകയും ചെയ്യാതിരിക്കുകയില്ലല്ലോ. ഇതിൽ നി ന്നുവിശദമാകുന്നതു കാളിദാസൻ അഗ്നിമിത്രന്റെ സമകാ ലീനനായിരുന്നു എന്നാണു്.

'ആശാസ്യം സമ്പദ്യതെ'—ഒരുവൻ ആശിക്കുന്നതെ ന്തോ അതു ലഭിക്കുന്നു. ഈ പ്രയോഗവും മേൽക്കാണിച്ച അഭിപ്രായത്തെ ബലപ്പെടുത്തുന്നു. പോരെങ്കിൽ ഖല്വ എന്നും പ്രയോഗിച്ചിരിക്കുന്നു. ഇവയെല്ലാം ആലോചിച്ച

നോക്കുമ്പോൾ, സഭാവാസികളോടുള്ള ഒരു പോരിനുവിളിയാണു ഇതെന്നും, ഇങ്ങനെയുള്ള ഒരവസരത്തിൽ ഈത്തരം ഒരു പ്രാൎത്ഥന അനുവദനീയമല്ലെന്നും വാസ്തവമായും തോന്നിപ്പോകുന്നു. കാളിദാസൻ അഗ്നിമിത്രന്റെ അപദാനങ്ങളാൽ സമാകൃഷ്ടനെന്നു നമുക്കിതുകൊണ്ടു തീൎച്ചയാക്കാം.

അങ്ങനെയാണെങ്കിൽ അഗ്നിമിത്രന്റെ വിദ്വത്സദസ്സിലെ ഒരംഗമായി ബി. സി. രണ്ടാംശതകത്തിൽ ഈ കവി വിദിശയിൽ ജീവിച്ചിരുന്നിരിക്കണമല്ലൊ.

കാളിദാസൻ ക്രിസ്ത്വാബ്ദം 6-ാം നൂററാണ്ടിൽ ജീവിച്ചിരുന്നുവെന്നു ചില വിമർശകന്മാർ രഘുവംശമഹാകാവ്യത്തിലുള്ള

തത്രഹൂണാവരോധാനാം
ഭൎത്തൃഷുവ്യക്തവിക്രമം
കപോലപാടലാദേശി
ബഭൂവരഘുചേഷ്ടിതം" —iv—68.

(സ്വവിക്രമം കാന്തരിൽ നേക്കു കാട്ടി-
ക്കവിഠംകു ഹൂണാബലമാക്കശേഷം
അവിക്ഷതം ചോപ്പണിയിക്കുവോന്നായ്
ഭവിച്ചിതങ്ങോരഘുചേഷ്ടിതങ്ങൾ) ഭാ. ര. വം.

പ്രസ്തുതപദ്യത്തെ മുൻനിറുത്തി പ്രസ്താവിക്കുന്നു. രഘുമഹാരാജാവു ഹൂണന്മാരെ തോല്പിച്ചതാണല്ലൊ ഇതിലെ പ്രതിപാദ്യവിഷയം. ഹൂണവർഗ്ഗക്കാർ, ഈ മഹാകവിയുടെ കാലത്തു ഇൻഡ്യയിൽ അവരുടെ വമ്പിച്ച ശക്തി പ്രകടിപ്പിച്ചിരുന്ന സ്ഥിതിക്കു അവരേക്കൂടി രഘുപരാജയപ്പെടുത്തി എന്നു വർണ്ണിക്കുന്നതു നായകന്റെ ഉൽകൃഷ

ത്തിന്നു ഹേതുഭൂതമെന്നു വിശ്വസിച്ചിട്ടാണു് കാളിദാസർ ഇങ്ങനെ വർണ്ണിച്ചിട്ടുള്ളതു്. വാല്മീകിയാകട്ടെ ഹൂണരെ സ്വകൃതിയായ രാമായണത്തിൽ സ്വപ്നം കാണുക കൂടി ചെയ്യുന്നില്ല. ഹൂണന്മാർക്ക ഇന്ത്യയിൽ പ്രാബല്യമുണ്ടായതു ക്രിസ്തുവർഷം ആറാം ശതകത്തിലാകയാൽ മഹാകവിയുടെ കാലവും ഏതാണ്ടു ഈ നൂററാണ്ടിലായിരിക്കണംപോലും.

"ഛായാഹിഭൂമേഃ ശശിനോമലത്വേ-
നാരോപിതാശുദ്ധിമതഃ പ്രജാഭിഃ"

വിശുദ്ധനായ ചന്ദ്രന്റെ കളങ്കമാണു ഭൂമിയുടെ നിഴൽ (ഛായ) എന്നു ജനങ്ങൾ പറയുന്നു. ഗ്രഹണത്തെ സംബന്ധിച്ച ഈ വസ്തുത ആര്യന്മാർ അറിഞ്ഞിരുന്നില്ലെന്നും, ആര്യഭട്ടൻ ഗ്രീക്കപണ്ഡിതന്മാരിൽ നിന്നും ഗ്രഹിച്ച ഗ്രഹണ തത്വത്തെത്തന്നേയാണു അദ്ദേഹത്തിന്റെ പിൽക്കാലത്തു ജീവിച്ചിരുന്ന കാളിദാസൻ രഘുവംശത്തിൽ പ്രതിപാദിച്ചിരിക്കുന്നതെന്നും അതിനാൽ 5-ാം ശതകത്തിൽ ജീവിച്ചിരുന്ന ആര്യഭട്ടന്റെ പിൽക്കാലത്താണു് അതായതു് ഏറെക്കുറെ 6-ാം ശതകത്തിലാണു കാളിദാസൻ ജീവിച്ചിരുന്നതെന്നു വേറെ ചിലരും അഭിപ്രായപ്പെട്ടുന്നുണ്ടു്.

രണ്ടാമതായിപ്പറയുവാനുള്ളതു, ദണ്ഡനസമ്പ്രദായത്തെക്കുറിച്ചാകുന്നു. കൈവൎത്തകന്റെ കൈയിൽ രാജാവിന്റെ അംഗുലീയം ഇരിക്കുന്നതായി കണ്ടു പോലീസുകാർ അവനെ പിടികൂടുകയും, രാജാവു് അവനു വധശിക്ഷയല്ലാതെ മററൊന്നും വിധിക്കുന്നതല്ലെന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നു. നിയമത്തിന്റെ വളൎച്ചയിലുള്ള ഒരു പ്രത്യേക ഘട്ടത്തെയാണു ഈ പ്രതീക്ഷ വിശദമാക്കുന്നതെന്ന സംഗതി

സ്മരണീയമാകുന്നു. ഹൈന്ദവനിയമസംഹിതകളുടെ ചരിത്രപരമായ പുരോഗതിയിൽ ഇത്തരം സംഭവങ്ങളുടെ സ്ഥാനം എന്താണെന്നും ഏതുകാലത്താണെന്നും ചുഴിഞ്ഞു നോക്കുവാൻ തക്ക ക്ഷമാബലം വിമർശകന്മാൎക്കുണ്ടെങ്കിൽ 'കാളിദാസന്റെ' കാലനിൎണ്ണയത്തിനു അതു കൂടുതൽപ്രയോജനകരമായിരിക്കും.

ഇവിടെ ഒരു പൂൎവ്വപക്ഷം ഉണ്ടാകാം. കാളിദാസൻ ദുഷ്യന്തരാജാവിന്റെ കാലത്തുള്ള സംഭവങ്ങളെയായിരിക്കണമല്ലൊ ചിത്രണം ചെയ്തിരിക്കുക. ആ സ്ഥിതിക്കു നമ്മുടെ ശ്രമംകൊണ്ടു വെളിവാകുന്ന കാലം ദുഷ്യന്തന്റെ കാലമല്ലാതെ കാളിദാസന്റെ കാലമാകുന്നതെങ്ങനെ? ഇതിനൊരു സമാധാനം പറയേണ്ടതു അത്യാവശ്യമാണു്.

കവി തനിക്കു പരിചയമുള്ളതും, അതി പുരാതനവുമായ നിയമത്തെ പുരസ്കരിച്ചുകൊണ്ടാണു അവയെ നാടകത്തിൽ പ്രത്യക്ഷമാക്കുന്നതു്. അതു ദുഷ്യന്തന്റെ കാലത്തു നടപ്പിലിരുന്ന നിയമങ്ങളാകണമെന്നില്ല. പക്ഷെ കാളിദാസന്റെ കാലത്തു താദൃശനിയമങ്ങൾ നാട്ടിൽ നടപ്പിലിരുന്നു എന്നു ഇതുകൊണ്ടു് അൎത്ഥമാകുന്നുമില്ല. പക്ഷെ കാളിദാസന്റെ കാലനിൎണ്ണയത്തിനു ഏറെക്കുറെ ഈ ഗവേഷണഫലം അനുകൂലമായിരിക്കുമെന്നെ ഇവിടെ പറയുന്നുള്ളു.

ഹൈന്ദവനിയമ സംഹിതയെ വ്യാഖ്യാനിക്കുന്ന കൂട്ടത്തിൽ പ്രൊഫസർ ആപ്റ്റെ പറയുന്നതു ക്രിസ്തുവിന്റെ ജനനത്തിനു മുമ്പു് ഒരു വിധവയ്ക്കു് ഭൎത്താവിന്റെ സ്വത്തിന്മേൽ അധികാരാവകാശങ്ങൾ ഉണ്ടായിരുന്നില്ലെന്നുള്ളതാകുന്നു. മനു, ആപസ്തംബൻ, ബോധായനൻ, വസിഷ്ഠൻ എന്നിവർ

ഭർത്താവിന്റെ സ്വത്തിൽ വിധവയ്ക്കു അധികാരമേയില്ലെന്നു ഉറപ്പിച്ചുപറയുന്നു. നാരദനും, കാത്യായനനും, മേൽപ്പറഞ്ഞവരോടു അത്രതന്നെ യോജിക്കുന്നില്ല. അവർ പറയുന്നതു വിധവയ്ക്കു ജീവനാംശത്തിനുള്ള വക കൊടുക്കുവാൻ നിശ്ചയം ചെയ്തിരിക്കണം എന്നാണു്. ഗൗതമനും ബൃഹസ്പതിയും വിധവമാക്കു ഭർത്തൃസ്വത്തിൽ ഒരു വീതത്തിനു അവകാശമുണ്ടായിരിക്കണമെന്നാകുന്നു പറയുന്നതു്. സംഘലിഖിതത്തിന്റേയും യാജ്ഞവല്ക്യത്തിന്റെയും കാലമായപ്പോഴേക്കും വിധവയ്ക്കു് ഭർത്തൃസ്വത്തിൽ അവകാശമുണ്ടെന്നു വ്യവസ്ഥാപിതമായിക്കഴിഞ്ഞു എന്നാണു് നാം കാണുന്നതു്. ദുഷ്യന്തന്റെ കാലത്തു നടപ്പിലിരുന്നതായി കാളിദാസൻ പറയുന്ന നിയമവ്യവസ്ഥ, മനു, ആപസ്തംബൻ, ബോധായനൻ എന്നിവരെപ്പോലുള്ള ആദിമനിയമനിർമ്മാതാക്കളുടെ കാലത്തുള്ളതായിരുന്നു എന്നു തെളിയുന്നുണ്ടു്. ഇതുപോലെതന്നെ രത്നാപഹാരിയ്ക്കു മനുവും, ആപസ്തംബനും വധശിക്ഷ നൽകണമെന്നാണു വിധിക്കുന്നതു്. ബൃഹസ്പതിയാകട്ടെ ആ നിയമത്തെ ഒന്നു പരിഷ്കരിച്ചു പിഴയൊടുക്കിയാലും മതി എന്നു തീർച്ചപ്പെടുത്തി. ഇദ്ദേഹത്തിന്റെ കാലം ക്രിസ്ത്വാബ്ദം ഒന്നാം നൂററാണ്ടിലാണെന്നു വിദ്വാന്മാർ അഭിപ്രായപ്പെടുന്നു. ഗർഭസ്ഥശിശുവിനു പിന്തുടർച്ചാവകാശസ്ഥാപനം ചെയ്യുന്ന സ്മൃതികാരൻ വസിഷ്ഠൻ ഒരാൾ മാത്രമാകുന്നു. ഈ കാരണങ്ങളാൽ കാളിദാസൻ ശാകുന്തളം എഴുതിയതു വസിഷ്ഠനു മുമ്പാണെന്നു വിചാരിക്കുന്നതു യുക്തിയുക്തമായിരിക്കും.

ബുദ്ധമതത്തെ എതിർത്തു ബ്രാഹ്മണ്യത്തെ പുനഃപ്രതിഷ്ഠ ചെയ്യുന്നതിൽ ശാകുന്തളം യത്നിച്ചിരിക്കുന്നുവെന്നു

കാണാം. ജനകീയമായ ബുദ്ധമതത്തിന്റെ പ്രധാനാംശ ങ്ങളെ ശാകുന്തളം ശക്തിപൂർവ്വം സ്പർശിക്കയും അവയെ സംബന്ധിച്ചുള്ള ഔചിത്യാഭിമതം സഭാസമക്ഷം പ്രകാശിപ്പി ക്കുകയും ചെയ്യുന്നു. ബുദ്ധമതത്തിലെ ദർശനശാസ്ത്രത്തോട്ട ശാകുന്തളത്തിനു കർത്തവ്യമൊന്നും ഇല്ല. ആ മതത്തെ അ ന്യഥാ കരുതുന്ന ബൗദ്ധന്മാരുടെ ആചാരങ്ങളേയും വിചാര ങ്ങളേയും മാത്രമേ അദ്ദേഹം എതിർക്കുന്നുള്ളൂ. ആസ്തിക്യ ത്തെ സാരമായി ബാധിക്കുന്ന ജനകീയബുദ്ധമതം, ആ സ്ഥിതിയിലായതു എന്തുകൊണ്ടാണെന്നുള്ളതിനെക്കുറിച്ചാ ണു നമുക്കു പ്രധാനമായി ആലോചിക്കാനുള്ളതു്. പ്രത്യ ക്ഷത്തെ മാത്രം പ്രമാണമാക്കുന്നവയത്രേ ബുദ്ധമതാനുയാ യികൾ. ആസ്തിക്യത്തിനു പ്രമാണമായിട്ടുള്ളതു അനുമാനവു മാണു്. പ്രത്യക്ഷപ്രമാണത്തെ മുറുകെപ്പിടിക്കുകയും അ നുമാനപ്രമാണത്തെ അവജ്ഞാദൃഷ്ടികൊണ്ടു വീക്ഷിക്കുക യും ചെയ്യുന്നവരോട്ട ഈശ്വരാസ്തിക്യത്തെപ്പററി അധിക മൊന്നും പറയാതിരിക്കുകയാണു ഭേദം.

"യാമാഹുഃ സർവബീജപ്രകൃതിരിതി" (ഭൂതാളിയ്ക്കാ കെയേകപ്രകൃതി) എന്നീ പദങ്ങളാൽ കാളിദാസൻ ആദ്യ മായിത്തന്നെ ആസ്തിക്യസ്ഥാപനം ചെയ്തുകഴിഞ്ഞിരിക്കു ന്നു. പ്രത്യക്ഷപ്രമാണവാദികൾക്കും ഈ നിർവചനം നിഷേധിക്കാൻ നിർവാഹമില്ല. കാളിദാസൻ അനുമാ നപ്രമാണം മുൻനിറുത്തിക്കൊണ്ടാണു ആസ്തിക്യവിചാരം ചെയ്യുന്നതെന്നും വിശദമാകുന്നുണ്ടു്.

"പ്രത്യക്ഷാഭിസ്തനുഭിഃ പ്രപന്നസ്തവശഃ" എന്നുള്ളതു കൊണ്ടു ആസ്തിക്യം പൂർവാധികം വിശദമാക്കുകയാണു കാളിദാസൻ ചെയ്തിരിക്കുന്നതു്.

"സ്ഥിരഭക്തിയോഗസുലഭോ സ്ഥാണുഃ" എന്നതു ആസ്തികന്മാൎക്കു കർണ്ണാമൃതവുമാകുന്നു.

ഇവിടെ ഒരു വിവരണം നൽകുന്നതു നന്നായിരിക്കും. ബുദ്ധമതാനുയായികൾക്കും ആദ്വൈതാനുയായികൾക്കും ഇതു ഒരുപോലെ ബാധകവുമാകുന്നു. പുനർജ്ജന്മം, ബുദ്ധമതവും അംഗീകരിച്ചിട്ടുള്ള ഒന്നാണു്. ദുരന്തദുഃഖദമായ ഈ ഏൎപ്പാടു ഈശ്വരകാരുണ്യംകൊണ്ടു മാത്രമേ നാമാവശേഷമാക്കുന്നതാനും. കൎമ്മബന്ധച്ഛേദത്തിനുള്ള ശക്തിയും അവിടെയേയുള്ളു. അതുകൊണ്ടുതന്നെയാണു,

"മമാപിനക്ഷപയതു നീലലോഹിതഃ
പുനർഭവം പരിഗതശക്തിരാത്മഭൂഃ"

എന്നിങ്ങനെ നാടകാന്ത്യത്തിൽ പ്രാൎത്ഥിച്ചിട്ടുള്ളതും.

തപസ്യക്കു ഗൃഹത്യാഗം ആവശ്യമാണെന്നുള്ള തത്വം ബുദ്ധമതം ഉദ്ഘോഷിക്കുന്നതിനെ കാളിദാസൻ എതിൎക്കുന്നില്ല. തപസ്യകൂടാതെ ഈശ്വരപ്രസാദമോ, ഈശ്വരപ്രസാദമില്ലാതെ പുനർജ്ജന്മവിമോചനമോ ഉണ്ടാകുമെന്നു കാളിദാസൻ, പറയുന്നില്ല.

ഗൃഹസ്ഥനായിരുന്നുകൊണ്ടു ആൎക്കും തപശ്ചൎയ്യകൾ അനുഷ്ഠിക്കാമെന്നും കാളിദാസൻ സമൎത്ഥിക്കുന്നു. ഈ തത്വം വിശദമാക്കുവാനാണു അദ്ദേഹം ശാകുന്തളം വഴി ശ്രമിക്കുന്നതു്. കണ്വശിഷ്യൻ ദുഷ്യന്തനെ ദർശിച്ചു കൂട്ടുകാരനോടു പറയുന്നതു ഇതാണല്ലോ.

"അധ്യാക്രാന്താവസതിരമുനാപ്യാശ്രമേ സൎവ്വഭോഗ്യേ
രക്ഷായോഗാദയമപിതപഃ പ്രത്യഹം സഞ്ചിനോതി

അസ്യാപിദ്യാം സ്പൃശതിവശിനശ്ചാരണ ചന്ദ്രഗീതഃ
പുണ്യഃ ശബ്ദോ മുനിരിതിമുഹുഃ കേവലം രാജപൂർവഃ"

(തർജ്ജമ)

"ഇപ്പാരിൽ സാരസൗഖ്യാനുഭവ സുഭഗമാ-
മാശ്രമത്തിൽ പ്രവേശി-
ച്ചിപ്പോക്കും രക്ഷചെയ്യുന്നപചമയ മതിമാ-
ത്രംതപഃ സഞ്ചിനോതി
ഇപ്പോഴും ദ്യോവിലെത്തുന്നമര സമുദയം
പാടിയിപ്പുണ്യവാൻെറ 10518
ചെല്ലൊങ്ങും നാമധേയം മുഹുരപിമുനിരി
ത്യേവരാജോപസൃഷ്ടം".

ഈ പദ്യത്തിൽനിന്നു മേൽക്കാണിച്ച അഭിപ്രായം അക്ഷരം പ്രതി ശരിയെന്നു വിശദമാകുന്നുണ്ട്.

ഏഴാമങ്കത്തിൽക്കാണുന്ന

ആലക്ഷ്യദന്തമുകുളംനനിമിത്തഹാസൈ-
രവ്യക്തവർണ്ണരമണീയ വചഃ പ്രവൃത്തീൻ
അങ്കാശ്രയപ്രണയിനസ്തനയാൻ വഹന്തോ
ധന്യാസ്തദംഗരജസാ മലിനീ ഭവന്തി."

"ദന്താങ്കുരമകുരകാരണസ്മിതവശാ-
ലേതാനുമാലക്ഷ്യമായ്
ചെന്താർവേദിചെവിയ്ക്കു ചേർത്തുകളമാ-
യഞ്ചും മൊഴികൊഞ്ചലാൽ
സന്താനാഭരണങ്ങളാം തനയർ വ-
ന്നങ്കത്തിലേറീടവേ
ഹന്തം ലിംഗ്യതദംഗസംഗജ രജ-
സ്സേൽക്കുന്നു ധന്യം ജനം അ. ശാ.

പുത്രദർശനസുഖത്തെ അപേക്ഷിച്ചു ഇഹത്തിൽ മറെറാരു സുഖവും ഇല്ലെന്നു കാളിദാസൻ സമർത്ഥിക്കുന്നതിൽനിന്നു നാം മനസ്സിലാക്കുന്നതു ഗാർഹസ്ഥ്യജീവിതത്തിൻെറ പരിണാമരമണീയതയാകുന്നു.

പുത്രസ്പർശനത്തിൻെറ മാഹാത്മ്യത്തെ സ്പഷ്ടീഭവിപ്പിക്കുന്ന മറെറാരു പദ്യമാണു ശാകുന്തളം നമുക്കു നൽകിയിരിക്കുന്നതു്. നോക്കുക:—

"അനേനകസ്യാപി കുലാങ്കുരേണ
സ്പൃഷ്ടസ്യ ഗാത്രേഷു സുഖംമമൈവം
കാം നിവൃതിം ചേതസി തസ്യകുര്യാൽ
യസ്യായമംഗാൽ കൃതിനഃ പ്രരൂഢഃ"

ഭാഷ

"ഹന്തനൽകുന്നെനിക്കാരുടേയോ കിടാ-
വന്തരംഗത്തിലേവം സുഖസ്പർശനാൽ
എന്തനിർവ്വാച്യമായുള്ളൊരാനന്ദമ-
ത്തന്തയാകും മഹാധന്യനുണ്ടായിട്ടും?"

ഒരുവൻ പ്രപഞ്ചപരിത്യാഗം ചെയ്യുന്നതു അവൻെറ ആത്മസുഖത്തിനു വേണ്ടി മാത്രമാണെന്നും, അവനു പൂർവ്വന്മാരുടെ ചിന്ത ലേശം ഇല്ലെന്നും കാളിദാസൻ പ്രസ്താവിക്കുന്നു. എന്തൊരു സ്വാർത്ഥമാണു ഇതെന്നു നോക്കുക! അവൻെറ ആ കഥയില്ലായ്മയെ വിചിന്തനം ചെയ്തുകൊണ്ടു ദുഷ്യന്തൻ പറയുന്നു.

"അസ്മാൽപരംബതയഥാശ്രുതി സംഭൃതാനി
കോനഃ കുലേനിവ പനാനി നിയച്ഛതീതി
നൂനം പ്രസൂതി വികലേനമയാ പ്രസിക്തം
ധൗതാശ്രുശേഷ മുദകം പിതരഃ പിബന്തി

ഭാഷ

"ഹന്താമ്നായ വിധിപ്രകാരമുദിതശ്രാദ്ധം-
നമുക്കാരുപോൽ
സന്താനത്തിലിതിന്നു മേൽ നിവപനം-
നൽകീടുമെന്നിങ്ങനെ
ചിന്താമാന്ദ്യ പിതൃക്കളെപ്രസവനാ
മെന്നാൽ പ്രസിക്തം ജലം
സന്താപോഷ്മളബാഷ്പധാവന
സമുച്ഛിഷ്ടം കുടിക്കുന്നു ഹാ!"

പൂർവ്വികന്മാരുടെ കാര്യം അങ്ങനെ നില്ക്കട്ടെ. സ്വാർത്ഥത്തെ മുൻനിറുത്തി നോക്കുന്നതായാൽ തന്നെയും ഒരുവൻ സംസാരപരിത്യാഗം ചെയ്യുന്നതിനു മുമ്പായി രണ്ടു സംഗതി ചിന്തിച്ചേ കഴിയൂ. ഒന്നാമത്തു താൻ സന്യാസിയാകുന്ന പക്ഷം പൂർവ്വികന്മാർ സമാർജ്ജിച്ച ധനത്തിൻെറ രക്ഷ ഏതുവിധമായിരിക്കും? അതു അനർഹന്മാരെ പ്രാപിക്കും. ദുഷ്യന്തൻ ഈ സംഗതിയെ ഇങ്ങനെ വിശദമാക്കുന്നു:—

അന്യപത്യഃ കിലതപസ്വീ. കഷ്ടം ഖല്വനപത്യതാ........ ഏവംഭോ സന്തതിച്ഛേദ നിരവലംബാനാം കുലാനാം മൂലപുരുഷാവസാനേസമ്പദഃ പരമുപതിഷ്ഠന്തി. മമാപ്യന്തെ പുരുവംശ ശ്രീരകാല ഇവോപ്ത ബീജാ ഭൂരേവം വൃത്തഃ

(ഇങ്ങനെയല്ലെ സന്തതിച്ഛേദം ഹേതുവായിട്ടു നിരാശ്രയമായ ഐശ്വര്യം മൂലപുരുഷൻെറ അവസാനത്തിങ്കൽ അന്യനെ പ്രാപിക്കുന്നതു്? എൻെറ അവസാനത്തിങ്കൽ പൗരവംശലക്ഷ്മിയുടേയും കഥ ഇപ്രകാരമാകുമല്ലൊ.)

ഇവിടെ കവി ബുദ്ധമതാനുയായികൾക്ക് സമുചിതവും സ്വീകാര്യവുമായ ഒരു പ്രത്യുത്തരം നൽകുന്നുണ്ട്. ഒരുവൻ തനിക്കു പുത്രലാഭം ഉണ്ടായതിനു ശേഷം ശാക്യസിംഹൻ ചെയ്തതുപോലെ സന്ന്യാസം കൈക്കൊള്ളണം. ഇതു ഒരു നിയമമെന്നപോലെ മുറുകെ പിടിക്കുവാനാണു കാളിദാസൻ പറയുന്നതു്. നിങ്ങളെ ആശ്രയിച്ചു നിൽക്കുന്ന കുടുംബത്തിൻെറ രക്ഷാകർതൃത്വത്തെ നിങ്ങൾ ഏതു വിധമാണു കരുതുന്നതു്; നിങ്ങൾക്കു അവരെപ്പററി ഒരു കർത്തവ്യവും കരണീയമായിട്ടില്ലേ? ആത്മപരിത്യാഗം ബ്രാഹ്മണജീവിതത്തിൻെറ മാർഗ്ഗദർശക വ്യവസ്ഥയായിരിക്കണം. മററുള്ളവരെപ്പററി ചിന്തിക്കുവാൻ പഠിക്കുക. നിങ്ങളുടെ പുത്രനു അവനെ സ്വയംരക്ഷിക്കാനുള്ള കഴിവുണ്ടാകട്ടെ. അതിനുമേൽ നിങ്ങൾ എല്ലാം ത്യജിച്ചു കൊള്ളുക. ഇതാണു കണ്വൻ ശകുന്തളയ്ക്കു നൽകുന്ന ഉപദേശത്തിൽ നിഗൂഢമായിരിക്കുന്ന തത്വം. നോക്കുക:—

"ഭൂത്വാചിരായ ചതുരന്തമഹീസപത്നീ
ദൌഷ്യന്തിമപ്രതിരഥം തനയം നിവേശ്യ
ഭർത്താതദർപ്പിതകുടുംബഭരേണസാർദ്ധം
ശാന്തേകരിഷ്യസി പദം പുനരാശ്രമേഽസ്മിൻ."

ഭാഷ:—"ചിരായ ചതുരന്തയാം ധരണിതൻ സപത്നീഭവി-
ച്ചരാതികുലമാഥിനം തനയമാപ്യദുഷ്യന്തജം
ധരാഭരമവൻ വഹിക്കുമളവിൽ പ്രിയോപേതയായ്
വരാമിനിവസിക്കുവാനൊട്ടവിലെന്മകൾക്കിങ്ങുതാൻ."

ബുദ്ധമതാനുയായികൾ യാഗാദികർമ്മങ്ങൾ നിരർത്ഥകങ്ങളെന്നു അപലപിക്കുകയും, അവ ബ്രാഹ്മണരുടെ

ജീവിതോപായങ്ങളെന്നു പ്രലപിക്കുകയും ചെയ്യുന്നു. ഈ മിഥ്യാബോധത്തെ ആത്യന്തം തകൎക്കയാണു കാളിദാസൻ ചെയ്യുന്നതു്. നോക്കുക:—

"തവഭവതു വിഡൗജാഃ പ്രാജ്യവൃഷ്ടിഃ പ്രജാസു,
ത്വമപിവിതതയജ്ഞഃ സ്വർഗ്ഗിണഃ പ്രീണയസ്വ
യുഗശതപരിവൎത്താനേവമന്യോന്യകൃത്യൈ-
ൎന്നയതമുഭയലോകാനുഗ്രഹശ്ലാഘനീയൈഃ"

(ഭാവൽക്ക പ്രജകൾക്കു വൃഷ്ടിവഴിപോലു-
ണ്ടാക്കണം വാസവൻ
ദേവന്മാൎക്കു ഭവാനുമിഷ്ടിവിധിയാൽ സ-
ന്തുഷ്ടി നൽകീടണം
ഈ വണ്ണം ബഹുകാലമിങ്ങുഭയ-
ലോകാനുഗ്രഹശ്ലാഘ്യമാം
ഭാവത്തോടു വസിക്കണിങ്ങൾ സുഖ-
മായന്യോന്യസഖ്യാന്വിതം)

യോഗിമാരെ രക്ഷിക്കുവാൻ രാജാവു കടപ്പെട്ടിരിക്കുന്നതു എന്തുകൊണ്ടാണെന്നും അവൎക്കു അദ്ദേഹം എങ്ങനെ വിധേയനായിരിക്കുന്നുവെന്നും കാളിദാസൻ വിശദമാക്കി തരുന്നുണ്ടു്.

യദുത്തിഷ്ഠതിവൎണ്ണേഭ്യോ
നൃപാണാംക്ഷയിതദ്ധനം
തപഃ ഷൾ ഭാഗമക്ഷയ്യം
ദദത്യാരണ്യകാഹിനഃ"

ഭാഷ:—"നൃപന്മാൎക്കു മററുള്ളവൎണ്ണത്തിൽ നിന്നി-
ങ്ങുപാദീയമാനം ധനം നശ്വരം താൻ

തപസ്സാം ധനത്തിന്റെ ഷഷ്ഠാംശമല്ലോ
തരുന്നു നമുക്കക്ഷയം താപസന്മാർ"

ബുദ്ധമതാനുയായികളുടെ ദൃഷ്ടികൾ ബ്രാഹ്മണരിൽ എങ്ങനെ പതിഞ്ഞിരുന്നാലും, കാളിദാസൻ അവരെ സമുന്നതമായ ഒരു പദവിയിലാണു പ്രതിഷ്ഠിച്ചിട്ടുള്ളതെന്നു കാണാം. ഇതിനു ശാകുന്തളത്തിൽ അനേകം തെളിവുകൾ ഉണ്ട്. അവയിലൊന്നു,

"സരസ്വതി ശ്രുതിമഹതാം മഹീയതാം"

എന്നുള്ളതാകുന്നു. ബ്രഹ്മജ്ഞാനികളെ അനാദരിക്കുന്നതു്, അറിഞ്ഞുകൊണ്ടായാലും അറിയാതെകണ്ടായാലും ഒരുപോലെ ഭയങ്കരവും ആപൽകരവുമാണെന്നുള്ളതിനു ദുർവ്വാസാവിന്റെ ശാപം നിമിത്തം പീഡകൾ പലതും അനുഭവിക്കുന്ന ശകുന്തള ഒരു മതിയായ മാതൃകയാകുന്നു.

ബുദ്ധമതാനുയായികൾ അറിയേണ്ടതായ ചില സംഗതികളാണു ശാകുന്തളത്തിൽ നിന്നും ഇവിടെ എടുത്തു കാണിച്ചതു്. ബുദ്ധമതസാധാരണമായ കർമ്മപദ്ധതിയുടെ വിവരണവും അതുപോലുള്ള മററു പലേ സംഗതികളും തൈലബിന്ദുജലന്യായേന ശാകുന്തളത്തിൽ ചിന്നിച്ചിതറിക്കിടക്കുന്നുണ്ടെന്നുള്ളതു അവിതർക്കിതമാകുന്നു. ഇനി ശാകുന്തളത്തിലെ കഥാപാത്രങ്ങളെക്കുറിച്ചു ചിലതു നിരൂപിക്കാം.

---

# 4. കഥാപാത്രങ്ങൾ

ദുഷ്യന്തൻ:—

ശാകുന്തളം നാടകത്തിലെ പ്രധാന കഥാപാത്രം ഇദ്ദേഹമാണ്. ദുഷ്യന്തനിൽ കവി ഒരു രാജാവിൻേറയും സാധാരണ മനുഷ്യൻേറയും മാതൃക ചിത്രീകരിക്കുന്നുണ്ട്. കായികവും സാന്മാർഗ്ഗികവുമായ ആദർശമാണ കാളിദാസ ൻെറ ദുഷ്യന്തൻ.

അദ്ദേഹത്തിൻെറ കായികബലം സർവ്വാത്ഭുതമായിരു ന്നു. മഹർഷിമാരാകട്ടെ,

"നൈതച്ചിത്രംയദയമുദധിശ്യാമസീമാംധരിത്രീം
ഏകഃകൃൽസ്നാംനഗരപരിഘപ്രാംശുബാഹുർഭുനക്തി."

ഭാഷ

"ദംഭോളിപ്രതിമപ്രചണ്ഡഭുജനാമിദ്ദേഹമേകാകിയാ-
യംഭോരാശിപരീതയാംധരണിയെപ്പാലിപ്പതെന്തത്ഭുതം?"

ദുഷ്യന്തൻെറ സാരഥി, തൻെറ സ്വാമിയെ ശിവസ ദൃശനായി പരിഗണിക്കുന്നു. നോക്കുക:—

"കൃഷ്ണസാരേദദച്ചക്ഷു സ്ത്വയിചാധിജ്യകാർമ്മുകേ
മൃഗാനുസാരിണംസാക്ഷാൽ പശ്യാമീവപിനാകിനം"

ഭാഷ:— മൃഗമതിനെയുമാത്തചാപനാകും
ജഗദഭിവന്ദ്യ, ഭവാനെയും വിലോക്യ
മൃഗമനുഗതനാം പിനാകപാണിം
നഗപതിനന്ദിനിതൻ പതിംസ്മരാമി

ദേവന്മാർകൂടി ദുഷ്യന്തനെ നിരീക്ഷിച്ച അത്ഭുതാവിഷ്ടരായിത്തീരുന്നുണ്ടു്. അദിതി പറയുകയാണു്.

"സംഭാവനീയാനുഭാവാ അസ്യ ആകൃതിഃ"

ഏതു കായികവ്യഥയും സഹിക്കുവാൻ അദ്ദേഹത്തിനു ശക്തിയുണ്ടെന്നുള്ളതിനു

"രവികിരണസഹിഷ്ണുക്ലേശലേശൈരഭിന്നം"

എന്ന ഭാഗം മതിയായ തെളിവാകുന്നു.

"മധുരഗംഭീരാകൃതി"

"അഹോ, ദീപ്തിമതോപിവിശ്വസനീയതാസ്യവപുഷഃ"

"ഏവമുത്സുകോപിപ്രിയദർശനോദേവഃ"

"സ്ഥാനേ ഖലുപ്രത്യാദേശവിമാനിതാപി-
അസ്യകൃതേശകുന്തളാക്ലാമ്യതി"

മേൽ ഉദ്ധരിച്ച ഓരോ ഭാഗവും ദുഷ്യന്തന്റെ ബഹുമുഖമായ യോഗ്യതകളേയാണല്ലോ ചിത്രീകരിക്കുന്നതു്.

യുദ്ധനിപുണനായിരുന്നു കാളിദാസന്റെ ദുഷ്യന്തൻ. അദ്ദേഹം സംഭാഷണചതുരനായിരുന്നു എന്നുള്ളതിനു

"ചതുരംപ്രിയഞ്ചആലപൻപ്രഭാവവാനിവലക്ഷ്യസേ"

ഈ ഭാഗം മതിയായ തെളിവത്രേ.

കഥാനായകന്റെ സൂക്ഷ്മദൃഷ്ടിയും സവിശേഷം പ്രസ്താവാർഹമാകുന്നു. നോക്കുക:—

"നീവാരാഃശുകഗർഭകോടരമുഖഭ്രഷ്ടാസ്തരൂണാമധഃ"

(അന്തഃകീരങ്ങൾവാഴും ക്ഷിതിരുഹകുഹരം വിട്ടു വീണോരു ധാന്യം) എന്നും

"യദാലോകേസൂക്ഷ്മം വ്രജതിസഹസാതദ്വിപുലതാം"

"നോക്കുമ്പോൾ ചെറുതായവസ്തുവലുതായീടുന്നു മാത്രാന്തരേ" എന്നും

"ശൈലാനാമവരോഹതീവശിഖരാദുന്മജ്ജതാംമേദിനീ"

(പൊങ്ങിപ്പോരുന്ന ശൈലങ്ങളുടെ മുകളിൽനിന്നൂഴി താൻ താണിടുന്നോ) എന്നും ഉള്ള ഭാഗങ്ങൾ ഇതിനു ഉത്തമലക്ഷ്യങ്ങളാകുന്നു. പ്രകൃതികാമുകനാണു ദുഷ്യന്തൻ എന്നുള്ളതിനു താഴെ ഉദ്ധരിക്കുന്ന

"കാര്യാസൈകതലീനഹംസമിഥുനാസ്രോതോവഹാ-
[മാലിനി
പാദാസ്താമഭിതോനിഷണ്ണഹരിണാഗൗരീഗുരോഃപാവനാഃ
ശാഖാലംബിതവല്ക്കലസ്യചതരോർന്നിർമ്മാതുമിച്ഛാമ്യധഃ
ശൃംഗേകൃഷ്ണമൃഗസ്യവാമനയനംകണ്ഡൂയമാനാംമൃഗീം"

"അൻപിൽസൈകതലീനഹം
സമിഥുനാലേഖ്യാധുനീമാലിനീ
വൻപിൽചുററുമതിന്നു കുന്നു ഹിമവൽ-
പാർശ്വേമൃഗാധ്യാസിതം
കമ്പിൽ കല്പിതവല്ക്കമായ തരുവിൻ-
മൂലത്തിലായ്‌രങ്കുവിൻ
കൊമ്പിൽകണ്മുനചേർത്തുവെച്ചുരസിടും
മാൻപേടയും ലേഖ്യയാം"

പദ്യം സവിശേഷോദാഹരണമാകുന്നു. —അ. ശാ.

നല്ലൊരു ചിത്രകാരന്റെ നിലയിലാണു കാളിദാസൻ ശാകുന്തളത്തിൽ പ്രത്യക്ഷനാകുന്നതു്.

"ഏഷാരാജർഷേന്നിപുണതാജാനേ സഖീമേ
അഗ്രതോവർത്തതേ ഇതി"

ദുഷ്യന്തൻെറ ചിത്രകലാനൈപുണ്യം വിശദമാക്കാൻ ഇതിലും നന്നായി ഒരു വിവരണം നൽകുക സാദ്ധ്യമല്ല.

ദുഷ്യന്തന്റെ സദാചാരപരത പ്രശംസനീയമാകുന്നു. ദുഃഖിതരെ രക്ഷിക്കുന്നതിൽ അദ്ദേഹത്തിനുള്ള ശ്രദ്ധ അതിർകവിഞ്ഞതായിരുന്നു. ഈ യാഥാത്മ്യം നാടകകഥാപാത്രങ്ങളെക്കൊണ്ടു കാളിദാസൻ വിശദമാക്കാതിരുന്നിട്ടില്ല. നോക്കുക:—

"ആർത്തത്രാണായവഃ ശസ്ത്രം"

(ആർത്തരക്ഷക്കുവേണ്ടിയായുധക്രിയാ)

"ആർത്താനാം ഭയമപനേതുമാത്തധന്വാ"

(ഭക്തന്മാൎക്കഭയദാനത്തിനു ധനുസ്സേടുക്കും ദുഷ്യന്തൻ)

യാഗാദികൎമ്മങ്ങളിൽ വിഘ്നം വരുന്നതു ദുഷ്യന്തനു ദുസ്സഹമായിരുന്നു എന്നു

കുതോ ധൎമ്മക്രിയാവിഘ്നഃ
സതാം രക്ഷിതരിത്വയി" എന്നും

(തപസ്സിന്നേതും തടവില്ല ഞങ്ങളെ വിപത്തു തീൎത്തിങ്ങു ഭവാൻ ഭരിക്കവേ

"കിം താവൽ വ്രതിനാമുപോഢ താപസാം
വിഘ്നൈസ്തപോ ദൂഷിതം"

എന്നും ഉള്ള ഭാഗങ്ങളിൽ നിന്നു സ്പഷ്ടമാകുന്നു. ആത്മസുഹൃത്തിനു വേണ്ടി ഏതുവിധം ക്ലേശങ്ങളോടും മല്ലിടുന്നതിനു ദുഷ്യന്തൻ സന്നദ്ധനായിരുന്നു എന്നു അധോലിഖിതപദ്യം വായിച്ചാൽ വ്യക്തമാകാതിരിക്കയില്ല.

"സുഖപരസ്യ ഹരേരുഭയൈഃ കൃതം
വിദിതമുദ്ധൃത ദാനവ കണ്ടകം
തവശരീരധുനാനത പൂൎവ്വഭിഃ
പുരുഷകേസരിണശ്ച പുരാനകൈഃ

(രണ്ടു കൊണ്ടസുര കണ്ടക, ററി-
ട്ടുണ്ടർകോന്ന ദിവിസൗഖ്യ മഖണ്ഡം
പണ്ടുനീണ്ടനരസിംഹനഖൗഘം-
കൊണ്ടുമിന്നു തവ പത്രികൾ കൊണ്ടും)

ദയാലുവായ ഭർത്താവും വാത്സല്യ ഭരിതനായ പിതാവുമാണു കാളിദാസൻെറ ദുഷ്യന്തൻ. സൽക്കർമ്മ പരായണതയും, സുചേഷ്ടിത വിചിന്തനവും കറകളഞ്ഞ ഒരു ഹൃദയത്തെ ആ രാജാവിനു നൽകി. അധാർമ്മികങ്ങളോ അവമാന പൂർണ്ണങ്ങളോ ആയ ആശയങ്ങൾ ആ രാജരത്നത്തിൻെറ ഹൃദയത്തെ സ്പർശിക്കപോലും ചെയ്തിരുന്നില്ല. അദ്ദേഹത്തിൻെറ ചേതസ്സ് ഏതൊന്നിൽ തല്പരമാകുന്നുവോ അതു വിശിഷ്ടവസ്തുവായിരിക്കാനേ വഴിയുള്ളു എന്നത്രേ അദ്ദേഹം വിശ്വസിക്കുന്നതു്. എന്തുകൊണ്ടെന്നാൽ

"സതാംഹി സന്ദേഹപദേഷുവസ്തുഷു
പ്രമാണ മന്തഃകരണ പ്രവൃത്തയഃ"

(സത്തുക്കൾക്കവിചികിത്സിതങ്ങളിൽ
ചിത്തവൃത്തിയതു താൻ പ്രമാണമാം) എന്നായിരുന്നു അദ്ദേഹം പ്രസ്താവിച്ചതു്. മറെറാരവസരത്തിലും അദ്ദേഹം ശകുന്തളയെ ഉദ്ദേശിച്ചു

"പ്രത്യാദിഷ്ടാം കാമമക്കണ്വപുത്രീം
മത്യാമോക്കുന്നില ഞാൻ വേട്ടതായി
അത്യന്താർത്തി ഗ്രസ്തമാം കിന്തുചിത്തം
സത്യം താനേ പ്രത്യയിപ്പിച്ചിടുന്നോ?"

എന്നിപ്രകാരമാണല്ലൊ അഭിപ്രായപ്പെട്ടിട്ടുള്ളതു്!

ഒരുത്തമ യുഗപുരുഷനാണു കാളിദാസന്റെ ദുഷ്യന്തൻ.

ഇനി രജാവിൻെറ നിലയിലും നമുക്കു അദ്ദേഹത്തെ ഒന്നു വിമർശിച്ചു നോക്കാം.

ദുഷ്യന്തൻ എതിരാളിയായ ഒരു രാജാവിൻെറ നില നില്പിൽ കുതുകിയല്ല.

"ഉദധി ശ്യാമ സീമാം ധരിത്രീമേകഃ
കൃത്സ്നാം നഗര പരിഘ പ്രാംശു ബാഹുർഭുനക്തി"

ശിഷ്ടരക്ഷണത്തിലും ദുഷ്ടശിക്ഷണത്തിലും ദുഷ്യന്ത മഹാരാജാവു ശ്രദ്ധാലുവായിരുന്നു.

"നിയമയസി കുമാർഗ്ഗ പ്രസ്ഥിതാനാത്തദണ്ഡഃ
പ്രശമയസിവിവാദം കല്പസേ രക്ഷണായ"
(ഭുവിഖല ജനശിക്ഷക്കായി നിത്യാഭിയുക്തോ
ഭവസി കലഹശാന്തിയ്ക്കായി രക്ഷയ്ക്കുമായി)

സാമ്രാജ്യത്തെ സ്വകുടുംബമായിട്ടും സാമ്രാജ്യനിവാസികളെ കുടുംബാംഗളായിട്ടുമാണു ദുഷ്യന്തനൃപാലൻ പരിഗണിച്ചിരുന്നതു്.

"പ്രജാഃ പ്രജാസ്സ്വാ ഇവതന്ത്രയിത്വാ
നിഷേവതേഽശാന്ത മനാവിവിക്തം"
(പ്രജകൾക്കു നിജ പ്രജകൾക്കു സമംകൃതഭവ്യവിധിഃ
ഭജതെ വിജനം ഭവനംകൃതകൃത്യതയോടധുനാ)
യേന യേന നിയുജ്യന്തേ പ്രജാസ്സ്നിഗ്ദ്ധനബന്ധുനാ
സസപാപാദൃതേതാസാം ദുഷ്യന്തഇതിഘുഷ്യതാം"
(ഇഷ്ടജനം ദിഷ്ട വശേനകഷ്ടം
നഷ്ടപ്പെട്ടുന്നോതൊരുവർക്കുവെക്കു്"

ദുഷ്ടതചമില്ലാത്തവിധത്തിലായാം
ദുഷ്യന്തനെന്നങ്ങുവിളിച്ചുചൊൽക.)

രാജ്യകാര്യങ്ങളെ സചിവായത്തങ്ങളാക്കി രാജധാനിയിൽ വസിച്ചു സുഖാനുഭൂതികൾ ആശ്രയിക്കയല്ല അദ്ദേഹം ചെയ്തിട്ടുള്ളതു്. നോക്കുക:—

"വേത്രവതി, മദ്വചനാദമാത്യമാര്യപിശുനം ബ്രൂഹി ചിര പ്രബോധാന്നസംഭാവിതമസ്മാഭിർധർമ്മാസനമധ്യാസിതും. യൽപ്രത്യവേക്ഷിതം പൗരകാര്യമാര്യേണ തൽ പത്രമാരോപ്യദീയതാമിതി "(വേത്രവതി, ഇന്നു ഉറക്കച്ചടവു കൊണ്ടു കാര്യങ്ങൾ കേൾക്കുന്നതിനു ഞാൻ ആസ്ഥാനമണ്ഡപത്തിൽ വരുന്നില്ല. അതിനാൽ ഞാൻ തീർച്ച ചെയ്യാനുള്ള കാര്യം ഏതെങ്കിലും ഉണ്ടായിരുന്നാൽ അതിനെ എഴുത്തുമുഖേന അറിയിച്ചു കൊള്ളണമെന്നു ഞാൻ പറഞ്ഞിരിക്കുന്നതായി അമാത്യൻപിശുനനോടു പറയണം) ഉദ്യോഗസ്ഥന്മാർ നാട്ടിൻപുറങ്ങളിൽ എന്തു ചെയ്യുന്നു എന്നു സസൂക്ഷ്മം അറിയുവാൻ ദുഷ്യന്തമഹാരാജാവും ഉത്സുകനായിരുന്നു എന്നതിനു ശാകുന്തളത്തിൽനിന്നും തെളിവെടുക്കാം. എന്താണു അങ്ങു ആശ്രമത്തിൽ സന്നിഹിതനായതെന്നു അനസൂയ ചോദിക്കുമ്പോൾ ദുഷ്യന്തൻ അരുളിച്ചെയ്യുന്നതു ഈ വിധമാണല്ലോ.

"യഃ പൗരവേണരാജ്ഞാധർമ്മാധികാരേ നിയുക്തഃ സോയം അവിഘ്നക്രിയോപലംഭായധർമ്മാരണ്യമിദമായാതഃ"

ആ രാജാവിന്റെ ഭരണകാലത്തു എല്ലാം ശരിയായി നടന്നിരുന്നു എന്നതിനു

"നകശ്ചിദപണ്ണാനാമപഥമപകൃഷ്ടോപിഭജതേ."
ഈ ഭാഗം ശരിയായ സാക്ഷ്യം വഹിക്കുന്നുണ്ടല്ലോ.

മനഃസാക്ഷിയെ മുൻനിറുത്തിക്കൊണ്ടു സ്വാതന്ത്ര്യവും നിരുപദ്രകരവുമായ നിലയിൽ അദ്ദേഹം രാജ്യപരിപാലനം ചെയ്തിരുന്നു. ഒന്നുരണ്ടവസരങ്ങളിൽ ദുഷ്യന്തൻ കിംകർത്തവ്യതാവിമൂഢനായി കാണപ്പെടുന്നുണ്ടു്. ആ അവസരങ്ങളിലെല്ലാം കാളിദാസൻ അദ്ദേഹത്തെ മനഃസാക്ഷി മാനിച്ചു കർത്തവ്യം നിർവ്വഹിക്കാൻ സന്നദ്ധനാക്കുകയാണു ചെയ്തിട്ടുള്ളതു്. തന്മൂലം അദ്ദേഹം വിജയശ്രീലാളിതനാകുകയും ചെയ്തു.

ദുഷ്യന്തന്റെ പ്രജകളിൽപ്പെട്ട ഒരു കോടീശ്വരൻ പരലോകഗതനായി. അദ്ദേഹത്തിന്റെ സ്വത്തുക്കൾ കണ്ടുകെട്ടണമെന്നു അമാത്യൻ രാജാവിനെ അറിയിക്കുന്നു. ഉടനെ രാജാവു പരേതന്റെ പത്നിമാരിൽ ഒരാൾ ഗർഭം ധരിച്ചിട്ടുണ്ടെന്നുള്ള കേൾവി എത്രത്തോളം സൂക്ഷ്മമാണെന്നു അന്വേഷിച്ചു റിപ്പോർട്ടു ചെയ്യാൻ അധികൃതന്മാരോടാജ്ഞാപിക്കയാണു ചെയ്യുന്നതു്. ഇന്നത്തെ കോടതികൾ ഇതു കേൾക്കുമ്പോൾ തീർച്ചയായും ദുഷ്യന്തനെ പരിഹസിക്കാതിരിക്കയില്ല. കോടീശ്വരന്റെ ഭാര്യ യഥാകാലം പ്രസവിച്ചു ആൺ കുട്ടിയുണ്ടായി "മേജരായി" അവകാശവാദം പുറപ്പെടുവിക്കുമ്പോൾ ആലോചിക്കാമെന്നേ അവർ പറയുകയുള്ളൂ.

കണ്വപുത്രി, രാജാവിനേക്കാൾ കുലശീലാദിഗുണങ്ങളുള്ളവൾ; അനുപമലാവണ്യം കൊണ്ടു ശോഭിക്കുന്ന തരുണീരത്നം; രാജദാരങ്ങളെന്ന നിലയിൽ ബന്ധുജനങ്ങളാൽ

ആനീത; കാര്യം ഇങ്ങനെയെല്ലാമാണെങ്കിലും അവളെ താൻ വിവാഹം ചെയ്തതായി ദുഷ്യന്തൻ ഓർക്കുന്നില്ല. പക്ഷെ അവളുടെ സൗന്ദൎയ്യം അദ്ദേഹത്തിന്റെ മനസ്സിനെ ഉലയ്ക്കാതിരിക്കുന്നില്ല.

ഇദമുപനതമേവംരൂപമക്ലിഷ്ടകാന്തി
പ്രഥമ പരിഗൃഹീതം സ്യാന്നവേതിവ്യവസ്യൻ
ഭ്രമരഇവവിഭാതേകുന്ദമന്തസ്തുഷാരം
ന ഖലുസപദിഭോക്തും നൈവശക്നോമിഹാതും"

(കൊണ്ടാടത്തക്കരൂപം തടിദമുപനതം
പണ്ടുഞാൻസ്വീകരിച്ചി-
ട്ടുണ്ടാമോയില്ലയോയെന്നനധിഗത-
പരിച്ഛേദനായിട്ടിദാനീം
കണ്ടെത്തി പ്രാതരാരാദഭിനവമിഹികാ-
ഗർഭമാം കുന്ദപുഷ്പം
വണ്ടത്താൻപോൽ ഗ്രഹിക്കുന്നതിനുമതുതെനി-
ക്കിന്നുപേക്ഷിപ്പതിന്നും")

ശകുന്തളപറയുന്നു ദുഷ്യന്തൻ ഗാന്ധൎവ്വമായി തന്നെ ഉദ്വഹിച്ചു എന്നു്. ആ പരമാൎത്ഥം മുനിശിഷ്യന്മാരിൽ ഒരാളും ശകുന്തളയുടെ സഖിയും സാക്ഷികളായി നിന്നു സമൎത്ഥിക്കുന്നു. ശകുന്തളയെ പത്നിയെന്ന നിലയിൽ അംഗീകരിക്കുന്നതിൽ ഒരു കലാപത്തിനും മാൎഗ്ഗമില്ലാതാനും. എന്നിട്ടും ദുഷ്യന്തൻ അവളെ തിരസ്കരിക്കുന്നതു അദ്ദേഹത്തിന്റെ മനഃസാക്ഷിയുടെ പ്രചോദനത്താൽ മാത്രമാകുന്നു.

ബന്ധുജനം ശകുന്തളയെ രാജധാനിയിൽ വിട്ടുകൊണ്ടു പോകാൻ ഭാവിക്കുന്നതു കണ്ടപ്പോഠം ദുഷ്യന്തനാകട്ടെ,

"ഭോഃ കിമത്ര ഭവതീം വിപ്രലഭസേ
കമുദാന്യേവ ശശാങ്കഃ
സവിതാ ബോധയതിപങ്കജാന്യേവ
വശിനാംഹി പരപരിഗ്രഹ-
സംശ്ലേഷപരാങ്മുഖീവൃത്തിഃ
(അശിശിരകരനംഭോജാളിയെത്താനജസ്രം-
ശശികമുദിനിയെത്താനുല്ലസിപ്പിച്ചിടുന്നു.
വശികരം പരകളത്രത്തോടുചേരാതെതന്നെ-
നിശിതമതികരം നിത്യം വാണിടും കേണിടാതെ)

എന്നിങ്ങനെ പറഞ്ഞു സാഭിമാനം വംശധമ്മത്തിൽ അടിയുറച്ചുനിൽക്കുകയാണല്ലോ ചെയ്യുന്നത്".

"വയസ്യ നപരിഹാര്യേ വസ്തുനി പൗരവാണാംമനഃ
പ്രവത്തതേ വിനിപാതഃ പൗരവൈഃ-
പ്രാത്ഥ്യതേഇതി ന ശ്രദ്ധേയമേതൽ"

(അപരിഹാര്യമായ വസ്തുവിൽ പൗരന്മാരുടെ മനസ്സു പ്രവത്തിക്കുന്നു. പൗരന്മാരാൽ ധമ്മഭ്രംശം പ്രാത്ഥിക്കപ്പെടുമെന്നുള്ളതു വിശ്വാസയോഗ്യമല്ലല്ലോ.)

നോക്കുക ദുഷ്യന്തന്റെ മനോഭാവം!

കണ്വൻ.

ചില സംഗതികളിൽ കണ്വദുഷ്യന്തന്മാക്കു ഒട്ടേറെ സാമ്യം കണുന്നുണ്ടു്. ഗാന്ധവ്വവിവാഹത്തെ മഹഷിയും സാധുവാൽകരിക്കുന്നുണ്ടു്. സർവദമനനെ കാണുമ്പോളാണു തന്റെ പിൻഗാമിയായി വംശത്തെ അലംകരിക്കാൻ ഒരു പുത്രനില്ലാതെ വന്നതിനെകുറിച്ചു ദുഷ്യന്തൻ ആക്രോശിക്കുന്നതു്. കണ്വനു ശകുന്തളയെക്കുറിച്ചും ഏതാദൃശമായ ഒരു മനോഭാവമാണുണ്ടാകുന്നതു്. പക്ഷേ കണ്വൻ വളത്ത-

ച്ഛനും, ദുഷ്യന്തൻ സർവദമനനു ജന്മഹേതുകനും ആണെന്നൊരു വ്യത്യാസമുണ്ട്.

മഹർഷി എന്നനിലയിൽ ശകുന്തളയുടെ ഭാവി എന്തായിരിക്കുമെന്നു കണ്വൻ അറിഞ്ഞിട്ടുണ്ട്.

"തപഃപ്രഭാവാൽ പ്രത്യക്ഷം സർവ്വമേവ തത്ര ഭവതഃ........
........അതഃ ഖലു മമ നാതിക്രുദ്ധോമുനിഃ............

ശകുന്തളയെ ഭർത്തൃസന്നിധിയിലേക്കയക്കുന്ന അവസരത്തിൽ കണ്വൻ അനുഭവിക്കുന്ന അസ്വാസ്ഥ്യം നിസ്സീമമാകുന്നു.

"അനസൂയേ, ഗതവതീ വാം സഹധർമ്മ ചാരിണീ"
(അനസൂയേ, നിങ്ങളുടെ ഒരുമിച്ചു കളിച്ചുനടക്കുന്നവൾ പോയി.)

എന്നു അദ്ദേഹം പരിതപിക്കുന്നു. ഇതിലെ ഗതവതീ ശബ്ദം സവിശേഷം ചിന്ത്യമാകുന്നു. കണ്വന്റെ വാത്സല്യപ്രകൃതി താഴെ ഉദ്ധരിക്കുന്ന വരികളിൽനിന്നു വിശദമാകുന്നുണ്ട്.

"ശമമേഷ്യതിമമശോകഃ
കഥംനുവത്സേ, ത്വയാരചിതപൂർവം
ഉടജദ്വാരി നിരൂഢം
നീകാരബലിംവിലോകയതഃ"

(ഭവത്യാ കൃതപൂർവംമേ
ഭവനദ്വാരരൂഢമാം
നീവാരബലി കാണുമ്പോൾ
കോവാവത്സേശമഃ ശുചഃ) എന്നും

"ഗഛ! ശിവാസ്തേ പന്ഥാനഃ സന്തു" (പോകു. മാർഗ്ഗങ്ങളിൽ നിനക്കു മംഗളം ഭവിക്കട്ടെ)

എന്നും ഉള്ള ഭാഗങ്ങൾ സഹൃദയന്മാൎക്ക ഒരിക്കലും മറക്കാൻ കഴിയുന്നവയല്ല.

കണ്വൻ ഈ നിലയിലും ഒരു ഗൃഹസ്ഥനെന്നപോലെ തന്നെ അത്രമാത്രം ശോച്യനായി കാണപ്പെടുന്നില്ല. ഒരു യോഗിയുടെ സ്ഥിതി എന്തെന്നു അറിയാതിരിക്കയും ചെയ്യുന്നില്ല. താൻ അനുഭവിക്കുന്ന ക്ലേശത്തിന്റെ പ്രകൃതി അദ്ദേഹം വ്യക്തമായി കാണുകയും, അതിനെ വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ശകുന്തളയുടെ വേർപാടു തനിക്കെന്താണു അത്രയധികം ദുസ്സഹമായിരിക്കുന്നതെന്നു കണ്വൻ ആശ്ചര്യപ്പെടുന്നു. അദ്ദേഹം പറയുന്നു,

"യാസ്യത്യദ്യ ശകുന്തളേതി ഹൃദയം സംസ്പൃഷ്ടമുൽകണ്ഠയാ
കണ്ഠസ്തംഭിതബാഷ്പവൃത്തികലുഷശ്ചിന്താജഡം ദൎശനം
വൈക്ലബ്യം മമതാവദീദൃശമഹോ സ്നേഹാദരണ്യൗകസാം
പീഡ്യന്തേ ഗൃഹിണഃ കഥംനുതനയാവിശ്ലേഷ
[ദുഃഖൈൎന്നവൈഃ"

(തൎജ്ജമ)

"പോകുമെൻ മകൾ ശകുന്തളാദ്യപാരമേവമുൽ
[കലിതയാ മനസ്സാകുലം ഗളനിരുദ്ധബാഷ്പകലുഷം വിഷാദജഡമീക്ഷണം,
ശോകമീദൃശമരണ്യവാസി മുനിയാമെനിയ്ക്കുമഭിമാനജം
ഹാ!കഥം ഗൃഹികളാത്മജാവിരഹപീഡയെ
[പ്പരിഹരിച്ചിടും?" എന്നു്.

ലൗകികകാൎയ്യങ്ങളിൽ പരിപൂൎണ്ണപരിചയം സിദ്ധിച്ച ഒരു മഹാത്മാവായിട്ടാണു കാളിദാസൻ കണ്വനെ ചിത്രീകരിക്കുന്നതു്.

"വനൗകസോപി ലൗകികജ്ഞാവയം"

ശകുന്തളയ്ക്കു കണ്വൻ നൽകുന്ന ഉപദേശവും ദുഷ്യന്തനു ശിഷ്യൻവഴി അയക്കുന്ന സന്ദേശവും അദ്ദേഹത്തിനു ലോകപരിചയം എത്രമാത്രം ഉണ്ടെന്നുള്ളതിനു പ്രത്യക്ഷോദാഹരണങ്ങളാകുന്നു. നോക്കുക:—

"ശുശ്രൂഷസ്വ ഗുരൂൻ കുരു പ്രിയസഖീവൃത്തിം സപത്നീജനേ
ഭർത്തുർവ്വിപ്രകൃതാപി രോഷണതയാ മാസ്മ പ്രതീപംഗമഃ
ഭൂയിഷ്ഠം ഭവ ദക്ഷിണാ പരിജനേ ഭാഗ്യേഷ്വനുത്സേകിനീ
യാന്ത്യേവം ഗൃഹിണീപദം യുവതയോ വാമാഃ കുലസ്യാധയഃ

(തർജ്ജമ)

"ഭക്ത്യാ സേവിക്ക പൂജ്യാൻ മരുവുക സഖിയെ-
പ്പോൽ സപത്നീജനത്തിൽ
ഭർത്താവിൻ വിപ്രിയം ചെയ്യരുതു നികൃതയെ-
ന്നാകിലും കോപമൂലം
അത്യന്തം ഭൃത്യരിൽ വാഴ്ക സരളത-
യെഗർവ്വമുത്സൃജ്യ ഭോഗേ-
ഷ്വിത്ഥം സ്ത്രീകൾ ഭവിക്കുന്നിതു ഗൃഹണികളാ-
യന്യഥാ ഗേഹബാധാഃ"

അതുപോലെതന്നെ ദുഷ്യന്തനു നല്കുന്ന

"അസ്മാൻ സാധുവിചിന്ത്യ സംയമ-
ധനാനുച്ചൈഃ കുലഞ്ചാത്മന-
സ്ത്വയ്യസ്യാഃ കഥമപ്യബാന്ധവകൃതാം-
സ്നേഹപ്രവൃത്തിഞ്ചതാം
സാമാന്യപ്രതിപത്തി പൂർവ്വകമിയം-
ദാരേഷു ദൃശ്യാ ത്വയാ
ഭാഗ്യായത്തമതഃ പരം നഖലു-
തദ്വാച്യം വധൂബന്ധുഭിഃ"

(തർജ്ജമ)

(നന്നായോക്ക ജനം തപോധനമിമം-
ചൊല്ലാന്ന നിൻവംശവും
തന്നാൽപ്രേരണയെന്ന്യെ നിന്നിലവൾ-
താനപ്പിച്ചോരാ പ്രേമവും
ഒന്നായ് ഗ്രാഹ്യ പരിഗ്രഹങ്ങളിലിയം-
സാമാന്യ ബുദ്ധ്യാ ത്വയാ
പിന്നാലുള്ളതു ഭാഗ്യമാണതു
വധൂബന്ധുക്കൾ ചൊല്ലേണമോ?)

ശാകുന്തളം നാടകത്തിൽ പ്രദർശിതങ്ങളായിരിക്കുന്ന മാനുഷികവികാരങ്ങളെ, അവയുടെ യഥാത്ഥരൂപത്തിൽ ചർച്ചചെയ്യുന്ന ഏതൊരാളും താഴെ ഉദ്ധരിക്കുന്ന പദ്യം അത്രപെട്ടെന്നു വിസ്മരിക്കുന്നതല്ല.

"അഭിജനവതോ ഭത്തുഃ ശ്ലാഘ്യേസ്ഥിതാ-
ഗൃഹിണീപദേ
വിഭവഗുരുഭിഃ കൃത്യൈസ്തസ്യ-
പ്രതിക്ഷണമാകുലാ
തനയമചിരാൽ പ്രാചീവാക്കം-
പ്രസൂയ ച പാവനം
മമവിരഹജാം നത്വം വത്സേ-
ശുചംഗണയിഷ്യസി"

(തർജ്ജമ)

(ശീലേനാപികുലേന യോഗ്യതമനാം-
ഭത്തുഃ പ്രിയാദേവിയായ്
ചാലേപാത്തുതദത്ഥമായ് ബഹുലമാം
കൃത്യത്തിൽ നിത്യാകുലാ

കാലേകല്മഷഹീനനായ മകനെപ്പെററ-
ക്കന്നെ പ്രാചിപോൽ
ബാലേ നീ മമ വിപ്രയോഗകൃതമാം-
മാലേത്തു മാലോചിയാ”

ഒരു സാധാരണ ഗൃഹസ്ഥനു പുത്രിയോടുണ്ടാകാവുള്ള മമത്വം കണ്വനെ തീണ്ടുകപോലും ചെയ്യുന്നില്ല. അദ്ദേഹം അവളെ ഒരു പണയദ്രവ്യമായിട്ടാണു പരിഗണിച്ചിട്ടുള്ളതു്. പക്ഷേ അതിനെ ഉടമസ്ഥൻ വന്നു ഏററു വാങ്ങിക്കൊണ്ടു പോകുന്നതുവരെ ഏററവും കരുതലോടുകൂടി സൂക്ഷിക്കേണ്ടതു ധർമ്മമാണെന്നു അദ്ദേഹം സുദൃഢം വിശ്വസിക്കുന്നുണ്ടു്. അവളിൽ പുത്രനിർവ്വിശേഷം വാത്സല്യം പ്രകടിപ്പിക്കേണ്ടതു ഏതു പിതാവിൻേറയും ഒഴിച്ചുകൂടാത്ത ചുമതലയാണെന്നും കണ്വൻ ഗ്രഹിച്ചിരുന്നു. നോക്കുക:—

“അർത്ഥോഹി കന്യാ പരകീയ ഏവ
താമദ്യ സംപ്രേഷ്യ പരിഗ്രഹീതുഃ
ജാതോമമായം വിശദഃ പ്രകാമം
പ്രത്യർപ്പിതന്യാസ ഇവാന്തരാത്മാ”

(തർജ്ജമ)

(പരസ്വമത്രേ കുലകന്യകാജനം
പരിഗ്രഹീത്രേ തമയച്ചു സാംപ്രതം
പരം പ്രസാദം കലരുന്നു മേ മനം
തിരിച്ചുനൽകി പണയത്തെയെന്നപോൽ)

മാഢവ്യൻ.

നാടകത്തിൽ ഹാസ്യരസം പ്രകടിപ്പിക്കേണ്ടവനാണു മാഢവ്യൻ. പക്ഷേ ഉദ്ദേശ്യം പുരസ്കരിച്ചു കാളിദാസൻ മാഢവ്യനെക്കൊണ്ടു അർത്ഥമില്ലാത്തതോ സഹൃദയസമ്മ

തമല്ലാത്തതോ ആയ ഒരൊററ വാക്കെങ്കിലും പറയിക്കു ന്നില്ല. ശാകുന്തളത്തിൽ മാഢവ്യനെക്കൊണ്ടു സാധി ക്കേണ്ട പ്രത്യേകകാര്യം കാണുന്നില്ല. മൂടന്തനും മന്ദബു ദ്ധിയുമായി പ്രത്യക്ഷപ്പെട്ടമ്പോഴും മാഢവ്യൻ അധിക മൊന്നും പ്രവൎത്തിക്കുന്നില്ല. പക്ഷേ, മററുള്ളവരേക്കൊണ്ടു പണിയെടുപ്പിക്കുന്നതിൽ ആ രസികൻ അതിർ കവിഞ്ഞ ഔത്സുക്യം പ്രദൎശിപ്പിക്കുന്നു.

മാതാവിന്റെ ആജ്ഞയും മുനിജനനിർദ്ദേശവും ഭിന്നപ്രദേശങ്ങളിൽ നിന്നുണ്ടായ ഒരവസരത്തിൽ ദുഷ്യന്ത നെ സഹായിക്കാനായി മാഢവ്യൻ പുറപ്പെടുന്നതു കാണു മ്പോൾ ഹൃദയമുള്ളവരെല്ലാം പൊട്ടിച്ചിരിക്കാതിരിക്ക യില്ല. താനും ശകുന്തളയുമായിട്ടുള്ള പരിചയം വെറും തമാ ശമാത്രമാണെന്നു "പരിഹാസവിജല്പിതം സഖേ, പരമാ ൎത്ഥേന ന ഗൃഹ്യതാം വചഃ" (ഞാനോരോന്നു വൃഥാ പറഞ്ഞു പരിഹാസാൎത്ഥം പരം തോഴരേ, താനോ ശുദ്ധ നതൊക്കെയിന്നു പരമാൎത്ഥതേന ബോധിക്കൊലാ) എന്നിങ്ങനെ ദുഷ്യന്തൻ പറഞ്ഞതു സാധുമാഢവ്യൻ സത്യമെന്നു വിശ്വസിക്കുന്നു. ഇതിൽനിന്നു അദ്ദേഹത്തി ൻെറ ശുദ്ധത എത്രത്തോളമെന്നു വിശദമാകുന്നുണ്ടു്. മാഢ വ്യൻെറ അടിസ്ഥാനരഹിതമായ ആ വിശ്വാസം നാടക കഥയുടെ പരിഷ്കാരത്തിനു ബാഹ്യസഹായമായിത്തീരു ന്നുണ്ടു്. എന്നാൽ അതു പ്രത്യക്ഷമായിട്ടല്ല; പരോക്ഷമാ യിട്ടാണെന്നേയുള്ളു.

ഹംസപദികയുടെ സന്നിധിയിലേക്കു ദുഷ്യന്തൻ മാഢവ്യനെ അയക്കുന്നതു കാളിദാസൻെറ ഒരു പൊടി ക്കൈയാണു്. ശകുന്തളയെ തിരുമുമ്പാകെ പ്രവേശിപ്പിക്കു

ന്നതിനു മാഢവ്യനില്ലാത്ത ഒരവസരം ആവശ്യമാണെന്നു കവിക്കു അറിയാം. അല്ലെങ്കിൽ ആ വിട്ടവായൻ പറയും "ഞാൻ കണ്ട ദുഷ്യന്തൻ ഇവളെ്ളുടജോപാന്തത്തിൽവെച്ചു എന്തൊക്കെയോ കാട്ടുന്നതു്" എന്നു്. വാസ്തവത്തിൽ ഭർത്തൃപരിത്യക്തയായ ശകുന്തളയുടെ വിഷമാവസ്ഥയിൽ മാഢവ്യനുംകൂടി വ്യഥിതനായിട്ടുണ്ടു്. e736

ഹംസപദികയുടെ സമീപത്തേക്കു പോകാൻ അല്പം വൈമനസ്യം ഭാവിച്ചുകൊണ്ടു മാഢവ്യൻ തിരുമനസ്സുണർത്തിക്കുന്നതു എന്താണെന്നു നോക്കുക:—

"കല്പനപോലെ ചെയ്യാം. എന്നാൽ ഒരു സംഗതി തിരുമനസ്സുണർത്തിക്കാതെ ഗത്യന്തരമില്ല. ഹംസപദികയുടെ പരിചാരികമാർ വന്നു എന്റെ കൊച്ചു കുടുമ്മ പിടിക്കൂടി മർദ്ദിച്ചു തുടങ്ങിയാൽ അപ്സരാംഗനമാരുടെ കരവലയത്തിൽപ്പെട്ട സർവ സംഗപരിത്യാഗി എന്നപോലെ ഇയ്യുള്ളവനു എപ്പോളാണു മുക്തി ലഭിക്കുക?"

"യദ്ഭവാനാജ്ഞാപയതി. ഭോവയസ്യ, ഗൃഹീതസ്യതയാ പരകീയൈഃ ഹസ്തൈഃ ശിഖണ്ഡകേതാഡ്യമാനസ്യാപ്സരസാവീതരാഗസ്യേവ നാസ്തിദാനീം മേ മോക്ഷഃ"

മാഢവ്യൻ ശകുന്തളാനിരസനവേളയിൽ ദുഷ്യന്തന്റെ സമീപത്തുണ്ടായിരുന്നു എങ്കിൽ തീർച്ചയായും അവൾക്കു അത്തരം ഒരു ദുരദൃഷ്ടം സംഭവിക്കയില്ലായിരുന്നു. അങ്ങനെ വന്നാൽ കഥക്കു ആകെക്കൂടി വൈലക്ഷണ്യം ഭവിക്കുകയും ചെയ്യും. ഈ തത്വം പുരസ്കരിച്ചുകൊണ്ടാണു കവി, ദുഷ്യന്തനെക്കൊണ്ടു മാഢവ്യനെ ഹംസപദികാ സന്നിധിയിലേക്കയക്കുന്നതും.

ശകുന്തളയുടെ ചിത്രം രാജാവിൽനിന്നു വാങ്ങി സൂക്ഷിക്കുന്ന മാഢവ്യൻ, പറയുന്ന വാക്കുകൾ ആരെയും ആനന്ദസമുദ്രത്തിൽ ആറാടിക്കാതിരിക്കയില്ല; ആ രസികൻ പറകയാണു,

"ആത്മാനമിതിഭണ. യദിഭവാനന്തഃ പുരകാലക്രൂടാന്മോക്ഷ്യതേ തദാമാം മേഘപ്രതിച്ഛന്ദേ പ്രാസാദേ ശബ്ദാപയ"

സ്വാമീ ഇതു ശകുന്തളയുടെ ചിത്രഫലകമല്ല, അങ്ങയുടെ ആത്മാവെന്നു വേണം ഇതിനു പേർ കൊടുക്കാൻ. അന്തഃപുരകാളക്രൂടത്തിൽനിന്നു അങ്ങക്കു വിമുക്തി ലഭിച്ചാൽ ഉടനെ എന്നെ വിളിക്കണേ. ഞാൻ മേഘഹർമ്മ്യത്തിൽ ചെന്നു കൂടിക്കൊള്ളാം. എന്നു്

## ശാർങ്ഗരവൻ

കണ്വശിഷ്യരിൽ പ്രമുഖനാകുന്നു ശാർങ്ഗരവൻ. ഈ സഹൃദയനാണു ഭർത്തൃമന്ദിരത്തിലേക്കു പോകുന്ന ശകുന്തളയേയും സഹചരരേയും നയിക്കുന്നതു്. കണ്വമഹർഷിക്കു ആ ശിഷ്യനിൽ നിസ്തുലമായ സ്നേഹവും ആത്മാർത്ഥം വിശ്വാസവും ഉണ്ടു്. ദുഷ്യന്തനുള്ള സന്ദേശത്തെ കണ്വൻ ഏല്പിക്കുന്നതും ശാർങ്ഗരവനേയാണു്. ലോകവാസികളിൽ വെച്ചു എല്ലാംകൊണ്ടും വിശിഷ്ടന്മാർ മഹർഷിമാരാണെന്നു സുദൃഢം വിശ്വസിക്കുന്നവരിൽ ഒരുവനാകുന്നു ഈ യുവാവു്.

"തഥാപീദം ശശ്വൽ പരിചിത വിവിക്തേന മനസാ
ജനാകീർണ്ണം മന്യേ ഹുതവഹ പരീതംഗൃഹമിവ"
(അപരിചിതസ്ഥാപി ഗൃഹമേതദവൈമിജനൈ—
രപരിമിതൈർവൃതം ഹുതവഹേന പരിതമിവ)

എന്ന ഭാഗം നോക്കുക.

കണ്വൻ തെറവു ചെയ്താൽ അദ്ദേഹത്തേയും ശാർങ്ഗരവൻ അധിക്ഷേപിക്കും. അക്കാര്യത്തിൽ ഗുരുശിഷ്യബന്ധമൊന്നും ആ ചെറുപ്പക്കാരൻ പരിഗണിക്കാറില്ല. ശകുന്തളയെ ദുഷ്യന്തൻ വിവാഹം ചെയ്ത വൃത്താന്തംതന്നെ ഓർക്കുന്നില്ലെന്നു പറഞ്ഞു കേട്ടപ്പോൾ ശാർങ്ഗരവൻ പറയുന്ന വാക്കുകൾ ഇതിനു മതിയായ ലക്ഷ്യങ്ങളാകുന്നു.

കൃതാഭിമർശാമനുമന്യമാനഃ
സുതാം ത്വയാ നാമ മുനിർവ്വിമാന്യഃ
മുഷ്ടം പ്രതിഗ്രാഹിതയാ സ്വമർത്ഥം
പാത്രീകൃതോ ദസ്യുരിവാസിയേന

(ഇഷ്ടാത്മജാം രഹസി വേട്ടതു സമ്മതിച്ച
ശിഷ്ടാഗ്ര്യനാം മുനി നിനക്കവമാന്യനത്രേ
മുഷ്ടം ധനം തിരിയെ മോഷകനേവിളിച്ചു-
ട്ടുഷ്ടന്നുനൽകുവതുപോലിതുചെയ്തമൂലം)

ദുഷ്യന്തൻ ശകുന്തളയെ സ്വീകരിക്കാനൊരുക്കമില്ലെന്നു കണ്ടപ്പോൾ രോഷകലുഷനായ ശാർങ്ഗരവൻ രാജസദസ്സിൽവെച്ചു പറയുന്ന ഓരോ വാക്കും തപസ്വികളുടെ നിരങ്കുശതയും സ്വതന്ത്രസ്വതന്ത്രതയും നിർഭീകതയും പ്രത്യക്ഷലക്ഷ്യമാകുന്നു. അദ്ദേഹം പറയുന്നു:-

"ശ്രുതം ഭവദ്ഭിരധരോത്തരം
ആജന്മനഃ ശാഠ്യമശിക്ഷിതോയ-
സ്തസ്യാപ്രമാണം വചനം ജനസ്യ
പരാതിസന്ധാനമധീയതേ യൈ-
ർവ്വിദ്യേതി തേ സന്തു കിലാപ്തവാചഃ"

(ജനനം മുതൽ ചതിയറിഞ്ഞിടാത്തയി-
ജ്ജനമോതിയോരു മൊഴി സത്യമല്ലപോൽ

തന്നതായവിദ്യചതിയെന്നതെപ്പോഴം
മന്നസാപഠിക്കമവരാപ്തവാക്കകഠം)

ശാർങ്ഗരവൻ സമാധാന കാംക്ഷിയോ ശാന്തനോ അല്ലെന്നു തീച്ചതന്നെ. ആണെങ്കിൽ അദ്ദേഹം മുന്നും പിന്നും ഇടവും വലവും നോക്കാതെ അത്രമാത്രം ശ്രുതിപരുഷങ്ങളും ഗ്രാമ്യങ്ങളുമായ വാക്കുകഠം തട്ടി മൂളിക്കയില്ലായിരുന്നു.

ശാരദ്വതൻ.

കണ്വശിഷ്യന്മാരെ സംബന്ധിച്ചിടത്തോളം ശാരദ്വതനു രണ്ടാം സ്ഥാനമേ കല്പിച്ചു കൂട്ടൂ. എങ്കിലും സ്വഭാവവൈശിഷ്ട്യംകൊണ്ടു അഭിതീയനാണദ്ദേഹം. ഒരു സാധാരണ സ്വഭാവമാണു അദ്ദേഹത്തിൽ നാം കാണുന്നതു്. ജനങ്ങളോടദ്ദേഹത്തിനു ഒരു കാരണവശാലും വിദ്വേഷമുണ്ടാകുന്നില്ല. നേരേമറിച്ചു അനുകമ്പയാണു ഉള്ളതു്. നോക്കുക:—

അഭ്യക്തമിവസ്നാതഃ
ശുചിരശുചിമിവപ്രബുദ്ധ ഇവ സുപ്തം
ബദ്ധമിവ സ്വൈരഗതി—
ർജ്ജനമിഹസുഖസങ്ഗിനമവൈമി"
(സ്നാതൻയഥാഭ്യക്തനെയസ്തശൗചനെ-
പ്പൂതൻ യഥാസുപ്തനെയുത്ഥിതൻ തഥാ
സ്വാതന്ത്ര്യവാൻ യന്ത്രിതനെ യഥാ തഥൈ-
വൈതാം വിലോകേ സുഖസങ്ഗിനം ജനം)

ശാരദ്വതനിൽ ഉൗർജ്ജസ്വലതയോ അനിയന്ത്രിതത്വമോ ലേശമെങ്കിലും ഇല്ല. അദ്ദേഹം പ്രായോഗികപദ്ധതിയിൽ

സ്ഥിരപ്രതിഷ്ഠനാണു്. ശാർങ്ഗരവൻ 'കലശൽ കൂട്ട'മ്പോളെല്ലാം ശാരദ്വതൻ, രഞ്ജനത്തിനാണു മുറുകികൂട്ടുന്നതു്. അദ്ദേഹത്തിന്റെ ഓരോ നിർദ്ദേശവും സ്വാഭാവികവും അനുഷ്ഠാനക്ഷമവുമത്രെ. ഒരിക്കൽ അദ്ദേഹം പറയുകയുണ്ടായി,

"ശാർങ്ഗരവ, വിരമ; ത്വമിദാനീം ശകുന്തളേ വക്തവ്യമുക്തമസ്മാഭിഃ അയഞ്ചാത്ര ഭവാനേവമാഹ. ദീയതാമസ്മൈ പ്രത്യയപ്രതിവചനം." (ശാർങ്ഗരവ, താൻ ഇനി മിണ്ടാതിരിയ്ക്കൂ. ശകുന്തളേ ഞങ്ങൾ പറയേണ്ടതു പറഞ്ഞു കഴിഞ്ഞു. ഇദ്ദേഹം ഇങ്ങനേയും പറയുന്നു. മറിച്ചു ബോധപ്പെടുത്തുന്നതായ ഉത്തരം നീ തന്നെ ഇദ്ദേഹത്തോടു പറയണം.)

രാജാവുമായി ശാർങ്ഗരവനു പിന്നെയും ചിലതു പറയേണ്ടിവന്നപ്പോൾ ശാരദ്വതൻ, ആത്മസുഹൃത്തിനെ സമാധാനിപ്പിക്കുന്നതു ഈ വിധത്തിലാകുന്നു:—

"ശാർങ്ഗരവ:—"കിമുത്തരേണ? അനുഷ്ഠിതാം ഗുരുനിയോഗഃ പ്രതിനിവർത്താമഹെ വയം." പറഞ്ഞിട്ടെന്തു ഫലം. നമ്മൾ ഗുരുകല്പന നിർവ്വഹിച്ചു കഴിഞ്ഞു ഇനി തിരിച്ചു പോകുക തന്നെ)

അനന്തരം ആ യുവാവു രാജാവിനെ നോക്കി ഇങ്ങനെ ഉണർത്തിക്കുന്നു:—

"തദേഷാ ഭവതഃ പത്നീ
ത്യജവൈനാം ഗൃഹാണവാ
ഉപപന്നാഹിദാരേഷു
പ്രഭുതാസർവ്വതോ മുഖീ"

(എന്നാലിന്നിൻ കാന്തയായോരു സ്വാധ്വീ
നിന്നാലിപ്പോൾ ത്യാജ്യതാം ഗ്രാഹ്യതാംവാ
ഭർത്തവ്യക്കായ് സ്വകർത്തവ്യഭാരം
പുത്രാധാനം ചെയ്ത ഭർത്താവിനത്രേ)

"ഗൗതമി, ഗച്ഛാഗ്രതഃ" എന്നു കൂടി അദ്ദേഹം ആ അവസരത്തിൽ പറയാതിരുന്നില്ല. ആശ്രമത്തിലേക്കുള്ള മടങ്ങിപ്പോക്കിൽ നേതൃത്വം വഹിക്കുന്നതു ശാരദ്വതനാകുന്നു.

ശകുന്തള.

കവിസാമ്രാട്ടായ കാളിദാസന്റെ ആദർശനായികയാകുന്നു ശകുന്തള. അവളുടെ ലാവണ്യമാകട്ടേ ലോകോത്തരവുമാണ്.

മാനുഷീഷു കഥം വാസ്യാ-
ദസ്യരൂപസ്യ സംഭവഃ
(മനുഷ്യലോകാബലമാരിലീദൃശം
മനോജ്ഞമാം രൂപമുദിപ്പതെങ്ങനെ?) എന്നും
"ചിത്രേനിവേശ്യപരികല്പിതസത്വയോഗാ
രൂപോച്ചയേന മനസാ വിധിനാകൃതാനു?"
(കണ്ടാലത്ഭുതമായ ചിത്രമെഴുതി-
സ്സത്വം കൊടുത്താനെട്ടു-
ത്തുണ്ടാക്കീ വിധി രൂപസാരമഖിലം
താം ചേതസൈവാഥവാ?)

എന്നുംഉള്ള ഭാഗങ്ങളിൽ കഥാനായികയുടെ ലാവണ്യസമ്പത്തു എത്രത്തോളമെന്നു വിശദമാക്കിയിട്ടുണ്ട്. ദുഷ്യന്തനെപ്പോലെതന്നെ കായികശക്തിയും മനഃശക്തിയും ശകു

ന്തളയ്ക്കും ഉണ്ടെങ്കിലും അവളിൽ കവി സ്ത്രീസഹജമായ അ ബലതയെ നിഗ്രഹനം ചെയ്തിട്ടുണ്ടെന്ന കഥ വിസ്മരിക്കാവുന്നതല്ല. സ്ത്രീസ്വഭാവത്തിൻെറ അന്യൂനവും അകൃത്രിമവുമായ ഒരു മൂർത്തിയാകുന്നു ശകുന്തള. ആ വിധമുള്ള ഒരു നായികയെത്തന്നെ വേണം ശാകുന്തളത്തിൽ ചിത്രീകരിക്കുവാൻ എന്നു കാളിദാസൻ തീർച്ചപ്പെടുത്തുകയും ചെയ്തിരിക്കും.

ശകുന്തളയുടെ പരിഭ്രമമാണു ദുഷ്യന്തനെ ആദ്യമായി അവളുടെ സന്നിധിയിലേക്കു ആനയിച്ചതു്. ആ സംഗതി അദ്ദേഹം തന്നെ സമ്മതിക്കുന്നുണ്ടു്.

"അവസരോയമാത്മാനം ദർശയിതും"
(ഇവരുടെ മുമ്പിൽ ചെല്ലുന്നതിനു ഇതുതന്നെ അവസരം)

ഭ്രമരയെകൊണ്ടു തരളിതമാകുന്നു ശകുന്തളയുടെ ഹൃദയം. വൃക്ഷങ്ങളും ലതകളും കൂടി അവൾക്കു സഹോദരന്മാരും സഹോദരിമാരുമാകുന്നു. അതുകൊണ്ടു തന്നെയാണല്ലൊ അവൾ

"അസ്തിനമേ സോദരസ്നേഹോപി ഏതേഷു."

എന്നു പറവാനുള്ള കാരണവും. ശകുന്തളയെ ഉദ്ദേശിച്ചു കണ്വൻ പറയുന്നതും താഴെ ഉദ്ധരിക്കുന്നതുമായ പദ്യത്തിൽനിന്നു മൃഗങ്ങളിലും വൃക്ഷലതാദികളിലും അവൾക്കുള്ള സഹോദരനിർവ്വിശേഷസ്നേഹം വിശദമാകുന്നതു എങ്ങനെയെന്നു നോക്കുക:—

"പാതും ന പ്രഥമ വ്യവസ്യതി-
ജലം യുഷ്മാസ്വ പീതേഷുയാ
നാദത്തേ പ്രിയമണ്ഡനാപി ഭവതാം
സ്നേഹേനയാപല്ലവം

ആദ്യേവഃ കസുമപ്രസൂതിസമയേ-
യസ്യാ ഭവത്യുത്സവഃ
സേയംയാതി ശകുന്തളാപതിഗൃഹം
സർവ്വൈരനുജ്ഞായതാം"

(തർജ്ജമ)

"ഇല്ലനിങ്ങളെ നനച്ചിടാതെയൊരുനാ-
ളിവൾക്ക ജലപാനവും
പല്ലവം തൊട്ടുവതില്ല മണ്ഡനരതാവ-
പിപ്രിയതകൊണ്ടിവൾ
നല്ലൊരുത്സവമിവൾക്ക നിങ്ങളുടെ
യാദ്യമായ കുസുമോദ്ഗമൈഃ
വല്ലഭം വ്രജതിസാ ശകുന്തള; യനു-
ജ്ഞനിങ്ങളരുളീടുവിൻ"

ദയാർദ്രയും കർമ്മകുശലയുമായ ഒരു പരിചാരിണി കൂടെയാണു ശകുന്തള. നോക്കുക:—

"യസ്യത്വയാ വ്രണവിരോപണമിങ്ഗുദീനാം
തൈലംന്യഷിച്യതമുഖേകുശ സൂചിവിദ്ധേ
ശ്യാമാകമുഷ്ടി പരിവർദ്ധിത കോജഹാതി
സോയം നപുത്രകൃതകഃപദവീം മൃഗസ്തേ."

(തർജ്ജമ)

"കൊടിയകുശനിവിദ്ധേ സവ്രണേ യസ്യവക്ത്രേ
ത്ധടിതികൃതവതീ നീ രോപണം തൈലസേകം.
വിടവൊട്ടു തുടരുന്നു പിന്നിലകൃഷ്ണസാരം
പൊടി വരകരിമുഷ്ട്യാ പോഷിതൻ നിന്റെ പുത്രൻ)

വനജ്യോൽസ്നയോടു ഹൃദയംഗമമായി യാത്ര പറയാതെ ഭർത്തൃമന്ദിരത്തിലേക്ക പുറപ്പെടാൻ ശകുന്തളക്ക

സാധിക്കുന്നില്ല. അവൾക്കു മൃഗാദിജന്തുക്കളെ വേർപിരിയുന്ന കാര്യത്തിലും ദുസ്സഹദുഃഖം ഉണ്ടാകാതിരിക്കുന്നില്ല.

സ്ത്രീസഹജങ്ങളായ ഗുണങ്ങൾ അവളിൽ പൂർണ്ണവികാസം പ്രാപിച്ചിരുന്നുവെങ്കിലും സ്വപ്രഗത്ഭതയെ കുറിച്ചു അവൾക്കുവേണ്ടിടത്തോളം പ്രത്യയം ഉണ്ടായിരുന്നില്ല.

"അയി ആത്മഗുണാവമാനിനി," എന്നും മററുമുള്ള ഭാഗങ്ങളിൽ നിന്നു ഈ വാസ്തവം വെളിവാകുന്നുണ്ടു്.

കണ്വമഹർഷിയെ കൂടി സന്താപസാഗരത്തിൽ ആറാടിക്കുന്ന ഒരു ഘട്ടമാണു ശകുന്തളയുടെ ഭർത്തൃമന്ദിരത്തിലേക്കുള്ള പ്രയാണസംരംഭം. അദ്ദേഹം പറയുന്നു:—

"ശമമേഷ്യതി മമശോകഃ
കഥംനുവത്സേത്വയാരചിതപൂർവം
ഉടജദ്വാരി നിരൂഢം
നീവാരബലിം വിലോകയതഃ" എന്നു്

ഒരു മാതാവിന്റെ നിലയിലും ശകുന്തള ശോഭിക്കുന്നുണ്ടു്. കണ്വന്റെ ഉപദേശം അനുസരിച്ചാണു അവൾ ജീവിക്കുന്നതു്. ബന്ധുജനങ്ങളെക്കുറിച്ചോ സപത്നിമാരെ പററിയോ, ഭൃത്യന്മാരെ സംബന്ധിച്ചോ ഗുരുജനങ്ങളെ പററിയോ ഏതെങ്കിലും ഒരധിക്ഷേപവാക്കു ശകുന്തള പറയുന്നതായി കാളിദാസൻ നമ്മെ കേൾപ്പിക്കുന്നില്ല. പക്ഷേ,

"ഭർത്തൃർവിപ്രകൃതാപി രോഷണതയാ മാസ്മപ്രതീപം ഗമഃ"
എന്ന കണ്വോപദേശത്തെ —അതെ

"ഭർത്താവിന്നപ്രിയം ചെയ്യരുതു-
നികൃതയെന്നാകിലും കോപംമൂലം"

എന്ന ഉപദേശത്തെ ലംഘിക്കേണ്ട ഒരവസരം സ്വയം

അവതീൎണ്ണമായി. മററാരാണെങ്കിലും സങ്കടാധിക്യത്താൽ പലതും പുലമ്പുമായിരുന്ന ഭൎത്തൃനിരാസനകാലത്തും ശകുന്തള, ഹേ അനാൎയ്യ! എന്നു മാത്രമേ ദുഷ്യന്തനെ സംബോധന ചെയ്കയുണ്ടായുള്ളു. തന്നെ ദുഷ്യന്തൻ തീൎച്ചയായും കൈക്കൊള്ളുന്നതല്ല എന്നു ശകുന്തളയ്ക്കു ഉറപ്പായി വിശ്വസിക്കേണ്ടിവന്ന ആ വിഷമഘട്ടത്തിലും അവരം ഇത്രയേ അഭ്യൎത്ഥിക്കയുണ്ടായുള്ളു.

"ഭഗവതിവസുധേ, ദേഹിമേ വിവരം"

അതെ; ദേവി വസുധയോടു ഒരു അഭയസ്ഥാനമേ അവരം പ്രാൎത്ഥിക്കുന്നുള്ളു. അവളുടെ ആപത്തുകരംക്കെല്ലാം, അവമാനത്തിനൊക്കെയും, നിരാധാരസ്ഥിതിക്കു മുഴുവനും കൎത്താവായ ഭൎത്താവിനെ ശകുന്തള ലേശമെങ്കിലും പഴിക്കുന്നില്ല.

"സാനിന്ദതിസ്വാനി ഭാഗ്യാനിബാലാ
ബാഹൂൽക്ഷേപംക്രന്ദിതുഞ്ചപ്രവൃത്താ"
(നിന്ദനം ചെയ്തുതൻ ഭാഗധേയങ്ങരം ബാലാ
ക്രന്ദനം ചെയ്തിനുദ്യതാ കൈയുയൎത്തി)

എന്നിത്യാദി ഭാഗങ്ങരം വായിച്ചാൽ ഈ തത്വം വിശദമാകും. ശകുന്തളയെപ്പോലെ തന്നെ ദുരന്തദുഃഖം അനുഭവിച്ച മറെറാരു വനിതാരത്നമാണല്ലൊ സീത. ആ സതീരത്നമാകട്ടെ ഇങ്ങനെ കൂടി പറഞ്ഞു പോകുന്നു.

"ന ചാ വദദ് ഭൎത്തുരവൎണ്ണമാൎയ്യാ
നിരാകരിഷ്ണോൎവൃജിനാദൃതേപി
ആത്മാനമേവസ്ഥിരദുഃഖഭാജം
പുനഃ പുനൎദുഷ്കൃതിനം നിനിന്ദ"

തർജ്ജമ

"മതിനിർമ്മലമായതന്നെവിട്ടാ-
പ്പതിയെപ്പററിയകാററമോതിടാതെ
സതികേവലമല്ലലററിടാ ദു-
ഷ്കൃതിയാം തന്നെ വിനിന്ദചെയ്കമേന്മേൽ"

ഇവിടെ സീത ദുഷ്കൃതിയായ തന്നെപ്പററിപ്പോലും നിന്ദിക്കുന്നതായി കാണാം. ശകുന്തള അത്രപോലും ചെയ്യുന്നില്ല. ഒരു നിസ്സഹായിനിയെപ്പോലെ അവൾ

"വസനേ പരിധൂസരേ വസാനാ
നിയമക്ഷാമമുഖീധൃതൈകവേണീ-"

തർജ്ജമ

"വാസസ്സുരണ്ടുമതിധൂസരമായ് വ്രതോപ-
വാസാലുണങ്ങിമുഖമാകലിതൈകവേണീ"

എന്നീ മട്ടിൽ കഴിഞ്ഞുകൂട്ടുന്നു. സീതയാകട്ടെ ഒരു വികല്പഭാവത്തോടുകൂടി,

സാഹംതപഃ സൂര്യനിവിഷ്ടദൃഷ്ടി-
രൂർദ്ധ്വം പ്രസൂതേശ്ചരിതും യതിഷ്യേ
ഭൂയോ യഥാമേ ജനനാന്തരേഽപി
ത്വമേവഭർത്താ ന ച വിപ്രയോഗഃ

തർജ്ജമ

"അതിനാലെവരും പിറപ്പിലും നീ
പതിയായ് വേർപിരിയാതിരിയ്ക്കുവാൻ ഞാൻ
മതിവെച്ചുതപസ്സു കണ്ണിനങ്കൽ-
പ്പതിയും മട്ടിഹപേർകഴിഞ്ഞു ചെയ്യുൻ"

ഇങ്ങനെ തീച്ച്പ്പെടുത്തി പ്രത്യാശിക്കുകയാണു ചെയ്യുന്നതു്. ശകുന്തള ഇങ്ങനേയും ഭാവമില്ല. ഒരു പക്ഷേ അവൾ

"മനസാചിന്തിതം കാര്യം
വചസാ ന പ്രകാശയേൽ

എന്ന തത്വം അനുസ്മരിച്ച് മൗനം ഭജിക്കയായിരിക്കാം ചെയ്തതു്.

അനസൂയയും പ്രിയംവദയും

സമവയസ്കമാരും സമലാവണ്യസമ്പന്നമാരുമായിരുന്ന ശകുന്തളയുടെ സഖിമാരായ അനസൂയയും പ്രിയംവദയുമെന്നു ഊഹിക്കുന്നതിൽ അസാംഗത്യമില്ല.

"അഹോമധുരമാസാം ദർശനം" എന്നും
"സമവയോ രൂപരമണീയം"
"ഭവതീ നാം സൗഹാർദ്ദം" എന്നും

"വിസ്രസ്തത്രഭവത്യോ ദൃശ്യന്തേ സവാശ്ച ദശ്നീയാഃ"

എന്നുമുള്ള ഭാഗങ്ങളിൽനിന്നു ഇങ്ങനെ ഊഹിപ്പാൻ ധാരാളം വകയുണ്ടു്.

മാനസികമായി നോക്കുമ്പോഴും ഈ ത്രിമൂർത്തികൾ ഏറെക്കുറെ തുല്യമാരാണു്. വ്യത്യസ്തതയുടെ ഒരു നേരിയ നിഴൽപ്പാടുപോലും ഇവരിൽ കാണുന്നുമില്ല.

പ്രിയംവദ, മററു ഇരുവരേയും അപേക്ഷിച്ച് ഫലിതം നിറഞ്ഞ വാക്കും യുക്തിതികഞ്ഞ വാദവും വശപ്പെട്ടിട്ടുള്ളവളാകുന്നു. അനസൂയ, സ്ഥിരയും ലജ്ജാവിഹീനയുമാണു്. അവൾ ഏതു കാര്യവും തുറന്നു പറയും.

കരളിൽ കലവറ എന്നതു അവൾക്കു അത്ര പത്ഥ്യമല്ല. രാജാവു അവരുടെ കൺമുമ്പിൽ പെട്ടപ്പോൾ അനസൂയയാണു കൂസൽ കൂടാതെ,

"ആര്യ്യ, ന ഖലുകിമപ്യത്യാഹിതം ഇയമാവയോഃ പ്രിയസഖീ മധുകരേണ അഭിഭൂയമാനാ കാതരീഭൂതാ" (ആര്യ്യാ ഇവിടെ പ്രമാദമായിട്ടൊന്നും ഉണ്ടായില്ല. ഞങ്ങളുടെ ഈ ഇഷ്ടതോഴി ഒരു വണ്ടിന്റെ ഉപദ്രവം നിമിത്തം കുറെ ഭയപ്പെട്ടു. അത്രേയുള്ളു.)

എന്നു ധൈര്യ്യക്ഷയം കൂടാതെ സമാധാനം പറയുന്നതു്. അതിഥിതിയെ സ്വീകരിച്ചു സൽക്കരിക്കുന്നതിലും അനസൂയയാണു മുന്നിട്ടു നിൽക്കുന്നതു്.

എന്തും എളുപ്പം വിശ്വസിക്കുന്ന ഒരു സ്വഭാവമാണു പ്രിയംവദയ്ക്കുള്ളതു്. അനസൂയയുടെ സ്ഥിതി അതല്ല. അവൾ ഒന്നിലും പെട്ടെന്നു വിശ്വാസം പ്രദർശിപ്പിക്കുന്നില്ല. ഒരു ശങ്കാകുലത അവളെ ചൂഴ്ന്നു നിൽക്കുന്നതായി നമുക്കു കാണാം. വർത്തമാനകാലത്തെക്കുറിച്ചുള്ള ചിന്തയാണു പ്രിയംവദയെ ക്ലിഷ്ടയാക്കുന്നതു്. അനസൂയയാകട്ടേ ഭാവിയെപ്പററിയേ കൂടുതൽ കരുതലുള്ളവളായിരിക്കുന്നുള്ളു.

ശകുന്തളാദുഷ്യന്തന്മാരുടെ ഐക്യത്തിൽ തനിക്കുള്ള സന്തോഷം പ്രകടിപ്പിക്കുവാൻ പ്രിയംവദ ബദ്ധാകാംക്ഷയാണു്. തത്താദൃശസമയത്തും അനസൂയയുടെ ഹൃദയം ശകുന്തളയുടെ ഭാവിയെപ്പററിയെക്കുറിച്ചുള്ള ചിന്തയാൽ പര്യ്യാകുലമാകുന്നു. അവൾ രാജാവിനോടു പറയുന്നതെന്തെന്നു നോക്കുക:—

"വയസ്യ, ബഹ്വവല്ലഭാഃ രാജാനഃ ശ്രൂയന്തെ. യഥാ ആവയോഃ പ്രിയസഖീ ബന്ധുജന ശോചനീയാ ന ഭവതി തഥാനിർവ്വാഹയ" (സ്വാമി, രാജാക്കന്മാൎക്കു വളരെ ഭാൎയ്യമാരുണ്ടെന്നാണു കേൾവി. എന്നാൽ ഞങ്ങളുടെ ഈ ഇഷ്ടതോഴി ബന്ധുജനങ്ങൾക്കു ശോചനീയയായി ഭവിക്കാത്തവിധത്തിൽ ഇവളെ നോക്കികൊള്ളുണേ.)

ഉൽക്കണ്ഠിതയായ അവൾ ആത്മമിത്രമായ പ്രിയംവദയോടും ഇങ്ങനെ പറയുന്നു:— "പ്രിയംവദേ, യദ്യപി ഗാന്ധൎവ്വേണ വിധിനാ ........... നിൎവൃതം മേഹൃദയം തഥാപി ഏതാവച്ചിന്തനീയം..........." (ഗാന്ധൎവ്വവിധിയാൽ വിവാഹം കഴിഞ്ഞതുകൊണ്ടു എന്റെ മനസ്സിനു സമാധാനം ഉണ്ടെങ്കിലും)

"അദ്യ സ രാജൎഷി.......നഗരം പ്രവിശ്യ.......ഇതോ ഗതം വൃത്താന്തം സ്മരതി വാ ന വാ" (ആ രാജാവു് നഗരത്തിലെത്തിയാൽ ഇവിടെ ഉണ്ടായ കഥ സ്മരിക്കുമോ ഇല്ലയോ എന്നു എനിക്കു സന്ദേഹമുണ്ടു്).

പ്രിയംവദയ്ക്കു ഈവക സംഗതികളിൽ വൈഷമ്യചിന്ത ലേശമെങ്കിലും ഇല്ല. അവൾ എല്ലാം വിശ്വസിക്കുന്നു. ആ വിശ്വാസം മററുള്ളവൎക്കുണ്ടാകാനും അവൾ യത്നിക്കാതിരിക്കുന്നില്ല. നോക്കുക അവൾ പറകയാണു്,

"വിസ്രബ്ധാ ഭവ. നതാദൃശാ ആകൃതിവിശേഷാ ഗുണവിരോധിനോ ഭവന്തി" (അവിശ്വസിക്കാതിരിക്കു. ആ വിധമുള്ള ആകൃതിവിശേഷത്തോടുകൂടിയവൎക്കു ഗുണങ്ങൾ ഉണ്ടാകാതിരിക്കയില്ല).

എങ്കിലും കണ്വനെ സംബന്ധിച്ചിടത്തോളം അവൾ

ക്കും അല്പമൊരു ശങ്ക അങ്കുരിക്കാതിരിക്കുന്നില്ല. അവൾ പറയുന്നു,

"താത ഇദാനീമിമം വൃത്താന്തം ശ്രുത്വാ ന ജാനേ കിം പ്രതിപത്സ്യതേ ഇതി" (താതകണ്വൻ ഇതിനെക്കുറിച്ചു കേൾക്കുമ്പോൾ എന്തു വിചാരിക്കുമോ?).

അനസൂയയാകട്ടേ കുറേക്കൂടി പ്രായോഗികപദ്ധതിയിലാണു നിൽക്കുന്നതു്. അവളുടെ അഭിപ്രായം ഇതാണു്:—

"ഗുണവതേ കന്യകാ പ്രതിപാദനീയാ ഇതി പ്രഥമഃ സങ്കല്പഃ തം യദി ദൈവമേവ സമ്പാദയതി നനു അപ്രയാസേന കൃതാർത്ഥോ ഗുരുജനഃ" (താതനു ആദ്യമേയുള്ള സങ്കല്പം ഗുണവാനായ പുരുഷനു കന്യകയെ കൊടുക്കണമെന്നാണല്ലോ. അതു് അദ്ദേഹത്തിനു ശ്രമംകൂടാതെ ദൈവഗത്യാ തന്നെ സാധിച്ചതിൽവെച്ചു അദ്ദേഹം സന്തോഷിക്കുന്നതിനേ ഇടയുള്ളു.)

ശാർങ്ഗരവനും ശാരദ്വതനും തമ്മിലുള്ള അന്തരം പ്രിയംവദാനസൂയമാക്കും ഉണ്ടെന്നുള്ള സംഗതി എടുത്തുപറയാതെ കഴികയില്ല.

അവശ്യാനുഷ്ഠേയങ്ങളായ കാര്യങ്ങളിൽ അനസൂയക്കുള്ള നിർവ്വഹണപാടവം വിസ്മയനീയമാകുന്നു. "വിപദി ധൈര്യമഥാഭ്യുദയേ ക്ഷമാ" എന്ന ആപ്തവാക്യം അക്ഷരംപ്രതി അനുഷ്ഠിക്കുന്നവളാണു അനസൂയ. ദുർവ്വാസസ്സ്, ശകുന്തളയെ ശപിച്ച അവസരത്തിൽ അനസൂയ പ്രകടിപ്പിക്കുന്ന ധീരത മാതൃകായോഗ്യമാകുന്നു. പ്രിയംവദയാകട്ടേ പരിഭ്രാന്തയായി കർത്തവ്യം കാണാതെ ഉഴലുകയാണു ചെയ്യുന്നതു്.

അനസൂയ ക്ഷോഭലേശം കാണിക്കാതെ അവസരം അറിഞ്ഞു വേണ്ടതു പ്രവൎത്തിക്കുന്നു. "ഗച്ഛ, പാദയോഃ പ്രണമ്യനിവൎത്തയൈനം" (വേഗത്തിൽച്ചെന്നു കാല്ക്കൽ വീണു നമസ്കരിച്ചു അദ്ദേഹത്തെ തിരിച്ചുവിളിക്കു).

എന്നാണല്ലോ അവൾ പ്രിയംവദയോടുപദേശിക്കുന്നതു്.

പ്രിയംവദാനസൂയമാൎക്കു ശകുന്തളയിലുള്ള ഭക്തിസ്നേഹാദരങ്ങൾ പ്രബലങ്ങളും ദൃഢമൂലങ്ങളുമാകുന്നു. ശകുന്തളയുടെ അസ്വാസ്ഥ്യങ്ങൾ പ്രിയംവദയെ അത്രതന്നെ വിഷമിപ്പിക്കുന്നില്ല. അനസൂയയാകട്ടെ, ദുഷ്യന്തപത്നിയുടെ സങ്കടങ്ങൾ അപ്പഴപ്പോൾ അറിയുന്നുണ്ടു്.

"സുഖശയിതപ്രച്ഛികാ ശകുന്തളാസകാശം ഗതാ".

വാസ്തവത്തിൽ അനസൂയ ശകുന്തളയുടെ ഭാവിയെക്കുറിച്ചു എത്രമാത്രമാണു വിചിന്തനം ചെയ്തിട്ടുള്ളതെന്നു പറഞ്ഞാൽ തീരുന്നതല്ല.

"ദുൎവ്വാപി വിരഹദുഃഖമാശാബന്ധഃ സാഹയതി"

എന്നാണവൾ പറയുന്നതു്.

അനസൂയയെ അപേക്ഷിച്ചു ബാഹ്യമായി നോക്കുമ്പോൾ ശകുന്തളയ്ക്കു കൂടുതൽ സഹായിനിയായി കാണപ്പെടുന്നതു പ്രിയംവദയാകുന്നു. ഈ പരമാൎത്ഥം അറിഞ്ഞുകൊണ്ടു തന്നെയാണു അനസൂയ "പ്രിയംവദാമിശ്രാഃ സഖ്യഃ "എന്നു അതിനുദ്ദേശിക്കുന്നതും

കണ്വനു പ്രിയംവദയേക്കാൾ കൂടുതൽ വിശ്വാസം അനസൂയയേയാണു്. ശകുന്തളയുടെ വേൎപാടിൽ സഖിമാർ കരയുന്നതു കാണുന്ന കണ്വൻ അനസൂയയേയാണു സം

ബോധന ചെയ്തുകൊണ്ട് "അനസൂയേ അലംഉപാലംഭിതേന. നനുഭവതീഭ്യാമേവ സ്ഥിരീകർത്തവ്യാ ശകുന്തള" (അനസൂയേ,കരയരുത്. നിങ്ങൾ വേണ്ടയോ ശകുന്തളയെ പറഞ്ഞു ധൈര്യപ്പെടുത്താൻ?)

എന്നിങ്ങനെ ആശ്വസിപ്പിക്കുന്നതും. ശകുന്തള പൊയ്ക്കഴിഞ്ഞതിനു ശേഷവും അദ്ദേഹം, " അനസൂയേ ഗതവതീവാം സഹധർമ്മചാരിണി. നിഗൃഹ്യ ശോകമനുഗച്ഛതംമാം "എന്നിങ്ങനെയാണല്ലൊ അരുൾ ചെയ്യുന്നത്. ഇവിടെയും കണ്വൻ പ്രാധാന്യം നൽകുന്നതു അനസൂയക്കാകുന്നു.

10518

വസുമതി.

മാഢവ്യൻ, മാതലിയുടെ പിടിയിൽ പെടുന്ന അവസരത്തിലല്ലാതെ മറെറാരു രംഗത്തിലും പ്രത്യക്ഷമാകുന്നില്ലാത്ത ഒരു കഥാപാത്രമാകുന്നു വസുമതി. കാളിദാസൻ വസുമതിയെകൊണ്ടാണ ഉത്തമ പത്നിമാക്കു വിലയേറിയ ഉപദേശങ്ങൾ കൊടുപ്പിക്കുന്നത്.

"കാര്യജ്ഞാ കാര്യോപരോധം മേ പരിഹരതി"

സാനുമതി.

സാനുമതിയെ കവി രംഗപ്രവേശം ചെയ്യിക്കുന്നതു സദസ്യരുടെ സംശയത്തെ നമാവശേഷമാക്കുവാൻ വേണ്ടി മാത്രമാകുന്നു. ദുഃഖപര്യവസായികളായ നാടകങ്ങളെ അവജ്ഞാഭരിതങ്ങളായ ദൃഷ്ടികളാൽ വീക്ഷിക്കുന്നവരാണല്ലോ ഭാരതീയ നാടകകവികൾ. ശകുന്തളയുടെ തിരോധാനത്തോടുകൂടി അഞ്ചാമങ്കം അവസാനിക്കുന്നു.

"ഉൽക്ഷിപ്യൈനാം ജ്യോതിരേകം ജഗാമ"

(ജ്യോതിരേനാമപ്സരസ്സ്ത്രീത്ഥമാരാൽ ഗ്രഹിച്ചുൽഗമിച്ചു.)

ദുഷ്യന്തഭക്തയായ ശകുന്തള ജീവിച്ചിരിക്കുന്നുണ്ടെന്നു സദസ്യരെ അറിയിക്കുന്നതു സാനുമതിയാകുന്നു.

"അസ്യകൃതേശകുന്തളാക്ലാമ്യതി"

മാത്രമല്ല, ദുഷ്യന്തൻെറ പിന്തുടർച്ചാവകാശി, ലോകരംഗത്തിൽ ആവിർഭവിച്ചു എന്നും അവൾ സൂചിപ്പിക്കാതിരിക്കുന്നില്ല.

"സതിഖലുദീപേ വ്യവധാനദോഷേണായ-
മന്ധകാരദോഷമനുഭവതി"

(ദീപം ഉണ്ടായിരുന്നിട്ടും വ്യവധാനദോഷത്താൽ ഇദ്ദേഹം അന്ധകാരദോഷത്തെ അനുഭവിക്കുന്നു)

ഒടുവിൽ ശകുന്തളാദുഷ്യന്തന്മാർ സമ്മേളിക്കുമെന്നും സാനുമതി ദീർഘദർശനം ചെയ്യുന്നുണ്ടു്.

"ദേവാ ഏവതഥാനുഷ്ഠാസ്യന്തിയഥാ അചിരേണ-
ധർമ്മപത്നീം ഭർത്താഭിനന്ദിഷ്യതീതി"

സദസ്യരുടെ ഭയാശങ്കകൾ നിവാരണം ചെയ്തു അവരെ ഏഴാമങ്കം കാണുവാൻ പ്രേരിപ്പിക്കുകകൂടി ചെയ്യുന്നുണ്ടു് സാനുമതി എന്നുകൂടി പറഞ്ഞുകൊള്ളട്ടെ.

---

## 5. ശ്രീമഹാഭാരതവും അഭിജ്ഞാനശാകുന്തളവും

ശാകുന്തളം കഥ ശ്രീമഹാഭാരതത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള ഉപാഖ്യാനങ്ങളിൽ ഒന്നാകുന്നു. പൂരുവംശ രാജാവായ ദുഷ്യന്തൻ വേട്ടക്കുപോയി ക്ഷീണിച്ച് കണ്വാശ്രമത്തിൽ എത്തുന്നു. ആ സമയത്തു കണ്വൻ കായ്കനികൾ ശേഖരിക്കാൻ വനാന്തരത്തിലേക്കു പോയിരിക്കയാണു്. അതിനാൽ കണ്വപുത്രിയാണു ദുഷ്യന്തനെ സ്വീകരിക്കുന്നതു്. രാജാവു ചോദിക്കുകയാൽ ആ കന്യാരത്നം ആത്മകഥ നിവേദനം ചെയ്യുന്നു. ഗാന്ധർവ്വവിധിയാൽ അവളെ വേൾക്കാൻ രാജാവു ആഗ്രഹിക്കുന്നു. തനിക്കു അദ്ദേഹത്തിലുണ്ടാകുന്ന പുത്രനെ രാജാവാക്കാൻ ദുഷ്യന്തൻ സമ്മതിക്കുന്നപക്ഷം തന്നെ വിവാഹം ചെയ്യുന്നതു സമ്മതമാണെന്നു അവൾ അറിയിക്കുന്നു. രാജാവും അവളുടെ ഹിതം നിറവേററാമെന്നു വാഗ്ദാനം ചെയ്യുന്നു. അങ്ങനെ അദ്ദേഹം അവളെ പരിഗ്രഹിക്കുന്നു. അചിരേണ ശകുന്തളയെ രാജധാനിയിലേക്കു കൂട്ടിക്കൊണ്ടുപൊയ്ക്കൊള്ളാമെന്നു ശപഥംചെയ്തു കണ്വൻ മടങ്ങി വരുന്നതിനു മുമ്പായി രാജാവു ആശ്രമം വിടുന്നു.

ആശ്രമത്തിൽ മടങ്ങിയെത്തിയ മഹർഷി ദിവ്യദൃഷ്ട്യാ പരമാർത്ഥമെല്ലാം ഗ്രഹിച്ചു പുത്രിയെ അനുമോദിക്കുന്നു.

ശകുന്തളയെ വേട്ട കഥതന്നെ ദുഷ്യന്തൻ മറന്നു. അവൾ യഥാകാലം ഒരാൺകുട്ടിയെ പ്രസവിച്ചു. ആറു

വയസ്സു പ്രായമായപ്പോഴേക്കും അവൻ മൃഗരാജന്മാരെ പ്പോലും ജയിക്കുന്ന പ്രഭാവം സമാർജ്ജിക്കുന്നു. മനഃശക്തി യും കായികശക്തിയും അസാധാരണമാംവണ്ണം അവനിൽ രൂഢമൂലമായി പരിണമിക്കുന്നു.

കണ്വൻ ശകുന്തളയേയും ബാലനേയും ദുഷ്യന്തസന്നി ധിയിലേക്കയയ്ക്കുന്നു. അവൾ രാജസമക്ഷം ചെന്നു അ ദ്ദേഹം ചെയ്ത വാഗ്ദാനം അനുസ്മരിപ്പിക്കുന്നു. ഏതോ ഒരാവരണം പരമാർത്ഥബോധത്തിൽ നിന്നു ദുഷ്യന്തനെ ദൂരതഃ തിരസ്കരിക്കുന്നു. രാജാവിന്റെ ദയാശൂന്യതയാൽ പരിത്യക്തയായിട്ടു ശകുന്തള ആശ്രമത്തിലേക്കു മടങ്ങി പ്പോകുന്നു. ആ സമയത്തു ഒരശരീരിവാക്കു ദുഷ്യന്തൻ കേൾക്കുന്നു. അദ്ദേഹത്തിനു ആ അവസരത്തിൽ കഴി ഞ്ഞതെല്ലാം മനോമുകുരത്തിൽ പ്രതിഫലിച്ചു കാണാറാ വുന്നു. പ്രജാഹിതം പുരസ്കരിച്ചും, അശരീരിയുടെ നിർദ്ദേ ശം അനുസരിച്ചും അദ്ദേഹം പത്നിയെ അംഗീകരിക്കുകയും പ്രജാബോദ്ധ്യത്തിനായി താൻ ചെയ്ത അപരാധം ക്ഷമി ക്കണമെന്നു അവളോടാവശ്യപ്പെടുകയും ചെയ്യുന്നു.

കാളിദാസൻ ഈ കഥാഗതിയിൽ ചില വ്യതിയാനങ്ങളുണ്ടാക്കിയിട്ടുണ്ടു്.

ദുഷ്യന്തൻ ആശ്രമത്തിൽ പ്രവേശിക്കുമ്പോൾ കണ്വൻ അവിടെ ഉണ്ടായിരുന്നില്ലെന്നുള്ള സംഗതിയിൽ കാളിദാസൻ വ്യാസനെ അനുകൂലിക്കുന്നു. പക്ഷേ അദ്ദേ ഹം ഫലമൂലങ്ങൾ ഉപാഹരിക്കാൻ വനാന്തരത്തിലേക്കു പോയിരിക്കുന്നു എന്ന വ്യാസമതത്തെ അതേപടി കാളി ദാസൻ അംഗീകരിക്കുന്നില്ല. കാളിദാസൻ കണ്വനെ അത്ര പെട്ടെന്നൊന്നും മടങ്ങിവരാൻ സൗകര്യമില്ലാത്ത

വിധത്തിൽ തീൎദ്ധാടനത്തിനയക്കുകയാണു ചെയ്യുന്നതു്. കാളിദാസൻ ഈ വിധം കഥ രൂപാന്തരപ്പെടുത്തിയതു ഏററവും ഔചിത്യബോധത്തോടുകൂടിയാണു എന്നു ഹൃദയമുള്ളവർ സമ്മതിക്കാതിരിക്കയില്ല. ഫലമൂലങ്ങൾകൊണ്ടുവരാൻ കണ്വൻ പോയാൽ മടങ്ങിവരുന്നതിനു അധികനേരമൊന്നും വേണ്ടിവരികയില്ല. അതിന്നിടയ്ക്കു ദുഷ്യന്തൻ ശകുന്തളയുമായി പരിചയപ്പെട്ടുവെന്നും ഗാന്ധൎവ്വവിവാഹംകൊണ്ടു അവളെ പത്നിയാക്കിയെന്നും മററുമുള്ള സംഗതി സ്വാഭാവികമായി ആൎക്കും തോന്നാൻ ഇടയില്ല.

"ദൈവമസ്യാഃ പ്രതികൂലം ശമയിതും" എന്നഭാഗം തീൎദ്ധാടനത്തിന്റെ ഉദ്ദേശ്യം എത്രത്തോളമാണെന്നു വിശദമാക്കുകയും ചെയ്യുന്നു. മാത്രമല്ല, ഇതുകൊണ്ടു കഥാഗതിയിൽ മറെറാരു വ്യതിയാനം കൂടി വരുത്തുവാൻ കാളിദാസനു അവസരവും ലഭിക്കുന്നുണ്ടു്. അതാകട്ടേ, ഭാരതത്തിൽ പ്രതിപാദിക്കാത്ത ദുൎവ്വാസശാപവുമാകുന്നു. ശകുന്തളയുടെ ദൈവപ്രാതികൂല്യം ഒരുപക്ഷേ ഇതുതന്നെയായിരിക്കാനും വഴിയില്ലെന്നില്ല.

വ്യാസന്റെ ശകുന്തള ആത്മകഥ പറഞ്ഞു ദുഷ്യന്തനെ ഗ്രഹിപ്പിക്കയാണല്ലോ ചെയ്യുന്നതു്. ഈ സമ്പ്രദായം ലോകതത്വഗ്രാഹികൾക്കെന്നപോലെ കാളിദാസനും ഹൃദ്യമായിത്തോന്നുകയുണ്ടായില്ല. അദ്ദേഹം ശകുന്തളയുടെ ജന്മവൃത്താന്തം അനസൂയയെക്കൊണ്ടാണു പറയിക്കുന്നതു്. വാസ്തവം ആലോചിച്ചാൽ ഇതാണു കുറേക്കൂടി സ്വാഭാവികമായി തോന്നുന്നതും. നവയൌവനയുക്തയായ ഒരു ബാലിക തന്നെപ്പററിയുള്ളതെങ്കിലും, അവമാനകരമായ ജന്മവൃത്താന്തത്തെ അല്പനിമിഷം മാത്രം പരിചയ

മുള്ള ഒരു തരുണനെ അറിയിക്കുവാൻ ഒരുങ്ങി എന്നതു സംഭവ്യമായി ആക്കും തോന്നാൻ സംഗതിയില്ല. അതിനാൽ വ്യാസകഥയ്ക്കു കാളിദാസൻ വ്യതിയാനം വരുത്തിയതു ഒരിക്കലും അപലപനീയമാകുന്നില്ല. നേരേമറിച്ചു ശ്ലാഘനീയവുമായി ഗണിക്കാവുന്നതത്രെ.

സഖിമാരൊന്നിച്ചു ഉദ്യാനസേവനം ചെയ്യുന്ന ശകുന്തളയേയാണു കാളിദാസന്റെ നായകൻ സന്ദർശിക്കുന്നതു്. അവരുടെ മുമ്പിൽ സന്നിഹിതനാകുന്നതിനു സമുചിതമായ ഒരവസരം സൃഷ്ടിച്ചു കാര്യം ഭംഗിയായി നിർവ്വഹിക്കുന്നതിൽ കാളിദാസൻ പ്രകടിപ്പിക്കുന്ന മനോഭാവം സ്തുത്യർഹവും സഹൃദയസമാദൃതവുമാകുന്നു.

വ്യാസന്റെ നായികാനായകന്മാരുടെ സമ്മേളനവും വിവാഹാലോചനയും അത്ര സ്വാഭാവികമായി കാണപ്പെടുന്നില്ല. കാളിദാസന്റെ നായകൻ അത്ര പെട്ടെന്നൊന്നും എടുത്തു ചാടുന്നില്ല. 'പയ്യെത്തിന്നാൽ പനയും തിന്നാം' എന്നനിലയിലാണു കാളിദാസൻ ദുഷ്യന്തനെ നയിക്കുന്നതും നിയന്ത്രിക്കുന്നതും. ഇത്തരം കാര്യങ്ങളിൽ കാലവിളംബം ദോഷത്തേക്കാൾ ഗുണത്തെയാണു ചെയ്യുക എന്നും ആ കവിസാർവ്വഭൗമൻ ഗ്രഹിച്ചിട്ടുണ്ടു്. നായികാനായകന്മാരുടെ മിഥഃപ്രേമത്തിന്റെ പ്രാബല്യവും അവരിരുവരും അനുഭവിക്കുന്ന വിരഹപീഡയുടെ കാർക്കശ്യവും രണ്ടാമത്തേയും മൂന്നാമത്തേയും അങ്കങ്ങളിൽ കാളിദാസൻ ഭംഗിയായി ചിത്രണം ചെയ്തിരിക്കുന്നതും കാര്യോചിതമായിരിക്കുന്നുണ്ടു്.

ഒരു ഗൃഹസ്ഥകന്യയെന്ന നിലയിൽ ശകുന്തളയെ സഹായിക്കാനാണു കാളിദാസൻ സമർത്ഥമാരായ രണ്ടു

സഖിമാരെ കഥാപാത്രങ്ങളാക്കിയിരിക്കുന്നതു്. ശകുന്തളയുടെ ഭാവിയിൽ നിഴലിക്കുവാനിടയായേക്കാവുന്ന അന്ധകാരത്തെ പാടേ, വിപാടനം ചെയ്യുന്നതു പ്രിയംവദാനസൂയമാരാകുന്നു. ശകുന്തളയെ ഉദ്ദേശിച്ചു ആ സഖീദ്വയം ചെയ്യുന്ന ഒരോ പ്രവൃത്തിയും സാരതമവും നിർദ്ദോഷവുമാകുന്നു.

വ്യാസന്റെ ശകുന്തള പരിപൂർണ്ണതാപസിയാണു്. അവൾ വിവാഹത്തെ ധർമ്മാർത്ഥമായിട്ടാണു കാമാർത്ഥമായിട്ടല്ല പരിഗണിച്ചിരിക്കുന്നതു്. അതിനാൽ വിവാഹാലോചനയിൽ, തന്റെ പുത്രനു രാജ്യാവകാശം ഉണ്ടായിരിക്കണമെന്നു ശകുന്തള വാദിക്കുന്നതിൽ അനൗചിത്യം ലേശമെങ്കിലും ഇല്ല. കാളിദാസന്റെ നായിക ഗൃഹസ്ഥകന്യകയായതുകൊണ്ടു താപസകുമാരിയുടെ നിലയിൽ വ്യവസ്ഥ ചെയ്തു വേളി നടത്തുന്നതു സ്വാഭാവികമായിരിക്കയില്ല. കവി, നായകനെ അനപത്യദുഃഖംകൊണ്ടു വിഷമിപ്പിക്കുകയും അപത്യലാഭത്തിൽ നിലീനമായ സുഖത്തിൽ പ്രലോഭിയാക്കിത്തീർക്കുകയും ചെയ്യുന്നു. ഈ കാരണത്താൽ ശകുന്തള, കരാർ ഒന്നും ചെയ്തിട്ടില്ലെങ്കിൽത്തന്നെയും സർവ്വദമനൻ രാജ്യാവകാശിയാകുമെന്നുള്ളതു തീർച്ചയാണല്ലോ.

എന്തുകൊണ്ടാണു ദുഷ്യന്തൻ ശകുന്തളയെ വിവാഹം ചെയ്ത സംഗതി മറന്നതെന്നു വ്യാസൻ പറയുന്നില്ല. ശകുന്തളോപാഖ്യാനത്തിൽ സാർവ്വത്രികമായി മുഴച്ചു നിൽക്കുന്ന ഒരു ന്യൂനതയാണിതു്. കാളിദാസനാകട്ടെ വിസ്മൃതിക്കു കാരണമാക്കി കല്പിക്കുന്നതു ദുർവ്വാസാവിന്റെ ശാപമാകുന്നു. ഇങ്ങനെ ഒരു മനോധർമ്മം പ്രയോഗിക്കാതെ വ്യാസനെ തന്നെ കാളിദാസനും അനുഗമിച്ചിരുന്നു എങ്കിൽ അതു തീർച്ചയായും ഒരു വലിയ സ്ഖാലിത്യമാകുമായിരുന്നു.

ദ്വാസശാപം കവികല്പിതമായിരിക്കുന്നതുപോലെതന്നെ ശാപമോക്ഷവും സ്വകപോലകല്പിതമാകുന്നു. ആ മഹർഷിയെക്കൊണ്ടു ശപിപ്പിക്കാൻ തീർച്ചയാക്കിയ കാളിദാസൻ ശാപമോക്ഷത്തിനുള്ള വക മുൻകൂട്ടിത്തന്നെ കണ്ടുവെച്ചിട്ടുണ്ടു്. അല്ലെങ്കിൽ ദുഷ്യന്തനെക്കൊണ്ടു തന്നാമാങ്കിതമായ അംഗുലീയകം ഒരഭിജ്ഞാനം എന്ന നിലയിൽ ശകുന്തളക്കു കൊടുപ്പിക്കാൻ കാളിദാസൻ ഒരുങ്ങുന്നതല്ല. ദുഷ്യന്തൻ അഭിജ്ഞാനദർശനമാത്രത്താൽ ശകുന്തളാസ്മൃതിയുള്ളവനാകുമെന്നുള്ള ശാപമോക്ഷവൃത്താന്തം കവി എത്ര ആലോചനയോടുകൂടിയാണു നാടകത്തിൽ ബന്ധിച്ചിട്ടുള്ളതെന്നു നോക്കുക. കാളിദാസന്റെ അന്തഃശക്തിയും ദീർഘസൂത്രജ്ഞതയും ഏതാദൃശസന്ദർഭങ്ങളിൽ പ്രബുദ്ധമായിത്തീരാതിരിക്കുന്നില്ല എന്നുള്ളതാണു നമ്മെ വിസ്മയിപ്പിക്കുന്നതു്.

വ്യാസന്റെ കണ്വൻ ശകുന്തളയെ ഒൻപതുകൊല്ലത്തിലധികം കാലമാണു വിവാഹാനന്തരം, ആശ്രമത്തിൽ പാർപ്പിക്കുന്നതു്. അതു കഴിഞ്ഞേ അവളെ ഹസ്തിനാപുരത്തേക്കയക്കുന്നുള്ളു. ഇത്ര വളരെക്കാലം അദ്ദേഹം കാത്തിരുന്നതെന്തിനെന്നു അദ്ദേഹമോ, ഭാരതകർത്താവായ വ്യാസനോ നമ്മോടു പറയുന്നില്ല. പുത്രിയുടെ അഭ്യുദയത്തിൽ അശ്രദ്ധനല്ലേ കണ്വൻ എന്നുകൂടി ഈ ദീർഘകാലപ്രതീക്ഷ കാണുമ്പോൾ പലരും സംശയിച്ചുപോകും.

കാളിദാസന്റെ കണ്വനാകട്ടെ വിവാഹവൃത്താന്തം അറിഞ്ഞ അതേ ദിവസം തന്നെ ശകുന്തളയെ ഭർത്തൃമന്ദിരത്തിലേക്കയാത്രയാക്കുന്നുണ്ടു്. അങ്ങനെ ചെയ്യുന്നതിനുള്ള ആവശ്യം എന്തെന്നും എത്രത്തോളമെന്നും അദ്ദേഹം വിശദമാക്കാതിരിക്കുകയും ചെയ്യുന്നില്ല.

"അത്ഥോഹി കന്യാ പരകീയഏവ
താമദ്യ സമ്പ്രേക്ഷ്യ പരിഗ്രഹീതുഃ
ജാഃതോമമായം വിശദഃ പ്രകാമം
പ്രത്യപ്പിതന്യാസ ഇവാന്തരാത്മാ"

മാത്രമല്ല കാളിദാസൻ കണ്വനെ ലോകാപവാദഭീരുക്കൂടിയാക്കിയാണ നാടകത്തിൽ പ്രവത്തിപ്പിക്കുന്നതു്. അദ്ദേഹം പറയുന്നു,

സതിയെങ്കിലും പിതൃഗൃഹത്തിൽ വാഴുകിൽ
പതിയുള്ള മങ്കയെ ജനം പഴിച്ചിടും"

എന്നു്. ഈവക ചിന്തയൊന്നും വ്യാസൻെറ കണ്വനെ സ്പർശിക്കപോലും ചെയ്യുന്നില്ല. വ്യാസകാളിദാസന്മാരുടെ ഉത്തരവാദിത്വബോധത്തിൻെറ ന്യൂനാധികത്വം ഇവിടെയാണ പ്രത്യക്ഷമാകുന്നതു്.

വ്യാസൻെറ ശകുന്തള ആത്മീയപ്രഭാവത്തിൻെറ അത്യുച്ചശൃംഗത്തിലാണ നിൽക്കുന്നതു്. അതുകൊണ്ടു തന്നെയാണ അവൾ രാജസമക്ഷം നിന്ന പുത്രനു വേണ്ടി ന്യായവാദം ചെയ്യുന്നതു്. ധൈയ്യവും ധൈയ്യവുമാണ അവിടെ ശകുന്തളയ്ക്കു രക്ഷാകവചങ്ങൾ. ദുഷ്യന്തൻ തന്നെ നിരസിക്കുന്നതു നിരത്ഥകവും അധാമ്മികവുമാണെന്നുള്ള ബോധം ഒന്നുമാത്രമാണ അവളെക്കൊണ്ടു ആവിധമൊക്കെ പറയിക്കുന്നതും.

കാളിദാസൻെറ നായികയാകട്ടെ, ദുർവാസശാപത്തിൽ വിവാഹവിസ്മൃതിനേരിട്ട ദുഷ്യന്തമഹാരാജാവിൻെറ പുരോഭാഗത്താണ നിൽക്കുന്നതു്. നായകൻെറ ആ വിസ്മൃതിയെ നാമാവശേഷമാക്കുന്നതിനു പയ്യാപ്തമായ

അംഗുലീയവും അവൾക്കു നഷ്ടമായി. ദുഷ്യന്തനാമാങ്കിതമായ ആ 'മോതിരം' ശചീതീർത്ഥത്തിൽ കളയിക്കാൻ കാളിദാസൻ ഒരുങ്ങിയതു മേനകയെ വരുത്തുവാനും ഏഴാമങ്കത്തിലെ കഥാവസ്തു രൂപവൽകരിക്കുന്നതിനുമാകുന്നു. കാളിദാസൻെറ ശകുന്തളയും രാജസന്നിധിയിൽ ഒന്നും മിണ്ടാതിരിക്കുന്നില്ല.

"ആര്യപുത്ര, സംശയിത ഇദാനീം നൈഷ സമുദാചാരഃ. പൗരവഃ, നയുക്തം നാമ തേതഥാ പുരാശ്രമപദേ സ്വഭാവോത്താനഹൃദയമിമം ജനം സമയപൂർവം പ്രതാര്യ ഈദൃശൈരക്ഷരൈഃ പ്രത്യാഖ്യാതും."

(ഭർത്താവേ....വിവാഹം സംശയിതമായിരിക്കുമ്പോൾ ഈ സംബോധനം മര്യാദയല്ലല്ലൊ. പൗരവ, മുൻപിൽ ആശ്രമത്തിൽവെച്ചു അങ്ങയുടെ വാക്കുകൾ കേട്ടു വിശ്വസിച്ചുപോയ ഋജുബുദ്ധിയായ എന്നെ അപ്രകാരം പ്രതിജ്ഞചെയ്തു വഞ്ചനയായി പരിഗ്രഹിച്ചിട്ടു ഇപ്പോൾ ഇങ്ങനെ പറഞ്ഞു ഉപേക്ഷിക്കുന്നതു അങ്ങയ്ക്കു യുക്തമല്ല).

ശകുന്തളയുടെ ഈ അനുസ്മരിപ്പിക്കലൊന്നും ദുഷ്യന്തൻ വിശ്വസിക്കുന്നില്ല. അവൾക്കു കോപം ഉണ്ടായി. അവൾ ഇങ്ങനെ പറഞ്ഞു:—

അനാര്യ; ആത്മനോഹൃദയാനുമാനേന പശ്യസി. ക ഇദാനീമന്യോധർമ്മകഞ്ചുകപ്രവേശിനസ്തൃണച്ഛന്നകൂപോപമസ്യതവാനുകൃതിം പ്രതിപത്സ്യതേ."

(അല്ലയോ അനാര്യ, അങ്ങു തൻെറ ദുർബ്ബുദ്ധിയെ അനുസരിച്ചു മററുള്ളവരുടെ പ്രകൃതിയെ ഊഹിക്കയാണു്. ധാർഷ്ട്യമായി ധർമ്മിഷ്ഠൻെറ വേഷം കെട്ടി മുകളിൽ പുല്ലു

കൊണ്ടു മറഞ്ഞ കിണറുപോലെ ഭയങ്കരനായിരിക്കുന്ന അങ്ങയുടെ ഈ മാതിരി പ്രവൃത്തി മററാരെങ്കിലും ചെയ്യുന്നതാണോ?)

ശകുന്തളയുടെ കോപം നിർവ്യാജമെന്നു ദുഷ്യന്തൻ ഗ്രഹിച്ചുവെങ്കിലും അവളെ പരിഗ്രഹിക്കുവാൻ അദ്ദേഹം ശക്തനല്ലാതെ വന്നു. ആ വിഷമസ്ഥിതിയും ശകുന്തളയെ മൗനമായിരിക്കാൻ അനുവദിച്ചില്ല. ആ സാധ്വീരത്നം പറകയാണു്,

സുഷ്ടു താവദത്ര സ്വച്ഛന്ദചാരിണീകൃതാസ്മി, യാഹമസ്യ പുരുവംശ പ്രത്യയേന മുഖമധോർഹൃദയസ്ഥിതവിഷസ്യഹസ്താഭ്യാശമുപഗതാ."

(വായിൽത്തേനും മനസ്സിൽ വിഷവും വെച്ചു കൊണ്ടിരിക്കുന്ന ഇദ്ദേഹത്തിനെ വിശ്വസിച്ചു സ്വാധീനയായി ഭവിച്ചു എന്നെ തോന്നിയതു കാണിക്കുന്ന കുലടയെന്നാക്കിത്തീർത്തതു നല്ല ഭംഗിയായി) എന്നു്.

ഇവിടെയാണു ശകുന്തളയുടെ യഥാർത്ഥസ്ത്രീഹൃദയം കാളിദാസൻ ചിത്രീകരിക്കുന്നതു്. പ്രേമപാരമ്യത്തിൽ, ഇത്തരം പരുഷവാക്കുകൾക്കു ഇടമുണ്ടോ എന്നു ചിലർ സംശയിച്ചേക്കാം. പക്ഷേ മനുഷ്യസ്വഭാവം അത്രത്തോളം സൂക്ഷ്മമായി പഠിക്കുകയും വിമർശിക്കുകയും ചെയ്തിട്ടുള്ള കാളിദാസനു് ആ നിലയിൽ ശകുന്തളയെക്കൊണ്ടു മറെറാരുവിധം പറയിക്കാൻ സാധ്യമല്ല. എവിടെ സ്നേഹാധിക്യമുണ്ടോ അവിടെ ദ്വേഷാധിക്യവും ഉണ്ടു് എന്ന ലോകപ്രകൃതി മാത്രമാണു ഈ കവിസാർവ്വഭൗമൻ ഉദാഹരിച്ചു കാട്ടിത്തരുന്നതു്.

## 6. പത്മപുരാണവും ശാകുന്തളവും

ശാകുന്തളംനാടകത്തിലെ ഇതിവൃത്തം വലിയ വ്യത്യാസമൊന്നും കൂടാതെ പത്മപുരാണത്തിലും വർണ്ണിക്കപ്പെട്ടിട്ടുണ്ട്. ആ ഭാഗം ഇവിടെ തർജ്ജമചെയ്തു ചേർത്തിരിക്കുന്നു:—

ശേഷൻ പറഞ്ഞു:—

*മഹാതേജസ്വിരാജർഷി
മതിവംശവിഭൂഷണൻ
വേദവേദാംഗവിജ്ഞാനി
വില്ലെടുത്തോരിലഗ്രിമൻ 1

സൗന്ദര്യത്തിൽപ്പുഷ്പബാണൻ
സ്ഥൈര്യംകൊണ്ടു ഹിമാലയൻ
സമുദ്രംപോലെ ഗംഭീരൻ
സമൃദ്ധിയ്ക്കുളകേശ്വരൻ 2

പ്രതാപം കൊണ്ടുദേവേന്ദ്രൻ
പ്രഭയാൽ ചണ്ഡദീധിതി
മനുവേപ്പോൽ ധർമ്മതന്ത്ര-
മർമ്മജ്ഞൻ സ്നിഗ്ദ്ധനുന്നതൻ 3

ദുഷ്യന്തനെന്നു പേരാർന്നോൻ
രാജോചിത ഗുണാന്വിതൻ
പാലിച്ചു മക്കളെപ്പോലെ
ജനാവലിയെയൊക്കയും 4

---

* സ്വന്തം

ഒരുനാൾ മൃഗയാലീലാ
പരനായ് സൈന്യമൊത്തവൻ
രത്നരമ്യം രഥം കേറി—
പ്പോയാൻ കാന്താരലക്ഷ്യമായ്. 5

കുതിച്ചോട്ടമൊരേണത്തിൻ
ഗതികണ്ടാത്തചാപനാം
ഭൂമിപാലൻ പിന്തുടർന്നാൻ
ഭൂയോപി കുതുകാന്വിതൻ. 6

കുതിത്തോരും മൃഗം വേഗം
പാഞ്ഞുപോകും ദശാന്തരേ
രഥവേഗം വളർത്തിച്ചി
ട്ടഥ ഭൂപനുമെത്തിനാൻ 7

ഏണത്തിനെപ്പിന്തുടർന്നു
കണ്വാശ്രമമണഞ്ഞിതു
ശബ്ദഭേരി ശരം ഞാണിൽ
ത്തൊടുത്താൻ ശൂരനാം നൃപൻ 8

അപ്പോൾ കാണായി നില്ക്കുന്ന
മുല്പാടായ് മുനിബാലകർ
കണ്വശിഷ്യന്മാ, രവരാ
ദുഷ്യന്തനൊടു ചൊല്ലിനാർ. 9

ഇതാശ്രമേ വളർത്തുന്ന
മാനാണു കൊല ചെയ്യൊല്ലാ
ഇതാശ്രമമൃഗം കണ്വൻ
വളർത്തും ദത്തുപുത്രിതാൻ. 10

അവരിങ്ങനെ ചൊന്നപ്പോൾ
പൌരവൻ പൌരുഷാന്വിതൻ
മുൻപിമ്പൊന്നും ഗണിക്കാതെ
സംഹരിച്ചിതു സായകം. 11

പ്രത്യാഖ്യാനസമുദ്യോതൻ
തൃഷാർത്തൻ മേദിനീശ്വരൻ
ജലമാരാഞ്ഞു ചെല്ലുമ്പോൾ
കണ്ടു കന്യകയൊന്നിനെ 12

അപ്സരസ്സിനു നാണത്തെ
നൽകിടും നളിനാക്ഷിയാൾ,
തങ്ങൾക്കെടുക്കാനാകുന്ന
കുടത്താൽ വെള്ളമേന്തിയും 13

ഉടജത്തിനു ചൂഴ്ന്നുള്ള
വന്യവൃക്ഷങ്ങളെസ്സദയം
നനച്ചും നിൽപ്പതാംകന്യാ
വൃന്ദത്തിൽ മദ്ധ്യസംസ്ഥയായ് 14

ലസിക്കുന്നുണ്ടു പുണ്യത്തിൻ
മൂർത്തിയാകും ശകുന്തള
അവൾ ഭൂപനെ വീക്ഷിച്ചി
ട്ടേവമന്നേരമോതിനാൾ 15

ഞങ്ങൾക്കതിഥിയായ് ഭാഗ്യ
വശാലങ്ങു നവാഗതൻ
അർഘ്യപാദ്യങ്ങൾ കൈക്കൊൾക
വിരുന്നുണ്ണുക നിർമ്മല! 16

ആവാക്കു കേട്ടു സന്തുഷ്ടൻ
കൈക്കൊണ്ടിതു സപൎയ്യകൾ
മന്മഥാശുഗസന്താപ
മുദയം ചെയ്തുഭൂപനിൽ. 17

ദുഷ്യന്തൻചൊല്ലി:—"നീ കന്യേ
യാരാണാക്കുള്ള കന്യക?
സ്വർഗ്ഗംവിട്ടൂഴിയാനുള്ള
ദേവിയോനീ ശുചിസ്മിതേ. 18

രാജാവു ഞാൻ പൂരുവംശ—
ജാതൻ ദുഷ്യന്തനെന്നുപേർ
അതുകേട്ടാക്കന്യ കാര്യം
ചൊൽവാൻ സഖിയോടോതിനാൾ 19

സഖിപറഞ്ഞു:—

രാജാവു ഗാധിതനയൻ
വിശ്വാമിത്രൻ മഹാമതി
വസിഷ്ഠനെസ്സംഗരത്തിൽ
ബ്രാഹ്മണ്യത്താൽ ജയിച്ചവൻ. 20

ക്ഷാത്രത്തെയവഹേളിച്ചും
ബ്രഹ്മതേജസ്സു വാഴ്ത്തിയും
ബ്രഹ്മർഷിയാകാൻ മോഹിച്ചു
തപംചെയ്തിതനേകനാൾ 21

അതുകണ്ടു ഭയംപൂണ്ട
ശക്രൻ, വാനവർ ചൊൽകയാൽ
തപോവിഘ്നം വരുത്താനാ—
യയച്ചു മേനകാഖ്യയെ. 22

സൂപാന്തികമണഞ്ഞിട്ടാ
സ്വൎഗ്ഗാഭരണഭൂഷിത
കടക്കണ്ണാൽ വശത്താക്കാൻ
യതിച്ചാൾ ഗാധിപുത്രനെ. 23

വിജിതേന്ദ്രിയനാം വിശ്വാ—
മിത്രൻതന്റെ മനസ്സിനെ
പിളൎന്നുകാമൻദേവസ്ത്രീ
നൽകടാക്ഷശരങ്ങളാൽ. 24

ധൎമ്മച്യുതൻ പാണിനീട്ടി—
പ്പിടിച്ചാൻ കോമളാംഗിയെ
ആശ്ലേഷിച്ചാൻ; കാമലീല
ചെയ്താൻ ബോധംവരുംവരെ 25

ലജ്ജിതൻ മുനി കൈവിട്ടാൻ
മേനകാദേവിയെത്തദാ
അവളും നിജ ഗൎഭത്തെ
കൈവിട്ടാൾ കാനനാന്തരേ. 26

അവൾ നാകം പ്രവേശിച്ചാൾ
വീണ്ടും കണ്ടില്ല ഭൂപനെ
ഗൎഭസ്ഥമാം പൈതലിനെ
ശകുന്തങ്ങൾ വളൎത്തിനാർ 27

ശകുന്തളാഖ്യപൂണ്ടുള്ള
വരവൎണ്ണിനി കന്യയെ
മഹാതേജസ്വിയാം കണ്വൻ
കണ്ടാൻ കാട്ടിൽ കിടപ്പതായ് 28

സ്വപുത്രിയെന്നു കല്പിച്ചു
മുനിപാലിച്ചു കന്യയെ
അവളാക്കണ്വനെത്താത-
നെന്നായ്ത്തന്നെ ഗണിക്കയായ് 29

അതിനാലീക്കന്യ കണ്വൻ
തനിക്കും മകളായിതു
വിശ്വാമിത്രൻ വെടിഞ്ഞാലും
സുരക്ഷിത ശകുന്തള 30

ദുഷ്യന്തൻ പറഞ്ഞു:—

കല്യാണി നീ ചൊൽകമൂലം
വ്യക്തം രാജന്യയെന്നിവൾ
അല്ലെങ്കിൽ പൗരവൻകാമി-
ക്കില്ലല്ലോ കണ്വപുത്രിയെ. 31

ന ശ്രോണി ഹരിണാപാങ്ഗി
തീരട്ടെ മമഭാര്യയായ്
നിനക്കു ഹേമമാല്യങ്ങൾ
വസ്ത്രകണ്ണവിഭൂഷികൾ 32

നാനാപത്തനജം ശുഭ്ര-
രത്നങ്ങളിവനൽകിടാം
നിന്നെ ഞാനണിയിച്ചീടാം
പതക്കങ്ങൾ മനോഹരേ 33

രാജ്യമെല്ലാം തരുന്നുണ്ടു
വേൾക്കനീയെന്നെ മാനിനി
ഗാന്ധർവ്വോദ്വാഹവിധിയാ-
ലെന്നെ വേൾക്കുക ശകുന്തളേ 34

വിവാഹങ്ങളിൽവെച്ചേററം
ശ്രേഷ്ഠം ഗാന്ധർവമാണയേ
ആ വാക്കുകേട്ട കല്യാണി
യേവം ഭൂപനൊടോതിനാൾ. 35

എൻപിതാവാശ്രമംവിട്ടു
പോയികായ്കനികൊള്ളുവാൻ
വരട്ടെയച്ഛൻ നല്കീടു
മെന്നെയങ്ങക്കു പത്നിയായ് 36

രാജാവു പറഞ്ഞു:—

കൊതിപ്പൂ നിന്നെഞാൻ രമ്യേ,
നിനക്കായ്ക്കാത്തിരിപ്പൂഞാൻ
നിൻവാഞ്ഛയെല്ലാമിപ്പോഴെൻ
ഹൃദയത്തിൽ പതിഞ്ഞുപോയ് 37

നിനക്കു ബന്ധു നീ തന്നേ
യെനിക്കും ബന്ധു ഞാൻ ശുഭേ
നിന്നെ നീതന്നെയെൻ കൈയിൽ
നൽകണം കളഭാഷിണീ 38

സകാമൻ ഞാൻ സകാമാ നീ
തുല്യരീനമ്മൾരണ്ടുപേർ
അതിനാലെന്നെഗാന്ധർവ-
മായ്നീ വേളികഴിക്കണം 39

ശകുന്തള പറഞ്ഞു:—

ഇതാണുധർമ്മ; മെന്നാത്മാ-
വാണെന്റെ പ്രഭുവെങ്കിൽ ഞാൻ
കന്യാദാനാർത്ഥമായ്ച്ചൊല്ലാം-
ചിലതങ്ങയൊടിപ്പോഴേ 40

എനിക്കങ്ങയിലുണ്ടാകും
പുത്രൻ ഭൂപാലനാകണം
അങ്ങയ്ക്കു ശേഷമാപ്പുത്രൻ
ഭരിക്കേണം ജനങ്ങളെ 41

വൈമുഖ്യമിതിലങ്ങയ്ക്കി-
ല്ലെന്നുണ്ടെങ്കിൽ നൃപോത്തമ,
അതിന്നുറപ്പായ് നൽകേണ-
മെനിക്കായംഗുലീയകം 42

ഞാനർത്ഥിപ്പതു നന്നെന്നായ്
തോന്നുന്നുണ്ടെങ്കിലെൻ പ്രഭോ,
അങ്ങയ്ക്കു പതിയാകാം ഞാ,-
നിതാണീയെന്റെ നിശ്ചയം 43

ശേഷൻ പറഞ്ഞു:—

ആവാമെന്നാദിയവളോ-
ടോതിനാൻ നരപാലകൻ
“നിന്നെ ഞാൻ കൊണ്ടുപോയീടാം
രാജധാനിക്കു സുസ്മിതേ!” 44

ഏവം പറഞ്ഞു രാജർഷി-
യവൾതൻ പാണിയേന്തിനാൻ
വിധിപോലവരൊന്നിച്ചു
രതിനാടകമാടിനാർ 45

* * * *

നിന്നെക്കൂട്ടിക്കൊണ്ടുപോകാൻ
സചിവാഭിമുഖം ബലം
ഞാനയക്കാമെന്നു സത്യ-
വാക്കോതി നൃപകേസരി 46

കാശ്യപൻ കേട്ടിടുന്നേര-
മെന്താകും കഥയെന്നവൻ
ചിന്തിച്ചു പതിതൻ കൈക്കൽ
കൊടുത്താനംഗുലീയകം 47

* * * *

ആശ്രമത്തിൽ വന്നുചേർന്നാൻ
കണ്വൻ യോഗീന്ദ്രസത്തമൻ
വ്രീളയാൽത്താതനെക്കാണാ-
നിച്ഛിച്ചില്ല ശകുന്തള 48

ദിവ്യജ്ഞാനംകൊണ്ടറിഞ്ഞാൻ
കണ്വ,നുണ്ടായതൊക്കെയും
സന്തുഷ്ടനായ് ലജ്ജിതയാം
പുത്രിയോടേവമോതിനാൻ 49

"എൻഹിതം ഗണിയാതെന്തു
ചെയ്തു നീ കൃതനിശ്ചയേ
അറിവില്ലനിനക്കേതും
ധർമ്മഭ്രംശം വരാഞ്ഞന്നേ! 50

ക്ഷത്രിയന്മാർക്കു ഗാന്ധർവ-
വിവാഹം ശ്രേഷ്ഠമാണയേ
മഹാനായിബ്ഭവിക്കട്ടെ
നിന്മകൻ സുഭൃശക്തനായ് 51

* * *

* * *

അർണ്ണവം കാഞ്ചിയായീടും
ഭൂഭരിക്കട്ടെ നിന്മകൻ 52

ശേഷൻ പറഞ്ഞു:—

യാതനായ് മുനി, വേർപാടാൽ
വ്യസനിച്ചാൾ ശകുന്തള
അവൾ ചിന്തിച്ചിരിപ്പായി
നൃപനെത്തന്നെ മാനസേ 53

നിശ്വാസബഹുലാബാലാ
കിടന്നാൾ ധരണീതലേ
നഖത്താൽച്ചിത്രമെഴുതി
പ്രേമസ്തിമിതനേത്രയാൾ 54

തപസ്സാലുജ്ജ്വലിച്ചീടും
മുനിദുർവാസതാപസൻ
അക്കാലം സന്നിഹിതനായ്
കണ്വൻതൻ പർണ്ണശാലയിൽ 55

ആരാണിവിടെ ഞാൻ വന്ന-
താരും കാണാതെയായിതോ?
കൊതിപ്പൂണ്ടൊന്നുമെന്നീ-
വിധമുച്ചം കഥിക്കയായ് 56

ആരും ചെയ്തില്ല സൽക്കാരം
മുനിയർത്ഥിച്ചുവെങ്കിലും
കോപത്താൽ ശാപവാക്കോതി
ക്രുദ്ധൻ താപസനക്ഷണം. 57

ഏകാഗ്രചിത്തയായാരെ
ച്ചിന്തിച്ചും കൊണ്ടിരിപ്പുനീ
അവൻ സ്മരിക്കാതാകട്ടെ;
എന്നെ നീ ധിക്കരിക്കയാൽ 58

ക്രോധത്താൽ മുനിയോതുന്ന
വാക്കുകേൾക്കെ പ്രിയംവദ
മുനിതൻ കാല്ക്കൽ വീണിട്ടു
പ്രസാദിപ്പിച്ചു സത്വരം 59

പ്രിയംവദ പറഞ്ഞു:—

ദുഷ്യന്തനാം പൗരവന്റെ
റാണിയാണിവൾ മാമുനേ,
വിശ്വാമിത്രന്റെ സുതയായ്
മേനകയ്ക്കുളവായവൾ. 60

പാലിക്കമൂലം കണ്വന്റെ
വത്സയാണീശ്ശകുന്തള
വിരഹക്ലിഷ്ടയായ്ക്കാന്തൻ
തന്നെ ധ്യാനിക്കയാണിവൾ 61

ഗർവ്വിനാലല്ല മറെറാന്നാ-
ലല്ല ചെയ്തിതനാദരം
അറിയുന്നില്ലൊന്നും പോലു-
മിവൾ ഭർത്തൃപരായണ. 62

നിർദ്ദോഷയിവൾ മാപ്പേകൂ
മഹർഷേ കണ്വപുത്രിയിൽ
ഭർത്താവു വിസ്മരിക്കായ്‌വാൻ
ശാപമോക്ഷമതേകുക. 63

പ്രസന്നനായി ദുർവ്വാസാ
വവൾതൻ മധുവാണിയാൽ
ചൊല്ലിനാ:—“നടയാളത്തെ-
ക്കാട്ടുകണവനോർത്തിടും. 64

അഭിജ്ഞാനം കണ്ടിടാത്ത
കാലത്തോളം നൃപാലകൻ
സ്മരിക്കാ കാന്തയെ”ച്ചൊരുമെ-
ന്നോതിപ്പോയി താപസൻ. 65

രാജർഷി തന്റെ ബീജത്തെ
യുൾക്കൊള്ളും ഗർഭമായതു്
ശുക്ലപക്ഷശശാങ്കൻപോൽ
വർദ്ധിച്ചിതു ദിനേദിനേ 66

ഗർഭം വഹിക്കും സുതയെ-
ക്കണ്ടുകണ്വൻമഹാമതി
അവൾതൻ വാഞ്ഛയെന്താണെ-
ന്നറിവാനാഗ്രഹിക്കയായ് 67

വന്യങ്ങൾ ഫലമൂലങ്ങൾ
പുത്രിക്കേകി മഹാമുനി
മാസമേഴായി വത്സയ്ക്കു
ഗർഭസ്ഫൂർത്തിഭവിച്ചിതു. 68

മുനീന്ദ്രർ ചൂഴ്ന്നിരിക്കുമ്പോൾ
ഭഗവാൻ കണ്വനോതിനാൻ:—
വധു താതഗൃഹത്തിക-
ലമതേറെ വസിപ്പതു് 69

ലോകാപവാദം വല്യതാ-
ണതിലുണ്ടു ഭയം മമ
നാരിക്കു ദൈവവും ശ്രേഷ്ഠ
തപസ്സും കാന്തനൊന്നുതാൻ 70

ഗുരുവും മോക്ഷവും ഭർത്താ-
വെല്ലാം ഭാര്യയ്ക്കു തൽപതി
ദൈവം നാരിയ്ക്കു രമണൻ
വേറെയെന്തൊരു ദൈവതം? 71

ഭർത്താവു കാനനം തന്നി-
ലാണെന്നാലും പ്രിയാന്തികം
പ്രാപിച്ചു ഭാര്യ ശുശ്രൂഷ-
ചെയ്യുന്നതുചിതം സദാ 72

അതിനാൽ നിന്നെ ഞാൻ വത്സേ
ഭർത്താവിന്നന്തികത്തിലായ്
അയക്കുന്നുണ്ടു ഭർത്താവിൻ-
പ്രേമം നാരിക്കനുഗ്രഹം 73

ശകുന്തള പറഞ്ഞു:— അനുഗൃഹീത ഞാൻ താത,
ഭർതൃദർശന വാർത്തയാൽ
സ്നേഹഭംഗഭയംമൂലം-
കാമിയ്ക്കുന്നില്ലനുജ്ഞയെ 74

* * *

അതിനാലിന്നുതന്നേ ഞാൻ-
പോകാം കാന്താന്തികം ഗുരോ,
അനുജ്ഞ നൽകൂ കൃപയാൽ-
താത, താപസസത്തമ! 75

സ്നേഹാർദ്രൻ കണ്വനാവാത്ത-
കേട്ടുസന്തുഷ്ടനായുടൻ
താപസ സ്ത്രീകൾ ചൂഴ്ന്നുള്ള
മുനിമാരോടു ചൊല്ലിനാൻ 76

ശകുന്തളയെ ഞാനിപ്പോ-
ളയക്കുന്നിതു ഹൃഷ്ടനായ്
കല്യാണം രാജധാനിക്കി-
ക്കല്യയാലുളവാകുവാൻ 77

പ്രേമാശ്രുക്ലിന്നനേത്രന്മാ-
രവരീവാക്കു കേൾക്കവേ
അനുകൂലങ്ങളാമാശി-
സ്സുകളാൽ വിട നൽകിനാർ 78

* * *

പിന്നീടു മുല്ലലതകൾ
തന്നോടും മാൻകുലത്തോടും
കണ്ണുനീർ തൂകിയാക്കണ്വൻ
പ്രേമാർദ്രൻചൊല്ലിയീവിധം 79

നിങ്ങളെല്ലാമെന്മകളോ-
ത്തിങ്ങുവാണരുള്ള ജീവികൾ
മകൾക്കു നിങ്ങൾ കല്യാണം
വരാനാശിസ്സു നൽകുക. 80

* * *

വൃദ്ധയാം ഗൗതമിയൊടും-
സഖിയോടും തഥാവിധം
ഇരുപേർ മുനിശിഷ്യന്മാ-
രോടുംചൊല്ലീടിനാൻ മുനി 81

ദുഷ്യന്ത രാജധാനിക്ക-
ന്നിങ്ങളെൻ പുത്രിയൊത്തുടൻ
പോകുവിൻ നൃപഹസ്തത്തി-
ലർപ്പിക്കിനവളെദ്രുതം 82

ആ വാക്കുകേട്ട ശിഷ്യന്മാ-
രാകും താപസബാലകർ
ശാരദ്വതൻ ശാർങ്ങരവൻ
ഗൗതമിപ്രമുഖാദികൾ 83

ആവാമങ്ങനെയെന്നാജ്ഞ
ശിരസ്സാൽ സംവഹിച്ചുടൻ
ശകുന്തളയെ മുൻനിർത്തി-
പ്പുറപ്പെട്ടാർ സകൗതുകം 84

* * *

മദ്ധ്യാഹ്നസമയത്തിങ്കൽ-
സരസ്വതി നദീതടം
പ്രാപിച്ചു മദ്ധ്യാഹ്നികമാം-
ക്രിയചെയ്താർ യഥാവിധി 85

ശകുന്തളകുളിക്കാനാ-
യിറങ്ങി തീർത്ഥവാരിയിൽ
തോഴിതൻ കൈക്കലേല്പിച്ചി-
ട്ടംഗുലീയകമാദരാൽ 86

അവളാ മോതിരം ചേലാ-
ഞ്ചലത്തിൽ കോർത്തു കെട്ടിനാൾ
അതുമെല്ലെക്കെട്ടഴിഞ്ഞു
മുഴുകി നിർമ്മലാംബുവിൽ 87

ഭയത്താൽ തോഴി ചൊല്ലീലാ
ശകുന്തളയൊടിക്കഥ
അവളോർത്തതുമില്ലേതും
മോതിരം വീണ്ടു വാങ്ങുവാൻ 88

കുളിച്ചു വിധിപോൽമാധ്യ-
ന്ദിനകർമ്മം സമസ്തവും
സമാപിപ്പിച്ചു ദുഷ്യന്ത-
പുരത്തിനവർ യാത്രയായ് 89

രാജദ്വാരം പ്രവേശിച്ചു
കണ്വശിഷ്യരിതോതിനാർ
ദ്വാസ്ഥ, നീചെന്നുണർത്തിയ്ക്കൂ
നൃപനോടിതുഭംഗിയായ് 90

കാശ്യപന്റെനിദേശത്താൽ
വന്നിരിക്കുന്നു താപസർ
ശാരദ്വതൻ ശാർങ്ഗരവൻ
ഗൗതമീ ദേവി താപസി 91

കണ്വൻതൻ പുത്രിയായീടും
ശകുന്തളയോടൊത്തിതാ
ദുഷ്യന്തഭൂപനെക്കാണ്മാൻ
കൗതുകാകുലചേതസർ" 92

ഉണർത്തിച്ചു ദ്വാരപാലൻ
നൃപനോടേവമപ്പൊഴേ
നൃപൻകണ്വനെ യോർത്തിട്ടു
പുരോധസ്സിനൊടോതിനാൻ 93

*　　　*　　　*　　　*

അർഘ്യപാദ്യങ്ങളാൽ നന്നായ്
പ്പൂജിക്കു വന്ന ലോകരേ

*　　　*　　　*　　　*　　　94

അനന്തരംകണ്വനെന്തു-
സന്ദേശം നൽകിടുന്നുവോ
അതുകേട്ടിങ്ങുവന്നെന്നെ-
ധരിപ്പിക്കുയഥാവിധി　　　95

മുനിചൊൽവതിനെപ്പററി-
യാലോചിക്കുന്നതുണ്ടുഞാൻ
യുക്തമെന്തതു ചെയ്തീടാ-
മെന്നോതിനൃപപുംഗവൻ　　　96

പുരോധസ്സതുകേട്ടിട്ട
പുറപ്പെട്ടാൻതെരുക്കനെ
രാജാവു ചൊന്നതെപ്പേരും
കേൾപ്പിച്ചാനവരെത്തദാ　　　97

പിന്നെയാസംഘമദ്ധ്യത്തിൽ
നിന്നിടുംമോഹനാംഗിയെ
കണ്ടിട്ട താപസൻചോദി-
ച്ചീടിനാനിവളേതവൾ?　　　98

ശിഷ്യന്മാർ പറഞ്ഞു:—

ഇവൾ വിശ്വാമിത്ര പുത്രി
മേനകാ ഗർഭസംഭവാ
കണ്വനാൽ രക്ഷിതം രാജാ ദു-
ഷ്യന്തൻ തന്റെ റാണിയാൾ　　　99

കണ്വനാൽ ഭർത്തൃ നികട
മാനിനീ മതിനേർമുഖി
രാജാവിനോടുണർത്തിക്രു
വേഗമീവാർത്തയൊക്കയും. 100

ദ്വാര ദേശത്തിലീറാണി
നില്പതാക്ഷേപഹേതുകം

ശേഷൻപറഞ്ഞു:—

പുരോധസ്സത്തു കേട്ടിട്ടു
സംഭ്രമത്താൽനൃപാന്തികം
പ്രാപിച്ചുണർത്തിനാൻ കേട്ട—
വൃത്താന്തങ്ങൾ സമസ്തവും. 101

വിസ്മൃതാഖിലനൃഴീശൻ
പരുഷാക്ഷരമോതിനാൻ
ഞാനോർക്കുന്നീല ഞാനാരെ
വേട്ടുവെന്നെന്റെ മാനസേ. 102

വ്യാജം പറഞ്ഞു വേശ്യാസ്ത്രീ
വന്നിരിക്കാമിതെന്മതം.

* * * *

ഗൗതമൻ പറഞ്ഞു:—

അന്തഃ സത്വയതാം നാരി
ശകുന്തളയിതോർക്കനീ
ഇവളെ സ്വീകരിക്കേണം
കണ്വ പ്രേക്ഷിതയാണിവൾ. 103

കണ്ടാലു മിവളെബ്ഭൂപ
സ്മൃതിയുണ്ടാകുമപ്പൊഴേ

ശ്രീദേവിയെക്കണ്ടുകണ്ടു
ശുദ്ധാന്തം ചേർക്ക ഭൂപതേ 104

* * * *

ഈവിധം നൃപനാലപ്പോ-
ളനുജ്ഞാതൻ ദ്വിജോത്തമൻ
ഗർഭലക്ഷണമാർന്നുള്ള
നാരിയാളെ വരുത്തിനാൻ 105

ആശിസ്സുനൾകി കണ്വന്റെ
ശിഷ്യന്മാർബുദ്ധിശാലികൾ
നരേന്ദ്രൻ തൻസമക്ഷത്തിൽ
കണ്വസന്ദേശമോതിനാർ 106

ശിഷ്യന്മാർ പറഞ്ഞു:—

അസ്മൽ ഗുരു ചൊരിഞ്ഞുള്ളോ-
രാശിസ്സാൽ വർദ്ധമാനനായ്
സ്ഥിതിചെയ്യും മഹീപാല,
കേൾക്ക കണ്വന്റെസൂക്തികൾ. 107

ഞങ്ങളൊത്തിങ്ങു വന്നുള്ളോ-
രിവൾ ശാകുന്തളാഖ്യയാം
പാപകർമ്മങ്ങൾ ചെയ്യാത്തോൾ
വിശ്വാമിത്രന്റെ കന്യക. 108

മേനകാസംഗമം മൂലം
ജാതയായൊരു ബാലയെ
എൻ പുത്രിഎന്നപോൽ രക്ഷി-
ച്ചിത്ര കാലം വളർത്തിഞാൻ 109

ഹേ രാജൻ വേട്ടയാടിക്കൊ-
ണ്ടാശ്രമംപുക്കവാറയേ,
ഗാന്ധർവ്വത്താലുദ്വാഹിച്ചാൻ
ഭവാനെന്റെ കുമാരികയെ. 110

എനിക്കെന്തുമനോഭാവ-
മെന്നറിഞ്ഞില്ല ഭൂപ! നീ
ആകട്ടെ ഞാൻ സമ്മതിക്കാ-
മീവിവാഹത്തെ മന്നവ! 111

ക്ഷത്രയോഗ്യമിതെന്നായി-
ട്ടറിയുന്നുണ്ടു ഞാൻ നൃപ
ഇനിയാശ്രമവാഴ്ചക്ക
യോഗ്യയല്ല ശകുന്തള 112

ഭവാന്റെ പട്ടമഹിഷി
പെറവുണ്ടാകും കുമാരകൻ
വളർന്നു സാമ്രാട്ടായീടും
മഹാത്മാവായ് ഭവിച്ചിടും" 113

ഇതാണുകണ്വനിർദ്ദേശ-
മറിഞ്ഞീടുക ഭൂപതേ!

രാജാവു പറഞ്ഞു:—

കാമസേവാ തല്പരമാർ
വേശ്യമാരുണ്ടിതേവിധം
വിഖ്യാതം വിവിധം; വ്യാജ-
വേഷക്കാരുണ്ടു താപസർ 114

വേശ്യമാരൊത്തു ഭോഗങ്ങ-
ളാസ്വദിക്കുന്നുവെങ്കിലോ
പാപമുണ്ടാകുമെന്നല്ലോ
ചൊല്ലുന്നു ശാസ്ത്രവേദികൾ. 115

നൃപന്റെയാവാക്കുകേട്ടു
കണ്വശിഷ്യർ തപോധനർ
ശപിച്ചോരിപ്പാപവാക്കാൽ
പശ്ചാത്താപത്തിൽ വീഴ്കനീ. 116

*   *   *

പിന്നീടാഗ്ഗൗതമീവൃദ്ധ
ചൊന്നാൾ ഭൂപാലനോടിദം
നന്നല്ല വിശ്വാമിത്രന്റെ
കന്യയിൽ ദുർന്നയം നൃപ 117

അന്തഃസത്വമഹാഭാഗ-
യങ്ങേക്കുള്ള കുടുംബിനി
സമാഹിത മനസ്സാലെ-
യേൾക്കൊണ്ടുക പത്നിയെ. 118

ഏവമോതീട്ടു വധുവിൻ
പ്രച്ഛദം നീക്കിനാനവൾ

രാജാവുപറഞ്ഞു:—

പൗരവാന്വയ ജാതന്മാർ
സന്മാർഗ്ഗത്തിൽച്ചരിപ്പവർ
വേശ്യാസൗന്ദര്യമൊന്നിങ്കൽ
ഭ്രമിക്കുന്നവരല്ലവർ. 119

ഭൂപാലനേവം ചൊന്നപ്പോൾ
വ്രീളപൂണ്ടിതു താപസി
അപാര ശോകമുണ്ടാക-
മൂലം നിന്നിതു നിശ്ചലം 120

* * *

ശോകരോഷങ്ങളുർച്ചേന്ന്
വലയും മുനികന്യക
നാഥനാം ഭൂപനെ നോക്കി-
ക്കോപിച്ചിങ്ങനെ ചൊല്ലിനാൾ:— 121

വേട്ടയാടുവതിന്നങ്ങാ-
ക്കാട്ടിൽ വന്നുള്ള വേളയിൽ
എന്നെഗ്ഗാന്ധർവമായ് വേട്ട
കഥയോർമ്മിപ്പതില്ലയോ! 122

ആ വാക്കുകേട്ടു രാജർഷി
ശാപവിസ്മൃത സംഭവൻ
പറഞ്ഞാൻ:— "ഞാനോർപ്പതില്ല
ദുഷ്ടനീയാർക്കു കാന്തയാൾ?" 123

ശകുന്തള പറഞ്ഞു:—

ഇങ്ങോട്ടെടുക്കു സഖിനീ
നൃപദത്താംഗുലീയകം
ധൂർത്തനായിവനായ് സഭ്യർ
കാൺകെക്കാട്ടാമതിപ്പോൾ ഞാൻ 124

* * *

അതും കേൾക്കാതെയവളോ-
ടുരചെയ്തു പ്രിയംവദ

നീതന്ന മോതിരം തീൎത്ഥ-
വാരിയിൽ വീണുപോയ് സഖീ 125

അതുകേൾക്കെച്ചണ്ഡവാത-
ഹതംരംഭകണക്കവൾ
ഹതഞാ,നെന്നുരച്ചിട്ടു
വീണു പാഴൂഴിയിൽത്തദാ. 126

പുരോഹിതൻ പറഞ്ഞു:—

രാജൻ ഞാനൊന്നു ചൊല്ലട്ടെ
പരീക്ഷാൎത്ഥം ശകുന്തള
കൊട്ടാരത്തിൽ വസിക്കട്ടെ
പ്രസവം കഴിവോളവും 127

അങ്ങയ്ക്കു തുല്യനായ് ബാല-
നിവളിൽ ജ്ജാതനാകുകിൽ
നിൎണ്ണയിക്കാം കാന്തയെന്നു
തന്നെയീക്കോമളാംഗിയെ 128

* * *

സ്വഗൃഹത്തിൽ വസിക്കട്ടെ
കണ്വപുത്രി ശകുന്തള
പ്രസവം കഴിയുംനേരം
സ്വീകരിക്കട്ടെ ഭൂമിപൻ 129

എന്നോതി സാന്ത്വനം ചെയ്യാൻ
ശകുന്തളയെ ഗൗതമൻ
പിന്നെ കൂട്ടിക്കൊണ്ടു പോകാ-
നാരംഭിച്ചാൻ പരാങ്മുഖൻ. 130

* * *

അപ്പോൾക്കാണായി തേജസ്സാ-
ത്തൂർജ്ജസ്വലയൊരുത്തിയെ
വ്യോമത്തിൽനിന്നിറങ്ങുന്ന-
മിന്നൽക്കൊടി കണക്കിന്നെ 131

എന്താണിതെന്താണാശ്ചര്യ-
മെന്നെങ്ങും കേൾക്കുമാറവൾ
ഉച്ചത്തിലുച്ചരിച്ചും കൊ-
ണ്ടണഞ്ഞാൾ മന്നവാന്തികം 132

* * *

ഉത്സംഗത്തിൽ ചേർത്തു കൊണ്ടാ-
ശ്ശകുന്തളയെ മേനക
നയിച്ചാൾ വ്യോമമാർഗ്ഗേണ
കാണാതാരും തെരുക്കനെ 133

ഇതു ദൈവികമാം മായ-
യെന്നു ചിന്തിച്ചു ഭൂമിപൻ
ശകുന്തള പിരിഞ്ഞപ്പോൾ
ദുഃഖിച്ചാൻ കാതരാശയൻ 134

ശേഷൻ പറഞ്ഞു:—

മന്ത്രിമാരാം ദ്വിജന്മാരൊ-
ത്തൊരുനാൾ ഭൂമിപാലകൻ
നഗരത്തിൽ സഞ്ചരിച്ചാൻ
പ്രജാവൃത്തം ഗ്രഹിക്കുവാൻ 135

അപ്പോൾ കാണായി ദാശൻെറ
കൈ, വിലങ്ങിട്ടു നിർദ്ദയം
താഡിക്കുന്നിതു ഭൂപാല-
ഭടനേകൻ ക്രുദ്ധാത്തനായ് 136

ഇതു രാജാവിൻെറ പള്ളി-
വിരൽചേരുന്ന മോതിരം
കള്ളൻ നീയോ കൈക്കലാക്കി
നടക്കു രാജസന്നിധൗ 137

ഏവം പറഞ്ഞു കൈവർത്ത-
ശിരസ്സിങ്കലടിക്കയും

പാവമാക്കാഴ്ച കണ്ടപ്പോൾ-
ഭടനോടതി മന്നവൻ 138
എന്താണിതെന്നുടൻ ചൊന്നാൻ-
ഭടൻ കൈക്കൂപ്പിയീവിധം:—

* * *

കൈവർത്തനിവ,നങ്ങയ്ക്കു-
ഹൃദ്യമീയംഗുലീയകം
മോഷ്ടിച്ചാൻ വിററുകാശാക്കാൻ-
വിപണിയ്ക്കുള്ളിലെത്തിനാൻ 139

* * *

ഇപ്പാപിയെക്കണ്ടുമുട്ടി
ഭാഗ്യത്താലടിയൻ പ്രഭോ
അവനിങ്ങനെ ചൊന്നപ്പോൾ-
ദാശനോടോതിനാൻ നൃപൻ 140

നിനക്കെങ്ങനെ സിദ്ധിച്ചു
മോതിരം ചൊൽക വാസ്തവം
അല്ലെങ്കിലിതു നിൻ കയ്യിൽ-
തന്നോൻതൻ പേരുരയ്ക്കുക 141

ദാശൻ പറഞ്ഞു:—

അടിയൻ ദാശനെന്നെന്നും
മത്സ്യമാത്രോപജീവിതാൻ
കളവെന്തെന്നു കേൾക്കാത്ത
മനുഷ്യപ്രാണിഞാൻ പ്രഭോ! 142

* * *

സരസ്വതി നദിയ്ക്കുള്ളിൽ-
വലവീശിയൊരിക്കൽ ഞാൻ
വിശ്രമിക്കാൻ നദീതീര-
മരച്ചോട്ടിലിരുന്നിതു്. 143

അപ്പോൾ വലയിലുൾപ്പെട്ട-
മത്സ്യം വലുതനന്തരം
പൊക്കിനാൻ വല; വമ്പിച്ച
മത്സ്യത്തെ കൈക്കലാക്കിനേൻ 144

ഖഡ്ഗത്താൽ മകരത്തിന്റെ
വയർകീറുമ്പൊളത്ഭുതം
മിന്നിത്തിളങ്ങിക്കൊണ്ടായി-
തീകാണുന്നൊരു മോതിരം 145

ഇതാരുടെയതെന്നേതു-
മറിഞ്ഞോനല്ല ഞാൻ നൃപ!
വിപണിക്കുള്ളിലെത്തിട്ടു
മോതിരം വിൽക്കുവാറിച്ചൻ 146

ഭാവിക്കയീബ്ഭടൻ വന്നു
ബന്ധിച്ചാനെന്നൻ കരങ്ങളെ

രാജാവു പറഞ്ഞു:—

കാണട്ടെന്നൽകയാക്കുള്ളോ-
രംഗുലീയമിതെന്തു ഞാൻ
ഇതിൻെറ വിലവാങ്ങിച്ചു
പോയാലുംനീ നിജാലയം 147

ഏവം ചൊല്ലി മഹീപാലൻ
മോതിരം വാങ്ങിനോക്കവേ
കണ്ണിൽ നിന്നൊഴുകീ ബാഷ്പ-
ബിന്ദുക്കൾ തടവെന്നിയേ 148

ഓർത്തുഭാര്യയെ ഗാന്ധവ്-
വിവാഹത്തെയുമൂഴിപൻ
ഗർഭം ധരിച്ചതുംസർവ്വം;
വീണു പാഴൂഴിയിൽ നൃപൻ 149

* * *

ഏതോരുദൈവവശാലെല്ലാം
മറന്നു മൂഢനാമിവൻ
പാപംഞാൻ വളരെച്ചെയ്തു
ദയാഹീനൻ വിടാധമൻ 150

പേറട്ടത്തൊരു മൽ പതി-
തയെന്നഞാൻ തൃണമെന്നപോൽ
ഗണിച്ചുകൈവെടിഞ്ഞല്ലോ
തെറേറതും ചെയ്തതില്ലവൾ 151

ഈവിധം പ്രലപിക്കുന്ന
രാജാവിനൊട്ടു ഗൌതമൻ
പറഞ്ഞാനാശ്വസിച്ചാലും
കഴിഞ്ഞതു കഴിഞ്ഞുപോയ് 152

കഴിഞ്ഞതോർത്തു സത്തുക്കൾ
ദുഃഖിക്കാറില്ലൊരിക്കലും
അതീതകാര്യമോർത്തിട്ടു-
ദുഃഖിപ്പതവിവേകമാം 153

ശേഷൻ പറഞ്ഞു:—

ദേശാന്തരചരന്മാരി-
ലൊരുവൻ മന്നവാന്തികം
പ്രാപിച്ചുണർത്തിനാനേവം:—
രാജൻ, സാംയാത്രികാഗ്രിധൻ 154

കുബേരകല്പൻ ചരമാ-
ധീനനായ്; തദ്ധനം പ്രഭോ
അവന്നു മക്കളില്ലാത്ത
മൂലമങ്ങയ്ക്കു ചേർന്നതായ് 155

കണ്ടുകെട്ടണമെപ്പേരു മതിന്നുത്തരവാകണം

* * *

രാജാവു പറഞ്ഞു:—

എന്മന്ത്രിമാർ ഗമിക്കട്ടെ
ചെന്നാരായട്ടെ സത്വരം
സാംയാത്രികന്നുദാരങ്ങ-
ളുണ്ടോദൌഹൃദചാരികളായ് 156

ഇല്ലെന്നാകിൽ തദ്ധനത്തി-
ന്നധികാരി മഹീപതി
ഉണ്ടെന്നാകിൽ തദ്ധനത്തി-
ന്നധികാരിണിയായവൾ 157

ആ വാക്കുകേട്ടാർ സചിവർ
പൊയ്പോയാരാണിതായവർ
അറിഞ്ഞ വാർത്തയെപ്പേരും-
കേൾപ്പിച്ചാർ ഭൂമിപാലനെ 158

ഇപ്പുരത്തിൽ വസിക്കുന്നി-
താവണിക്കിന്റെ കാന്തയാൾ
അന്തഃസത്വ, മഹാഭാഗാ-
ധർമ്മിഷ്ഠ സതിമാർ മണി 159

പ്രസവത്തിൻകാലമായി-
തവൾക്കിപ്പോൾ നൃപാലക
നൽകേണമെല്ലാധനവും
വണിക്കിൻ കാന്തയാൾക്കുടൻ 160

ഇപ്പോൾത്തന്നെ കൊട്ടുകട്ടെ-
പോകട്ടേ ഭടർ സത്വരം
എന്നോതിബ്ഭടരെ സർവ്വം
ധനരക്ഷയ്ക്കയച്ചിതു 161

ദ്വിഗുണീകൃത ശോകത്താൽ-
ദഹിക്കും കാശ്യപീധവൻ
അമാത്യരോടോതി:—യെന്റെ-
കലത്തിൻ ഭാവിയെന്തുഹാ! 162

അന്തഃ സത്വമഹാഭാഗ-
മൽകാന്ത സതിമാലിക
മന്ദഭാഗ്യമെഴുന്നോരീ-
മൂഢനാൽത്ത്യക്തയായഹോ! 163

ഞാൻ പിതൃക്കൾക്കു നൽകുന്ന
മന്ത്രപൂതോദകാഞ്ജലി
പിതൃക്കൾ നെടുവീർപ്പോടെ
പാനംചെയ്യുമസംശയം 164

ആവിധത്തിൽ ദുരാത്മാവായ്-
ദുഷ്ടനായുള്ളെനിക്കവൾ
ഭാര്യയാകാനർഹയല്ല
പാപിഞാൻ, ശിഷ്ടയാണവൾ 165

ഈ വിധം വിലപിച്ചും-
കൊണ്ടൂഴിപൻ മൂന്നു വത്സരം
നയിച്ചിതു മഹാശോക-
സിന്ധുവിങ്കൽ നിമഗ്നനായ് 166

ഒരിക്കലിന്ദ്രൻ കല്പിക്ക-
മൂലം ദുഷ്യന്ത ഭൂമിപൻ
അസുരന്മാരൊടായ് യുദ്ധം-
ചെയ്യാൻ നാകത്തിലെത്തിനാൻ 167

ദേവകാര്യം നിർവ്വഹിച്ചു-
രഥമേറിത്തെരുക്കനെ
ഭൂപൻ ക്ഷിതിയിൽ, മാരീചൻ-
തന്നാശ്രമമണഞ്ഞിതു 168

വൃദ്ധയാമൊരു വിപ്രസ്ത്രീ
പുത്രലാളനതല്പര
വസിപ്പതായ്ക്കണ്ടു ഭൂപ-
നിരുന്നാൻ തൽപുരോഭുവി 169

ബാലനാമവനന്നേരം
കാട്ടിൽ ചെന്നു തെരുക്കനെ
അഞ്ചുസിംഹങ്ങളെക്കാട്ടു-
വള്ളിയാൽ ബ്ബദ്ധരാക്കിനാൻ 170

അവയ്ക്കുപല്ലെത്രയുണ്ടെ-
ന്നെണ്ണിമാതാവൊടോതിനാൻ
ആബാലൻതന്റെ കൈയ്യൂക്ക
വീക്ഷിച്ചു ധരണീധവൻ 171

ചിന്തിക്കയായേവമുള്ളിൽ
ഭാര്യാവിരഹകാതരൻ
ഇവൻ പൗരവസാമാന്യ-
മാകും വിക്രമമാണവൻ 172

സർവരാജശ്രീയെഴുന്നോൻ
ഇവൻ ബ്രാഹ്മണനായിടാ
ഈ ബാലനെകാൺകയാലെൻ
ചേതസ്സാദ്രീ ഭവിച്ചിതാ 173

അപുത്രനാകകൊണ്ടാകാ-
മെനിയ്ക്കിവനിലീപ്രിയം
രാജാവേവം ചിന്തചെയ്തു-
യഞ്ചുസിംഹത്തിലൊന്നുടൻ 174

കെട്ടഴിഞ്ഞോടി വേഗത്തിൽ
ദുർവ്വീര്യനത്തു കാൺകവേ
ബാലൻ കുതിച്ചുപാഞ്ഞൂക്കാൽ-
പ്പിടിച്ചാനതിനെത്തദാ. 175

എന്നിട്ടതിനൊടായേവം
ചോദിച്ചു "കേസരീന്ദ്ര, നീ
ഞാൻവിപ്രബാലനെന്നോർത്തോ
കൈവിട്ടോടിയതെന്നെ നീ? 176

പൗരവൻഞാനാഹവത്തിൽ
വിദഗ്ദ്ധൻ ക്ഷത്രിയാത്മജൻ
ബ്രഹ്മർഷിയാൽ ലാളിതൻഞാ-
നെന്നാലും പൂരുവംശജൻ 177

എങ്കിലും ബാലവാക്കെന്നോ-
ർത്തുള്ളിലുണ്ടായി ശങ്കകൾ
ഹോമദ്രവ്യങ്ങളേന്തിക്കൊ-
ണ്ടെത്തി കാശ്യപനാശ്രമം 178

ദുഷ്യന്തനൃപനെക്കണ്ടു
ചോദിച്ചാൻ മുനിപുംഗവൻ
ആശിസ്സിനാൽ സൽക്കരിച്ചി-
ട്ടതിഥിക്രിയ ചെയ്കയായ് 179

കുശലംചൊല്ലി:—"രാജ്യത്തി
ലെല്ലാർക്കും ക്ഷേമമല്ലയോ?
അതേ മഹർഷേയെന്നോതി
വിഗതാശ്രമനാം നൃപൻ 180

പിന്നീട്ട മുനിയോടേതാ-
ണീബാലൻ താപസോത്തമ!
ബലിഷ്ഠനവനുദ്ഘോഷി-
ക്കുന്നു പൗരവനെന്നഹോ! 181

കാശ്യപൻ പറഞ്ഞു:—

ത്വൽപുത്രനിവനൃഷീന്ദ്ര,
തായയല്ലോ ശകുന്തള!
ദമനം ചെയ്കയാൽ സർവ്വ-
സത്വങ്ങളെയുമൂഴിപ! 182

പേരാന്നസർവ്വദമന-
നിനിബ്ഭരതനായിടും
ഭരിക്കട്ടെയിവൻ രാജ്യം
ഭവാൻ താപസനാകവെ 183

ദുർവ്വാസസ്സിന്റെ ശാപത്താൽ
മറന്നു കാര്യമൊക്കയും
ത്യജിച്ചു കാന്തനാളേമേ-
നകാനീതയായവൾ 184

ആ ശകുന്തളയീബാല-
ന്നമ്മയാണെന്നുമായവൾ
നിർദ്ദോഷയെന്നും ഭൂപാല,
ഭവാനറിയണം വിഭോ! 185

* * *

മുനിയേവമുരച്ചിട്ടു
വൃദ്ധതാപസിയോടിദം!
പറഞ്ഞാൻ നൃപഹസ്തത്തിൽ
ശകുന്തളയെ നൽകുക 186

അവരം വേഗം കൊണ്ടുവന്നാരം
ശകുന്തളയെയപ്പൊഴേ
സമപ്പിച്ചാൻ നൃപൻ കൈക്കൽ
തുഷ്ടനായ് പൗരവൻപരം. 187

പത്മപുരാണം മിക്കതും ഇവിടെതജ്ജിമ ചെയ്തു ചേത്തിരിക്കുന്നതു കാളിദാസ ഗ്രഥിതവസ്തുവായ ശാകുന്തളത്തിലേ ഇതിവൃത്തത്തിനും പത്മപുരാണാന്തഗ്ഗതമായ ശകുന്തളോപാഖ്യാനത്തിനും തമ്മിൽ ഏതേതംശങ്ങളിൽ സാമ്യമുണ്ടെന്നു വിശദമാക്കുവാൻ മാത്രമാകുന്നു.

പത്മപുരാണത്തിലെ ശാകുന്തളം കഥയ്ക്കും കാളിദാസൻെറ ശാകുന്തളം കഥയ്ക്കും തമ്മിൽ അന്തരം അല്പമേയുള്ളു. അതെത്രത്തോളമെന്നു കാണാൻ നാടക കഥയെ പ്രത്യകം ഇങ്ങനെ സംക്ഷേപിക്കാം. ദുഷ്യന്തൻെറ മൃഗയാസഞ്ചാരം, ദുവ്വാസശാപം, മത്സ്യഗ്രാഹിയെ പോലീസുകാർ പിടികൂടൽ, ധനമിത്രൻ അപത്യനായി മരിക്കുന്നതു്, മാരീച്യാശ്രമത്തിൽ വച്ചു ശകുന്തളയെ ദർശിക്കൽ എന്നിവയെല്ലാം രണ്ടു ഗ്രന്ഥങ്ങളിലുമുണ്ടു്. അതുപോലെ ശാകുന്തളംനാടകത്തിലെ കഥാപാത്രങ്ങളായ പ്രിയംവദ, ശാർങ്ങരവൻ, ശാരദ്വതൻ എന്നിവർ പുരാണശാകുന്തളത്തിലും അടങ്ങിയിരിക്കുന്നു.

ശകുന്തളോപാഖ്യാനം നാടകീയമാക്കിത്തീർത്തിരിക്കുന്നു എന്ന സംഗതിയാണു ശാകുന്തളം നാടകത്തിലെ പ്രസ്താവനയിൽ നിന്നു വിശദമാകുന്നതു്. അതിനാൽ ഇത്തരമൊരു പ്രസ്താവന അത്യാവശ്യമെന്നു തന്നെ വരുന്നുണ്ടു്. നാന്ദികമ്മം തിരശ്ശീലയ്ക്കുള്ളിൽത്തന്നെ നിർവഹി

ക്കപ്പെടുന്നതായി വിചാരിക്കാം. അതിനുശേഷം സൂത്രധാരൻ പ്രവേശിച്ച അണിയറയെ ലക്ഷ്യമാക്കി നടിയെ വിളിക്കുന്നു.

പുരാതന നാടകങ്ങളെന്നു പരിഗണിക്കപ്പെടുന്ന ഭാസദൃശ്യകാവ്യങ്ങളിൽ നാന്ദിയെപ്പററി പ്രസ്താവിച്ചു കാണുന്നില്ല. അവ സൂത്രധാരപ്രവേശത്തോടുകൂടി പ്രാരംഭിക്കപ്പെടുന്നു. ഡാക്റ്റർ കീത്ത് പറയുന്നതു നാടകകാവ്യങ്ങൾ പരിഷ്കൃതങ്ങളായി തീൎന്ന കാലത്താണു ഇവിടെ പ്രസ്താവിച്ചതു പോലെ നാന്ദിമുഖങ്ങളായ ശാകുന്തളാദിനാടകങ്ങൾ ആവിർഭവിച്ചതു എന്നാകുന്നു.

നടിയുടെ ഗീതം സദസ്യരെ രാഗാപഹൃതചിത്തവൃത്തികളാക്കിത്തീൎത്തിരിക്കുന്നു എന്നു സൂത്രധാരൻ അഭിപ്രായപ്പെടുന്നതു വാസ്തവത്തിൽ നാടകഥാനായികയായ ശകുന്തളയുടെ രാഗാപഹൃതചിത്തവൃത്തിയെ സൂചിപ്പിച്ചു കൊണ്ടായിരിക്കണം.

കാളിദാസഗ്രഥിതവസ്തുവായ നാടകം നമ്മൾ അഭിനയിക്കണമെന്നും അതിന്നാവശ്യമായ പാത്രങ്ങളെ പ്രവേശിപ്പിക്കാൻ യത്നിക്കണമെന്നുമാണു നടിയോടു സൂത്രധാരൻ ആവശ്യപ്പെടുന്നതു്. ഗാനശ്രവണത്താൽ എല്ലാം മറന്ന ആ രസികജ്ഞൻ നമുക്കു ഏതെങ്കിലും ഒരു പ്രകരണം അഭിനയിക്കണമെന്നു പറയുന്നതിലുള്ള അനൗചിത്യത്തെ സ്പഷ്ടമാക്കി നടി ഇങ്ങനെ പറയുന്നു.

"അങ്ങു ആദ്യംതന്നെ ശാകുന്തളം നാടകം അഭിനയിക്കണമെന്നു പ്രസ്താവിച്ചു. ഇപ്പോൾ പറയുന്നു ഏതെങ്കിലും ഒരു പ്രകരണം എന്നു." എന്താണിതിന്റെ സാരം?"

സൂത്ര:— ആര്യേ ഞാൻ നല്ലപോലെ ഓൎക്കുന്നുണ്ടു ഇപ്പോൾ. ഇതേവരെ ഞാൻ എല്ലാം മറന്നിരിക്കുകയായിരുന്നു. എന്തുകൊണ്ടെന്നാൽ

"തവാസ്മിഗീതരാഗേണ
ഹാരിണാപ്രസഭംഹൃതഃ
ഏഷ രാജേവ ദുഷ്യന്തഃ
സാരങ്ഗേണാതിരംഹസാ"

(ചേതസ്സമാകൎഷകമായിട്ടുംനിൻ
ഗീതസ്വരത്താൽ ഹൃതനായി ഞാനും
സ്ഫീതസ്പൃഹംപൂണ്ട മൃഗത്തിനാലി
ഖ്യാതസ്വനാമാ നൃപനെന്നപോലെ)

ഈ സംഭാഷണം കഥയിൽ സൎവ്വവ്യാപിയായ ഒരംശത്തെ പ്രത്യക്ഷമാക്കുകയാണു ചെയ്യുന്നതു്. ദുഷ്യന്തന്റെ വിസ്മൃതി; അതാണല്ലോ നാടകത്തിലെ പരിണാമഗുപ്തി, അഥവാ മൎമ്മം. സൂത്രധരനും ഗീതാരാഗത്താലാണു വിസ്മൃതി സംഭവിക്കുന്നതു്. ദുഷ്യന്തന്റെ സ്ഥിതിയും രാഗത്താലുള്ളവിസ്മൃതിയാണു്. ഇവിടത്തെ ഔപമ്യ കൊണ്ടു കാളിദാസൻ, അടുത്ത രംഗത്തിൽ പ്രവേശിക്കുന്ന കഥാപാത്രങ്ങൾ ഏതെന്നു സൂചിപ്പിക്കുക മാത്രമല്ല ചെയ്തിട്ടുള്ളതെന്ന സംഗതി പ്രസ്താവാൎഹമാകുന്നു.

കാളിദാസന്റെ കാലത്തു നാടകങ്ങൾ പൂൎവ്വാഹ്ന കാലങ്ങളിലും അഭിനയിക്കപ്പെട്ടിരുന്നു എന്നും പ്രസ്തുത സംഭാഷണത്തിൽനിന്നു വ്യക്തമാകുന്നുണ്ടു. ചില നാടകങ്ങളുടെ ആവിർഭാവകാലത്തു മദ്ധ്യാഹ്നത്തിലും ചിലതുകളുടെ ആവിർഭാവകാലത്തു സായാഹ്ന കാലത്തിലും നടത്തപ്പെട്ടിരുന്ന അഭിനയമെന്നാകാണാം. വ്യവസ്ഥിതമായ

ഒരു സമയം നാടകാഭിനയത്തിനില്ലായിരുന്നു എന്ന പര മാൎത്ഥമാണു ഇവയിൽ നിന്നെല്ലാം വിശദമാകുന്നതു്. ചമ്പൂരാമായണം സുന്ദരകാണ്ഡത്തിൽ

"തസ്മിൻ പ്രദോഷസമയേ സഹസാ ഹനൂമാൻ
കീൎത്തിച്ഛടായവനികാമപനീയ ശത്രോഃ
ആവിൎബഭൂവ സുമനഃപരതോഷണായ
ലങ്കാപ്രവേശ നവനാടക സൂത്രധാരഃ"

ഇങ്ങനെയൊരു പദ്യം കാണുന്നതിൽ നിന്നു പ്രദോഷ സമയത്തും നാടകാഭിനയം നടക്കാറുണ്ടെന്നു തീൎച്ചയാക്കാം.

ശാകുന്തളം പ്രഥമാങ്കത്തിലെ മൃഗയാസംരംഭവും ആ ശ്രമവൃക്ഷസേചനവും പൂൎവ്വാഹ്നത്തിലാകയാൽ രംഗം പൂൎവ്വാഹ്നികമാകാതെ നിവൃത്തിയില്ല. ദുഷ്യന്തനെ പിനാക പാണിയായി ഉപമിക്കുന്നതു കൊണ്ടു അദ്ദേഹത്തിന്റെ വ്യക്തിഗൗരവം എത്രത്തോളമെന്നു വിശദമാകുന്നുണ്ടു്.

ഒന്നാമങ്കത്തിലെ കഥ നടക്കുന്നതു മാലിനീതീരത്തിലും കണ്വാശ്രമോപാന്തത്തിലും വെച്ചാകുന്നു. രാജാവും സാരഥിയും ആശ്രമസമീപത്തെത്തുമ്പോളാണു മഹൎഷികുമാരന്മാർ പ്രത്യക്ഷരാകുന്നതും ആശ്രമ മൃഗത്തെ വധിക്കാൻ പാടില്ലെന്നു വിലക്കുന്നതും.

ഈ ഭാഗം പത്മപുരാണത്തിലെ ശാകുന്തളവുമായി വളരെ അടുത്തിട്ടുണ്ടു്. പക്ഷേ, അതു നാടകമല്ലാത്തതു കൊണ്ടും അതു നാടകത്തെ അനുകരിച്ചു എഴുതപ്പെട്ടിട്ടുള്ളതാകയാലും ശാകുന്തളം നാടകത്തിന്റെ മൗലികതത്തിനു ഹാനികരമാകുന്നില്ല. ഈ സംഗതിയിൽ വിദ്വാന്മാർ ഭിന്നാഭിപ്രായം പ്രകടിപ്പിക്കുന്നു. ചിലർ പറയുന്നതു

ശാകുന്തളം നാടകത്തിലെ ഇതിവൃത്തം പത്മപുരാണത്തിൽ നിന്നു അങ്ഗീകൃതമാണെന്നാകുന്നു. ഡാക്ടർ വിന്റർ നിററ്സ് പറയുന്നു,

"കാളിദാസന്റെ ശാകുന്തളം പത്മപുരാണത്തിലെ ശകുന്തളോപാഖ്യാനത്തെ ഉപജീവിക്കുന്നുണ്ടെന്നു പറയുന്ന സംഗതി സാധൂകരിക്കത്തക്കതല്ല. ശാകുന്തളം നാടകത്തേയും പത്മപുരാണാന്തൎഗ്ഗതമായ ശകുന്തളോപാഖ്യാനത്തേയും പക്ഷപാതലേശം കൂടാതെ പരിശോധിക്കുന്ന ഒരാൾക്കു കാളിദാസൻ പത്മപുരാണത്തെ ഉപജീവിച്ചു നാടകം രചിച്ചു എന്നു പറയുവാൻ വളരെ വിഷമിക്കേണ്ടിവരും. എന്റെ അഭിപ്രായം കാളിദാസൻ വ്യാസന്റെ ശകുന്തളോപാഖ്യാനത്തെയല്ലാതെ പത്മപുരാണശാകുന്തളത്തെ പിൻതുടൎന്നിട്ടില്ല എന്നാകുന്നു. പത്മപുരാണത്തിൽ കാണാത്തചില ഭാഗങ്ങൾ താഴെ ഉദ്ധരിക്കാം.

1. ദുഷ്യന്തനും സാരഥിയും തമ്മിലുള്ള സംവാദം.

2. ശകുന്തള പ്രിയംവദാനസൂയമാരോന്നിച്ചു വസിക്കുന്നതു്.

3. മാഢവ്യനും രൈവതകനും തമ്മിൽ മൃഗയയുടെ ഗുണദോഷങ്ങളെപ്പററി വാദിക്കുന്നതു്.

4. നായികാനായകന്മാരുടെ വേർപാടു്; അവരുടെ സമ്മേളനം; അതിനെ ഗൌതമിയുടെ ആഗമനം തടയുന്നതു്.

5. ശകുന്തള ഭൎത്തൃമന്ദിരത്തിലേക്കു പോകുമ്പോൾ ഉപയോഗിക്കാൻ ആശ്രമവൃക്ഷങ്ങൾ ദിവ്യവസ്ത്രാഭരണങ്ങൾ നൽകുന്നതു്. ശകുന്തള വൃക്ഷലതാദികളോടും മൃഗങ്ങ

ളോടും സൗഹൃദം പ്രദർശിപ്പിക്കുന്നതു്. കണ്വന്റേയും ശകുന്തളയുടേയും വിയോഗം; കണ്വൻ പുത്രിക്കു നൽകുന്ന ഉപദേശം; ആശ്രമമൃഗം പ്രസവിച്ചാൽ തന്നെ അറിയിക്കണമെന്നുള്ള ശകുന്തളയുടെ അഭ്യർത്ഥന.

6. ഹംസപതികയുടെ ഗാനവും മാഢവ്യന്റേയും രാജാവിന്റേയും സംഭാഷണവും.

7. ആശ്രമവാസികൾ വരുമ്പോൾ ദുഷ്യന്തൻ പ്രകടിപ്പിക്കുന്ന ബഹുമാനാദരങ്ങൾ.

8. പൊല്ലീസ് വേട്ട.

9. വസന്തോത്സവം; രാജകല്പന നിസ്സാരമാക്കുന്ന ദാസിമാരുടെ നേരെ കഞ്ചുകി കോപിക്കുന്നതു്.

10. സാനുമതിയുടെ പ്രവേശനം; ദുഷ്യന്തൻ ശകുന്തളയോടനുവർത്തിച്ച നയം ന്യായമല്ലെന്നുള്ള സ്വയം പശ്ചാത്താപം.

11. ഇന്ദ്രസാരഥിയായ മാതലിയുടെ വരവും വിദൂഷകന്റെ പരിഭ്രമവും.

12. അന്ത്യസമാഗമം; അപരാജിതവിദ്യ; മുനിയുമായുള്ള സമ്മേളനം.

കാളിദാസന്റെ ശാകുന്തളത്തിൽ മുനികുമാരൻമാർ ദുഷ്യന്തനെ അറിയിക്കുന്നതു, കണ്വൻ പുത്രിയുടെ ഗ്രഹപ്പിഴ ശാന്തിക്കായി സോമതീർത്ഥത്തിൽ സ്നാനത്തിനു പോയിരിക്കുന്നു എന്നാണല്ലോ. മാത്രമല്ല, ദുഷ്യന്തൻ ആശ്രമത്തിൽ പോകണമെന്നും കണ്വസാന്നിധ്യത്തിൽ എങ്ങനേയോ അതുപോലുള്ള ഉപചാരങ്ങൾ ശകുന്തളയുടെ സാമീപ്യത്തിലും ഉണ്ടാകുമെന്നും അവർ നിർദ്ദേശിക്കുന്നുണ്ടു്.

പത്മപുരാണത്തിലാകട്ടെ കണ്വൻ ഫലങ്ങൾ സമാഹരിക്കാൻ പോയിരിക്കുന്നതായിട്ടാണു പ്രതിപാദിക്കപ്പെട്ടിരിക്കുന്നതു്. ഈ പ്രതിപാദനം വാസ്തവത്തിൽ ദുഷ്യന്തനും ശകുന്തളയും തമ്മിൽ നടത്തിയെന്നു പറയുന്ന ഗാന്ധർവ്വവിവാഹത്തിനു അത്രതന്നെ അവസരമോ ഔചിത്യമോ ഉണ്ടാക്കുന്നില്ല. വ്യാസനു പററിയ അതേ പ്രമാദം തന്നെയാണു പത്മപുരാണകർത്താവിനും ഉണ്ടായിട്ടുള്ളതെന്നു പറയേണ്ടിയിരിക്കുന്നു. കണ്വനെ സോമതീർത്ഥത്തിലേയ്ക്കയയ്ക്കുന്നതു എന്തിനെന്നു പ്രകടിപ്പിച്ചിട്ടുള്ള കാളിദാസനു ഗുരുജനാനുവാദം കൂടാതെ അവൾ ഉൾപ്പെട്ട ഗാന്ധർവ്വത്തിന്റെ ഫലമായി ഭാവിയിൽ വരാനിരിക്കുന്ന അനിഷ്ടസംഭവങ്ങൾക്കു മതിയായ കാരണം കാണിക്കാൻ കഴിവുണ്ടാകുന്നുണ്ടു്. സായാഹ്നത്തിൽത്തന്നെ കണ്വമഹർഷി മടങ്ങിവരുന്നപക്ഷം ശകുന്തളയുമായി നടത്തിയെന്നു പറയുന്ന ഗാന്ധർവ്വവിവാഹത്തിനും ഗർഭാധാന പരിശ്രമത്തിനും അടിസ്ഥാനമില്ലെന്നുവരും. അങ്ങനെ വരുന്നതു മഹാകവിക്കു ഇഷ്ടവുമല്ല.

പുരാണത്തിൽ പ്രിയംവദ, ശകുന്തളയുടെ ഒരു ദാസിയായിട്ടു മാത്രമാണു പ്രത്യക്ഷപ്പെടുന്നതു്. കാളിദാസന്റെ പ്രിയംവദയാകട്ടെ, ശകുന്തളയുടെ സുഖദുഃഖങ്ങളിൽ യഥാർത്ഥം പങ്കുകൊള്ളുകയും അവൾക്കുവേണ്ടി ഏതുകാര്യ്യം നിറവേററുന്നതിനും സന്നദ്ധയാകുകയും ചെയ്യുന്നു. പുരാണത്തിലെ പ്രിയംവദയെപ്പോലെതന്നെ കാളിദാസൻെറ പ്രിയംവദയും ദുർവ്വാസാവിനെ ശാന്തനാക്കി ശാപമോക്ഷം വാങ്ങാൻ പണിപ്പെടുന്നുണ്ടു്. കാളിദാസൻെറ പ്രിയംവദ ശകുന്തളയുടെ അംഗുലിയകം സൂക്ഷിക്കാൻ വാങ്ങുകയോ

അശ്രദ്ധാനിമിത്തം വെള്ളത്തിൽ വീണുപോകാൻ ഇടവരു ത്തുകയോ ചെയ്യുന്നില്ല.

കാളിദാസൻെറ കപോലകല്പിതയാണു അനസൂയ. അവളും പ്രിയംവദയും ശകുന്തളാവിഷയകമായ ദുഷ്യന്തൻെറ പ്രേമത്തിനു ശക്തിയും സ്വാഭാവികതയും പൂർവ്വാധികം ഉണ്ടാക്കുന്നതായി ഒന്നും മൂന്നും അങ്കങ്ങളിൽ നിന്നു സ്പഷ്ട മാകുന്നുണ്ടു്. ഭാരതത്തിൽ ശകുന്തള നേരിട്ടാണു സ്വജന്മ വൃത്താന്തം വ്യാഖ്യാനിക്കുന്നതു്. ആ ഭാഗം ശാകുന്തളം നാടകത്തിൽ അഭിനയിക്കുന്നതു അനസൂയയാകുന്നു.

വ്യാസൻെറ താപസകന്യകയെത്തന്നെയാണു പത്മ പുരാണകാരനും ചിത്രീകരിക്കുന്നതു്. ഗൃഹസ്ഥ കന്യക യാണു അവളെന്ന സ്മരണപോലും പത്മപുരാണകാരനില്ല. പക്ഷേ, വ്യാസനേക്കാൾ കഥാഗതിയിൽ ഔചിത്യം പ്ര യോഗിച്ചിട്ടുണ്ടു് പത്മപുരാണകാരനായ സഹൃദയൻ എന്നു ള്ളസംഗതി സന്തോഷാവഹമാകുന്നു.

കാളിദാസശാകുന്തളത്തിൻെറ നേർപകപ്പാണു പത്മ പുരാണാന്തർഗ്ഗതമായ ശകുന്തളോപാഖ്യാനമെന്നു എനി ക്കുതോന്നുന്നു. പുരാണകാലത്തിനു ശേഷമാണല്ലോ കാവ്യ കാലം. ആ സ്ഥിതിക്കു കാളിദാസനെ പത്മപുരാണക ർത്താവു അനുകരിച്ചു എന്നു പറയുന്നതിൽ എന്തർത്ഥമാണു ള്ളതു്.? ഈവിധമൊരു ചോദ്യം പലരും പുറപ്പെടുവി ക്കുന്നുണ്ടു്. പക്ഷേ അവർ പുരാണമെന്ന ഒരൊററ ശബ്ദ ത്തിന്മേൽ നിന്നുകൊണ്ടാണു ഇങ്ങനെ ഒരു ചോദ്യം ചോദിക്കുന്നതു്. പത്മപുരാണത്തിനുള്ള നവീനത്വം എ ത്രത്തോളമാണെന്നു അവർ അന്വേഷിക്കുന്നില്ല. ശാകുന്തളം

നാടകവും പത്മപുരാണവുമായി താരതമ്യം ചെയ്യുന്ന ഏതുസഹൃദയനും സമ്മതിക്കാതിരിക്കയില്ല, പത്മപുരാണത്തേക്കാൾ ശാകുന്തളത്തിനു വളരെ പഴക്കമുണ്ടെന്നു്.

മഹാകവിയുടെ നാടകം അനേകം ആവൎത്തി വായിച്ചിട്ടുണ്ടായ ആനന്ദാനുഭൂതിയുടെ ഒരുപരിണതഃഫലമത്രേ പത്മപുരാണ നിക്ഷിപ്തമായ ശകുന്തളോപാഖ്യാനം. പക്ഷെ ആ സംഗതി, പുരാണ കൎത്താവു പരസ്യമായി സമ്മതിക്കാനൊട്ടു ഭാവവുമില്ല. കാവ്യങ്ങളിൽ നിന്നു പുരാണങ്ങളിലേക്കു ഇതിവൃത്തങ്ങൾ വിനിമയം ചെയ്തു എന്ന സംഗതി പുരാണാഭിമാനികൾക്കു അവമാനകരമല്ലേ എന്നൊരു ശങ്ക പത്മപുരാണകൎത്താവിനേയും ബാധിച്ചിരിക്കണം. അങ്ങനെയുണ്ടാകുന്നതു അസ്വഭാവികവുമല്ല. അതുകൊണ്ടുതന്നെയാണു അദ്ദേഹം അനസൂയയെ പ്രവേശിപ്പിക്കാതിരുന്നതും ശകുന്തളയെ മുൻനിറുത്തി ദുഷ്യന്തനോടു ഒരു കരാർ ചെയ്യണമെന്നാവശ്യപ്പെട്ടതും.

ഏതായാലും അദ്ദേഹം വ്യാസകാളിദാസന്മാരെ അനുകരിച്ചു ഒരു തൃതീയപാഠം രൂപവല്ക്കരിക്കാനാണു അശ്രാന്തയത്നം ചെയ്തിട്ടുള്ളതു്. പക്ഷെ അദ്ദേഹത്തിന്റെ ശ്രമം എത്രത്തോളം ഫലവത്തായിട്ടുണ്ടു് എന്നാലോചിക്കുമ്പോളാണു നമുക്കദ്ദേഹത്തിന്റെ പേരിൽ അനുകമ്പ തോന്നിപ്പോകുന്നതു്.

# 7 കാളിദാസനും പ്രേമസങ്കല്പവും

ദാസ്ഗുപ്തയുടേയും ലാറൻസ് ബിൻയന്റെയും ശാകുന്തളത്തിനു മഹാകവി രവീന്ദ്രനാഥടാഗ്രർ എഴുതീട്ടുള്ള അവതാരികയിൽ ഇപ്രകാരം കാണുന്നു:—

"പ്രഥമാങ്കത്തിൽ കേവലം കമിതാക്കളായി മാത്രം കാണപ്പെടുന്ന ശകുന്തളാദുഷ്യന്തന്മാരുടെ സമാഗമം എങ്ങനെയാണു ഏഴാമങ്കത്തിൽ ഭരതന്റെ മാതാപിതാക്കന്മാരുടെ ഒരു യഥാർത്ഥസമാഗമമായി കാളിദാസൻ പ്രദർശിപ്പിച്ചിരിക്കുന്നതെന്നു നോക്കുക. പ്രഥമാങ്കം മുഴുവനും മനോമോഹനങ്ങളായ ചേഷ്ടാവിശേഷങ്ങൾ കൊണ്ടു സംപൂർണ്ണമായിരിക്കുന്നു. അതിൽ ഒരു മുനികന്യക; അവളോ യൌവനത്തിലേക്കു കാലൂന്നുവാൻ തുടങ്ങീട്ടുള്ളവൾ; ക്രീഡാലോലുപമാരായി ഓടിച്ചാടി നടക്കുന്ന രണ്ടു സഖിമാർ; പുതുതായിവികസിച്ച പുഷ്പങ്ങളെക്കൊണ്ടു പ്രിയദർശകങ്ങളായ തരുവല്ലികൾ; ആനന്ദസന്ദായകമായ സൌരഭ്യം; മരങ്ങളുടെ കടചേർന്നു മറഞ്ഞുനിൽക്കുന്ന രാജാവ്. ആ ഏദൻതോട്ടത്തിലെ ശകുന്തള— ദുഷ്യന്തന്റെ പ്രാണേശ്വരി— അവമാനിതയും നിരാകൃതയുമായിത്തീരുന്നു. ഏഴാമങ്കത്തിലെ ആശ്രമം പ്രഥമാങ്കത്തിൽ നിന്നു എത്രയോവിഭിന്നവും വ്യത്യസ്തവുമാകുന്നു ശകുന്തള— ഭരതമാതാവായി അവിടെ സ്ഥിതിചെയ്യുന്നുണ്ടെങ്കിലും അവൾ ക്ഷമയുടേയും മഹത്വത്തിൻേറയും അവതാരമൂർത്തിയായിട്ടേ നമുക്കു ദൃശ്യയാകുന്നുള്ളു. അവിടെ

മുനികന്യകമാർ വൃക്ഷസേചനം ചെയ്യുന്നില്ല; വനജ്യോത്സ്നികയെ സഹോദരി നിർവിശേഷം സ്നേഹിക്കുന്നില്ല; മാൻകുട്ടികളെ ആരും വരിനെല്ലരുള നൽകി വളർത്തുകയും ചെയ്യുന്നില്ല. ആ പ്രശാന്താരണ്യത്തെ ഇപ്പോൾ ഭരിക്കുന്നതു—അഥവാ ആ അരണ്യത്തെ അലംകരിക്കുന്നതു ഒരേ ഒരാൺകുട്ടിയാകുന്നു. അവൻ വൃക്ഷങ്ങളുടേയും ലതകളുടേയും ഭംഗി കാണുന്നു; പുഷ്പങ്ങളുടെ സൗരഭ്യം നുകരുന്നു; ആശ്രമദേവതമാരെല്ലാം അവരുടെ പ്രേമാകുലമായ ഉൽകണ്ഠയെല്ലാം ആ വനത്തെ, സ്വേച്ഛയാ ഭരിക്കുന്ന ബാലനിലാണു പതിപ്പിച്ചിട്ടുള്ളതു് ശകുന്തള പ്രത്യക്ഷയാകുമ്പോൾ നാം അവളെ കാണുന്നതു ഭർത്തൃനിരാകൃതയായി,

'വാസസ്സു രണ്ടുമതി ധൂസരമായ് പ്രതോപ
വാസാലുണങ്ങി മുഖ മാകലിതൈക വേണി'

യായിട്ടാകുന്നു. അവളുടെ സുദീർഘതപസ്സു ദുഷ്യന്തനുമായിട്ടുള്ള പ്രഥമ സമാഗമത്തിന്റെ മാലിന്യങ്ങളെ പ്രക്ഷാളനം ചെയ്തു. ഇപ്പോൾ അവൾ ഒരു മാതാവിനുള്ള ഗൗരവത്തോടുകൂടിയവളായിത്തീർന്നിരിക്കുന്നു. ശകുന്തള, ദയാശീതളവും പ്രശാന്തവുമായ മാതൃത്വത്തിൻെറ മാതൃകയായി രൂപാന്തരപ്പെട്ടിരിക്കുന്നു. അവളെ ഈ അവസരത്തിൽ വേർതിരിച്ചറിയുവാൻ ആർക്കാണു കഴിയുക?"

ആ അവതാരികയുടെ മറെറാരു ഭാഗത്തു മഹാകവി രവീന്ദ്രൻ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:—

"അതിഥി സൽകാരത്തിൽ തനിക്കുള്ള കർത്തവ്യംമറന്നു പ്രാണനാഥനെത്തന്നെ ചിന്തിച്ചു മനം മയങ്ങിയതു ഏതു വിഷമദശയിലായിരുന്നുവോ അപ്പോൾ മുതൽ

അവളുടെ പ്രേമം ധർമ്മാചരണതല്പരതയിൽ നിന്നു നായി ന്ത്രിതമായിത്തീൎന്നു. ഏതിനേയും വിസ്മരിപ്പിക്കുന്ന അസം സ്കൃതപ്രേമം, കമിതാവിനെ ഒഴികെ മറ്റെന്തിനേയും ബഹിഷ്കരിക്കുന്നു എന്നതു പ്രാപഞ്ചിക നിയമമത്രെ. താദൃ ശപ്രേമം വേഗത്തിൽ ദുസ്സഹാവസ്ഥയിലേക്കു കുതിച്ചുപാ യുന്നു. ലോകത്തിന്റെ ശക്തിമത്തായ എതിൎപ്പിനു കീഴട ങ്ങിയതു നാമാവശേഷമായിത്തീരുന്നു. ആത്മനിയന്ത്രിത വും, സമുദായത്തെ ലക്ഷ്യമാക്കിസൗഹാർദ്ദപൂൎവ്വം രൂപീ കൃതവുമായ പ്രേമം മാത്രമേ പ്രേമമാകുന്നുള്ളൂ. ഒരേ ഒരു വ്യക്തിയെ മാത്രം ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രേമമാകട്ടേ അതിന്റെ കേന്ദ്രമദ്ധ്യത്തിലെത്തുമ്പോൾ ദുരുപയോഗമാ യിത്തീരുകയും ആ സമയം അതിന്റെ അസ്വാതന്ത്ര്യതയും മാഹാത്മ്യവും പ്രപഞ്ചമദ്ധ്യത്തിൽപ്പെട്ട ദൈവത്താലോ മനുഷ്യനാലോ ആക്രമിക്കാൻ കഴിയാത്തവണ്ണം സ്ഥിരമാ യിത്തീരുകയും ചെയ്യുന്നു. എന്നിട്ടും ശകുന്തളക്കു സംഭവിക്കു ന്നതെന്താണു്? അവൾ ദുഷ്യന്തന്റെ സദസ്സിൽനിന്നു ലജ്ജാവനതമുഖിയായി പിന്തിരിയുന്നു. അവളുടെ സൗഭാ ഗ്യത്തിന്റേയോ താരുണ്യത്തിന്റേയോ പ്രഭാവമൊന്നും അ വിടെ ഫലിക്കുന്നതായി നാം കാണുന്നില്ല. ബാഹ്യസൗന്ദര്യ മോ മേത്തരം സൗഭാഗ്യമോഅല്ല. ഒരു സ്ത്രീക്കു ഗൗരവം ഉണ്ടാക്കുന്നതു്. ധാൎമ്മിക സ്വഭാവത്താൽ രണ്ടു ഹൃദയ ങ്ങൾ എകീഭവിക്കുന്നതു എവിടയോ അവിടെപ്രേമം ലോകത്തിലുള്ള ഏതൊരു വസ്തുവിനും എതിൎക്കപ്പെടാവു ന്നതായി തീരുന്നില്ല. ധൎമ്മവിധേയമായ പ്രേമം പ രിപൂൎണ്ണതയെ ലക്ഷ്യമാക്കി പുരോഗമിക്കുന്നു. താദൃശ പ്രേമം രണ്ടുപേൎക്കും ഒരേവിധത്തിലുണ്ടാകുമ്പോൾ അവർ തമ്മിൽ നടത്തപ്പെടുന്ന വിവാഹം അവൎക്കിരുവൎക്കും

ഗൗരവാവഹമായ പൂണ്ണതയ്ക്കു മാഗ്ഗദർശനം ചെയ്യുന്നു. അതുകൊണ്ടുതന്നെയാണു കാളിദാസൻ, മഹത്തായ പ്രേമമാണു, വിഷയേച്ഛയല്ല സ്ത്രീപുരുഷന്മാരിൽ അങ്കുരിക്കേണ്ടതും സ്ഥിരീഭവിക്കേണ്ടതുമെന്നു സ്വനാടകദ്വാരാ പ്രത്യക്ഷമാക്കിയിരിക്കുന്നതു്."

മററൊരു വിമർശകന്റെ അഭിപ്രായം ഇതാണു്:—

"ഇത്ര ഭംഗിയായി മററാക്കും തന്നെ അപഗ്രഥിച്ച സൂക്ഷ്മാംശങ്ങൾ ഓരോന്നോരോന്നായി എടുത്തു കാണിക്കാൻ കഴിയാത്ത വിധത്തിലാണു കാളിദാസൻ പ്രേമത്തെ പ്രതിപ്രതീകം നിവ്വചിച്ചു നിഷ്കൃഷ്ടമായി ചിത്രണംചെയ്തു ശാകുന്തളത്തിൽ ഇണക്കിയിരിക്കുന്നതു്. മനുഷ്യസമുദായത്തെ ആശ്ലേഷിക്കത്തക്കവണ്ണം വിപുലമായ പ്രേമത്തിൻെറ മഹത്തായ സ്പന്ദനം എല്ലാകവികൾക്കും സുസ്ഥിരമായ ഒരു ലക്ഷ്യമാകുന്നു.

ഈ ഭാവബന്ധത്തെ പ്രഭാവസുന്ദരമാക്കിത്തീക്കയാണു കാളിദാസൻ ചെയ്തിട്ടുള്ളതു്. അദ്ദേഹം നിർദ്ദേശിക്കുന്ന പ്രേമത്തിനു, മതത്തോടും ആദ്ധ്യാത്മികതയോടും, ജീവിതോദ്ദേശ്യ നിവ്വഹണത്തിനു അത്യന്താപേക്ഷിതങ്ങളായ ധമ്മാചരണങ്ങളോടും എന്തെന്നില്ലാത്ത സാമീപ്യമുണ്ടു്. വികാരപരം മാത്രമല്ല അതു. സ്ത്രീപുരുഷസമാഗമത്തെ ക്ഷണിക സുഖത്തിനു ബലികഴിക്കുകയല്ല അതിനെ സംസ്കരത്തിന്റെ പാരമ്യത്തിലേയ്ക്കു ഉയത്തിക്കൊണ്ടുവരികയാണു അദ്ദേഹം പ്രേമദ്വാരാ ചെയ്തിട്ടുള്ളതു്.

ഈ യാഥാത്ഥ്യം യുക്തിപൂവ്വം സമർത്ഥിക്കാൻ കാളിദാസൻ സന്നദ്ധനാകുന്നതു എങ്ങനെയെന്നു കാണണ

മെങ്കിൽ ശാപഗ്രസ്തനായ മനുഷ്യൻെറ ജഡികാവസ്ഥകളെ ഉദീരണം ചെയ്യുന്ന ദുഷ്യന്തന്റെ തിരുവായ്മൊഴികൾ കേട്ടാൽ മതി.”

യുവതീയുവാക്കന്മാരുടെ പാപപങ്കിലവും ഗോപ്യവുമായ സമാഗമം ഒരിക്കലും സ്പൃഹണീയമല്ലെന്നും അതു സർവ്വദാ വർജ്ജ്യമാണെന്നും കാളിദാസൻ ശാകുന്തളം വഴി വിശദമാക്കുന്നു. മാത്രമല്ല, ശകുന്തള അനുഭവിച്ചിട്ടുള്ള അതിരററ ക്ലേശങ്ങൾക്കുള്ള കാരണം എന്താണു? തീർച്ചയായും അവൾക്കു ദുഷ്യന്തനിൽ ഉണ്ടായ യാദൃച്ഛിക പ്രേമവും അദ്ദേഹവുമായുള്ള രഹസ്യ സമാഗമവുമാകുന്നു. അവളെ ആയുഷ്കാലത്തിന്റെ സിംഹഭാഗവും ആശ്രമത്തിൽ തന്നെ വസിച്ചുകൊള്ളുവാൻ ഇടയാക്കിത്തീർത്തതും, പൈശാചികവും അനിയന്ത്രിതവുമായ ആ അസംസ്കൃത പ്രേമം ഒന്നു മാത്രമാകുന്നു.

# 8 നാട്യകലയുടെ ആഗമം

ഈ ഗ്രന്ഥത്തിൽ നാട്യകലയുടെ ആഗമത്തെപ്പററി കുറഞ്ഞൊന്നു വിചിന്തനം ചെയ്യേണ്ടതു അപരിഹാര്യമാകയാൽ നമുക്കതിനു തയാറാവുകതന്നെ. നാടകപ്രവേശികയുടെ പക്ഷം ഇതാണു്:—

"പൗരസ്ത്യനാട്യകല, പാശ്ചാത്യാനുകരണത്തിൻെറ സൽഫലങ്ങളിൽ ഒന്നാണെന്നു ചിലക്കഭിപ്രായമുണ്ടു്. ഗ്രീക്കുകാരുമായുണ്ടായ ദൃഢമായ വേഴ്ചയുടെ ഫലമായി അവരിൽ നിന്നു കാലദേശാനുകൂലമായ ഭേദഗതികളോടുകൂടി നാട്യകലയെ ഹിന്ദുക്കൾ പകത്തി എടുത്തതായി 'വേബർ' തുടങ്ങിയ യവനഭാഷാപണ്ഡിതന്മാർ വിചാരിക്കുന്നു. ക്രൈസ്തവപ്രാചീനമായ മൂന്നു ശതവർഷങ്ങളിൽ ഇൻഡ്യയുടെ ഉത്തര പശ്ചിമദേശം ഗ്രീക്കുകാരുടെ കൈവശമാണിരുന്നതു്. അവർ അക്കാലത്തു അഭിനയിച്ച യവനനാടകങ്ങളിൽ നിന്നും ഹിന്ദുക്കൾ നാടകസമ്പ്രദായത്തെ കണ്ടുപിടിച്ചതായിരിക്കുമെന്നു അവർ ഊഹിക്കുന്നു. ഹിന്ദുക്കളുടെ ഇടയിൽ ശ്ലാഘ്യമായി കാണപ്പെടുന്നതെല്ലാം പാശ്ചാത്യലോകത്തിൽ നിന്നു സംക്രമിച്ചതാണെന്നു വിശ്വസിക്കുന്നതിൽ ഇക്കൂട്ടക്കു ഒരു പ്രത്യേക സുഖമുണ്ടെന്നു തോന്നുന്നു. യവനികാശബ്ദത്തിനു യവനപദത്തോടുണ്ടായ യാദൃശ്യത്തിലാണു അവരുടെ ഊഹം പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ളതു്. യുമി—ഭ്രമണേ എന്ന ധാതുവിൽ നിന്നു യവനികാശബ്ദത്തെ സ്വതന്ത്രമായി രൂപനിഷ്പാദനം ചെയ്യാവുന്നതാണു്."

യവനികാശബ്ദത്തിനു യുമിധാതുവിൽ നിന്നു വ്യുൽപ്പാദനം ഉണ്ടാകയില്ല എന്നുതന്നെ വന്നാലും യവനകൃതമായ ഒരു വസ്തു എന്ന അത്ഥത്തിൽ യവനിക പരിഗണിക്കപ്പെടാവുന്നതാകുന്നു. ഇൻഡ്യയിൽ എത്രയോ പുരാതനകാലം മുതൽക്കു തന്നെ വിദേശീയർ കുടിയേറിപ്പാക്കയും, വിദേശീയർ വസ്തുക്കൾ പലതും ഇവിടെ പ്രചരിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളതു വാസ്തവമാകുന്നു. ആ സ്ഥിതിക്കു നാടകങ്ങളുടെ ആവശ്യത്തിനു കലാവിദഗ്ദ്ധനായ ഒരു യവനനെക്കൊണ്ടു തിരസ്കരണി ഉണ്ടാക്കിച്ചു എന്നും അതിനു യവനിക എന്ന പേർ നൽകിയെന്നും വിശ്വസിക്കുന്നതിൽ വലിയ അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല.

യവനനാടകങ്ങളിൽ 'കർട്ടൻ' ഉപയോഗിച്ചിരുന്നു എന്നും അതിനു യവനിക എന്ന പേരാണു ഉണ്ടായിരുന്നതെന്നും അറിവാകാത്ത സ്ഥിതിക്കു യവനികയെ മാത്രം പുരസ്കരിച്ചുകൊണ്ടു ഭാരതീയനാടകം യവനനാടകത്തിൻെറ അനുകരണമാണെന്നു കല്പിക്കുന്നതു സാഹസവും യുക്തിഹീനവുമായിരിക്കും.

അഷ്ടാധ്യായിപ്രണേതാവായ ഭഗവാൻ പാണിനിക്കു മുമ്പുതന്നെ നാടകാഭിനയം ഇന്ത്യയിൽ പ്രചുരം പ്രചരിച്ചിരുന്നു എന്ന അഭിപ്രായത്തോടു പാശ്ചാത്യവിദ്വാന്മാരും യോജിക്കുന്നുണ്ടു്. പാണിനി ജീവിച്ചിരുന്നതു ബി. സി. 366-ൽ ആണെന്നു ഇതിനു മുമ്പൊരിടത്തു പ്രസ്താവിക്കയും ചെയ്തിട്ടുണ്ടല്ലോ.

പാണിനിയുടെ കാലത്തിനു ശേഷമാണു ഗ്രീക്കുകാർ ഇന്ത്യയിൽ വന്നതെന്നുള്ളു ചരിത്രത[ജ്ഞ]ം വിശ്വസിക്കുന്ന

പക്ഷം, യവനിക എന്ന പദത്തിനു ഞാൻ മുമ്പു വിക്ഷി ച്ചതുപോലെയുള്ള ഒരൎത്ഥം കൂടി നൽകാൻ നിവൃത്തിയി ല്ലാതെ വരും. അതിനാൽ യവനികശബ്ദം വിദേശീയമ ല്ലെന്നും അതു യുമി ധാതുവിൽ നിന്നുതന്നെ ഉണ്ടായ ഒന്നാ ണെന്നും ഗണിക്കുന്നതു തന്നെയാണു കൂടുതൽ യുക്തമായി രിക്കുക.

ഇന്ത്യൻനാടകങ്ങളുടെ ആഗമം, വളർച്ച, വ്യാപ്തി എന്നിവ നിഷ്കൃഷ്ടം അദ്ധ്യയനം ചെയ്തിട്ടുള്ള അനേകം പാശ്ചാത്യപണ്ഡിതന്മാരുണ്ടു്. അവരിൽ ഒരാൾ പറ യുന്നു,

"ഭാരതത്തിലെ നാടകങ്ങളുടെ മൂലം സമുദായാചാര ങ്ങളും മതഗ്രന്ഥങ്ങളുമാണെന്നുള്ളതു നിസ്സംശയമാകുന്നു. നാടകത്തിൻെറ ചിഹ്നങ്ങളിൽ ചിലതു ഋഗ്വേദത്തിൽ പല ഭാഗങ്ങളിലും കാണുന്നുണ്ടു്. ഇവ ദിവ്യന്മാർ തമ്മി ലുള്ള സംവാദത്തെക്കുറിക്കുന്ന ഗീതങ്ങളാകുന്നു. നൃത്തം, ഗീതം, വാദ്യം ഇവ മൂന്നും കാലക്രമത്തിൽ ഒന്നിച്ചു ചേരു കയും അതിൽനിന്നു നാടകസാഹിത്യം ഉത്ഭവിക്കുകയും ചെയ്തു."

പൗരസ്ത്യപണ്ഡിതന്മാരിൽ ഒരാളായ ശ്രീനിവാസാ ചാൎയ്യശതാവധാനൻ പറയുന്നതു എന്തെന്നു നോക്കുക:—

"നാട്യശാസ്ത്രകൎത്താവായ ഭരതമുനിയാണു ആദിമ നാടകകൎത്താവെന്നുള്ള അഭിപ്രായം സമഞ്ജസമായി തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ, പാണിനി, ഭരത മുനിയെക്കുറിച്ചു ഒന്നും പ്രസ്താവിച്ചു കാണുന്നില്ല. അദ്ദേ ഹത്തിൻെറ സൂത്രങ്ങളിൽ ശിലാലി, കൃശാശ്വൻ എന്നു രണ്ടുപേരുടെ—നാട്യാചാൎയ്യന്മാരുടെ—നാമധേയമേ കാണ പ്പെടുന്നുള്ളു.

നാട്യകലയ്ക്കു സാമാന്യമായ വളർച്ചയും പുഷ്ടിയും ഉണ്ടായ ഒരു കാലത്തായിരിക്കണം ഭരതമുനി ജീവിച്ചിരുന്നതു്. അങ്ങനെ വിചാരിക്കുന്നതിനു മതിയായ കാരണവും ഉണ്ടു്. പാണിനിയെത്തന്നെ നമുക്കു ആ വിഷ്ക്കരിക്കാം. ഇദ്ദേഹമാണല്ലോ സംസ്കൃതഭാഷയ്ക്കു വ്യവസ്ഥാപിതവും സമഗ്രവുമായ നിയമങ്ങൾ സൃഷ്ടിച്ചതു്. അദ്ദേഹമാണു വ്യാകരണശാസ്ത്രദ്രഷ്ടാക്കന്മാരിൽ ആദിമനെന്നു പറയുന്നതു സമ്മതിക്കത്തക്കതാകുന്നില്ലാത്തതു പോലെ ഭരതമുനിയും ആദിമനാടകകർത്താവാകുന്നില്ല. അതിനാൽ പാണിനിക്കു മുമ്പു വൈയാകരണന്മാരും, ഭരതമുനിക്കു മുമ്പു നാട്യാചാര്യന്മാരും ഉണ്ടായിരുന്നു എന്നു തീർച്ചയാക്കാം.

---

# 9. നാടകലക്ഷണവും ശാകുന്തളവും

സാഹിത്യദർപ്പണത്തിൽ നാടകത്തിനു കൊടുക്കുന്ന ലക്ഷണം ഇതാകുന്നു:—

"നാടകംഖ്യാതവൃത്തംസ്യാൽ
പഞ്ചസന്ധിസമന്വിതം
വിലാസർദ്ധ്യാദി ഗുണവ-
ദ്യുക്തം നാനാവിഭൂതിഭിഃ

സുഖദുഃഖസമുദ്ഭൂതി
നാനാരസനിരന്തരം
പഞ്ചാദികാദശപരാ-
സ്തത്രാങ്കാഃ പരികീർത്തിതാഃ

പ്രഖ്യാതവംശോ രാജർഷി-
ർധീരോദാത്തപ്രതാപവാൻ
ദിവ്യോഥദിവ്യാദിവ്യോവാ
ഗുണവാന്നായകോമതഃ

ഏക ഏവ ഭവേദംഗീ
ശൃംഗാരോ വീര ഏവവാ
അംഗമന്യേ രസാഃ സർവേ
കാര്യാ നിർവഹണേത്ഭുതഃ

ചത്വാര പഞ്ചവാമുഖ്യാഃ
കാര്യ വ്യാപൃതപൂരുഷാഃ
ഗോപുഛംഗ്രസമാഗ്രംതു
ബന്ധനം തസ്യകീർത്തിതം."

ഈ അഭിപ്രായം പുരസ്കരിച്ചുനോക്കുമ്പോൾ കാളിദാസകൃതമായ ശാകുന്തളം നാടകലക്ഷണങ്ങളാൽ സമ്പൂർണ്ണമാകുന്നു എന്നു കാണാം.

ആശിസ്സ്രൂപമായ നാന്ദിയോടുകൂടിയാണു ശാകുന്തളം ആരംഭിക്കുന്നതു്. പൂർവ്വരംഗത്തിലും അംഗഹാരത്തിലും സർവദാ ശിവൻ സന്നിഹിതനായിരിക്കുന്നതിനാൽ ആ രംഗത്തെ ഉദ്ദേശിച്ചു ചെയ്യപ്പെടുന്ന പൂജയാണു നാന്ദി എന്നു പറയുന്നതു്. മഹേശ്വരന്റെ നാന്ദി എന്ന വൃഷഭം ആദ്യം അന്തരീക്ഷത്തിൽ രംഗത്വം പ്രാപിച്ചു എന്നും ആ രംഗത്തെ ഉദ്ദേശിച്ചു ചെയ്യുന്ന പൂജക്കു നാന്ദി എന്നു പേരുണ്ടായി എന്നും നാട്യവേദികൾ അഭിപ്രായപ്പെടുന്നു.

സൂര്യചന്ദ്രന്മാരുടെ ഉപാദാനം കാളിദാസൻ നാന്ദിയിൽ ചെയ്തിരിക്കുന്നതിനാൽ പ്രസ്തുത നാന്ദിനീലിയാകുന്നു.

നാടകത്തിലെ പൂർവ്വരംഗത്തിനു ഇരുപത്തിരണ്ടംശങ്ങളുള്ളവയിൽ നാന്ദിയാണു അവശ്യം കർത്തവ്യമായിട്ടുള്ളതു്.

കാളിദാസന്റെ സൂത്രധാരൻ സൂത്രധാരലക്ഷണം അനുസരിച്ചു സർവപ്രയോഗകുശലനും താളാനുലയാഭിജ്ഞനും, ഗതമത്സരനും, കുലീനനും, രസഭാവവിശാരദനും പാത്രസംക്രമണോപായകുശലനുമാകുന്നു. അദ്ദേഹം നടിയോടു മിഥഃസംവാദം ചെയ്യുന്നതിനായി നാം കാണുന്നു. ഇതിനു ആമുഖമെന്നോ പ്രസ്താവനയെന്നോ നാമകരണവും ചെയ്യാം.

തവാസ്മിഗീതരാഗേണ
ഹാരിണാപ്രസഭം ഹൃതഃ"

എന്നു തുടങ്ങുന്ന പദ്യത്താൽ നടിയെ സമാശ്വസിപ്പിച്ചും ആസന്നമായ പാത്രപ്രവേശത്തെ സൂചിപ്പിച്ചുമാണല്ലോ നിഷ്ക്രാന്തനാകുന്നതു്. ഏതാദൃശപ്രസ്താവനയ്ക്കു പ്രയോഗാതിശയമെന്നും അവലഗിതമെന്നും പണ്ഡിതന്മാർ നാമകരണം ചെയ്യുന്നു.

സൂത്രധാരൻ സൂചിതമായ കഥാവസ്തുവാണു പിന്നീടു രംഗംതോറും ക്രമാനുഗുണമായ വികാസം പ്രാപിച്ചിരിക്കുന്നതു്.

10518

നാടകീയവസ്തുവിനെ കാളിദാസൻ അങ്കങ്ങളായും അങ്കത്തെ വിവിധരംഗങ്ങളായും വിഭജിച്ചിരിക്കുന്നു. ഒരു കഥാപാത്രത്തിന്റെ പ്രവേശവും മറെറാരു കഥാപാത്രത്തിന്റെ നിഷ്ക്രമണവുമാകുന്നു രംഗലക്ഷണം.

ഒരു ചിത്രകാരനെപ്പോലെ തന്നെ, കവിയും കഥയുടെ എല്ലാഭാഗവും ചിത്രീകരിക്കുന്നില്ല. അങ്ങനെ ചെയ്യുക സാദ്ധ്യവുമല്ല. അംഗങ്ങളുടെ ഇടയ്ക്കു വിട്ടുകളയുന്ന ഭാഗം, പ്രവേശകം കൊണ്ടും വിഷ്കംഭം കൊണ്ടും സൂചിപ്പിക്കാതിരിക്കയും പതിവില്ല. വിഷ്കംഭകനു അങ്കത്തിന്റെ ആദിമദ്ധ്യാന്തങ്ങളിലെല്ലാം പ്രവേശിക്കാം പ്രവേശകനാകട്ടെ ഏതെങ്കിലും രണ്ടങ്കങ്ങളുടെ മദ്ധ്യത്തിലെ പ്രവേശിക്കാൻ നിവൃത്തിയുള്ളു. പ്രഥമാംഗത്തിൻെറ ആരംഭത്തിലും ഒടുവിലത്തെ അങ്കത്തിൻെറ അവസാനത്തിലും അയാൾക്കു പ്രവേശനമേ അനുവദിക്കപ്പെടുന്നില്ല.

ശാകുന്തളം മൂന്നാമങ്കത്തിൻെറ പ്രാരംഭത്തിൽ കുശകളേന്തിക്കൊണ്ടു കണ്വശിഷ്യൻ പ്രവേശിച്ചു വിഷ്കംഭം നിർവ്വഹിക്കുന്നു. ഇദ്ദേഹം മദ്ധ്യമപാത്രവും, അതിനാൽ പ്രയോക്തമായ വിഷ്കംഭം ശുദ്ധവുമാകുന്നു.

പ്രസ്തുത വിഷ്കംഭംകൊണ്ടു കവി വിട്ടുകളഞ്ഞ കഥാ ഭാഗം എന്താണെന്നു ശ്രോതാക്കൾ ഗ്രഹിക്കുന്നു. നോക്കുക:-
ശിഷ്യഃ— അഹോ മഹാനുഭാവഃ പാർത്ഥിവോ ദുഷ്യന്തഃ യൽ പ്രവിഷ്ടമാത്ര ഏവ ആശ്രമപദം തത്ര ഭവതി നിരു പപ്ലവാനിനഃ കർമ്മാണിസംവൃത്താനി.

കാ കഥാ ബാണസന്ധാനേ
ജ്യാശബ്ദേനൈവദൂരത
ഹുങ്കാരേണേവധനുഷ
സഹിവിഘ്നാന പാഹതി"

യാവാദിമാൻവേദി സംസ്തരണാർത്ഥാൻ
ദർഭാനൃത്വിഗ്ഭ്യഉപസംഹരാമി.

(പരിക്രാമ്യാവലോക്യച. ആകാശേ)
പ്രിയംവദേ, കസ്യേദമുശീരാനുലേപനം മൃണാളവന്തി
ച നളിനീപത്രാണിനീയന്തേ.
(ശ്രുതിമഭിനീയ) [കിംബ്രവീഷി?]
ആതപലംഘനാൽബലവദസ്വസ്ഥാശകുന്തളാ.
തസ്യാഃശരീരസന്താപനിർവ്വാപണായേതി.

തഹിയത്നാദുപക്രമ്യതാം
സാഹികലപതേരുച്ഛ്വസിതം.
അഹമപിവൈതാനികം ശാന്ത്യുദക-
മസ്യൈഗൗതമീഹസ്തേവിസർജ്ജയിഷ്യാമി"

ദുഷ്യന്തമഹാരാജാവു മഹാനുഭാവൻ തന്നെ. എന്തെ ന്നാൽ ആശ്രമത്തിൽ അദ്ദേഹം പ്രവേശിച്ച ക്ഷണത്തിൽ ത്തന്നെ ഞങ്ങളുടെ കർമ്മങ്ങളൊക്കെയും നിർബാധങ്ങളാ യിത്തീൻ.

എന്തഹോ കഥ ശരം തൊടുക്കിലി-
നന്തരായമപഹന്തിമന്നവൻ
ഹന്ത! ഹുങ്കൃതിനിദ്ധേനേധനുഷന-
സ്സന്തതം ഞ്ഞരവേണകേവലം

എന്നാലിനി യാഗശാലയിൽ വിരിക്കാനുള്ള ഈ ദർഭപ്പുല്ല കളെ ഋത്വിക്കുകൾക്കു കൊണ്ടു ചെന്നു കൊടുക്കാം. (ചുററി നടന്നു നോക്കീട്ടു ആകാശത്തിൽ ലക്ഷ്യം ബന്ധിച്ച്) പ്രിയംവദേ, ആക്കാണു രാമച്ചം അരച്ചതും തണ്ടോടുക്രടിയ താമരയിലകളും കൊണ്ടുപോകുന്നതു്? (കേട്ടതുപോലെ ഭാവിച്ച്) [എന്താണു പറയുന്നതു്] വെയിൽകൊണ്ടിട്ടു ശകുന്തള വളരെ അസ്വസ്ഥയായിരിക്കുന്നു. അവളുടെ ശരീരതാപം ശമിപ്പിക്കാൻ എന്നോ? എന്നാൽ ഒട്ടും ഉദാസീനതക്രടാതെ പ്രതിവിധികൾ ചെയ്യണേ! അവൾ കലപതിയായ കണ്വന്റെ പ്രാണനാണു്. ഞാനും യാഗസംബന്ധിയായ തീത്ഥജലത്തെ അവൾക്കായിക്കൊണ്ടു ഗൌതമിയുടെ കൈയിൽ കൊടുത്തയക്കാം.

ആറാമങ്കത്തിലെ പ്രവേശകം നോക്കുക. അവിടെ സാനുമതി എന്നുപേരായ ഒരപ്സരസ്ത്രീ ആകാശയാനത്തിൽ സഞ്ചരിക്കുന്നതായി കാളിദാസൻ ചിത്രീകരിക്കുന്നു. പ്രവേശികയുടെ ചുമതല വളരെ ലഘുവാണു്. രംഗമാററത്തിന്റേയും, പാത്രപ്രവേശത്തിന്റേയും ഭാഗം സൂചിപ്പിക്കുന്ന ഭാരമേ സാനുമതിക്കുള്ളു. വിഷ്കംഭകന്റെ സ്ഥിതി ഇതല്ല. കണ്വശിഷ്യന്റേയും സാനുമതിയുടേയും വാക്കുകളിൽ നിന്നു ഇവക്കു തമ്മിലുള്ള പ്രവൃത്തിയുടെ അന്തരം എത്രത്തോളമെന്നു മനസ്സിലാക്കാം.

വിഷ്കംഭപ്രവേശകങ്ങൾ കൂടാതെ ചൂളിക, അങ്കാസ്യം, അങ്കാവതാരം എന്നിങ്ങനെ മൂന്നു സൂച്യങ്ങൾ ശാകുന്തളത്തിൽ അടങ്ങിയിരിക്കുന്നു. അണിയറയിലിരുന്നുകൊണ്ടു അത്ഥസൂചന നൽകുക എന്നതാണു ചൂളികയുടെ ഉദ്ദേശ്യം.

ശാകുന്തളത്തിൽ പല ഭാഗത്തും അത്ഥസൂചന നൽകുന്ന ചൂളികയുണ്ടു്. അവയിലൊന്നു പ്രഥമാങ്കത്തിലെ "ഇതു ഇതഃസഖൗ" എന്നതും അതുകൊണ്ടു സാധിക്കുന്നതു ദുഷ്യന്തശ്രദ്ധ ശകുന്തളയുടേയും സഖിമാരുടേയും അന്തികത്തിലേക്കാകൎഷിക്കുക എന്നുള്ളതുമാകുന്നു.

ഒന്നാമങ്കത്തിന്റെ അന്ത്യത്തിൽ ദുഷ്യന്തൻ ശകുന്തളയുടെ വേർപാടിനെ സൂചിപ്പിച്ചുകൊണ്ടു പറയുന്ന

"ഗച്ഛതിപുരഃശരീരം ധാവതിപശ്ചാദസംസ്തുതംചേതഃ
ചീനാംശുകമിവകേതോഃപ്രതിവാതംനീയമാനസ്യ"

(മുന്നോട്ടുപോകുന്നു വപുസ്സു കേവലം
പിന്നോട്ടുപായുന്നു മനസ്സു ചഞ്ചലം
വാതൂല വേഗപ്രതിനീയമാനം
കേതോഃപതാകാംശുക മെന്നവണ്ണം)

പ്രസ്തുത പദ്യം അടുത്ത അങ്കത്തിലെ കഥാവസ്തുവിന്റെ ബീജാവാപം നിർവ്വഹിക്കുന്നതിനാൽ ഇതു അങ്കാവതാരമാകുന്നു. അങ്കാവതാരത്തിനും അങ്കാസ്യത്തിനും തമ്മിൽ പറയത്തക്ക അന്തരമില്ലാത്തതിനാൽ അതിനെക്കുറിച്ചു ഒന്നും തന്നെ പ്രസ്താവിക്കുന്നില്ല.

---

# 10. ശാകുന്തളത്തിലെ നാട്യാലങ്കാരങ്ങൾ

നാട്യാലങ്കാരങ്ങളെ വിനിവേശിപ്പിക്കുന്നതിൽ ശാകുന്തളത്തിന്റെ നില എന്തെന്നു നമുക്കൊന്നന്വേഷിക്കാം:—

ശാകുന്തളം ഏഴാമങ്കത്തിൽ

രാജാ:— ഈ ബാലന്റെ അമ്മയുടെപേർ ചോദിച്ചെങ്കിലോ—അഥവാ പരസ്ത്രീപ്രസംഗം അന്യായമാണല്ലൊ.

ഒന്നാംതാപ:— സർവ്വദമന, ശകുന്തലാവണ്യം നോക്കുക:—

ബാലൻ:— എന്റെ അമ്മ എവിടെ?

ഒ. താ:—കുട്ടി, പക്ഷിയുടെ ഭംഗിനോക്കു എന്നാണു പറഞ്ഞതു്.

രാജാ:—ഈ ബാലന്റെ മാതാവിന്റെ പേർ ശകുന്തളഎന്നാണോ?

ഇതു ഭിന്നാർത്ഥശ്ലിഷ്ടവർണ്ണനാരൂപമായ വാക്യമായതുകൊണ്ടു ഇതിനു നാട്യാലങ്കാരശാസ്ത്രജ്ഞന്മാർ അക്ഷരസംഘാതം എന്നു പേർ പറയുന്നു.

പ്രഥമാങ്കത്തിൽ ദുഷ്യന്തൻ ആത്മഗതംചെയ്യുന്നു:—
"എങ്ങനെയാണിപ്പോൾ എന്റെ വാസ്തവത്തെ പറയുന്നതു്? എങ്ങിനെയാണു ഞാൻ മറെറാരാളാണെന്നു പറയുന്നതു്? ആകട്ടെ ഇങ്ങനെ പറയാം (പ്രകാശം) പൗരവനായ രാജാവിനാൽ നിയുക്തനായ ഞാൻ ആശ്രമവാസികളുടെ കർമ്മങ്ങളെല്ലാം നിർവ്വിഘ്നം നടക്കുന്നോ എന്നു നോക്കാനായി ധർമ്മാരണ്യത്തിൽ വന്നിരിക്കയാണു്."

ഈ ഭാഗം ഗൂഢതുല്യാൎത്ഥമായ വാക്യമായതുകൊണ്ടു ഉദാഹരണമാകുന്നു.

ഹേതുനിർദ്ദേശംചെയ്തു സാക്ഷിപ്പോകതിയാൽ അഭീഷ്ടാൎത്ഥബോധമുണ്ടാക്കുന്നതിനെയാണു ഹേതുവെന്നു വ്യവഹരിക്കുന്നതു്. താഴെ ഉദ്ധരിക്കുന്ന ഭാഗം ഹേതു എന്ന നാട്യാലങ്കാരത്തിനു ഉദാഹരണമാകുന്നു.

സ്വിന്നാങ്ഗുലിവിനിവേശോ
രേഖാപ്രാന്തേഷു ദൃശ്യതേമലിനഃ
അശ്രു ച കപോല പതിതം
ദൃശ്യമിദം വൎണ്ണകോച്ഛ്വാസാൻ"

(സ്വിന്നമായ വിരലിൻെറപാടിതാ
ഭിന്നവൎണ്ണമുപരേഖവീക്ഷ്യതേ
വൎണ്ണകോച്ഛ്വാസിത ഹേതുഭൂതമായ്
കണ്ണുനീർ കവിളിൽനിന്നു വീണതും)

നിശ്ചയാന്തമല്ലാത്ത വാക്യമാണല്ലോസംശയം. പ്രസ്തുതലക്ഷണത്തെ ഉദാഹരിക്കുന്ന ഒരു പദ്യമാണു താഴെ ഉദ്ധരിക്കുന്നതു്.

"ഇദമുപനതമേവം രൂപമക്ലിഷ്ടകാന്തി
പ്രഥമപരിഗൃഹീതംസ്യാന്നവേതിവ്യവസ്യൻ
ഭ്രമരഇവവിഭാതേ കുന്ദമന്തസ്തുഷാരം
ന ച ഖലുപരിഭോക്തും നൈവശക്നോമിഹാതും."

കൊണ്ടാടത്തക്കരൂപം തടിദമുപനതംപണ്ടു-
ഞാൻ സ്വീകരിച്ചി-
ട്ടുണ്ടാമോയില്ലയോയെന്നധിഗതപരി-
ച്ഛേദനായിട്ടിദാനീം.

കണ്ടെത്തിപ്രാതരാരാമത്തിനവമിഹി-
കാഗർഭമാം കന്ദപുഷ്പം
വണ്ടത്താനെന്നപോലെ ന ച ഖലുപരി-
ഭോക്തും നൈവശക്നോമിഹാത്തും"

പ്രകൃതിഗാമിയായ പദാൎത്ഥം ഹേതുവായിട്ടു അങ്കുരിക്കുന്ന ചിന്തയാകുന്നു തുല്യതൎക്കം.

ശാകുന്തളത്തിൽ ദുഷ്യന്തൻ,

"അനാഘ്രാതം പുഷ്പംകിസലമലൂനം കരരുഹൈ
രനാവിദ്ധംരത്നംമധുനവമനാസ്വാദിതരസം
അഖണ്ഡം പുണ്യാനാം ഫലമിവ ച തദ്രൂപമനഘം
നജാനേഭോക്താരം കമിഹസമുപസ്ഥാസ്യതിവിധിഃ

(ഘ്രാണിക്കാത്തസുമം, നഖൈരദലിതം-
ബാലപ്രവാളം, തുള-
യ്ക്കാണിക്കോലണയാത്ത നന്മണിനവം-
താൎത്തേനനാസ്വാദിതം
ക്ഷീണിക്കാത്ത തപഃഫലം തദനഘം-
രൂപം മഹാഭാഗ്യനാം
പ്രാണിക്കേവനു ദൈവമേകമനുഭോ-
ഗത്തിന്നറിഞ്ഞീലഞാൻ)

ഇതിൽ നാലാംപാദത്തിൽ അടക്കി പ്രയോഗിച്ചിരിക്കുന്ന ആശയം തുല്യതൎക്കത്തിനു ഉദാഹരണമാകുന്നു.

പദാൎത്ഥങ്ങളുടെ അനുരൂപഘടനയായ ഹ്രോച്ചയത്തിനും കാളിദാസൻ ലക്ഷ്യപ്രദർശനം ചെയ്യുന്നുണ്ട്. നോക്കുക:—

"അധരഃകിസലയരാഗഃ
കോമളവിടപാനുകാരിണൌ ബാഹൂ

കുസുമമിവ ലോഭനീയം
യൗവനമങ്ഗേഷു സംനദ്ധം"
(തളിരുപോലധരംസുമനോഹരം
ലളിതശാഖകൾപോലെ ഭുജദ്വയം
കിളിമൊഴിക്കുതനൗ കുസുമോപമം
മിളിതമുജ്ജ്വലമാം നവയൗവനം)

പ്രസ്തുതപദ്യത്തിൽ ശബ്ദാത്ഥങ്ങൾക്കു സൗകുമാര്യം തുല്യമായിരിക്കുന്നതിനാൽ പദോച്ചയമാകുന്നു.

സാദൃശ്യം നിമിത്തം അസംഭാവ്യാത്ഥകല്പന ചെയ്യുന്നതിനെയാണല്ലൊ "അഭിപ്രായ"മെന്നു വ്യവഹരിക്കുന്നതു്.

"ഇദംകിലാവ്യാജ മനോഹരം വപു-
സ്തപഃക്ഷമം സാധയിതും കളഹരതി
ധ്രുവംസനീലോല്പല പത്രധാരയാ
സമില്ലതാംഛേത്തുമൃഷിർവ്യവസ്യതി"
(വപുസ്സിതുനിസർഗ്ഗസുന്ദരമയേ, വിനാസംശയം
തപസ്സിനനുരൂപമാക്കുവതിനിച്ഛുവാം താപസൻ
കൃപാകണികയെന്നിയേ കഠിനമാം സമിദ്രാശിയേ
വിപാടയിതുമീ ഹന്ത കുവലയച്ഛദാന്തത്തിനാൽ)

പ്രകൃതപദ്യത്തിൽ നീലോല്പല ധാരകൊണ്ടു സമില്ലതയെ ച്ഛേദിക്കുന്നതു പോലെതന്നെ മൃദുലവപുസ്സായ ശകുന്തളയെ തപസ്സിനു നിയോഗിക്കുന്നതു അസംഭാവ്യമാണെന്നു പറഞ്ഞിരിക്കുന്നതിനാൽ അലങ്കാരം ചേരുന്നു.

ശാസ്ത്രാനുസൃതവും ഹൃദ്യവുമായ വാക്യത്തിനു ഉപദിഷ്ടമെന്നുപേർ. ഇതിനുദാഹരണമായി ശാകുന്തളത്തിൽ കാണുന്ന പദ്യം ഇതാണു്.

"ഭക്ത്യാസേവിക്ക പൂജ്യാൻ മരുവുക സഖിയെപ്പോൽ"

വാത്സ്യായനൻ സാഭിമാനം പ്രസ്താവിക്കുന്ന ഏകചാരിണി വൃത്തത്തെ ഇതിൽ നിഗ്രഹനം ചെയ്തിരിക്കുന്നതുകൊണ്ടാണു ഇതു ഉപദിഷ്ടത്തിനു ഉദാഹരണമായതു്.

വിരുദ്ധഗുണങ്ങളെ നിഷ്ഠുരാൎത്ഥമായി ഉപന്യസിക്കുന്നതിനു ഗുണാതിപാതമെന്നുപേർ. ഉദാഹരണം:—

"മേദശ്ഛേദകൃശോദരം ലഘുഭവത്യു-
ത്ഥാന യോഗ്യം വപുഃ
സത്വാനാമപിലക്ഷ്യതേ വികൃതിമ-
ച്ചിത്തം ഭയക്രോധയോഃ
ഉൽകൎഷഃ സചധന്വിനാംയദിഷവഃ
സിദ്ധ്യന്തി ലക്ഷ്യേചലേ
മിഥ്യൈവവ്യസനം വസന്തി മൃഗയാമീ-
ദൃഗ്വിനോദഃ മതഃ"

മേദസ്സുററു മെലിഞ്ഞു കുക്ഷിലഘുവാം
ദേഹംവിഹാരക്ഷമം
ഭേദപ്പെട്ടുമൃഗങ്ങൾതൻ പ്രകൃതിയും
കാണാം ഭയക്രോധയോഃ
കോദണ്ഡിക്കിളകുന്നലാക്കിലിഷുവെ-
യ്തേല്പിപ്പതും ശ്രേഷ്ഠ്യമാം
വാദം വേട്ടയസാധുവെന്നതുമൃഷാ—
മറെറന്തില്ലുള്ളീരസം?"

ഈ പദ്യത്തിൽ മൃഗയാവ്യസനത്തിന്റെ വിരുദ്ധഗുണങ്ങളെ നിഷ്ഠുരാൎത്ഥമായി ഉപന്യസിച്ചിരിക്കുന്നു.

അഭിലാഷസാദ്ധ്യത്തിനുള്ള പ്രസിദ്ധാത്ഥകഥനം നിരുക്തം. ഈ ലക്ഷണത്തെ ശാകുന്തളം നാടകത്തിൽ കവി ഉദാഹരിക്കുന്നതു ഇങ്ങനെയാണു്:

പ്രിയം:— "ശകുന്തളേ, ക്ഷണനേരം അവിടെത്തന്നെ നിൽക്കു്. നിന്നെക്കൊണ്ടു ഈ എലഞ്ഞി ഒരു നല്ല വള്ളി ചുററിയതുപോലെ ശോഭിക്കുന്നു."

ശകു:— "ഇതുകൊണ്ടുതന്നെയാണു നിന്നെ പ്രിയംവദാ എന്നു വിളിക്കുന്നതു്." ഇവിടെ ശകുന്തളയിൽ ലതാത്വം ആരോപിച്ചിരിക്കുന്നതാണു പ്രസിദ്ധാത്ഥകഥ.

ചേഷ്ടകൊണ്ടും വാക്കുകൊണ്ടും മററുള്ളവരുടെ മനസ്സിനു നിർവൃതിയുണ്ടാക്കുകയാണു ദാക്ഷിണ്യം. ഇതിന്നുദാഹരണം കാളിദാസൻ കൊടുക്കുന്നതു,

ദുഷ്യ:— "ഞാൻ ശകുന്തളയുടെ കടം വീട്ടുന്നുണ്ടു്" എന്നു പറഞ്ഞു അംഗുലീയത്തെ നൽകുന്ന ഭാഗമാകുന്നു.

സ്വാഭിഷ്ടസിദ്ധിക്കു വേണ്ടി അനേകം കാര്യങ്ങളെ പ്രതിപാദിക്കുന്നതിനു മാല എന്നു പേർ. ദുഷ്യന്തൻ ശകുന്തളയോടായി പറയുന്നു,

"കിംശീതളൈഃ ക്ലമവിനോദിഭിരാദ്രവാതാൻ
സഞ്ചാരയാമി നളിനീ ദളതാലവൃന്തൈഃ
അങ്കേനിധായകരഭോരു യഥാസുഖംതേ
സംവാഹയാമി ചരണാവുത പത്മതാമ്രൗ"

(അംഭോബിന്ദു തുഷാര മന്ദമാരുതാ
ദേഹക്ലമച്ഛേദിയാ"-
മംഭോജച്ഛദ താലവൃന്തമതു
കൊണ്ടുമ്പോടു വീശട്ടയോ

രംഭോരു! പ്രചുരാദരം മടിയിൽ വെ-
ച്ചിഷ്ടാനുരോധേന താ-
നംഭോജാരുണമാം ഭവൽ പദയുഗം
ബാലേ തലോടട്ടയോ?)

പ്രസ്തുതപദ്യം മാലയ്ക്കുദാഹരണമാകുന്നു.

വസ്തുഗഹ്ണനംതന്നെയാകുന്നു ഗഹ്ണനമെന്ന നാട്യാലങ്കാരം.

തവകുസുമശരത്വം ശീതരശ്മിത്വമിന്ദോർ-
ദ്വയമിദമയഥാർത്ഥം ദൃശ്യതേമദ്വിധേഷു
വിസൃജതി ഹിമഗർഭൈരഗ്നിമിന്ദുർമ്മയൂഖൈ-
സ്ത്വമപി കുസുമബാണാൻ വജ്രസാരീകരോഷി"
(സുമം ത്വദീയസായകം ഹിമംശശാങ്കരശ്മിപോൽ
ഭ്രമം ജഗത്തിലിത്തരം പ്രമാമറിച്ചുമാദൃശാം
വമിച്ചിടുന്നവഹ്നിയേ ഹിമഛലേനതിങ്കൾതാൻ
സുമാസ്ത്രമെയ്തിടുന്നുനീയമേയശക്തിവജ്രവൽ)

പ്രസ്തുതപദ്യത്തിൽ മന്മഥനേയും ചന്ദ്രനേയും ഭത്സിക്കുന്ന തിനാൽ ലക്ഷണം സിദ്ധം.

പൂർവ്വാനുഭൂതസാദൃശ്യാർത്ഥത്താൽ വസ്തുകഥനം ചെയ്യുന്നതു സാരൂപ്യമാകുന്നു.

"കാമിജനങ്ങളുടെ അവസ്ഥ ഇതിഹാസപുരാണങ്ങളിൽ എങ്ങനെ പറഞ്ഞിരിക്കുന്നുവോ അപ്രകാരം നിന്റെ അവസ്ഥയും ഇരിക്കുന്നു."

ഗുണകീർത്തനത്തിനു കാളിദാസൻ ഉദാഹരിക്കുന്നതു "ശ്ലാണിക്കാരത്വസുമം" എന്നുതുടങ്ങുന്ന പദ്യത്തെയാകുന്നു.

നാട്യാലങ്കാരങ്ങളിൽ ആദ്യത്തേതു ആശിസ്സാണല്ലോ. ഇഷ്ടജനാശംസയാകുന്ന ആശിസ്സ്. ശാകുന്തളത്തിൽ ശകുന്തളയോടു ഇഷ്ടജനം പറയുന്ന

"യയാതേരിവ ശർമ്മിഷ്ഠാ
ഭർത്തുർബ്ബഹുമതാഭവ
സുതംത്വമപിസമ്രാജം
സേവപൂരുമവാപ്നുഹി

(നഹുഷജന്മ വൃഷപർവ്വജപോലേ
ബഹുമതാഭവ പതിക്കയി നീയും
മഹിതഭാഗ്യമവൾ പൂരുവിനേപ്പോൽ
മഹിയിലേകനൃപമാപ്നുഹിപുത്രം)

അല്പമായ പരിഭവം പോലും സഹിക്കാതിരിക്കുക യാണു അക്ഷമ.

രാജാ:— "അല്ലയോ സത്യവാദിൻ, നിങ്ങൾ പറയുന്നതു ഞാൻ വിശ്വസിച്ചു. എന്നാൽ ഈ സ്ത്രീയെ വഞ്ചിച്ചിട്ടു എനിക്കെന്താണു പ്രയോജനമുള്ളതു്?

ശാർങ്ങ:— "ധർമ്മഭ്രംശംതന്നെ."

മേലുദ്ധരിച്ച വാക്യങ്ങൾ അക്ഷമയുടെ ഉദാഹരണമാകുന്നു.

സാവലേപമായ വാക്യമാണു ഗർവ്വം.

"എന്റെ ഗൃഹം പഞ്ചഭൂതങ്ങളാൽ ആക്രമിക്കപ്പെട്ടന്നോ?

സാധുവമന്യനിലുള്ള സാധുവല്ലാത്ത ഉപഹാസത്തിനു ഉൽപ്രാസനം എന്നു പേർ. ഈ നിർവ്വചനത്തെ കാളിദാസൻ, ശാകുന്തളത്തിലുള്ള

ശാർങ്ങ:—രാജാവേ, പൂർവ്വവൃത്താന്തത്തെ കളത്രാന്തരത്തിലുള്ള ആസംഗം നിമിത്തം അങ്ങു മറന്നു പോയിരിക്കയാണെങ്കിൽ, അധർമ്മത്തെക്കുറിച്ചു ഇത്ര ഭയമുള്ള അങ്ങയ്ക്കു ഇവളെ ഉപേക്ഷിക്കാമോ?"

എന്ന ഭാഗം കൊണ്ടു അനപത്ഥമാക്കിത്തീർക്കുന്നു. ഏതെങ്കിലും ഒരു വസ്തുവിന്റെ രമണീയ ഹേതുവായി അതിൽ അഭിനിവേശം ജനിക്കുന്നതു സ്പൃഹയാകുന്നു.

അപരിക്ഷത കോമളസ്യ യാവൽ
കുസുമസ്യേവ നവസ്യഷൽപദേന
അധരസ്യപിപാസതാമയാതേ
സദയം സുന്ദരി ഗൃഹ്യതേ രസോസ്യ"

(കൊണ്ടാടിയമ്പൊടപരിക്ഷതകോമളം നിൻ
ചുണ്ടാകുമിപ്പുതിയ പുഷ്പമതിൻെറസാരം
ഉണ്ടൽ വളൻ വലയുന്നൊരുവണ്ടുപോലെ
കൊണ്ടൽക്കരിംകുഴലിയാവദഹം പിബേയം)

ആശയം സ്പഷ്ടം.

കാര്യദർശനമാകുന്ന ഉല്ലേഖം.

താപ:— രാജാവേ, ഞങ്ങൾ ചമതകൊയ്യുവാൻ പുറപ്പെട്ടിരിക്കുന്നു. ഇതാ, മാലിനിനദിയുടെ തീരത്തിൽ കുലപതിയായ കണ്വൻെറ ആശ്രമം കാണപ്പെടുന്നു. കാര്യാന്തരങ്ങൾക്കു വിഘ്നം വരികയില്ലെങ്കിൽ അവിടെ ചെന്നു അതിഥിസൽകാരത്തെ സ്വീകരിച്ചാലും"

എന്നിങ്ങനെ ദുഷ്യന്തനോടുപറയുന്ന ഭാഗം കാര്യദർശനമാകയാൽ ഉല്ലേഖമാകുന്നു.

നീതിശാസ്ത്രത്തെ സനുവർത്തിക്കുക എന്നതു നീതിശാസ്ത്രാനുവർത്തനമാകുന്നു.

"തപോവനങ്ങളിൽ വിനീതവേഷത്തോടുകൂടിവേണം പ്രവേശിക്കുവാൻ." എന്നിങ്ങനെ സാരഥിയോടായി ദുഷ്യന്തൻ പറയുന്ന ഭാഗം നീതിശാസ്ത്രാനുവൎത്തനത്തിനു ഉദാഹരണം.

ഉക്തമായ അൎത്ഥത്തെത്തന്നെ സോപാലംഭംബഹുമുഖമായി ഉൽകീൎത്തിക്കുകയാണു അൎത്ഥവിശേഷണം.

ഞങ്ങൾ ഉപന്യസിച്ചതെന്താണെന്നോ! നിങ്ങൾ ലോകതന്ത്രങ്ങളിൽ വളരെ സാമൎത്ഥ്യമുള്ളവർതന്നെ!

"ജാതവിവാഹയാം യുവതി സച്ചരിതാപി നിജ
ജ്ഞാതികുലൈകവാസിനിമറിച്ചവിശങ്കിതയാം"

ഇത്യാദി ശാൎങ്ഗരവോക്തമായ അൎത്ഥം വീണ്ടും വീണ്ടും സൂചിപ്പിക്കുകയാൽ ഇതു അൎത്ഥവിശേഷണത്തിനു ഉദാഹരണമാകുന്നു.

"ഇപ്പോൾ പൂൎണ്ണമനോരഥനായ ഞാൻ എന്താണു എന്നെ അഭിനന്ദിക്കാത്തതു്?"

ദുഷ്യന്തൻ പറയുന്ന ഈ ഭാഗം സന്തോഷാധിക്യം പ്രകടിപ്പിക്കുന്നതിനാൽ പ്രഹൎഷത്തിനുദാഹരണമത്രെ.

ഹൃദ്യമായ ഉപദേശം ശിക്ഷ. അനസൂയ ശകുന്തളയോടു "ആശ്രമവാസിയായ അതിഥിയെ സൽകരിക്കാതെ തോന്നിയപോലെ പൊയ്ക്കളയുന്നതു യുക്തമല്ല" എന്നുപറയുന്ന ഭാഗം ശിക്ഷക്കു ഉദാഹരണം.

ചതുൎവൃത്തികളിൽ ശൃംഗാരരസോപജീവിയായ കൈശികിയാകുന്നു ശാകുന്തളത്തിലെ വൃത്തി. പ്രസ്തുതവൃത്തിയിൽ നൎമ്മസ്ഫോടവും ഒരംഗമാകുന്നു. ഈഷൽ

പ്രകാശിതങ്ങളായ ഭാവങ്ങളാൽ ശൃംഗാരത്തെ കുറഞ്ഞൊന്നു സൂചിപ്പിക്കുകയാണു നർമ്മസ്ഫോടം. ശാകുന്തളത്തിൽ ഇതിനുദാഹരണമായി താഴെ കാണുന്ന പദ്യം സ്വീകരിക്കാം:—

"സ്നിഗ്ദ്ധം വീക്ഷിതമന്യതോപിനയനേ-
യൽ പ്രേരയന്ത്യാതയാ
യാതംയച്ചനിതംബയോർഗ്ഗുരുതയാ-
മന്ദം വിലാസാദിവ
മാഗാഇത്യുപരുദ്ധയായദപിസാ-
സാസൂയമുക്താ സഖീ
സർവ്വംതൽകിലമൽപരായണമഹോ-
കാമീ സ്വതാം പശ്യതി"

(മല്ലാക്ഷീമണി വല്ല നോട്ടമതിലും
സസ്നേഹമീക്ഷിച്ചതും
ചൊല്ലേറും ശനകൈനിതംബഗുരുതാ-
മൂലം നടന്നെന്നതും
അല്ലേപോകരുതെന്നു ചൊല്ലുമളവിൽ-
കോപിച്ചതും തോഴിയോ-
ടെല്ലാമെന്നെ നിനച്ചപോലിതിയതേ-
തോന്നുന്നഹോകാമിനാം)

നാടകവസ്തുവിനു ആധികാരം പ്രാസംഗികം എന്നിങ്ങനെ രണ്ടു വിഭാഗമുണ്ട്. ഇതിനെപ്പററി ഹൈന്ദവ നാട്യശാസ്ത്രത്തിൽ ഇങ്ങനെ പറയുന്നു:—

"അധികാരം ഫലത്തിൻെറ സ്വാമ്യവും അധികാരി അതിൻെറ സ്വാമിയുമാണു്. രാമായണത്തിൽ സീതാ-

പ്രാപ്തിയാകുന്ന ഫലത്തിന്റെ അനുഭോക്താവായ രാമനത്രേ സ്വാമി അഥവാ അധികാരി. അധികാരിയെ സംബന്ധിക്കുന്ന വസ്തു ആധികാരികം. ശാകുന്തളത്തിൽ ദുഷ്യന്തവൃത്തമാണു ആധാരികവസ്തു. അതു ആദ്യന്തം കഥയിൽ അനുസ്യൂതമായി നിലനില്ക്കുന്നു. ആധികാരികമായ ഇതിവൃത്തത്തിന്റെ ഉപകരണാൎത്ഥം ആനുഷങ്ഗികമായ് ഉപയോഗിക്കുന്ന അപ്രധാനവസ്തുവിനു പ്രാസംഗികമെന്നു പേർ"

ഈ പ്രാസംഗികവസ്തു ചമൽകൃതവും പുഷ്ടവുമായിരിക്കാം. ആദ്യംമുതൽ അന്ത്യംവരെ നീണ്ടുകിടക്കുന്നതിനാൽ അതിനു പതാകയെന്നു പേർ കല്പിക്കാം.

നാടകത്തിലെ പ്രധാന കഥാപാത്രങ്ങളുമായി പ്രകരിക്കു യാതൊരു ബന്ധവും ഇല്ലെങ്കിലും അതു പതാകയെന്നപോലെതന്നെ പ്രാസംഗികവസ്തുവിന്റെ ഒരു ഘടകമാകുന്നു. ധനമിത്രന്റെ അനപത്യവൃത്താന്തനിവേദനം പ്രകരിക്കു ഉദാഹരണമായി സ്വീകരിക്കാം. അതാണെല്ലൊ രാജാവിനെ ശകുന്തളാവിഷയകമായ ചിന്തയിലേക്കാകൎഷിക്കുന്നതു്.

ഉചിതജ്ഞനും അനുഗൃഹീതനുമായ കാളിദാസമഹാകവി സ്വ നാടകത്തിൽ പതാകാസ്ഥാനങ്ങളെ യഥായോഗ്യം സന്നിവേശിപ്പിച്ചിട്ടുണ്ടെന്നു പ്രഥമപതാകാസ്ഥാനമായ

അനസൂയയും പ്രിയംവദയും:—"ശകുന്തളേ, ഇപ്പോൾ ഇവിടെ താതകണ്വൻ ഉണ്ടായിരുന്നെങ്കിൽ!"

ശകുന്തള:—"എന്നാലെന്താണു്?"

സഖിമാർ:—എന്നാലെന്താണ്; അതിഥിയെ സംജീവിത സർവ്വസ്വംകൊണ്ടു കൃതാർത്ഥനാക്കാം.

ശകു:—"പോവിൻ, നിങ്ങൾ ഏതാണ്ടൊക്കെ മനസ്സിൽ വച്ചുകൊണ്ടു സംസാരിക്കുന്നു."

എന്നഭാഗവും ദ്വിതീയപതാകാസ്ഥാനമായ

"എന്റെ ദേഹസ്ഥിതി അറിവാൻ ആര്യഗൗതമി ഇങ്ങോട്ടു വരികയാണ്;" എന്നുള്ള നാനാബന്ധസമാശ്രിതവും അതിശയക്ലിഷ്ടവുമായ ശകുന്തളാവാക്യമടങ്ങിയ പ്രസ്തുത ഭാഗവും സ്പഷ്ടലക്ഷ്യങ്ങളാകുന്നു.

മേൽ പ്രസ്താവിച്ചവ കൂടാതെ കഥോപചയത്തിനും ബീജം, ബിന്ദു, കാര്യം എന്നു മൂന്നു ഉപാധികൂടി ആവശ്യപ്പെടുന്നു. ഇവയിൽ കാര്യം എന്നതു നാടകീയകഥ ഏതൊരു പ്രയോജനത്തെ പുരസ്കരിച്ചു പ്രവർത്തിക്കുന്നുവോ അതാകുന്നു. മററുള്ളവ ആ കാര്യത്തിനു ഹേതുക്കളും ആകുന്നു.

ശാകുന്തളംനാടകത്തിൽ കാര്യം നായകനു കളത്രപുത്രസമാഗമമാകുന്നു.

പുത്രലാഭരൂപകാര്യഹേതുവായ താപസാനുഗ്രഹമാകുന്നു ബീജം.

"ജന്മയസ്യ പുരോർവ്വംശേ
യുക്തരൂപ മിദംതവ
പുത്രമേവം ഗുണോപേതം
ച ക്രവർത്തി നമാപ്നുഹി"

(ജനനാഥമൗലി പുരുവിന്റെ കുലേ
ജനനാൽ ഭവാനുചിതരൂപമിദം

തന്നയം ലഭസ്വ ഭവതസ്സദൃശം

സനയം സമസ്തധരണീരമണം)

ഇടയ്ക്കുവന്നുചേൎന്ന മൃഗയാപ്രസംഗം ഹേതുവായിട്ടു വിച്ഛിന്നമായ ശകുന്തളാവൃത്താന്തത്തെ, ദുഷ്യന്തൻ പറയു ന്നതും താഴെ ഉദ്ധരിക്കുന്നതുമായ വാക്യത്താൽ പുനഃ സംഘടിപ്പിക്കുന്ന ഘട്ടത്തിലാണു ബിന്ദു പ്രവൎത്തിതമാകു ന്നതു്.

സന്ധികൾ.

"മാഢവ്യ, അവാപ്തചക്ഷുഃ ഫലോസി യേന ത്വയാ ദർശനീയം ന ദൃഷ്ടം"

(മാഢവ്യ, കാണേണ്ടതു കാണായ്കയാൽ തന്റെ കണ്ണു നിഷ്ഫലമാകുന്നു)

മഹൎഷിമാരുടെ അനുഗ്രഹവാക്യത്തിൽ ബീജാവാപ ത്തിനുള്ള സഞ്ജീകരണവും "ഭവതു. താ മേവ പശ്യാമി" (ആകട്ടെ അവളെച്ചെന്നു കാണുകതന്നെ) എന്നവാക്യ ത്തിൽ ബീജാവാപവും കഴിഞ്ഞു ശകുന്തളാദുഷ്യന്തന്മാർ ദ്വിതീയാങ്കത്തിൽ "ചുററിനടന്നു ഇരിക്കുന്ന"തുവരേയുള്ള ഭാഗം മുഖസന്ധിയാകുന്നു.

രണ്ടാമങ്കത്തിൽ" മാഢവ്യ, കാണേണ്ടതുകാണായ്ക യാൽ തന്റെ കണ്ണു നിഷ്ഫലം തന്നെ" എന്നുതുടങ്ങി ഹോ മവിഘ്നത്തിനൊരുങ്ങുന്ന രാക്ഷസന്മാരെ ഭയപ്പെട്ട മഹൎഷി മാരാൽ പ്രാൎത്ഥിതനായ രാജാവു മറയുന്നതുവരെയുള്ളഭാഗം വരെ പ്രതിമുഖസന്ധിയാകുന്നു.

ശകുന്തളയുടെ പ്രയാണത്തെ കുറിക്കുന്ന ചതുൎത്ഥാങ്കം മുഴുവനും അഞ്ചാമങ്കത്തിൽ ദുഷ്യന്ത പ്രത്യയത്തിനുവേണ്ടി ശകുന്തളയുടെ പ്രഹർഷം നീക്കുന്നതുവരേയുള്ള ഭാഗവും ഗർഭ സന്ധിയാകുന്നു.

ശകുന്തളയുടെ മൂടുപടം നീക്കുന്നതുമുതൽ ആറാമങ്കം കഴിയുന്നതുവരേയുള്ള ഭാഗമാകുന്നു വിമർശകസന്ധി.

ഏഴാമങ്കത്തിന്റെ ആരംഭംമുതൽ പുത്രകളത്രസമാഗമം നിമിത്തം രാജാവിനാൽ നിവ്വഹിക്കപ്പെട്ട അഭിലാഷസിദ്ധിക്കുശേഷം ഭരതവാക്യംകഴിയുന്നതുവരെ നിവ്വഹണസന്ധിയാകുന്നു.

---

# 11. രസനിരൂപണം

രതി, ശോകം മുതലായ ചിത്തവൃത്തിവിശേഷത്തേയാണുനാടകത്തിൽ ഭാവം എന്നു വ്യവഹരിക്കുന്നതു്. താദൃശഭാവങ്ങളിൽ ചിലതു അംഗങ്ങളായ മററു ഭാവങ്ങളോടു യോജിച്ചു അങ്ഗിയായിത്തീൎന്നു അവിഛിന്നധാരമായി നില നിൽക്കുമ്പോഠം ആ അവസ്ഥയ്ക്കു രസം എന്നുപേർ.

മേൽപ്രസ്താവിച്ച രത്യാദികഠംക്കു കാര്യകാരണങ്ങളായും സഹകാരികളായും തീരുന്നതെല്ലാം നാടകത്തിൽ വിഭാവം അനുഭാവം, സഞ്ചാരികഠം എന്നിവയായിത്തീരുന്നു.

വിഭാവത്തിനു ആലംബനമെന്നും ഉദ്ദീപനമെന്നും രണ്ടു വിഭാഗമുണ്ടു്. ശാകുന്തളത്തിൽ ശകുന്തളയെ അവലംബിച്ചുരത്യാദികഠം ഉണ്ടാകുന്നതിനാൽ ശകുന്തള ആലംബനവിഭാഗമാകുന്നു.

ഉദിതമായ രത്യാദി ഭാവങ്ങളെ ഉദ്ദീപിപ്പിക്കുന്നതു ആലംബനത്തിന്റെ സൗന്ദൎയ്യാദികളാകുന്നു.

ഏതാദൃശങ്ങളായ രത്യാദിഭാവങ്ങൾ സഹൃദയന്റെമനസ്സിൽവാസനാരൂപേണ നിലീനങ്ങളാകുന്നുഎന്നും വിഭാവാദികൾ അവയെ ഉദ്ബോധനം ചെയ്യുമാത്രമാണു എന്നും ഓൎക്കേണ്ടതാകുന്നു.

ശാകുന്തളത്തിലെ സ്ഥായിരസം ഏതാണെന്നാകുന്നു നമുക്ക പൎയ്യാലോചിക്കേണ്ടതു്. ശകുന്തളയെ ദൎശിച്ച നിമിഷംമുതൽ ദുഷ്യന്തനു അവളിൽ രതി ഉദയംചെയ്യുന്നു. അതു തെളിഞ്ഞും അല്ലാതെയും കഥയുടെ ആദ്യന്തം വ്യാപിച്ചു നില്ക്കുകയും ചെയ്യുന്നു. അതിനാൽ അതിലെ സ്ഥായിയായരസം ശൃംഗാരമാണു്. ഭയാനകാദികൾ അംഗങ്ങളുമാകുന്നു.

'ക്ഷത്രയോഗ്യയിവളാൎയ്യയാംമന-
സ്സത്രമേസമനുരക്തമാകയാൽ'

എന്നഘട്ടത്തിലാണു രതിയുടെ പ്രാദുൎഭാവം സാക്ഷാത്താകുന്നതു്.

"ഹൃദയമേ, സ്വസ്ഥമായിരിക്ക്. നീ വിചാരിച്ചതിനെ .... .... ....എന്നുതുടങ്ങി

'തന്വിക്കൊന്നിലൊഴിച്ചു ദൃഷ്ടികളുറക്കുന്നില്ലമറെറാന്നിലും'

എന്നുവരെയുള്ള ഭാഗങ്ങളാൽ അതു സ്ഥായിവ്യപദേശത്തിനു പാത്രമായി തീരുന്നു.

"അറിവേനഹമാഷമാം പ്രഭാവം" എന്നു തുടങ്ങി

"കളഭാഷിണി ചില്ലിയൊന്നുയൎത്തി.... .... " എന്നുവരെയുള്ള പൂൎവ്വാനുരാഗവിപ്രലംഭത്താൽ ദൃഢമൂലമായി.

'ഒട്ടീഹന്തകവിൾത്തടം' എന്ന ഗ്ലാനിയാലും, 'സ്മരകുസുമശരൻനീ' എന്നിങ്ങനെ അസൂ- യാലും, അല്ലെങ്കിൽ

താമസിക്കാതെ 'എന്റെ ഉദകക്രിയ ചെയ്യേണ്ടിവരും' എന്നു ശകുന്തളാഗതമായ നിർവ്വേദത്താലും "എനിക്കെന്റെ പ്രിയയുടെ ദർശനമൊഴിച്ചു മററന്താണു ശരണ്യം" എന്നു ഔത്സുക്യത്താലും അങ്കുരിതമായ രതി അവിടവിടെ പരിപുഷ്ടമായിത്തീരുന്നു.

രാജാവു പ്രത്യക്ഷനായി വേഗത്തിൽ അടുത്തു ചെന്നു എന്നു തുടങ്ങി അവൾ മുഖം തിരിച്ചു പരിഹരിക്കുന്നു എന്നു അവസാനിക്കുന്നതുവരെയുള്ള കഥാഭാഗത്താൽ സംഭോഗശൃംഗാരദശ പ്രകാശിപ്പിക്കുമാകുന്നു.

ചപലമായ മനസ്സേ, പ്രയാസംകൂടാതെ എന്നിങ്ങനെയുള്ള നായികയുടെ വിചാരം തുടങ്ങി "ഇല്ലൊട്ടും ശൂന്യമെന്നാകിലുമിവിടമുപേക്ഷിപ്പതിന്നിങ്ങൊരുക്കം" "എന്നുള്ള രാജാവിന്റെ പരിദേവിതം വരെയുള്ള ഭാഗം കാര്യപ്രവാസവിപ്രലംഭാവസ്ഥക്കു ഉദാഹരണമാകുന്നു.

ദുർവ്വാസശാപാവസരം ശാപവിപ്രലംഭമാകുന്നു. ഇതിനിടക്കു രത്യാദി സ്ഥായിഭാവത്തിനു സമ്മീലിതാവസ്ഥ കുറഞ്ഞൊന്നുണ്ടാകുന്നുണ്ടു്.

"സത്യംതാനേ പ്രത്യയിപ്പിച്ചിട്ടെന്നോ?" എന്നിങ്ങനെയുള്ള ഭാഗങ്ങളിൽ അനുസന്ധേയമായിരിക്കുന്ന സ്ഥായിഭാവം, മുദ്രാദർശനത്തിലെ സംഭ്രമപ്രവാസ വിപ്രലംഭമായി മാറി സമ്പൂർണ്ണദശയിലേക്കു കടക്കുന്നു." അവസാനത്തിൽ ശകുന്തളയുടെ സംഗമത്തിൽ വീണ്ടും സംഭോഗാത്മനാ പരിണമിച്ചു ചകചതായമാനമായിരിക്കുന്ന ഒരു അപൂർവ്വസരണിയിൽ അതു എത്തിച്ചേരുന്നു.

സ്ഥായിയായ ശൃംഗാരരസം കൂടാതെയുള്ള മററു രസങ്ങൾ ഈ നാടകത്തിൽ ഏതെല്ലാം ഘട്ടങ്ങളിൽ പ്രവൎത്തിക്കുന്നുണ്ടെന്നു നോക്കാം.

ദുഷ്യന്ത മഹാരാജാവു മൃഗയാലോലനായി മൃഗത്തെ പിൻതുടരുമ്പോൾ പ്രത്യക്ഷമാകുന്നതു വീരരസം

മാതലിയാൽ ക്ലിഷ്ടനായ മാഢവ്യന്റെ ആൎത്തനാദം കേട്ടു ക്രുദ്ധനാകുന്ന ഘട്ടത്തിൽ പ്രത്യക്ഷമാകുന്നതു രൗദ്രരസമാകുന്നു.

ഈ രണ്ടു രസങ്ങളും സ്ഥായിയായ ശൃംഗാരത്തെ പോഷിപ്പിക്കുന്നുണ്ടെന്നു സഹൃദയന്മാർസമ്മതിക്കും. മററു രസങ്ങളും നാടകത്തിൽ യഥാൎഹം ഘടിപ്പിക്കുന്നതിൽ മഹാകവി ശ്രദ്ധിച്ചിട്ടുണ്ടു്.

---

# 12. അഭിനന്ദനങ്ങൾ

ഇനി കാളിദാസനെ അഭിനന്ദിക്കുന്ന ഏതാനും മഹദ്വാക്യങ്ങൾ കൂടി ഉദ്ധരിച്ചു ഈ ഗ്രന്ഥം ഉപസംഹരിക്കാം.

"നിർഗ്ഗതാസു നവാ കസ്യ കാളിദാസസ്യ സൂക്തിഷു
പ്രീതിർമ്മധുരസാർദ്രാസു മഞ്ജരീഷ്വിവ ജായതേ"

ബാണഭട്ടൻ

"സാക്രൂതമധുരകോമള വിലാസിനീ
കണ്ഠകൂജിത പ്രായേ
ശിക്ഷാസമയേപിമുദേരത-
ലീലാകാളിദാസോക്തി"

ഗോവർദ്ധനാചാര്യൻ

കവികുലഗുരുഃ കാളിദാസോ വിലാസഃ

ജയദേവൻ

"സർവ്വലോക കവികളിൽ വെച്ചു, വികാരത്തെ അതിന്റെ സൂക്ഷ്മസ്ഥൂലരൂപങ്ങളിൽ പ്രദർശിപ്പിക്കുകയും ഭാവനാസമ്പത്തുകൊണ്ടു സുന്ദരമാക്കുകയും ചെയ്യാനുള്ള ശക്തി കാളിദാസനു മാത്രമേയുള്ളൂ."

അലക്സാണ്ടർ വോൺഹംബോൾട്ട്.

"സംവത്സരാരംഭത്തിലെ പുഷ്പങ്ങളും സംവത്സരാവസാനത്തിലെ ഫലങ്ങളും ആത്മാവിനു മോഹത്തേയും ആനന്ദപാരവശ്യത്തേയും നിർവൃതിയേയും സംതൃപ്തിയേയും ജനിപ്പിക്കുന്നതായ സകലവും എന്നു വേണ്ട ഭൂലോകവും സ്വർല്ലോകവും കൂടിയും ഒരു നാമത്തിൽ യോജിപ്പിക്കപ്പെടണമെങ്കിൽ ശാകുന്തളം എന്നു പറഞ്ഞാൽ മതി; അതിൽ എല്ലാം അന്തർഭവിച്ചിരിക്കുന്നു."

മഹാകവിഗീഥേ

"ഗായകന്മാരിൽ കാളിദാസൻ അദ്വിതീയനാകുന്നു"

ചെലിഗൻ

"ഭാരതസാഹിത്യാന്തരീക്ഷത്തിലെ ഏററവും വലിയ ഒരത്യുജ്ജ്വലതാരമാകുന്നു കാളിദാസൻ"

പ്രൊഫസർലാസ്സൻ

"ഇന്ത്യയിലെ ഷേക്സ്പിയറാണ് കാളിദാസനെന്നു നിസ്സംശം പറയാം"

സർമോണിയർവില്യംസ്

"ആവേശജനകവും ആപാദമധുരവുമായ കാവ്യം രചിക്കുവാനേ കാളിദാസനു സാധിക്കുകയുള്ളു."

മഹർഷി അരവിന്ദഘോഷ്.

ഏഷ്യാഖണ്ഡത്തിന്റെ ജീവൻ കാളിദാസനാണ്; അദ്ദേഹത്തിന്റെ കൃതികൾ പഠിച്ചറിയാത്തവർ ഏഷ്യയെ ക്കുറിച്ചു ഒന്നും അറിഞ്ഞുകൂട."

പ്രൊഫസർ. വി. കെ. സക്കാർ. എം. എ.

കാളിദാസനുടെ ആ തേജോമയമായ മണിദീപമാണു ഒന്നാമതു നമുക്കു പ്രത്യക്ഷീഭവിച്ചതു്. ഇന്നും നമ്മുടെ ഗൃഹത്തിൽ പൈതൃകമായ ആ ദീപം തന്നെ പ്രകാശിച്ചു കൊണ്ടിരിക്കുന്നു. പണ്ടു ഉജ്ജയിനീനഗരിയിൽ നമ്മുടെ പിതാമഹന്മാരുടെ മാളികമുകളിൽ പ്രോജ്ജ്വലിച്ചിരുന്ന ആ ദീപം ഇന്നും യാതൊരു മങ്ങലും കൂടാതെ വിളങ്ങിക്കൊണ്ടിരിക്കുന്നു. കാവ്യനിർമ്മാണത്തിന്റെ ഫലം ആനന്ദദാനമാണെന്നുള്ള സംഗതി ഒന്നാമതു കാണിച്ചു തന്നതു കാളിദാസനാകുന്നു.

രവീന്ദ്രനാഥടാക്കൂർ.

---

# ശുദ്ധിപത്രം

| പുറം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| iii | 7 | ഏന്തു | എന്തു |
| „ | 24 | ശകുന്തളത്തെയും | ശാകുന്തളത്തെയും |
| 3 | 14 | സമരങ്‌ഗമാക്കി | സമരരങ്‌ഗമാക്കി |
| „ | 21 | ഝരു | ഒരു |
| 5 | 25 | ഭാഷാഭിജ്ഞരായ | ഭാഷാനഭിജ്ഞരായ |
| 8 | 9 | ലജ്ജിതന്മാരായി. | ലജ്ജിതന്മാരായി, |
| 11 | 8 | ഏകേതവിതാ | ഏതേകവിതാ |
| 12 | 22 | ബ്രഹ്മംദീനപി | ബ്രഹ്മാദീനപി |
| 14 | 17 | ഭിധംനം | ഭിധാനം |
| 16 | 23 | നാഥനെ | നാഗനെ |
| „ | 24 | ടി | ടി |
| 17 | 2 | ടി | ടി |
| „ | 6 | ടി | ടി |
| ;, | 14 | നിചുളഃ | നിചുളാ |
| ,; | 21 | നാഥ | നാഗ |
| 18 | 1 | ടി | ടി |
| 19 | 8 | നിജ്ഝര | നിർഝര |
| 19 | 10 | ശീകള | ശീതള |
| 20 | 8-9 | പരമാർശിച്ചു | പരാമർശിച്ചു |
| ;, | 11 | ഗ്രീക്ഷം | ഗ്രീഷ്മം |
| 33 | 19 | ഭംങ്‌ഗ | ഭങ്‌ഗ |
| ,, | 23 | ശുഃഭമാന | ശുംഭമാന |
| 35 | 21 | ജ്യേഷ്ഠീപരമേഷ്ഠി | ജ്യേഷ്ഠഃപരമേഷ്ഠീ |
| | | പിതാമഃ | പിതാമഹഃ |
| 39 | 21 | വൈഖര | വൈഖരീ |
| 40 | 26 | ത്ര്യീയംബം | ത്ര്യീയംബകം |
| 43 | 6 | വിധിപമാസ | വിധിവമാസ |

| പുറം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 44 | 24 | ക്‌ഷിപ്ത | ക്‌ഷെപ്ത |
| 45 | 18 | രായുകന്നെ | രായുകതന്നെ |
| 48 | 12 | സന്മാംഗ്ഗ | സന്മാർഗ്ഗം |
| 50 | 5 | വത്മാ | വർത്മാ |
| 52 | 1 | യംയ | യംയിയംയ |
| ;; | 24 | ക്രേത്ര | കേത്ര |
| 55 | 20 | അല്ലെങ്കിൻ | അല്ലെങ്കിൽ |
| 56 | 4 | വിചേഷ്ടിദാനി | വിചേഷ്ടിതാനി |
| 58 | 5 | പോക്കിൾ | പോക്കിൽ |
| 59 | 8 | വിത്യസ്ത | വിന്യസ്ത |
| 60 | 14 | സ്ത്രീയോം | സ്ത്രിയോം |
| 61 | 16 | വിഷയമായിടുണ്ടു്. | വിഷയമായിട്ടുണ്ടു് |
| 66 | 7 | സാപഭാവിക | സ്വാംഭാവിക |
| ,, | 17 | ഉത്സുകന്മാരും | ഉത്സുകമാരും |
| 67 | 10 | സ്തക്ഷണം | സ്തൽക്ഷണം |
| 77 | 25 | ഹന്തം | ഹന്താ |
| 78 | 10 | നിവൃതിം | നിർവൃതിം |
| 79 | 9 | ക്ലീഷ്ടം | ക്ലിഷ്ടം |
| 81 | 7 | ലേലാകം | ലോകം |
| 85 | 14 | വല്ക്ക | വല്ക്ക |
| ,, | 19 | കാളിദാസൻ | ദുഷ്യന്തൻ |
| 86 | 16 | താപസാം | തപസാം |
| 87 | 17 | സത്തുക്കൾ | സത്തുകൾ |
| 88 | 2 | രജം | രാജം |
| ;; | 23 | ഇഷ്ട | ഇഷ്ടം |
| 93 | 20 | നീകാര | നീവാര |
| 95 | 16 | യെഗർവ്വ | യാഗർവ |
| 100 | 26 | പരിതം | പരീതം |
| 104 | 18 | രുപോ | രൂപോ |
| 105 | 17 | ഏതേഷ്ഷ | ഏ തഷ്യ |

| പുറം. | വരി. | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 105 | 26 | പല്ലവം | പല്ലവം |
| 108 | 14 | നീന്ദതി | നിന്ദതി |
| ,, | 25 | ദുഷ്കൃതി | ദുഷ്കൃതി |
| 140 | 15 | മധ്യഹ്നിക | മാധ്യാഹ്നിക |
| 147 | 5 | ളൂർച്ഛേൻ | ളൂംച്ഛേൻ |
| 152 | 1 | ഭാവിക്ക | ഭാവിക്കെ |
| 158 | 16 | ത്യജിച്ചുകാന്ത | ത്യജിച്ചു നീ കാന്തേ |
| 159 | 15 | അപത്യ | അനപത്യ |
| 161 | 26 | അഭിനയമെ | അഭിനയമെന്നു |
| 165 | 11 | അനിഷ്ഠ | അനിഷ്ട |
| 169 | 13 | പ്രതോപ | പ്രതോപ |
| 170 | 1 | നയി | അനിയ |
| ,, | 20 | അല്ല. | അല്ല, |
| 173 | 20 | യാദൃശ്യ | സാദൃശ്യ |
| 174 | 6 | വിദേശീയർ | വിദേശീയ |
| 177 | 12 | പ്രാഖ്യാത | പ്രഖ്യാത |
| ,, | 22 | പുഷരംഗ | പുഷരാഗ |
| 178 | 8 | വൃക്ഷം | വൃഷം |
| ,, | 21 | ചെയ്യുന്നതിനായി | ചെയ്യുന്നതായി |
| 179 | 6 | സൂത്രധാരൻ | സൂത്രധാര |
| 184 | 24 | യെന്നധിഗത | യെന്നനധിഗത |
| 185 | 8 | കിസല | കിസലയ |
| 189 | 15 | ഭത്സിക്കുന്ന | ഭർത്സിക്കുന്ന |
| 193 | 15 | ചൊല്ലേറം | സോല്ലാസം |
| 199 | 18 | പ്രത്യയിപ്പിച്ചിട്ടു | പ്രത്യയിപ്പിച്ചിട്ടു |
| 202 | 13 | യാത്തക്കു | യാത്തവർക്കു |

ഞങ്ങളുടെ

# ചില നല്ല പ്രസിദ്ധീകരണങ്ങൾ

| | ക. | ണ. |
|---|---|---|
| യുവാക്കന്മാരോടുള്ള ഉപദേശം | 0 | 8 |
| മണ്ഡോദരി (നാടകം) | 0 | 12 |
| ഭാഷാനൈഷധം 1-ാം 2-ാം ഭാഗങ്ങൾ 10 ണ വീതം (പുലിയൂർ പുരുഷോത്തമൻ നമ്പൂതിരി പരിഭാഷപ്പെടുത്തിയതു്.) | | |
| ഭീഷ്മർ (നാടകം) | 0 | 10 |
| ചിന്താതരംഗിണി | 0 | 6 |
| കല്യാണമൽ | 1 | 4 |
| ലോകാലോകം 1-ാം 2-ാം ഭാഗങ്ങൾ 1ക രൂ. വീതം | | |
| ദുർഗ്ഗേശനന്ദിനി | 1 | 0 |
| മുക്താമാല | 0 | 8 |
| കാലകേയവധം. (ശിരോമണി പി. കൃഷ്ണൻനായരുടെ-വ്യാഖ്യാനത്തോടുകൂടിയതു്.) | 1 | 0 |
| പുരാണരത്നങ്ങൾ | 0 | 8 |
| മാലതീമാല | 1 | 0 |
| കഥാകലിക | 1 | 0 |
| രാമരാജബഹദൂർ I & II | 2 | 4 |
| നവീനശാസ്ത്രപീഠിക | 0 | 10 |
| ജീവിതസ്മൃതികൾ | 1 | 8 |
| വിഹായസവിഹാരം | 0 | 12 |
| ഉപന്യാസമാല | 0 | 12 |
| നവ്യരശ്മി | 0 | 8 |
| കൃഷ്ണഗാഥ (പൂതനാമോക്ഷവും വത്സസ്തേയവും) | 0 | 10 |
| ഘോഷയാത്ര ഓട്ടൻതുള്ളൽ (സവ്യാഖ്യാനം) | 0 | 8 |

കൂടാതെ മററു പല ഗദ്യപുസ്തകങ്ങൾ, നാടകങ്ങൾ, ചമ്പുക്കൾ, ആട്ടക്കഥകൾ, വ്യാകരണഗ്രന്ഥങ്ങൾ മുതലായവയും ഇവിടെ വില്പനക്കുണ്ടു്.

ബി. വി. ബുക്കുഡിപ്പോ & പ്രിന്റിംഗ് വർക്സ്,

തിരുവനന്തപുരം (ബ്രാഞ്ച്) തൃശ്ശിവപേരൂർ

10514
9736

# കാളിദാസനും ശാകുന്തളവും

313

വിദ്വാൻ ടി. കെ. രാമൻ മേനോൻ

Indic Digital Archive Foundation
gpura.org